**ധനകാര്യം**

## 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ്

ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം

ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത്

ധനാഭ്യർത്ഥന നമ്പർ XXXVI - ഗ്രാമവികസനം

തദ്ദേശസ്വയംഭരണ - എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗ്രാമവികസനമെന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ

പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബജറ്റ് എസ്റ്റിമേറ്റ് 2024-25 | | | | |
|---|---|---|---|---|---|---|
| | | 15-02-2024-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| VIII | എക്സൈസ് | 123,86,76,000 | ---- | 247,73,49,000 | ---- | 247,73,49,000 |
| XXII | നഗരവികസനം | 508,18,78,000 | 65,33,34,000 | 1016,37,56,000 | 130,66,68,000 | 1147,04,24,000 |
| XXXV | പഞ്ചായത്ത് | 202,98,68,000 | 181,70,00,000 | 405,97,36,000 | 363,40,01,000 | 769,37,37,000 |
| XXXVI | ഗ്രാമവികസനം | 1599,86,34,000 | 485,80,00,000 | 3277,98,71,000 | 971,60,00,000 | 4249,58,71,000 |

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയെയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ

ധനാഭ്യർത്ഥനയെയും ഗ്രാമവികസനമെന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ചർച്ച ഒന്നിച്ച് നടത്താവുന്നതാണ്. താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ഖണ്ഡനോപക്ഷേപങ്ങൾ**

**ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ്**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,47,73,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എക്സൈസ് വകുപ്പിനെ മറികടന്ന് പുതിയ മദ്യനയം രൂപീകരിക്കുന്ന സാഹചര്യം ഉണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,47,73,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മയക്കുമരുന്നിന്റെ ഉപയോഗവും വിപണനവും വ്യാപനവും തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,47,73,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മദ്യവില്പനശാലകളുടെ എണ്ണവും അതുവഴി മദ്യത്തിന്റെ ലഭ്യതയും കുറയ്ക്കാനുള്ള നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,47,73,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വ്യാജമദ്യത്തിന്റെ വിതരണം തടയാൻ

നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,47,73,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ലഹരിവിരുദ്ധ പദ്ധതിയായ 'വിമുക്തി'യുടെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,47,73,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആരാധാനാലയങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അടുത്ത് പ്രവർത്തിക്കുന്ന മദ്യവിൽപ്പനശാലകൾ മാറ്റിസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,47,73,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മദ്യഷോപ്പുകൾ നിയന്ത്രിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിരുന്ന അധികാരം തിരികെ നൽകുവാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,47,73,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,47,73,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കള്ള് വ്യവസായ മേഖല പ്രതിസന്ധി

നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,47,73,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിന് കാര്യക്ഷമമമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,47,73,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മദ്യനയം മാറ്റുന്നതുമായി ബന്ധപ്പെട്ട് കൈക്കൂലി നൽകാനായി ബാറുടമകൾക്കിടയിൽ പണപിരിവ് നടന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,47,73,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മദ്യനയം മാറ്റുന്നതുമായി ബന്ധപ്പെട്ട് ബാർ ഉടമകളിൽനിന്നും പണം കൈപ്പറ്റിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,47,73,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മയക്കുമരുന്നു കേസ്സുകളുമായി ബന്ധപ്പെട്ട ദുർബലമായ നിയമങ്ങളും കുറഞ്ഞ ശിക്ഷകളും, പ്രസ്തുത കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർക്ക് താക്കീത് നൽകുന്നതിൽ അപര്യാപ്തമാണെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,47,73,49,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ്

ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
4. ശ്രീ. മഞ്ഞളാംകുഴി അലി
5. ശ്രീ. പി. അബ്ദുൽ ഹമീദ്
6. ശ്രീ. കുറുക്കോളി മൊയ്തീൻ
7. ശ്രീ. നജീബ് കാന്തപുരം
8. ശ്രീ. എ. കെ. എം. അഷ്റഫ്
9. ശ്രീ. ടി. വി. ഇബ്രാഹിം
10. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
12. ശ്രീ. ടി. ജെ. വിനോദ്

13. ശ്രീ. സജീവ് ജോസഫ്

14. ശ്രീമതി ഉമ തോമസ്

15. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

16. ശ്രീ. സനീഷ്കുമാർ ജോസഫ്

17. ശ്രീമതി കെ. കെ. രമ

**ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. മഞ്ഞളാംകുഴി അലി: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,47,04,24,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മഴക്കാലപൂർവ്വ ശുചീകരണത്തിൽ വീഴ്ചകൾ ഉണ്ടായതായും അതുകാരണം നഗരങ്ങൾ വെള്ളക്കെട്ട് നിറഞ്ഞ പ്രദേശങ്ങളായി മാറുന്നതായും പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,47,04,24,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങളിൽ വീഴ്ചകൾ ഉണ്ടായതായും ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,47,04,24,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നഗരങ്ങളിലെ വാഹനപ്പെരുപ്പത്തിനനുസൃതമായി പാർക്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,47,04,24,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നഗരങ്ങളിലെ തെരുവുനായ്ക്കളുടെ ശല്യം

ഒഴിവാക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,47,04,24,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നഗരങ്ങളിൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന വെള്ളപ്പൊക്ക കെടുതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,47,04,24,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നഗരപ്രദേശങ്ങളിലെ ഓടകളിൽ മൂടികൾ ഇല്ലാത്തതിനാൽ അപകടങ്ങൾ ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,47,04,24,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നഗരസഭകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,47,04,24,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേന്ദ്ര സ്മാർട്ട് സിറ്റി മിഷന്റെ കീഴിൽ സംസ്ഥാനത്ത് തിരഞ്ഞെടുത്ത നഗരങ്ങളുടെ വികസനത്തിന് തയ്യാറാക്കിയ പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിന് കേന്ദ്രം സമയപരിധി നിശ്ചയിച്ചിട്ടും പ്രസ്തുത സമയപരിധിക്കകം സംസ്ഥാനത്തെ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,47,04,24,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (നഗരസഭാ പരിധിയിലുള്ള റോഡുകൾ ശോചനീയാവസ്ഥയിലാണെന്നും ഖരമാലിന്യം ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുവാൻ കഴിയുന്നില്ലെന്നും ആയതിന് ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ അത്തരം പ്രവർത്തനങ്ങൾ നടത്താത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,47,04,24,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നഗരപ്രദേശങ്ങളിലെ വായുമലിനീകരണം തടയുന്നതിന് നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,47,04,24,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മഴക്കാലപൂർവ്വ ശുചീകരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വീഴ്ചയുണ്ടായതായും ആയതുകാരണം

നഗരങ്ങളിൽ വെള്ളക്കെട്ട് ഉണ്ടായതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഉമ തോമസ്: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,47,04,24,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് കാലവർഷം ശക്തമാകുന്ന സാഹചര്യത്തിൽ നഗരപ്രദേശങ്ങളിൽ വെള്ളക്കെട്ട് തടയാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,47,04,24,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,47,04,24,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ ഏർപ്പെടുത്തിയ സാമ്പത്തിക നിയന്ത്രണങ്ങൾ വിവിധ നഗരസഭകളുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,47,04,24,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആക്രമണകാരികളായ തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി ഇടപെടാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,47,04,24,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,47,04,24,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഇ-മാലിന്യ നിർമ്മാർജ്ജനത്തിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,47,04,24,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. പി. അബ്ദുൽ ഹമീദ്
4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എൻ. ഷംസുദ്ദീൻ
7. ശ്രീ. നജീബ് കാന്തപുരം
8. ശ്രീ. കുറുക്കോളി മൊയ്തീൻ
9. ശ്രീ. എ. കെ. എം. അഷ്റഫ്
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. സി. ആർ. മഹേഷ്
12. ശ്രീ. പി. സി. വിഷ്ണുനാഥ്ൽ
13. ശ്രീ. അൻവർ സാദത്ത്
14. ശ്രീ. ടി. സിദ്ദിഖ്
15. ശ്രീമതി ഉമ തോമസ്

16. ശ്രീമതി കെ. കെ. രമ

**ധനാഭ്യർത്ഥന നമ്പർ XXXV- പഞ്ചായത്ത്**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. അനൂപ് ജേക്കബ്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,37,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അർഹമായ ബജറ്റ് വിഹിതം നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,37,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക നിയന്ത്രണങ്ങൾ, പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,37,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അർഹതപ്പെട്ട സാമ്പത്തിക വിഹിതം സമയബന്ധിതമായി ലഭ്യമാകുന്നില്ലെന്നും തന്മൂലം പദ്ധതി പ്രവർത്തനങ്ങളിൽ തടസ്സം നേരിടുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,37,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വരാനിരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന് വേണ്ടിയുള്ള വാർഡ് വിഭജനം സുതാര്യമാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,37,37,000 രൂപ

ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (പാലക്കാട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,37,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ഗ്രാമപ്രദേശങ്ങളിലെ ജലസംഭരണികൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,37,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വലിപ്പമേറിയ പഞ്ചായത്തുകൾ വിഭജിച്ച് പുതിയവ രൂപീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,37,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അനുവദിച്ച തുകയിൽ വെട്ടിക്കുറവ് വരുത്തിയതിനാൽ പഞ്ചായത്തുകൾക്കുണ്ടായ സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,37,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കാസർഗോഡ് ജില്ലയിലെ പഞ്ചായത്തുകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,37,37,000 രൂപ

ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കേന്ദ്ര സ്മാർട്ട് സിറ്റി മിഷന്റെ കീഴിൽ സംസ്ഥാനത്ത് തെരഞ്ഞെടുത്ത നഗരങ്ങളുടെ വികസനത്തിന് തയ്യാറാക്കിയ പ്രൊജക്ടുകൾ പൂർത്തീകരിക്കുന്നതിന് നിശ്ചയിച്ച സമയപരിധി കഴിഞ്ഞിട്ടും പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,37,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ഗ്രമപഞ്ചായത്തുകൾക്ക് അനുവദിക്കേണ്ട സർക്കാർ വിഹിതം യഥാസമയം അനുവദിക്കാൻ കഴിയുന്നില്ലെന്നും കെ-സ്മാർട്ട് അടക്കമുള്ള സോഫ്റ്റ്‌വെയർ പരീക്ഷണങ്ങൾ പൂർണ്ണമായും പരാജയപ്പെട്ടതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,37,37,000 രൂപ

ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വ്യക്തമായ ആസൂത്രണമില്ലാതെ തദ്ദേശസ്വയംഭരണ പൊതുസർവീസ് നടപ്പിലാക്കിയതുമൂലം പ്രതിസന്ധി ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,37,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളുടെ കേന്ദ്രവിഹിതം യഥാസമയം ലഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. ജെ. വിനോദ്:</u> സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,37,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വിവിധ നികുതി കുടിശികകൾ

പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,37,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ആക്രമണകാരികളായ തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,37,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (2023-24 സാമ്പത്തിക വർഷം മെയിന്റനൻസ് ഗ്രാന്റുമായി ബന്ധപ്പെട്ട ബില്ലുകൾ സ്വീകരിച്ചശേഷം തുക നൽകാതെ ട്രഷറിയിൽനിന്നും തിരിച്ചുനൽകിയതുമൂലം ഉണ്ടായതായി

പറയപ്പെടുന്ന പ്രതിസന്ധി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,37,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മാലിന്യശേഖരണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വീടുകളിൽനിന്നും ഹരിതകർമ്മസേന നിർബന്ധിത പിരിവ് നടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,37,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനും അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,37,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ സാമ്പത്തിക നിയന്ത്രണങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണത്തെ പ്രതിസന്ധിയിലാക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,37,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,37,37,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. എൻ. ഷംസുദ്ദീൻ
4. ശ്രീ. നജീബ് കാന്തപുരം
5. ശ്രീ. പി. അബ്ദുൽ ഹമീദ്
6. ശ്രീ. കുറുക്കോളി മൊയ്തീൻ
7. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
8. ശ്രീ. യു. എ. ലത്തീഫ്
9. ശ്രീ. മഞ്ഞളാംകുഴി അലി
10. ശ്രീ. എ. കെ. എം. അഷ്റഫ്

11. ശ്രീ. ടി. വി. ഇബ്രാഹിം

12. ശ്രീമതി ഉമ തോമസ്

13. ശ്രീ. സജീവ് ജോസഫ്

14. ശ്രീ. സി. ആർ. മഹേഷ്

15. ശ്രീമതി കെ. കെ. രമ

**ധനാഭ്യർത്ഥന നമ്പർ XXXVI – ഗ്രാമവികസനം**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 42,49,58,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ അതിദരിദ്രമുക്തമാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

42,49,58,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഗ്രാമീണ മേഖലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മതിയായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 42,49,58,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 42,49,58,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയിലൂടെ അതിദാരിദ്ര്യമുള്ള മുഴുവൻ കുടുംബങ്ങളെയും മോചിപ്പിക്കാൻ

നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 42,49,58,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും കെട്ടിടം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 42,49,58,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തൊഴിലുറപ്പ് പദ്ധതിയിൽ തണ്ണീർത്തട സംരക്ഷണത്തിനുള്ള പദ്ധതികൾകൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 42,49,58,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 42,49,58,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഗ്രാമവികസന വകുപ്പിന്റെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 42,49,58,71,000

രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഗ്രാമങ്ങളുടെ സമ്പൂർണ്ണ വികസനത്തിന് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 42,49,58,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 42,49,58,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആവർത്തന സ്വഭാവമുള്ള

കൃഷിപ്പണികൾകൂടി ഉൾപ്പെടുത്തുന്നതിന് സർക്കാർതലത്തിൽ നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 42,49,58,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പാക്കാനും തൊഴിലാളികൾക്ക് സമയബന്ധിതമായി വേതനം നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

ഗ്രാമവികസനം XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 42,49,58,71,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ്

ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. എ. കെ. എം. അഷ്റഫ്
4. ശ്രീ. എൻ. ഷംസുദ്ദീൻ
5. ശ്രീ. കുറുക്കോളി മൊയ്തീൻ
6. ശ്രീ. പി. അബ്ദുൽ ഹമീദ്
7. ശ്രീ. നജീബ് കാന്തപുരം
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
10. ശ്രീ. യു. എ. ലത്തീഫ്
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
13. ശ്രീമതി ഉമ തോമസ്
14. ശ്രീ. അൻവർ സാദത്ത്

15. ശ്രീ. സനീഷ്കുമാർ ജോസഫ്

16. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

17. ശ്രീ. ടി. ജെ. വിനോദ്

18. ശ്രീ. സജീവ് ജോസഫ്

19. ശ്രീ. സി. ആർ. മഹേഷ്

20. ശ്രീ. ടി. സിദ്ദിഖ്

21. ശ്രീ. പി. സി. വിഷ്ണുനാഥ്

22. ശ്രീമതി കെ. കെ. രമ

മി. സ്പീക്കർ: ഇന്ന് 2024-2025 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകൾ, 2024-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം എന്നിവയിൽ ആറ് മണിക്കൂർ ചർച്ചയുള്ളതിനാൽ ബഹുമാനപ്പെട്ട അംഗങ്ങൾ സമയക്രമം പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, സഭയിൽ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ മുസ്ലീംലീഗ് അംഗങ്ങൾ ഈ സഭയിൽ നടത്തിയ പ്രസംഗം കേട്ടപ്പോൾ മുസ്ലീംലീഗിന്റെ നയസമീപനങ്ങളിൽ മാറ്റം വരികയാണോയെന്ന് സംശയിക്കുകയാണ്. കോൺഗ്രസിന് സ്തുതിഗീതം പാടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ഡോ. എം. കെ. മുനീർ ആരംഭിച്ച പ്രസംഗം ബഹുമാനപ്പെട്ട അംഗം കുറുക്കോളി മൊയ്തീനിലേക്ക് എത്തിയപ്പോൾ ശ്രീ. രാഹുൽ ഗാന്ധിയെ യൂസുഫ് നബിയോട് ഉപമിക്കുന്ന സ്ഥിതിയിലേക്കാണ് വന്നുചേർന്നത്. സഭയിലെ പ്രസംഗങ്ങളും നടപടികളും ബഹുജനങ്ങൾ ശ്രദ്ധിക്കുന്നുണ്ട്, മുസ്ലീംലീഗിന്റെ അണികളും അക്കാര്യം ശ്രദ്ധിക്കുന്നുണ്ടെന്ന് പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. കോൺഗ്രസ് എന്താണെന്നും എന്തല്ലെന്നും ബഹുജനങ്ങൾക്ക് നന്നായി അറിയാം. രാജ്യത്തിന്റെ മതനിരപേക്ഷതയുടെ അടിത്തറ തകർത്തതും വർഗീയ സംഘർഷഭരിതമായ അന്തരീക്ഷത്തിലേക്ക് രാജ്യത്തെ തള്ളിവിട്ടതുമായ സംഭവമാണ് ബാബറി മസ്ജിദ് തകർക്കൽ. ബാബറി മസ്ജിദ് തകർക്കുന്നതിനുവേണ്ടി ആർ.എസ്.എസ്.-ന് എല്ലാവിധ

ഒത്താശകളും ചെയ്തുകൊടുത്ത പാർട്ടിയാണ് കോൺഗ്രസ്സെന്ന് നമുക്കൊരിക്കലും വിസ്മരിക്കാൻ സാധിക്കില്ല. ഗുജറാത്തിൽ വംശഹത്യ നടക്കുന്ന കാലഘട്ടങ്ങളിൽ അതിനെതിരായി ശബ്ദമുയർത്തുന്നതിനുപകരം മൗനം അവലംബിച്ചുകൊണ്ട് പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുടെ നടപടികളെ പരോക്ഷമായി പിന്തുണച്ച പാർട്ടിയാണ് കോൺഗ്രസ്സെന്നും നമുക്കറിയാം. കോൺഗ്രസിന്റെ മുൻനേതാവും എം.പി.-യുമായിരുന്ന ഇഹ്സാൻ ജാഫ്രിയുടെ വീട്ടിൽ അഭയം പ്രാപിച്ചവരെയെല്ലാം കൂട്ടക്കൊല നടത്തിയത് രാജ്യത്തെ ഞെട്ടിച്ച എറ്റവും പ്രധാനപ്പെട്ട സംഭവമായിരുന്നു. ആ സംഭവങ്ങളോടുപോലും കരുത്തോടുകൂടി പ്രതികരിക്കാൻ സാധിക്കാത്ത പാർട്ടിയാണ് കോൺഗ്രസെന്ന് നമുക്ക് കാണാം. നിയമനടപടികളുമായി അദ്ദേഹത്തിന്റെ ഭാര്യ ഡൽഹിയിൽ അലഞ്ഞുതിരിയുന്ന കാഴ്ചയും നാം കണ്ടിട്ടുണ്ട്. എല്ലാ ഗാന്ധിമാരും ഡൽഹിയിലാണുള്ളത്, പക്ഷേ ഒരു ഗാന്ധിയും അവരെ ആശ്വസിപ്പിക്കാനോ സഹായിക്കാനോ മുന്നോട്ടുവന്നില്ലെന്നതും നാം കണ്ടതാണ്. സമീപകാലത്ത് ഇന്ത്യൻ പാർലമെന്റിൽ അവതരിപ്പിച്ച വിവിധ നിയമങ്ങളോട് കോൺഗ്രസ് സ്വീകരിച്ച് സമീപനങ്ങളും നമുക്ക് കാണാം. കാശ്മീർ വിഭജനത്തെ

കോൺഗ്രസ് എതിർത്തു, എന്നാൽ 370-ാം വകുപ്പ് നീക്കം ചെയ്തതിനോട് അനുകൂലമായ നിലപാടാണ് അവർ സ്വീകരിച്ചത്. പൗരത്വ ഭേദഗതി നിയമം, മുത്തലാഖ് നിയമം, ഏക സിവിൽ കോഡ് എന്നിവയിലെല്ലാംതന്നെ വ്യക്തമായ നിലപാടെടുക്കാൻ കോൺഗ്രസിന് സാധിച്ചിട്ടില്ലെന്നതും നാം കാണേണ്ടതാണ്. കേരളത്തിൽ ഒരു നയം, അഖിലേന്ത്യാടിസ്ഥാനത്തിൽ മറ്റൊരു നയം എന്നതാണ് കോൺഗ്രസ് സ്വീകരിച്ച് മുന്നോട്ടുപോകുന്നത്. ഇത്തരത്തിൽ സമീപനമുള്ള കോൺഗ്രസിനെയാണ് യൂസഫ് നബിയോട് ഉപമിച്ചുകൊണ്ട് മുന്നോട്ടുപോയതെന്നത് ഖേദകരമണെന്നേ പറയാൻ സാധിക്കുകയുള്ളൂ. യു.ഡി.എഫ്.-ന്റെ കാലത്ത് അഞ്ചാം മന്ത്രിസ്ഥാനത്തിനുവേണ്ടിയുണ്ടായ വിവാദം നമ്മുടെയെല്ലാം മനസ്സിലുണ്ട്. അന്ന് മന്ത്രിസ്ഥാനം അനുവദിച്ചപ്പോൾ നൽകാൻ വകുപ്പില്ലായിരുന്നു. ഇറച്ചിവെട്ടുകാരനെപ്പോലെ തദ്ദേശസ്വയംഭരണ വകുപ്പിനെ നഗരകാര്യം, പഞ്ചായത്ത് കാര്യം, ഗ്രാമവികസനം എന്നിങ്ങനെ വെട്ടിനുറുക്കിയ കാര്യം നാം കണ്ടതാണ്. ഒന്നാം പിണറായി സർക്കാർ അധികാരത്തിൽവന്ന ഘട്ടത്തിൽ വിഭജിക്കപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിനെ മുഴുവനും കൂട്ടിയോജിപ്പിച്ച്

സുശക്തമായ ഒരു വകുപ്പാക്കിമാറ്റി ഒരു മന്ത്രിയുടെ കീഴിൽ ഭരണച്ചുമതലയിൽ കൊണ്ടുവന്നതും നാം കണ്ടു. രണ്ടാം പിണറായി സർക്കാരിന്റെ ഭരണകാലത്ത് ഏകീകൃത സിവിൽ സംവിധാനം കൊണ്ടുവന്ന് മുന്നോട്ടുപോയതും നമുക്കറിയാവുന്ന കാര്യമാണ്. ഇന്ന് ഇന്ത്യാരാജ്യത്തെ ഏറ്റവും സുശക്തമായ തദ്ദേശസ്വയംഭരണ സംവിധാനമായി കേരളത്തിലെ തദ്ദേശസ്വയംഭരണ വകുപ്പ് മാറിയിട്ടുണ്ടെന്നത് അഭിമാനകരമാണ്. കേരള ഭൂപരിഷ്കരണ നിയമത്തിനുശേഷം കേരളം കണ്ട ഏറ്റവും വലിയ വിപ്ലവകരമായ പരിപാടിയാണ് അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവുമെന്ന് നമുക്കറിയാം. ഇന്നത്തെ പഞ്ചായത്ത് രാജ് സംവിധാനത്തെക്കാൾ മെച്ചപ്പെട്ടതായിരുന്നു പഴയ ജില്ലാ കൗൺസിൽ എന്ന് നാം കാണേണ്ടതാണ്. ജില്ലയെ ഒരു ഭരണഘടകമായി കണ്ടുകൊണ്ട് തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധി ചെയർമാനും ജില്ലാ കളക്ടർ സെക്രട്ടറിയുമായിട്ടുള്ള യഥാർത്ഥമായ ഒരു ഭരണസംവിധാനമായിരുന്നു അന്ന് ലക്ഷ്യമിട്ടിരുന്നത്. യു.ഡി.എഫ്. അധികാരത്തിൽ വന്നതോടെ ജില്ലാ കൗൺസിലുകളെ നോക്കുകുത്തികളാക്കി, പിന്നീട് ആ കൗൺസിൽ

പ്രവർത്തനം മുഴുവനും അവസാനിപ്പിക്കുന്ന സാഹചര്യമാണ് നാം കണ്ടത്. പലപ്പോഴും അധികാരവികേന്ദ്രീകരണത്തിന്റെ അപ്പോസ്തലന്മാരായി കോൺഗ്രസ്സുകാർ അവകാശവാദം ഉന്നയിച്ചുവരുന്നതും നാം കണ്ടിട്ടുണ്ട്. ബഹുമാന്യനായ രാജീവ് ഗാന്ധി പാർലമെന്റിൽ കൊണ്ടുവന്ന ഭരണഘടനാ ഭേദഗതിയെ ഇടതുപക്ഷം എതിർത്തുവെന്ന് ഈ സഭയിൽതന്നെ പല ഘട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ളതും നാം കേട്ടിട്ടുണ്ട്. യഥാർത്ഥത്തിൽ അധികാരവികേന്ദ്രീകരണം ലക്ഷ്യമിട്ടുകൊണ്ട് അന്ന് കൊണ്ടുവന്ന ബില്ലിൽ അധികാരകേന്ദ്രീകരണത്തിന്റേതായ ചില വകുപ്പുകൾ ഉണ്ടായിരുന്നു എന്ന വസ്തുത പലപ്പോഴും മറച്ചുവയ്ക്കുകയാണ് ചെയ്തത്. സംസ്ഥാന സർക്കാരുകളുടെ തലയ്ക്കുമുകളിൽ കൂടി പഞ്ചായത്തുകളെ നേരിട്ട് നിയന്ത്രിക്കുന്ന വകുപ്പ് ഉണ്ടായിരുന്നു എന്നതുകൊണ്ടാണ് ഇടതുപക്ഷം ആ ഭേദഗതിയെ പാർലമെന്റിൽ എതിർത്തത്. ഇടതുപക്ഷത്തിന്റെ എതിർപ്പ് ശരിയായിരുന്നുവെന്ന് പിന്നീട് വന്ന ഭേദഗതികൾ വ്യക്തമാക്കുകയും ചെയ്തു. തർക്കവിധേയമായ വകുപ്പുകൾ ഒഴിവാക്കിക്കൊണ്ടാണ് പിന്നീട് ഭരണഘടനാ ഭേദഗതി പാർലമെന്റിൽ

അവതരിപ്പിച്ചതും ഇടതുപക്ഷത്തിന്റെ കൂടി പിന്തുണയോടുകൂടി അത് പാസ്സാക്കിയതെന്നും മനസ്സിലാക്കാൻ കഴിയും.

ഇന്ന് ഇന്ത്യയ്ക്കാകെ മാതൃകയായി ഏറ്റവും സുശക്തമായ അടിസ്ഥാനഭരണമായി കേരളത്തിലെ തദ്ദേശസ്വയംഭരണ വകുപ്പ് മാറിയിട്ടുണ്ട് എന്നത് വളരെ അഭിമാനകരമാണ്. പ്രളയവും കോവിഡും വന്നപ്പോൾ സർക്കാർ നടപ്പിലാക്കേണ്ട പരിപാടികൾ മുഴുവനും ത്വരിതഗതിയിൽ ജനങ്ങൾക്കിടയിൽ എത്തിക്കുന്നതിന് ചടുലമായ പ്രവർത്തനമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാഴ്ചവച്ചതെന്ന് കാണാം. കോവിഡ് കാലഘട്ടത്തിൽ കേരളത്തിൽ ഒരാൾപോലും പട്ടിണി കിടക്കാൻ പാടില്ലെന്ന ലക്ഷ്യത്തിൽ എല്ലാ പഞ്ചായത്തുകളിലും ജനകീയ ഹോട്ടൽ തുടങ്ങി ഭക്ഷണമെത്തിക്കണമെന്ന് ആഹ്വാനം ചെയ്തപ്പോൾ 24 മണിക്കൂർ കൊണ്ട് നൂറുകണക്കിന് പഞ്ചായത്തുകളിൽ അതിനുള്ള സംവിധാനമേർപ്പെടുത്തിക്കൊണ്ട് ഏറ്റവും മാതൃകാപരമായ നടപടികൾ സ്വീകരിക്കുകയുണ്ടായി. പ്രളയകാലത്ത് ലക്ഷക്കണക്കിന് ജനങ്ങളെയാണ് ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിപ്പിച്ചത്. ക്യാമ്പുകളുടെ ചുമതല പൂർണമായും ഏറ്റെടുത്തുകൊണ്ട് കുറ്റമറ്റ രൂപത്തിൽ അവ

സംഘടിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ വകുപ്പ് ശ്രദ്ധേയമായ നടപടിയാണ് സ്വീകരിച്ചത്. ഇന്ന് രാജ്യത്തിനാകെ മാതൃകയായി പുതിയ പദ്ധതി നടപ്പിലാക്കിക്കൊണ്ട് ശ്രീ. എം. ബി. രാജേഷിന്റെ നേതൃത്വത്തിലുള്ള വകുപ്പ് മുന്നോട്ടുപോകുന്ന ചിത്രമാണ് നാം കാണുന്നത്. വിരൽത്തുമ്പിലൂടെ സേവനങ്ങൾ അതിവേഗം ലഭ്യമാക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണ് 'കെ-സ്മാർട്ട്' . ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്നതുവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ പൂർണമായി ഓൺലൈനാക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറുകയാണ്. രാജ്യത്തിനാകെ മാതൃകയാകുന്ന ഈ പദ്ധതിയെ 'ചൈനീസ് ആപ്പ്' എന്ന് വിശേഷിപ്പിച്ചുകൊണ്ടാണ് ചില യു.ഡി.എഫ്. അനുകൂല പത്രങ്ങൾ വാർത്ത നൽകിയത്. സമീപകാലത്ത് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി നടപ്പാക്കിയ എല്ലാ ജനക്ഷേമ പരിപാടികളെയും വികൃതമാക്കാനും ജനമധ്യത്തിൽ മോശമായ രൂപത്തിൽ ചിത്രീകരിക്കാനും വേണ്ടിയാണ് യു.ഡി.എഫ്.-ഉം അവരെ അനുകൂലിക്കുന്ന ചില പത്രമാധ്യമങ്ങളും

ശ്രമിക്കുന്നതെന്ന് കാണാം. റോഡ് അപകടങ്ങൾ വർദ്ധിച്ചുവരുന്ന ഘട്ടത്തിൽ റോഡിലെ മനുഷ്യക്കുരുതി അവസാനിപ്പിക്കുന്നതിനുവേണ്ടി എ.ഐ. ക്യാമറ സ്ഥാപിച്ചപ്പോൾ എന്തെല്ലാം പ്രചരണങ്ങളാണ് പ്രതിപക്ഷവും അവരെ അനുകൂലിക്കുന്ന മാധ്യമങ്ങളും നടത്തിയത് എന്ന കാര്യം നമുക്കറിയാം. ഇന്ന് ഒരു കുട്ടി ജനിച്ചാൽ അമ്മയുടെ പേരും ജനനത്തീയതിയും കെ-സ്മാർട്ടിൽ കൊടുത്താൽ ജനന സർട്ടിഫിക്കറ്റ് ലഭ്യമാകും. 2024 മാർച്ച് മാസം വരെ 35000 ജനന സർട്ടിഫിക്കറ്റുകളും 22622 മരണ സർട്ടിഫിക്കറ്റുകളും 10397 വിവാഹ സർട്ടിഫിക്കറ്റുകളും 'കെ-സ്മാർട്ട്' വഴി വിതരണം ചെയ്യാൻ സാധിച്ചു. നികുതി ഈടാക്കുന്നയിനത്തിൽ 386 കോടി രൂപയാണ് 'കെ-സ്മാർട്ട്' വഴി ശേഖരിക്കാൻ കഴിഞ്ഞിട്ടുള്ളത്. 'കെ-സ്മാർട്ട്' നടപ്പിലാക്കിയതോടുകൂടി ഏറ്റവും പ്രയോജനം ലഭിച്ച വിഭാഗമാണ് പ്രവാസികൾ. സാധാരണയായി പ്രവാസികൾ നാട്ടിലെത്തുമ്പോൾ ജനന സർട്ടിഫിക്കറ്റിനും മരണ സർട്ടിഫിക്കറ്റിനുംവേണ്ടി നിരവധിതവണ കോർപ്പറേഷനിലും മുനിസിപ്പാലിറ്റിയിലും കയറിയിറങ്ങിയാലും ലഭ്യമാക്കാൻ കഴിയുമായിരുന്നില്ല. ചുരുങ്ങിയ ദിവസത്തെ അവധിക്ക് നാട്ടിൽ വരുന്ന പ്രവാസികൾ

തത്രപ്പാടിലായിരുന്നുവെന്ന് പലപ്പോഴും കണ്ടിട്ടുണ്ട്. ഇന്ന് പ്രവാസികൾക്ക് അവർ ജോലി ചെയ്യുന്ന സ്ഥലത്തുനിന്നുതന്നെ സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള സൗകര്യം ലഭ്യമാകുന്നുവെന്നത് അങ്ങേയറ്റം അഭിമാനകരമാണ്. 'കെ-സ്മാർട്ട്' മറ്റ് സംസ്ഥാനങ്ങളും മാതൃകയാക്കുകയാണ്. കർണാടക സർക്കാർ 'കെ-സ്മാർട്ട്' നടപ്പാക്കാനുള്ള ധാരണാപത്രം ഒപ്പിട്ടുകഴിഞ്ഞു. സമീപകാലത്ത് കർണാടകയിലെ ധനകാര്യ കമ്മീഷൻ അധ്യക്ഷൻ ശ്രീ. സി. നാരായണസ്വാമി പറഞ്ഞത് തദ്ദേശസ്വയംഭരണം, പൊതുവിതരണം, ഇ-ഗവേണൻസ് തുടങ്ങിയവയ്ക്കെല്ലാം കേരളം മാതൃകയാണെന്നും ഈ മാതൃക കർണാടകത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ് എന്നുമാണ്. കേരളമാണ് അതിന് ഞങ്ങൾക്ക് മാർഗ്ഗദർശകമായി മാറിയതെന്നും അദ്ദേഹം പറയുകയുണ്ടായി. കെ-സ്മാർട്ടിന്റെ വിമർശകർക്ക് ഇതെല്ലാം പരിശോധിച്ച് മനസ്സിലാക്കാവുന്നതേയുള്ളൂ. കേരളം നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണ് ഖരമാലിന്യ സംസ്കരണം. മാലിന്യസംസ്കരണ സംവിധാനത്തിൽ എൽ.ഡി.എഫ്. സർക്കാർ കൈവരിച്ച നേട്ടങ്ങൾ ഒട്ടനവധിയാണെന്ന് നമുക്ക് കാണാം. എം.സി.എഫ്.-കളും എം.ആർ.എഫ്.-കളും തുമ്പൂർമുഴി

മാലിന്യസംസ്കരണ യൂണിറ്റുകളും കേരളത്തിലുടനീളം സ്ഥാപിച്ചിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ മറ്റ് സംസ്ഥാനങ്ങളും ഇപ്പോൾ മാതൃകയാക്കുകയാണ്. ഇത്തരത്തിൽ അജൈവമാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് രൂപീകരിച്ച ക്ലീൻ കേരള കമ്പനി, കഴിഞ്ഞ നാലുവർഷത്തിനിടെ 17.65 കോടി രൂപയാണ് ഹരിതകർമ്മസേനകൾക്ക് നൽകിയത്. എത്രമാത്രം വിജയകരമായ ഒരു പദ്ധതിയാണിതെന്ന് ഇതുവഴി നമുക്ക് മനസ്സിലാക്കാൻ കഴിയും. നഗരപ്രദേശങ്ങളിൽ കാലാകാലങ്ങളായി കെട്ടിക്കിടക്കുന്ന ഖരമാലിന്യത്തിന്റെ നിർമ്മാർജ്ജനത്തിനായി കേരള ഖരമാലിന്യ പരിപാലന പദ്ധതി നടപ്പിലാക്കുകയാണ്. ഇത്തരം സ്ഥലങ്ങളിൽ 'ബയോമൈനിംഗ് 'ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി ഖരമാലിന്യങ്ങൾ വേർതിരിച്ച് പ്രസ്തുത പ്രദേശങ്ങൾ മറ്റ് ജനോപകാരപ്രദമായ പദ്ധതികൾക്കുവേണ്ടി ഉപയോഗിക്കാൻ കഴിയുന്ന സാഹചര്യവും ഇപ്പോൾ വന്നിരിക്കുകയാണ്. കാൽനൂറ്റാണ്ട് പിന്നിട്ട കുടുംബശ്രീ ലോകപ്രസിദ്ധമാണ്. എൽ.ഡി.എഫ്.-ന്റെ ഭരണകാലം കുടുംബശ്രീയുടെ സുവർണകാലമാണ്.

കുടുംബശ്രീയെ തകർക്കാനായി ജനശ്രീ കൊണ്ടുവന്ന കാര്യം നാമോർക്കണം. എന്റെ പ്രിയപ്പെട്ട യു.ഡി.എഫ്.-കാരേ, ജനശ്രീയുടെ സ്ഥിതി ഇപ്പോൾ എന്താണെന്ന് വിശദീകരിച്ചാൽ നന്നായിരുന്നു; മുംബൈയിലെ ഡബ്ബാവാലകളുടെ പ്രവർത്തനം ലോകപ്രസിദ്ധമാണ്. ഇതിനെ മാതൃകയാക്കിക്കൊണ്ട് കുടുംബശ്രീയുടെ നേതൃത്വത്തിൽ സുരക്ഷിതവും രുചികരവും വിഷം കലരാത്തതുമായ ഭക്ഷണപദാർത്ഥങ്ങൾ ഓഫീസുകളിലും മറ്റും എത്തിക്കാൻ ശ്രമിക്കുകയാണ്.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഒരു കാലഘട്ടത്തിൽ ഇന്ത്യയുടെ പ്രതിപക്ഷനേതാവ് പദവി അലങ്കരിച്ചിരുന്ന ഇന്ത്യയിലെ മൂന്ന് സംസ്ഥാനങ്ങൾ ഭരിച്ചിരുന്ന സി.പി.ഐ.(എം) ആ സ്ഥലങ്ങളിൽനിന്നെല്ലാം നിഷ്കാസിതമായി. ഇന്ന് കോൺഗ്രസ്സിന്റെ പിന്തുണ കൊണ്ട് ദേശീയ പാർട്ടി പദവി നിലനിർത്തിയ സി.പി.ഐ.(എം) നേതാവിന്റെ കോൺഗ്രസ്സിനോടുള്ള സമീപനം അനുചിതമാണ്. ലോകത്തിനുതന്നെ മാതൃകയാകാൻ പോകുന്ന വികസന സംവിധാനമെന്ന് കൊട്ടിഘോഷിച്ചാണ് കേരളത്തിൽ ജനകീയാസൂത്രണ

പദ്ധതി അവതരിപ്പിച്ചത്. പ്രാദേശിക ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പാക്കുകയായിരുന്നു ലക്ഷ്യം. ഈ ലക്ഷ്യത്തിന് എന്ത് സംഭവിച്ചുവെന്ന് പരിശോധിച്ച അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ ഇങ്ങനെ രേഖപ്പെടുത്തി, 'കാലഹരണപ്പെട്ട പദ്ധതി ആസൂത്രണ രേഖ, പദ്ധതി രൂപീകരണത്തിൽ കാര്യമായ സംഭാവന നൽകാത്ത വർക്കിംഗ് ഗ്രൂപ്പുകളും ഗ്രാമസഭകളും വികസന സെമിനാറുകളും, പദ്ധതികളുടെ ബാഹുല്യം, അവ നടപ്പാക്കുന്നതിലെ കാലതാമസം, പദ്ധതി തുക വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കൽ, ഉപഭോക്തൃ കമ്മിറ്റിവഴി നടപ്പാക്കൽ തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മോശമായ നടത്തിപ്പിനും അഴിമതിക്കും ഇടയാക്കുന്നു.' അധികാരം വികേന്ദ്രീകരിച്ചെങ്കിലും പ്രദേശിക സർക്കാരുകളുടെ ഭരണസംവിധാനത്തിൽ മാറ്റം വരുത്താനോ ഉദ്യോഗസ്ഥരുടെ എണ്ണം കാര്യമായി വർദ്ധിപ്പിക്കാനോ കഴിഞ്ഞിട്ടില്ല. 1995-ൽ ഒരു പഞ്ചായത്തിൽ ശരാശരി 12 ഉദ്യോഗസ്ഥർ ഉണ്ടായിരുന്നത് 2000-ൽ 13 ആയും 2005-ൽ 15 ആയും മാത്രമെ വർദ്ധിച്ചിട്ടുള്ളൂ. സ്കൂളുകൾ, ആശുപത്രികൾ, കൃഷി ഓഫീസുകൾ തുടങ്ങിയവയുടെ ആസ്തികളുടെ പരിപാലനം മാത്രമെ പ്രാദേശിക

സർക്കാരുകൾക്ക് കൈമാറിയിട്ടുള്ളൂ. അവയുടെ നടത്തിപ്പിന്റെ പൂർണ്ണ അധികാരം സർക്കാർ വകുപ്പുകൾക്ക് തന്നെയാണ്. ആവശ്യത്തിന് ജീവനക്കാരില്ലാതെ പ്രാദേശിക സർക്കാരുകൾക്കുമേൽ താങ്ങാൻ കഴിയാത്ത ചുമതലകളാണ് നിലവിലുള്ളത്. സാമൂഹ്യക്ഷേമ പെൻഷൻ പട്ടിക തയ്യാറാക്കൽ, ഗ്രാമീണ തൊഴിൽ പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ ഏൽപ്പിച്ചതുമൂലം തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനം താറുമാറായിരിക്കുകയാണ്. ഈ സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശ്വാസംമുട്ടിച്ച് കൊല്ലുകയാണ്. പദ്ധതിവിഹിതം വെട്ടിക്കുറയ്ക്കുകയും അനുവദിച്ച വിഹിതത്തിനനുസരിച്ച് പദ്ധതികൾ നടപ്പിലാക്കാനും കഴിയാത്ത അവസ്ഥയാണ്. മുൻവർഷങ്ങളെ അപേക്ഷിച്ച് ബഡ്ജറ്റ് വിഹിതത്തിൽ വലിയരീതിയിൽ വെട്ടിക്കുറവുണ്ടായി. റോഡ് മെയിന്റനൻസ് ഗ്രാന്റ് പകുതിയോളം വെട്ടിക്കുറച്ചു. ഇതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളുടെ പരിപാലനം അവതാളത്തിലായി. പദ്ധതിവിഹിതം രണ്ടാം ഗഡു അനുവദിച്ചത് ഡിസംബറിലാണ്. പിന്നീട് ട്രഷറി നിയന്ത്രണമായിരുന്നു. മൂന്നാം ഗഡു അനുവദിച്ചത് മാർച്ച് അവസാനവാരമാണ്. രണ്ട് ദിവസം

ബില്ലുകൾ സമർപ്പിക്കാൻ സമയം നൽകി. ഈ ബില്ലുകളൊന്നും പാസ്സായില്ല. പാസ്സാകാതെ പെൻഡിംഗ് ലിസ്റ്റാക്കി അപ്പോഴും എക്സ്പെൻഡിച്ചർ ആയതായി തദ്ദേശസ്വയംഭരണ സ്ഥാപന മേലധികാരികൾ കരുതി. എന്നാൽ, പിന്നീട് ഈ ബില്ലുകളെല്ലാം തിരിച്ചെടുത്ത് ഏപ്രിലിൽ സമർപ്പിക്കാൻ സർക്കാർ നിർദ്ദേശം നൽകി. കഴിഞ്ഞ വർഷത്തെ എക്സ്പെൻഡിച്ചർ ഈ വർഷത്തെ വിഹിതത്തിൽനിന്നും എടുക്കേണ്ട ഗതികേടുണ്ടായി. നഗരസഭകളിൽ ഏപ്രിൽ ഒന്ന് മുതൽ 'കെ-സ്മാർട്ട്' സംവിധാനം നടപ്പിലാക്കിയത് നിരവധി പ്രശ്നങ്ങൾക്ക് കാരണമായി. ഈ സംവിധാനത്തിലൂടെ ട്രഷറിയിൽ ബില്ലടയ്ക്കാനുള്ള സാങ്കേതിക വിദ്യ ഇതുവരെ തയ്യാറായില്ല. അതുകൊണ്ടുതന്നെ മൂന്ന് മാസമായി ട്രഷറിയിൽ ബിൽ നൽകാൻ നഗരസഭകൾക്ക് സാധിച്ചിട്ടില്ല. ബിൽ മാറി പണം ലഭിക്കാത്തതിനാൽ പുതിയ മരാമത്ത് വർക്കുകൾ ഏറ്റെടുക്കാൻ കരാറുകാർ സന്നദ്ധരാകുന്നില്ല. ട്രഷറി ബിൽ നൽകാത്തതിനാൽ വൈദ്യുതി വാട്ടർ ബില്ലുകൾ അടയ്ക്കൽ, അങ്കണവാടി പോഷകാഹാര വിതരണം, മരുന്ന് വാങ്ങാൻ വേതനം നൽകൽ, വാഹനങ്ങളിൽ ഇന്ധനം അടയ്ക്കൽ തുടങ്ങിയ അടിയന്തര പ്രവർത്തനങ്ങൾപോലും നടത്താനാകുന്നില്ല. അയ്യങ്കാളി

തൊഴിലുറപ്പ് പദ്ധതി താളം തെറ്റിയിരിക്കുകയാണ്. പി.എം.എ.വൈ. ലൈഫ്- ഭവന പദ്ധതിയുടെ സർക്കാർ വിഹിതം സമയബന്ധിതമായി നൽകാത്തതിനാൽ വീടുകളുടെ നിർമ്മാണ പ്രവൃത്തി പാതിവഴിയിൽ നിർത്തിവയ്ക്കേണ്ടി വന്നിരിക്കുകയാണ്. നിലവിലുള്ള പഴയ വീട് പൊളിച്ച് പണിയുന്ന പാവപ്പെട്ട നിരവധി ഗുണഭോക്താക്കൾ ഇപ്പോൾ പെരുവഴിയിലാണ്. തനത് ഫണ്ടുകൾ ട്രഷറിയിലേയ്ക്ക് മാറ്റാനുള്ള ധനകാര്യ വകുപ്പിന്റെ സർക്കുലർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണാവകാശം കവരുന്നതാണ്. പഞ്ചായത്തീരാജ് ചട്ടം അനുസരിച്ച് പ്രാദേശിക സർക്കാരിന്റെ ഫണ്ടുകളിൽ ഇടപെടാൻ സംസ്ഥാന സർക്കാരിന് അനുവാദമില്ല. സർക്കാർ കരാറുകാർക്ക് വിവിധ വകുപ്പുകളിൽനിന്ന് നൽകുവാനുള്ള കുടിശ്ശിക 15000 കോടി രൂപ കടന്നിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ ചെയ്ത വകയിൽ 2500-ഓളം കോടി രൂപ കുടിശ്ശികയാണ്. ചരിത്രത്തിൽ ആദ്യാമായാണ് ഇത്രയും കുടിശ്ശികയായതെന്നാണ് കരാറുകാർ പറയുന്നത്. കുടിശ്ശിക കുന്നുകൂടുമ്പോഴും കരാറുകാർക്കുള്ള രജിസ്ട്രേഷൻ ഫീസും ഡെപ്പോസിറ്റ് തുകയുമെല്ലാം

വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതോടെ പുതിയ കരാറുകളൊന്നും ഏറ്റെടുക്കുന്നില്ല. നിർമ്മാണ സാമഗ്രികളുടെ വിലയും കുത്തനെ വർദ്ധിച്ചിട്ടുണ്ട്. പ്രവൃത്തി സമയബന്ധിതമായി തീർത്തില്ലെങ്കിൽ അതിന് പിഴയും അടയ്ക്കേണ്ടി വരും. 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾക്ക് ട്രഷറിയിൽ നിയന്ത്രണം കൂടി ഏർപ്പെടുത്തിയിരിക്കുന്നതിനാൽ കരാറുകാർ കടുത്ത സാമ്പത്തിക ബാധ്യതയിലാണ്. വികസനപ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണ്. ഔദ്യോഗിക വെബ്സൈറ്റ് തയ്യാറാക്കാൻ സർക്കാർ സ്ഥാപനത്തെ മറികടന്ന് സ്വകാര്യ കമ്പനിക്ക് അനുമതി നൽകിയതും ഈ ധനപ്രതിസന്ധിയുടെ കാലത്തെ വിചിത്ര നടപടിയാണ്. കാലാകാലങ്ങളായി തദ്ദേശ വകുപ്പിന് മാത്രമായി സോഫ്റ്റ്‌വെയർ തയ്യാറാക്കാനും സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കാനും ' Information Kerala Mission (IKM)' എന്ന സ്ഥാപനം പ്രവർത്തിക്കുമ്പോഴാണ് സ്വകാര്യ കമ്പനിക്ക് ലക്ഷങ്ങൾ നൽകിയത്. അഴിമതിക്കാരായ ഉദ്യോഗസ്ഥരെ കയ്യോടെ പിടികൂടുന്ന ട്രാപ്പ് കേസുകളുടെ എണ്ണത്തിൽ 2023-ൽ സർവ്വകാല റെക്കോർഡാണ് സംസ്ഥാന വിജിലൻസ് രേഖപ്പെടുത്തിയത്. 55 ട്രാപ്പ് കേസുകളിൽ പതിനഞ്ചും തദ്ദേശസ്വയംഭരണ

വകുപ്പിലായിരുന്നു. തൊട്ടുപിന്നിൽ പതിനാലായി റവന്യൂ വകുപ്പും. ഇക്കാര്യത്തിൽ രണ്ട് വകുപ്പുകളും തമ്മിൽ ആരോഗ്യകരമായ മത്സരമാണ്. അടച്ചിട്ടിരിക്കുന്ന വീടുകളിൽ മാലിന്യ പരിശോധന നടത്താൻ ഹരിതകർമ്മ സേനയ്ക്ക് അധികാരം നൽകിയത് തർക്കങ്ങൾക്ക് വഴിവയ്ക്കും. അധികാര ദുരുപയോഗമായിരിക്കും ഫലം. പശ്ചിമഘട്ടത്തിലെ പരിസ്ഥിതി സംവേദ പ്രദേശം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് തയ്യാറാക്കിയ കരട് റിപ്പോർട്ടിന്മേൽ വകുപ്പ് നാളിതുവരെ അഭിപ്രായം അറിയിച്ചിട്ടില്ല. മാർച്ച് അവസാനം റിപ്പോർട്ട് സമർപ്പിക്കേണ്ടതായിരുന്നെങ്കിലും തിരഞ്ഞെടുപ്പ് വിഷയമാകാതിരിക്കാനുള്ള ജാഗ്രത കാണിച്ചു. ചാലക്കുടി നിയോജക മണ്ഡലത്തിലെ അതിരപ്പിള്ളി, പരിയാരം ഗ്രാമപഞ്ചായത്തുകളിൽ നടത്തിയത് പൊതുജനങ്ങളെ കേൾക്കാതെയുള്ള തെളിവെടുപ്പായിരുന്നു. 'കെ-സ്മാർട്ട്' അത്ര സ്മാർട്ടല്ലെന്നാണ് സംസ്ഥാനത്തെ ചെറുകിട കച്ചവടക്കാർ പറയുന്നത്. വ്യാപാരികളെ പ്രതികൂലമായി ബാധിക്കുന്ന നിരവധി രേഖകളാണ് 'കെ-സ്മാർട്ട്' വഴി ലൈസൻസ് പുതുക്കാൻ ആവശ്യമുള്ളത്. അതിലൊന്ന്, സെപ്റ്റംബർ വരെയുള്ള

കെട്ടിടനികുതി മുൻകൂറായി അടയ്ക്കണമെന്നാണ്. നികുതി അടച്ച രസീത് ഓൺലൈനായി അപ്‌ലോഡ് ചെയ്യണം. പല കെട്ടിട ഉടമകൾക്കും കുടിശ്ശികയുണ്ട്. ഈ കുടിശ്ശിക അടച്ചുതീർത്താൽ മാത്രമെ ലൈസൻസ് പുതുക്കാൻ സാധിക്കൂ. മറ്റൊരു പ്രധാന നിബന്ധന ഹരിത കർമ്മ സേനയുമായി ബന്ധപ്പെട്ടാണ്. മാലിന്യമില്ലാത്ത കടകളും ഫീയടച്ച് ബിൽ അപ്‌ലോഡ് ചെയ്യണം. മാത്രമല്ല മാലിന്യം നിക്ഷേപിക്കാൻ വ്യത്യസ്ത ബിന്നുകളും സ്ഥാപിക്കണം. ഈ ബിന്നുകൾ സ്ഥാപിക്കുന്നത് ആ വഴിയിലൂടെ കടന്നുപോകുന്നവർക്കും മാലിന്യമിടാവുന്ന സ്ഥലത്തായിരിക്കണം എന്നുള്ള നിബന്ധനയുണ്ട്. തങ്ങളുടെ കച്ചവട സ്ഥാപനങ്ങൾക്ക് മുന്നിൽ മാലിന്യം നിറയുമെന്ന പേടി വ്യാപാരികൾക്കുണ്ട്. എല്ലാ കച്ചവട സ്ഥാപനങ്ങളിലും ശുചിമുറികൾ വേണമെന്ന കാര്യം പ്രായോഗികമല്ല. കേരളത്തിൽ പ്രവർത്തിക്കുന്ന ഭൂരിപക്ഷം ഷോപ്പുകളും ഒറ്റമുറിയിൽ ഒതുങ്ങുന്നതാണ്.

<u>ശ്രീ. പി. എസ്. സുപാൽ</u>: ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. അധികാര വികേന്ദ്രീകരണവും സ്ത്രീ ശാക്തീകരണവും നടപ്പാക്കുന്ന കാര്യത്തിൽ മാതൃകാപരമായ നിലപാടാണ് ഇടതുപക്ഷ

ജനാധിപത്യ മുന്നണി സർക്കാർ പുലർത്തുന്നത്. സർക്കാരിന്റെ മുൻഗണനയെ സംബന്ധിച്ച് പ്രതിപക്ഷത്തിന് പലപ്പോഴും സംശയമാണ്. അതിദാരിദ്ര്യ നിർമ്മാർജ്ജനം സർക്കാരിന്റെ മുൻഗണനയാണ്. പഞ്ചായത്ത് സമിതികളും കുടുംബശ്രീ സംവിധാനവും ചേർന്നുകൊണ്ട് ഏകദേശം 64006 കുടുംബങ്ങളെയാണ് കണ്ടെത്തിയത്. 2023 നവംബർ മാസം ഒന്നാം തീയതി അതിദാരിദ്ര്യമില്ലാതാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്ത് തുടക്കം കുറിച്ചു. 2024 നവംബർ ഒന്നാം തീയതിയായപ്പോൾ 30658 കുടുംബങ്ങളെയാണ് ഉയർത്തികൊണ്ട് വരാൻ കഴിഞ്ഞത്. 2025 നവംബർ മാസം ഒന്നാം തീയതി ആകുമ്പോൾ 64606 കുടുംബങ്ങളെയും ശാക്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നാണ് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇതാണ് എൽ.ഡി.എഫ്. സർക്കാരിന്റെ മുൻഗണന എന്ന് പറയുന്നത്. അതുപോലെതന്നെ ഒരു പ്രധാനപ്പെട്ട മുൻഗണനയാണ് ലൈഫ് ഭവന നിർമ്മാണ പദ്ധതി. അന്തിയുറങ്ങാൻ ഒരു കൂരയില്ലാത്ത പതിനായിരക്കണക്കിന് ആളുകൾക്ക് തല ചായ്ക്കാൻവേണ്ടി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുൻഗണനാടിസ്ഥാനത്തിൽ

ആവിഷ്കരിച്ച പദ്ധതിയാണ് ലൈഫ് പദ്ധതി. 3,75,651 കുടുംബങ്ങൾക്കാണ് വീട് പൂർത്തീകരിച്ച് നൽകാൻ കഴിഞ്ഞത്. നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ കരാർ നൽകിയിട്ടുള്ളതടക്കം പരിശോധിക്കുമ്പോൾ അഞ്ചുലക്ഷത്തോളം വീടുകൾ പൂർത്തീകരിക്കാൻ കഴിയുന്ന നിലയിലേയ്ക്ക് ലൈഫ് ഭവനനിർമ്മാണ പദ്ധതിയുടെ പ്രവർത്തനങ്ങൾ മാറികഴിഞ്ഞിരിന്നു. ഇതിനുള്ള ലിസ്റ്റിൽ ഉൾപ്പെട്ടവർക്കെല്ലാം നമുക്ക് വീട് നിർമ്മിച്ചുനൽകാൻ കഴിയണം. ഒരുപാട് അപേക്ഷകർ ഇതിനായി കാത്തുനിൽക്കുകയാണ്. ഒന്ന്, രണ്ട് വർഷക്കാലത്തിനുള്ളിൽ അതെല്ലാം പൂർത്തീകരിക്കുന്നതിനുവേണ്ടി യഥാർത്ഥത്തിൽ ഗവൺമെന്റ് ഗ്യാരന്റി നിന്നുകൊണ്ട് ബാങ്കുകളിൽനിന്ന് പഞ്ചായത്ത് വായ്പ എടുത്തുകൊണ്ടുള്ള സമീപനം നമുക്ക് സ്വീകരിക്കാൻ കഴിഞ്ഞാൽ നല്ലതാണ്. നേരത്തെ ഇം.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുടെ കാര്യത്തിൽ ഇക്കാര്യങ്ങൾ നമ്മൾ അവലംബിച്ചിട്ടുണ്ട്. അങ്ങനെയൊരു നിലപാട് സ്വീകരിച്ചാൽ രണ്ട് വർഷക്കാലത്തിനിടയിൽ പരമാവധി ആളുകൾക്ക് നമുക്ക് വീട് പൂർത്തീകരിച്ച് കൊടുക്കുവാൻ കഴിയും. ഇതിന്റെ ലിസ്റ്റിൽ ഉൾപ്പെടാത്ത നിരവധി ആളുകളുണ്ട്. പല കാരണത്താൽ,

റേഷൻ കാർഡില്ലാത്തതിന്റെ അല്ലെങ്കിൽ ഭൂമിയുടെ രേഖ ഇല്ലാത്തതിന്റെ അടിസ്ഥാനത്തിലാണത്. അവർക്കെല്ലാം അപേക്ഷിക്കാൻ ഒരവസരംകൂടി കൊടുക്കുകയെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അത് ഗവൺമെന്റ് പ്രത്യേക താൽപര്യമെടുത്ത് അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഇവിടെ അഭ്യർത്ഥിക്കുകയാണ്. ലൈഫിന്റെ മാനദണ്ഡങ്ങൾക്ക് പുറത്തായിട്ടുള്ള നിരവധി അപേക്ഷകരുണ്ട്. അവരുടെ കാര്യത്തിൽ എന്ത് കാര്യങ്ങൾ നമുക്ക് ചെയ്യുവാൻ കഴിയും. അതിൽ അർഹരായിട്ടുള്ള ഒരുപാട് ആളുകളുണ്ട്. അവർക്കൊരു വീട് നൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ഗവൺമെന്റിന് എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് ഗൗരവമായി പരിശോധിക്കേണ്ട കാര്യമാണ്. പ്രളയമടക്കമുള്ള ദുരന്തങ്ങളിൽ വീട് നഷ്ടപ്പെടുന്നവർക്ക് ലൈഫ് ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് മുൻഗണന കൊടുക്കുന്ന നടപടികൾ ആലോചിച്ചാൽ അത് ആശ്വാസകരമായി മാറും എന്നുള്ള കാര്യത്തിൽ സംശയമില്ല. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട തൊഴിൽ നൽകുന്ന പദ്ധതിയാണ്. ഇന്ത്യയിലേറ്റവും കൂടുതൽ തൊഴിൽ നൽകുന്ന

സംസ്ഥാനങ്ങളിലൊന്നാണ് കേരളം. മിസ്സോറാമിന് പിന്നിൽ കേരളം രണ്ടാം സ്ഥാനത്താണ്. അറുപത്തിയേഴ് ദിവസങ്ങളിലാണ് കേരളം തൊഴിൽ നൽകുന്നത്. ദേശീയ ശരാശരി അൻപത്തിരണ്ടാണ്. സ്ത്രീ പ്രാതിനിധ്യത്തിൽ കേരളം വളരെ മുന്നിൽ നിൽക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ഈ പദ്ധതിയോട് എടുക്കുന്ന സമീപനം...., 73,000 കോടി രൂപ അനുവദിച്ച സ്ഥാനത്ത് ഇക്കഴിഞ്ഞ ബജറ്റിൽ 60,000 കോടി രൂപയാണ് അനുവദിച്ചത്. ശമ്പള വർദ്ധനവ് നടപ്പിലാക്കിയപ്പോൾ കേരളത്തോട് ഒരു ചിറ്റമ്മ നയമാണ് സ്വീകരിച്ചത്. ഹാജരുമായി ബന്ധപ്പെട്ട് അപാകത നിൽക്കുന്നു. കാരണം ജോലി സ്ഥലത്ത് ഏഴ് മണിയ്ക്ക് ആളുകൾക്ക് എത്തേണ്ടി വരുന്നു. പലപ്പോഴും മൊബൈൽ റെയ്ഞ്ചില്ലാത്ത സ്ഥലമായിരിക്കും. അങ്ങനെയൊരുപാട് പ്രയാസങ്ങൾ തൊഴിലാളികൾക്ക് ഉണ്ടാകുന്നു. കേരളത്തിലെ ഗവൺമെന്റ് ഇക്കാര്യത്തിൽ മാതൃകാപരമായ നിലപാട് സ്വീകരിച്ചുകൊണ്ട് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് രാജ്യത്ത് ക്ഷേമനിധി ഏർപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. അത് നല്ലൊരു ചുവടുവയ്പ്പായിരുന്നു. ആ ക്ഷേമനിധിയുടെ പ്രവർത്തനം നമുക്കിതുവരെ തുടങ്ങാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത്

ഒരു വസ്തുതയാണ്. ജില്ലകളിൽ ഓഫീസ് ആരംഭിച്ചുകൊണ്ട് നമുക്ക് അടിയന്തരമായി ഈ ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയണം. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് അത് ശക്തിപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കണം. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് കാർഷിക മേഖലയിൽ എത്രമാത്രം പ്രവർത്തനങ്ങൾ പഞ്ചായത്തുകൾ നടത്തുന്നുവെന്നുള്ളത് ഗൗരവമായി പരിശോധിക്കണം. അറുപത് ശതമാനം പ്രവൃത്തികൾ വരെ ഏറ്റെടുക്കാം. പക്ഷെ വളരെ പരിമിതമായ പ്രവർത്തനങ്ങളാണ് പഞ്ചായത്തുകൾ ഏറ്റെടുക്കുന്നത്. അതുകൊണ്ട് തൊഴിലുറപ്പ് പദ്ധതിയിൽ പരമാവധി പ്രവർത്തനങ്ങൾ പഞ്ചായത്തുകൾ ഏറ്റെടുക്കുന്നതിനാവശ്യമായ നിർദ്ദേശം ഗവൺമെന്റ് പഞ്ചായത്തുകൾക്ക് നൽകിയാൽ കാർഷിക മേഖലയിൽ ഒരു വലിയ കുതിപ്പിന് അത് കാരണമാകുമെന്നതിൽ സംശയമില്ല. മെറ്റീരിയൽ വർക്കിന്റെ കാര്യത്തിൽ നമുക്കൊരുപാട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയും. ഇപ്പോൾ അത് പത്ത് ശതമാനമാണ്. അത് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് അലോചിക്കണം. ഇപ്പോൾ

ബ്ലോക്ക് പഞ്ചായത്താണ് അത് നടപ്പാക്കുന്നത്. നേരത്തെ ഇത് ചെയ്തിരുന്നത് പഞ്ചായത്തായിരുന്നു. പഞ്ചായത്തുമായി ബന്ധപ്പെട്ട് അത് ക്രമീകരിച്ചാൽ കുറച്ചുകൂടി എളുപ്പമായിരിക്കും എന്നാണ് പഞ്ചായത്ത് പ്രതിനിധികൾ ആവശ്യപ്പെടുന്നത്. അക്കാര്യം ഗൗരവമായി ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണമെന്നാണ് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. വന്യമൃഗങ്ങളുടെ ആക്രമണവുമായി ബന്ധപ്പെട്ട് ഗൗരവമേറിയ ചർച്ചകൾ നടക്കുന്ന സഭയാണിത്. ആനകൾ ജനവാസമേഖലകളിലേയ്ക്ക് ഇറങ്ങുന്നത് തടയാൻ കിടങ്ങുകൾ നിർമ്മിക്കുന്നത് പ്രയോജനം ചെയ്യും. അത് തൊഴിലുറപ്പ് പദ്ധതി വഴി നടപ്പാക്കുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. കെ-സ്മാർട്ട് പദ്ധതിയെക്കുറിച്ച് പറഞ്ഞു. അതിലെ അപാകതകൾ നോക്കുക എന്നുള്ളതല്ല പ്രതിപക്ഷം ചെയ്യേണ്ടത്. ഒരു വർഷത്തിനിടയിൽ ഒരു കോടിയിലധികം പരാതികൾക്ക് തീർപ്പ് കൽപ്പിക്കാൻ കഴിഞ്ഞ മാതൃകാപരമായ പദ്ധതിയായി കെ-സ്മാർട്ട് പദ്ധതി മാറിക്കഴിഞ്ഞിരിക്കുകയാണ്.

മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് കേരളം രാജ്യത്തിന് മാതൃകയാകുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണ്. അതിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളെ നാം അങ്ങേയറ്റം അഭിനന്ദിക്കേണ്ടതാണ്. ഏതാണ്ട് 34500-ഓളം വരുന്ന ഹരിതകർമ്മ സേനാംഗങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളാണത്. പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന തുകയാണ് അവരുടെ വരുമാനം. അവരുടെ വരുമാനത്തിൽ കുറച്ചുകൂടി വർധന വരുത്താൻ കഴിയുമോയെന്നതിനെ കുറിച്ച് ഗൗരവമായി ആലോചിക്കണം. അവർ ശേഖരിക്കുന്ന പ്ലാസ്റ്റിക് യഥാസമയം നീക്കം ചെയ്യാൻ കഴിയുന്നുണ്ട്. അതുപോലെതന്നെ ലെഗസി വേസ്റ്റ് നീക്കം ചെയ്യുന്നതിന് കാലതാമസമുണ്ടാകുന്നുവെന്ന വിമർശനങ്ങൾ ഉയർന്നുവരുന്നു. അത് പലയിടത്തും തീപിടുത്തമടക്കമുള്ള കാര്യങ്ങളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. മാലിന്യം കൈകാര്യം ചെയ്യുന്ന ആളുകൾ എന്ന നിലയിൽ ആരോഗ്യപ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുള്ളതുകൊണ്ട് അവരുടെ ആരോഗ്യം ഉറപ്പുവരുത്താൻ സാധിക്കണം. അവർക്ക് പരമാവധി സൗജന്യ ചികിത്സ നൽകാൻ കഴിയുമോയെന്നത് ആലോചിക്കേണ്ടതാണ്.

പഞ്ചായത്തുകൾക്ക് പ്രത്യേകമായൊരു പദ്ധതിവച്ചുകൊണ്ട് ഹരിതകർമ്മ സേനാംഗങ്ങളെ സഹായിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

ബിൽഡിംഗ് ടാക്സ് വർധിപ്പിച്ചത് പഞ്ചായത്തുകളുടെ വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായാണ്. ബി.ജെ.പി.-യും കോൺഗ്രസും ഭരിക്കുന്ന പഞ്ചായത്തുകൾക്കും ഈ വരുമാനം ലഭിക്കുന്നുണ്ട്. പക്ഷേ ആ വരുമാനം നേടിക്കൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ് ഈ വർധന വരുത്തിയിട്ടുള്ളത് എന്ന തരത്തിൽ സർക്കാരിനെ വിമർശിക്കുന്ന നിലപാടാണ് ഉണ്ടാകുന്നത്. അതുകൊണ്ട് ഈ വർധന സംബന്ധിച്ച് പരമാവധി ആളുകൾക്ക് സഹായകരമാകുന്ന വിധത്തിൽ പുനഃപരിശോധന നടത്താൻ കഴിയുമോയെന്ന് ആലോചിക്കണം. ജൽജീവൻ മിഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഗ്രാമീണ റോഡുകൾ മോശപ്പെടുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അത് അവരാണ് പരിഹരിക്കേണ്ടതെങ്കിലും അതിനുള്ള ക്രമീകരണങ്ങൾ പലപ്പോഴും ഉണ്ടാകുന്നില്ല. അതുകൊണ്ട് ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന്

പ്രത്യേക പരിഗണന നൽകി ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കേരള പഞ്ചായത്തീരാജ് - നഗരപാലിക ബിൽ വന്നതോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളൊക്കെ പ്രാദേശിക സർക്കാർ ആകുകയാണെന്ന പ്രതീക്ഷയാണുണ്ടായിരുന്നത്. 1994-ൽ യു.ഡി.എഫ്. സർക്കാർ ആ ബിൽ പാസ്സാക്കിയപ്പോൾ കേരളത്തിൽ വലിയ പ്രതീക്ഷയും മാറ്റങ്ങളുമൊക്കെയുണ്ടായി. പഞ്ചായത്തീരാജ്-നഗരപാലിക ബിൽ പാസ്സാക്കിയിട്ടും അതിന്റെ പ്രവർത്തനങ്ങൾ നടന്നിട്ടും 30 വർഷം തികയുകയാണ്. പ്രാദേശിക ഭരണസംവിധാനത്തെ തകർക്കുന്ന രീതിയിലും അധികാരം കവരുന്ന രീതിയിലും അധികാരകേന്ദ്രീകരണം നടത്തുന്ന സ്ഥിതിയിലേയ്ക്ക് ഇന്നത്തെ ഗവൺമെന്റ് വന്നിരിക്കുകയാണെന്ന പരിതാപകരമായ അവസ്ഥാ വിശേഷമാണ് നമ്മുടെ മുമ്പിലുള്ളത്. ബജറ്റ് വിഹിതം വരുമ്പോൾ തൊട്ടുമുന്നിലുള്ള വർഷത്തേക്കാളും 10 ശതമാനം വർധന ഓരോ വർഷവും വകുപ്പിന് നൽകാറുണ്ട്. ഈ വർഷങ്ങളിലോ കഴിഞ്ഞ വർഷങ്ങളിലോ ഒന്നുംതന്നെ വർധന നൽകിയിട്ടില്ല. കഴിഞ്ഞ 5 വർഷമായി

വർധനയില്ലാത്തതുകൊണ്ടും വലിയ വെട്ടിക്കുറയ്ക്കൽ വന്നതുകൊണ്ടും വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാതെ പഞ്ചായത്തുകളൊക്കെ വളരെ പ്രതിസന്ധിയിലാണെന്ന വസ്തുത നമുക്കെല്ലാവർക്കുമറിയാം. നിലവിലുള്ള ക്യാരി ഓവർ പദ്ധതിക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ ഓരോ വർഷാവസാനത്തിലും തുക അനുവദിച്ച് നിർബന്ധിതമായ തിരുത്തലുകളുമായി സർക്കാർതന്നെ പദ്ധതികൾക്കാവശ്യമായ നിബന്ധനകൾ വയ്ക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന അവസ്ഥാവിശേഷമുണ്ട്. അതുകൊണ്ടുതന്നെ പഞ്ചായത്തുകളുടെ ഭരണ സംവിധാനത്തെ തകരാറിലാക്കുകയും ആ വർധന ലഭിച്ചാൽപ്പോലും പഞ്ചായത്തിന്റെ ഭരണ സംവിധാനത്തെ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാതെ ധാരാളം പദ്ധതികൾ പ്രയാസത്തിലാവുകയുമാണ്. ഉദാഹരണമായി ഭിന്നശേഷി സ്കോളർഷിപ്പ്, അതിദരിദ്രതയ്ക്കുള്ള പദ്ധതി, ഡയാലിസിസ് രോഗികൾക്ക് ധനസഹായം, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്കുമുള്ള പദ്ധതികൾ, പാലിയേറ്റീവ് പരിചരണ പദ്ധതി, വയോജനക്ഷേമ പദ്ധതികൾ, ദാരിദ്ര്യ

ലഘൂകരണ പദ്ധതികൾ തുടങ്ങി എല്ലാ പഞ്ചായത്തിലെയും അവശ വിഭാഗങ്ങളുടെ നിരവധി പദ്ധതികളുടെ പ്രവർത്തനം പ്രതിസന്ധിയിലായിട്ടുണ്ട്. ഇങ്ങനെ പഞ്ചായത്തിനെ പൊറുതിമുട്ടിപ്പിക്കുന്നൊരു തരത്തിലേയ്ക്കാണ് ഗവൺമെന്റിന്റെ നിബന്ധനകളും നിയന്ത്രണങ്ങളും പോകുന്നതെന്നാണ് വസ്തുത. ശ്രീ. പി. എസ്. സുപാൽ ലൈഫ് പദ്ധതിയെക്കുറിച്ച് പറയുകയുണ്ടായി. ഇടതുസർക്കാർ ആഘോഷപൂർവ്വം കൊണ്ടുവന്ന ലൈഫ് പദ്ധതി ഇന്ന് ഏത് അവസ്ഥയിലാണെന്ന് അങ്ങ് തന്നെ ഒന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. 2020-ലെ അപേക്ഷകർക്ക് രണ്ട് വർഷത്തെ കാത്തിരിപ്പിനുശേഷം കഴിഞ്ഞ വർഷമാണ് ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ചുള്ള ഉത്തരവുണ്ടായത്. 2017-ലെ ലൈഫിന്റെ ലിസ്റ്റിലുൾപ്പെട്ട 514931 പേരിൽ 129675 പേർക്കും 2020-ലെ ലിസ്റ്റിലെ 565708 പേരിൽ 62953 പേർക്കും മാത്രമാണ് ഇതിനകം ആനുകൂല്യം ലഭിച്ചത്. രണ്ട് ഘട്ടങ്ങളിലായി അർഹരായി കണ്ടെത്തിയ 1080639 പേരിൽ 888000 പേർക്ക് ഇനിയും കരാർപോലും വയ്ക്കാനായിട്ടില്ല എന്ന വസ്തുത ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് അങ്ങ് പരിശോധിക്കണമെന്ന് ഞാൻ

സൂചിപ്പിക്കുകയാണ്. സാധാരണക്കാർക്ക് വീട് നൽകുന്നതിനായി വലിയ ഉദ്ദേശ്യത്തോടെയും താൽപ്പര്യത്തോടെയും ആരംഭിച്ച പദ്ധതിയിൽ നടപടികൾ സ്വീകരിക്കുന്നതിലുണ്ടായ അപാകതകൾ ഏത് തരത്തിലാണ് പരിഹരിക്കാൻ കഴിയുകയെന്നത് അങ്ങ് പരിശോധിക്കേണ്ടതാണ്.

ഇവിടെ പദ്ധതി വിഹിതം വെട്ടിക്കുറച്ചതിനെക്കുറിച്ച് പറഞ്ഞു. എല്ലാ പഞ്ചായത്തുകളിലും പദ്ധതി വിഹിതം വെട്ടിക്കുറച്ചിട്ടുണ്ട്. ഉദാഹരണമായി ഇടയൂർ പഞ്ചായത്തിൽ 2023-24-ലെ വികസന ഫണ്ടിലെ 1,67,76,000/- രൂപയാണ് വെട്ടിക്കുറച്ചത്. 2022-23-ൽ 1,82,00,000/- രൂപയാണ് വെട്ടിക്കുറച്ചത്. റോഡ് ഗതാഗതത്തിനായി ഉപയോഗിച്ചിരുന്ന 33,14,000/- രൂപയും 2022-23-ൽ 74,50,000/- രൂപയുമാണ് വെട്ടിക്കുറച്ചത്. വളാഞ്ചേരി മുനിസിപ്പാലിറ്റിയിലും കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ എന്നല്ല മലപ്പുറം ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലും ഇതുതന്നെയാണ് അവസ്ഥ. മറ്റ് ജില്ലകളിലെ കാര്യങ്ങളൊന്നും പറയുന്നില്ല. എല്ലായിടത്തും ഇതുതന്നെയാണ് അവസ്ഥ. അതുകൊണ്ടുതന്നെ മെയിന്റനൻസ് വിഭാഗത്തിലായി വെട്ടിക്കുറച്ച ഫണ്ടും അതുപോലെ പിടിച്ചുവച്ച ഫണ്ടും പഞ്ചായത്തുകൾക്ക് നൽകി വികസന

പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനാവശ്യമായ നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ക്ഷേമ പെൻഷൻ അനുവദിക്കാനുള്ള മാനദണ്ഡങ്ങൾ കാലോചിതവും പ്രായോഗികവുമായ രൂപത്തിൽ പുനഃപരിശോധന നടത്തേണ്ടതാണ്. ഉദാഹരണമായി, 2000 സ്ക്വയർ ഫീറ്റ് വരെ വീടുള്ളതും രണ്ട് ഏക്കർ സ്ഥലമുള്ളതും പതിനായിരം സി.സി.-ക്ക് മുകളിൽ വാഹനമുള്ളവർ മറ്റ് ഭൗതിക സൗകര്യമുള്ളവർ എന്നിവയാണ് പെൻഷൻ നൽകുന്നതിനുള്ള നിലവിലെ മാനദണ്ഡങ്ങൾ. അതിൽ ഒരു എ.സി. ഉണ്ടെങ്കിലോ ഒരു ചെറിയ ഓട്ടോറിക്ഷയുണ്ടെങ്കിലോ ക്ഷേമ പെൻഷൻ ലഭിക്കാത്ത അവസ്ഥയാണുള്ളത്. ഈ മാനദണ്ഡങ്ങൾ മാറ്റിയാൽ മാത്രമേ അതിദരിദ്രരായ പ്രയാസപ്പെടുന്ന ആളുകൾക്ക് പെൻഷൻ ലഭിക്കാനുള്ള അവസരമുണ്ടാകുകയുള്ളൂ. അഞ്ച് സെന്റ് സ്ഥലത്ത് 650 സ്ക്വയർ ഫീറ്റിൽ താമസിക്കുന്ന പാവപ്പെട്ടവർ അത്യാവശ്യ സാഹചര്യത്തിൽ ഒരു എ.സി. വാങ്ങേണ്ടുന്നൊരു അവസ്ഥയുണ്ടാകും. കാലാവസ്ഥാ വ്യതിയാനങ്ങളുടെ അടിസ്ഥാനത്തിൽ അതിന് അനുസരിച്ച് ജനങ്ങൾ അവരുടെ ജീവിതരീതിയിൽ മാറ്റങ്ങൾ

വരുത്തിക്കൊണ്ടിരിക്കുകയാണ്. ആ തരത്തിൽ പെൻഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. എല്ലാ വർഷവും മസ്റ്ററിംഗ് നടത്തുകയാണ്. പെൻഷൻ നൽകുന്നതിനായി ആളുകൾ ജീവിച്ചിരിപ്പുണ്ട് എന്നതിന് തെളിവായി ഇത് എല്ലാ വർഷവും നടത്തുകയാണ്. എല്ലാ വർഷവും മസ്റ്ററിംഗ് നടത്താൻ അക്ഷയ സെന്ററുകളിലും പഞ്ചായത്തുകളിലേയ്ക്കും പോകാനായി പ്രയാസങ്ങൾ അനുഭവിക്കുന്ന ആളുകളെ അങ്ങേയ്ക്ക് തന്നെ അറിയാം. ഈ മസ്റ്ററിംഗ് മൂന്നോ അഞ്ചോ വർഷത്തിലൊരിക്കലാക്കി മാറ്റം വരുത്തിയാൽ ധാരാളം ആളുകൾക്ക് അതുകൊണ്ട് ഗുണമുണ്ടാകുന്നതാണ്.

അതുപോലെ ഹരിതകർമ്മ സേനയെ കുറിച്ച് ഇവിടെ പറയുകയുണ്ടായി. മാലിന്യനിർമ്മാർജ്ജന രംഗത്ത് വളരെ വലിയ പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടുതന്നെ ഒരുപാട് പ്രവർത്തനങ്ങൾ ഓരോ പഞ്ചായത്തിലും അവർ നടത്തുന്നുണ്ട്. പാവപ്പെട്ട കുടുംബത്തിലെ അംഗങ്ങളാണ് ഹരിതകർമ്മ സേനയിൽ പ്രവർത്തിക്കുന്നത്. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട്

നടപ്പിലാക്കുന്ന പദ്ധതിയുടെ ഉത്തരവുകൾക്ക് അപ്പുറം ഈ രംഗത്ത് വളരെ ആത്മാർത്ഥമായി നിലനിൽക്കുന്ന കേരളത്തിലെ പതിനായിരക്കണക്കിന് ഹരിതകർമ്മ സേനാംഗങ്ങളുടെ സാമ്പത്തിക സ്ഥിതികൂടി ഗവൺമെന്റ് പരിശോധിക്കേണ്ടതുണ്ട്. യൂസർ ഫീയിൽനിന്ന് ലഭിക്കുന്ന വളരെ തുച്ഛമായ വരുമാനത്തിനപ്പുറം അവരുടെ നിലനിൽപ്പിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഫെസ്റ്റിവൽ അലവൻസ് പോലുള്ള പ്രോത്സാഹന പദ്ധതികൾ ആവിഷ്കരിക്കുകകയാണെങ്കിൽ കുറച്ചുകൂടി ഗുണപ്രദമായി ആ മേഖലയിൽ പ്രവർത്തിക്കാൻ അവർക്ക് സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അതുപോലെ തദ്ദേശസ്ഥാപനങ്ങളുടെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് തയ്യാറാക്കി അംഗീകാരം നേടിയ പല പദ്ധതികളും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സ്വാർത്ഥ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നടപ്പിലാക്കാതെ പോവുകയാണ്. ഉദാഹരണത്തിന്, കേരളത്തിലെ ആയിരക്കണക്കിന് കിഡ്നി രോഗികൾക്ക് ധനസഹായം നൽകുന്നതിനുവേണ്ടി പല പഞ്ചായത്തുകളും കഴിഞ്ഞ വർഷം വകയിരുത്തിയ തുക ചെലവഴിക്കാൻ സാധിക്കാതെ പോയതിൽ പ്രയാസമുണ്ട്.

ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥരും പഞ്ചായത്ത് വകുപ്പിലെ ഉദ്യോഗസ്ഥരും തമ്മിലുള്ള ഒരു കിടമത്സരത്തിന്റെ ഭാഗമായി തുക അനുവദിക്കാതെ ഇരിക്കുമ്പോഴുണ്ടാകുന്ന പ്രയാസം കേരളത്തിലെ ഒട്ടുമിക്ക പഞ്ചായത്തുകളിലും അനുഭവിക്കുകയാണ്. പ്രത്യേകിച്ച് എന്റെ മണ്ഡലത്തിൽ കിഡ്നി രോഗികളുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ വളരെ ദുഃഖകരമായ അനുഭവമാണുണ്ടാകുന്നത്. അത് പരിഹരിക്കുന്നതിനായി ആരോഗ്യവകുപ്പിൽനിന്നും ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള ശിപാർശ പഞ്ചായത്ത് വകുപ്പിൽ നിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാരിൽനിന്നും ഒരു വർഷത്തിൽ 12 തവണയായി ലഭിക്കുന്ന ഫണ്ടാണ് ജനറൽ പർപ്പസ് ഫണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ ആ ഫണ്ടിന്റെ 9 ഗഡുക്കൾ മാത്രമാണ് ലഭിച്ചത്, അതിൽ മൂന്ന് ഗഡുക്കൾ സർക്കാർ വെട്ടികുറച്ചു. അതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ തിരിച്ചടിയാണ് ഉണ്ടായിട്ടുള്ളത്.

കെട്ടിട നിർമ്മാണ നികുതിയുമായി ബന്ധപ്പെട്ട് വർധിപ്പിച്ച ഫീസ് പിൻവലിക്കാൻ സാധിക്കുമെങ്കിൽ പിൻവലിക്കണമെന്ന് ശ്രീ. പി. എസ്.

സുപാൽ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ജനങ്ങളുടെ ആശങ്ക പരിഗണിച്ചുകൊണ്ട് അതിന് പരിഹാരം കാണണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

ശ്രീമതി കെ. കെ. രമ: സർ, നമ്മുടെ സമൂഹം ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിപത്താണ് മയക്കുമരുന്ന്. എം.ഡി.എം.എ. സ്റ്റാമ്പുകളുൾപ്പടെയുള്ള അത്യാധുനിക മയക്കുമരുന്നുകൾ നമ്മുടെ സമൂഹത്തിൽ നിയന്ത്രണാതീതമായി കടന്നുവരികയാണ്. കാലഹരണപ്പെട്ട നിയമങ്ങളും പഴഞ്ചൻ നടപടിക്രമങ്ങളുമാണ് ഇപ്പോഴും നമ്മുടെ എക്സൈസ് വിഭാഗത്തിലുള്ളത്. തൊട്ടടുത്തുള്ള മയക്കുമരുന്ന് വ്യാപാരത്തെക്കുറിച്ച് അറിവുണ്ടെങ്കിലും അക്കാര്യം പുറത്തുപറയാൻ ആളുകൾ പലപ്പോഴും ഭയക്കുകയാണ്. ശക്തമായ ഭരണസംവിധാനത്തിന്റെ അഭാവം ഈ വകുപ്പിൽ വലിയതോതിലുണ്ട്. പലസ്ഥലത്തും വലിയ മാഫിയകളാണ് ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്നത്. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് വലിയ പ്രചരണ പ്രവർത്തനങ്ങളെല്ലാം നടത്തുന്നുണ്ട്. പക്ഷെ അതിനപ്പുറത്ത് എന്ത്

നടപടിയിലേയ്ക്ക് നീങ്ങുന്നുവെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതിന് കൃത്യമായ നിയമങ്ങളില്ല. വലിയ അളവിലുള്ള മയക്കുമരുന്ന് ഉപയോഗങ്ങൾ മാത്രമേ പിടിക്കപ്പെടുന്നുള്ളൂ. ചെറിയ അളവുകൾ പിടിക്കപ്പെടുന്നുണ്ടെങ്കിലും നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ സാധിക്കുന്നില്ല. നിയമത്തിലെ പഴുതുപയോഗപ്പെടുത്തി മയക്കുമരുന്ന് വലിയതോതിൽ കടത്തപ്പെടുകയാണ്. ഇത് ആളുകളിലേയ്ക്ക് പ്രത്യേകിച്ച് യുവാക്കളിലേയ്ക്കും കുട്ടികളിലേയ്ക്കും എത്തുകയാണ്. ഇത് നിയന്ത്രിക്കാൻ ആവശ്യമായ നടപടികളുടെ ഭാഗമായി നിയമത്തിലൂൾപ്പെടെ മാറ്റം വരുത്തണം. എക്സൈസ് വകുപ്പിൽ അബ്കാരി കേസുകളുടെ എണ്ണം വലിയതോതിൽ വർധിക്കുന്നു. പക്ഷെ അതിനാവശ്യമായ ജീവനക്കാരുടെ എണ്ണത്തിൽ വർധനയുണ്ടാകുന്നില്ല. ഓഫീസ് വർക്കുകൾചെയ്യാൻ നിയോഗിക്കപ്പെടുന്നത് കൂടാതെ പലപ്പോഴും ബോധവൽക്കരണ ക്ലാസുകളിലൊക്കെ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരാണ് പോകുന്നത്. പക്ഷേ കേസുകളുണ്ടാകുമ്പോൾ, പിടിക്കപ്പെട്ട ഇടങ്ങളിലേയ്ക്ക് പോകാനോ അതിനാവശ്യമായ നടപടികൾ സ്വീകരിക്കാനോ പലപ്പോഴും ഈ വകുപ്പിന് സാധിക്കാതെ വരുന്നുണ്ട്. ഇത്തരം വിഷയങ്ങളിൽ

വേണ്ടത്ര ശ്രദ്ധചെലുത്തി മുന്നോട്ടുപോകുന്നതോടൊപ്പം ഈ വകുപ്പിലെ ഉദ്യോഗസ്ഥരുടെ എണ്ണത്തിൽ വർധന വരുത്താൻകൂടി അടിയന്തരമായി ഇടപെടേണ്ടതുണ്ട്. ഇതിനകത്തേയ്ക്ക് പെൺകുട്ടികളൊക്കെ ധാരാളമായി വരികയാണ്. വകുപ്പിൽ വനിത ഉദ്യോഗസ്ഥരുടെ കുറവുണ്ട്, അത് പരിഹരിക്കാൻ നടപടി സ്വീകരിക്കണം. എന്റെ മണ്ഡലത്തിൽ കഴിഞ്ഞ ദിവസം പത്താം ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടി ആത്മഹത്യ ചെയ്തു. ഈ കുട്ടിയുടെ കയ്യിൽനിന്ന് മയക്കുമരുന്ന് പിടിക്കപ്പെട്ടപ്പോൾ അത് നൽകിയത് ആരാണെന്ന് പറഞ്ഞതിന്റെപേരിൽ അവർ ഭീഷണിപ്പെടുത്തിയതിനെത്തുടർന്നാണ് കുട്ടി ആത്മഹത്യ ചെയ്തത്. അത്തരം ആളുകളെ കണ്ടെത്താനും അവർക്കെതിരെ നിയമനടപടി സ്വീകരിക്കാനും സാധിക്കുന്നില്ല. അതുപോലെ ഒരു പഞ്ചായത്തിൽ മൂന്ന് മരണങ്ങൾ അടുത്തടുത്തുണ്ടാകുകയാണ്. ചെറുപ്പക്കാർ ബസ് സ്റ്റോപ്പിൽവച്ച് മയക്കുമരുന്ന് കുത്തിവച്ച് മരിക്കുന്നു, ആൾ ഒഴിഞ്ഞ പറമ്പിൽ മരണപ്പെട്ട് കിടക്കുന്നത് കാണുന്നു, ഇങ്ങനെയൊക്കെ സംഭവിക്കുമ്പോൾ ഇതിനെതിരെ നിയമപരമായി എന്ത് നടപടിയുണ്ടാകുന്നുയെന്ന ചോദ്യം ഉയർന്നുവരുന്നു. ഇത്തരം

കേസുകളുണ്ടാകുന്നു, ആരും പിടിക്കപ്പെടുന്നില്ല, എവിടെയാണ് പിടിക്കപ്പെടുന്നത്, എവിടെയാണ് നമുക്കിത് നിയന്ത്രിക്കാൻ സാധിക്കുന്നത്? ഇതിന് അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾക്ക് അപ്പുറത്തേയ്ക്കുള്ള നിയമനടപടികളുണ്ടാകണം. അതിന് വകുപ്പുകൂടി ശക്തമാകേണ്ടതുണ്ട്. അത്തരം നിയമനടപടി ഇല്ലാത്തതുമൂലം ധാരാളം പ്രശ്നങ്ങൾ ഇന്ന് അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്.

പഞ്ചായത്തുകളിലെ തൊഴിലുറപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചു. തൊഴിലുറപ്പ് ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട മെറ്റീരിയൽ സപ്ലൈയുടെ ചുമതല നേരത്തെ പഞ്ചായത്തിനായിരുന്നു. ഇപ്പോൾ അത് ബ്ലോക്കിലേയ്ക്ക് മാറ്റിയിട്ടുണ്ട്. അതിന്റെ ബുദ്ധിമുട്ടുകൾ പഞ്ചായത്ത് നേരിടുന്നുണ്ട്. അതുകൊണ്ട് അത് പഞ്ചായത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ ആവശ്യമായ നടപടികളുണ്ടാകണമെന്ന് സൂചിപ്പിക്കുന്നു. തൊഴിലുറപ്പ് മേഖലയിലെ തൊഴിലാളികൾക്ക് അവരുടെ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ഫുട്പാത്തുകൾക്കും റോഡുകൾക്കുമൊക്കെ നേരത്തെ 40 ശതമാനം വിഹിതമുണ്ടായിരുന്നു. അതിപ്പോൾ 10 ശതമാനമായി കുറച്ചു. ആ

വിഹിതം 30 ശതമാനമായെങ്കിലും വർധിപ്പിക്കണം. ഗ്രാമീണ മേഖലയിൽ തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നടത്താൻ ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ട്, അതിന് പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കണമെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

അതുപോലെ പെർമിറ്റ് ഫീസ്, കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ടുള്ള ഫീസുകളൊക്കെ വലിയതോതിൽ വർധിച്ചിട്ടുണ്ട്. പെർമിറ്റിനുള്ള പിഴ 100 ശതമാനമാണ്. 100 ശതമാനം പിഴ വരുന്നതുകൊണ്ട് അവിടേയ്ക്ക് അഴിമതി കടന്നുവരാനുള്ള സാധ്യതയുണ്ട്. ഇത് അശാസ്ത്രീയമാണ്. കൃത്യമായും ഇത് പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകണം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓരോ ജനപ്രതിനിധികൾക്കും ഭാരിച്ച ചുമതലകളാണുള്ളത്. അവരുടെ ഓണറേറിയം വർധിപ്പിക്കുന്നതിനാവശ്യമായ ശിപാർശ സർക്കാരിൽനിന്നുമുണ്ടാകണം. കാലഹരണപ്പെട്ട നടപടിക്രമങ്ങളിൽ മാറ്റം വരുത്താൻ ആവശ്യമായ നടപടികളെക്കുറിച്ച് വകുപ്പ് ആലോചിക്കണം.

ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് ഇപ്പോഴും ആയിരക്കണക്കിന് ആളുകൾ വീടിനുവേണ്ടി കാത്തിരിക്കുകയാണ്. ഒരു ലക്ഷം രൂപയാണ് സർക്കാർ കൊടുക്കുന്നത്. ബാക്കിയുള്ളത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തണം. ഹഡ്കോ വായ്പ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ധാരാളം ബുദ്ധിമുട്ടുകൾ ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. രണ്ടര കോടി രൂപ ലഭിച്ചിരുന്നിടത്ത് ഇപ്പോൾ 50 ലക്ഷം രൂപയാണ് ലഭിക്കുന്നത്. എന്നാൽ ട്രഷറി ബാൻ വരുന്ന അവസരങ്ങളിൽ അത് പോലും ലഭിക്കുന്നില്ല. ആളുകൾ കാത്തിരിക്കുന്ന ഈ ലൈഫ് പദ്ധതിക്കുപോലും തുക ലഭിക്കാത്ത അവസ്ഥവരുന്നു.

ഹരിതകർമ്മ സേനാംഗങ്ങൾ വളരെ ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചുവരുന്നതായാണ് കാണാൻ സാധിക്കുന്നത്. വളരെ തുച്ഛമായ വേതനമാണ് അവർക്ക് ലഭിക്കുന്നത്. നമ്മുടെ നാടിനെ സംരക്ഷിച്ച് നിർത്തുന്ന ഒരു വിഭാഗമാണ് അവർ. അവരുടെ ഓണറേറിയം വർധിപ്പിക്കാനും ഇൻസെന്റീവ് കൊടുക്കാനുള്ള പദ്ധതിയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

ജനകീയാസൂത്രണത്തിന്റെ ആരംഭകാലത്ത് വലിയതോതിലുള്ള ജനപങ്കാളിത്തമുണ്ടായിരുന്നു.ഇപ്പോൾ ജനപങ്കാളിത്തം കുറഞ്ഞുവരികയാണ്. ഗ്രാമസഭകളിലേയ്ക്കൊന്നും ആളുകൾ എത്തുന്നില്ല. അതിനുകാരണം, ഗ്രാമസഭയിൽ വന്ന് പദ്ധതികളെ സംബന്ധിച്ച് സംസാരിക്കുകയും അതിനെക്കുറിച്ചുള്ള കാര്യങ്ങൾ ചോദിക്കുകയും ചെയ്യാമെന്ന് അല്ലാതെ പദ്ധതികളൊന്നും അനുവദിക്കുന്നില്ല. ഒരു പദ്ധതിയും ലഭിക്കാത്തതിന്റെ ഭാഗമായി ആളുകൾ കുറഞ്ഞുവരികയാണ്. ജനകീയാസൂത്രണത്തിന്റെ പ്രസക്തിപോലും കുറഞ്ഞുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ, ഗവൺമെന്റിന്റെ ചില നയപരമായ തീരുമാനത്തിന്റെ ഭാഗമായിട്ടാണ് ഇങ്ങനെയൊക്കെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇതിലൊക്കെ കാലാനുസൃതമായ മാറ്റംവരുത്തി മുന്നോട്ടുപോകാൻ വകുപ്പ് തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളായ എക്സൈസ്, നഗരവികസനം, പഞ്ചായത്ത്, ഗ്രാമവികസനം എന്നിവയിൽ ഊന്നിനിന്നുകൊണ്ടുള്ള ചർച്ചയാണ് ഇന്ന്

നടക്കുന്നത്. ഈ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യേണ്ട വിഷയം എക്സൈസ് തന്നെയാണെന്നാണ് കരുതുന്നത്. കഴിഞ്ഞ ദിവസം ഞാൻ പ്രതിനിധാനം ചെയ്യുന്ന മണ്ഡലത്തിൽനിന്നും ഒരു വാർത്ത വന്നിരുന്നു. 75 വയസ്സുള്ള അമ്മയെ 25 വയസുള്ള ഒരു യുവാവ് ആക്രമിച്ചുവെന്നായിരുന്നു ആ വാർത്ത. നമുക്കറിയാം കേരളത്തിലെ യുവാക്കളൊന്നും മോശക്കാരല്ല. എല്ലാവരും അപാരമായ കഴിവും അറിവും ഉള്ളവരാണ്. പക്ഷെ അവരുടെ ശരീരത്തിൽ അവർക്ക് ഉപയോഗിക്കാൻ പാടില്ലാത്ത എന്തെങ്കിലും കാര്യങ്ങൾ ചെയ്താൽ മാത്രമാണ് അവർ ഈയൊരു അവസ്ഥയിലേയ്ക്ക് വരുന്നത്. അതുകൊണ്ടുതന്നെ നമുക്ക് പറയാൻ കഴിയും, കുറച്ചെങ്കിലും ക്രിമിനൽ ആക്ടിവിറ്റീസിലേയ്ക്ക് നമ്മുടെ നാട്ടിൽ ആരെങ്കിലും എത്തുന്നുണ്ടെങ്കിൽ തീർച്ചയായിട്ടും അവരുടെ ശരീരത്തിലേയ്ക്ക് അവർ ആഗ്രഹിക്കാത്ത എന്തെങ്കിലും ആരൊക്കെയോ ചേർന്ന് കൊടുക്കുന്നുണ്ടെന്നുള്ളതും അങ്ങനെ അവർ അതിന്റെ വിക്ടിമായി മാറുന്നുയെന്നുമുള്ള സാഹചര്യം, അത് ഏറ്റവും കൂടുതൽ ചർച്ച ചെയ്യുകയും അതിൽ ഇടപെടുകയും ചെയ്യേണ്ടതാണെന്ന് സൂചിപ്പിക്കുകയാണ്. മദ്യപാനാസക്തി, മദ്യപാനംമൂലമുണ്ടാകുന്ന പ്രശ്നങ്ങളും

ഒട്ടനവധി വെല്ലുവിളികളും നമ്മുടെ സമൂഹത്തിൽ ഉയർത്തുന്നുണ്ട്. ഇത്തരം പ്രവണതകൾക്കെതിരെ സർക്കാർ ധാരാളം ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നുണ്ട്. അതുപോലെ മറ്റ് സന്നദ്ധ സംഘടനകളും വ്യക്തികളും ബോധവൽക്കരണ കാര്യങ്ങളൊക്കെ നടത്തുന്നുണ്ട്. കഴിഞ്ഞ ദിവസം എക്സൈസുമായി ബന്ധപ്പെട്ട് ഒരു സ്റ്റഡി നടത്തിയപ്പോഴാണ് ക്യാമ്പസുകളിൽ 'നേർവഴി' എന്ന പേരിൽ ഒരു പദ്ധതിയുണ്ടെന്ന് എനിക്ക് അറിയാൻ സാധിച്ചത്. എനിക്ക് ആ പദ്ധതിയെക്കുറിച്ച് കൂടുതൽ അറിയില്ലായിരുന്നു. കാരണം, എം.എൽ.എ. ആയിട്ടും ഞാൻ അതിനെക്കുറിച്ച് കൂടുതൽ സ്റ്റഡി ചെയ്തിട്ടില്ല. 'നേർവഴി' എന്ന പദ്ധതി എത്ര ക്യാമ്പസുകളിൽ കൃത്യമായി നടത്തുന്നുണ്ടെന്നത് പരിശോധിക്കപ്പെടണം. അതുപോലെ ഹോസ്റ്റലുകളിൽ ഇത്തരം ഉപയോഗങ്ങൾ കുട്ടികൾക്കിടയിലുണ്ടെങ്കിൽ അതിനെ അതിജീവിക്കാൻ 'ശ്രദ്ധ' എന്ന പേരിലുള്ള പദ്ധതി എക്സൈസ് വകുപ്പ് നടത്തുന്നുണ്ട്. തൊലിപ്പുറത്തെ ചികിത്സ പോലെയാകാതെ വളരെ ഗ്രാസ് റൂട്ട് ലെവലിലേയ്ക്ക് ആ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള ബോധപൂർവ്വമായ ഇടപെടൽ നമ്മുടെ എല്ലാവരുടെയും ഭാഗത്തുനിന്നുണ്ടാകണമെന്ന്

അഭ്യർത്ഥിക്കുകയാണ്. മദ്യപാനത്തിന് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിൽപോലും നിയമം ലംഘിക്കപ്പെടുന്നതോടൊപ്പം ഇത് അനുവദനീയമല്ലാത്ത സ്ഥാപനങ്ങൾ എന്ന വേർതിരിവുപോലും ലംഘിക്കപ്പെടുന്നുണ്ട്. പലപ്പോഴും പല കുടുംബങ്ങളിലെയും പരിപാടികൾക്ക് ഇന്ന് മദ്യം വിളമ്പുന്നു. അത് ചെറിയ കുട്ടികൾക്കുപോലും കൊടുക്കുന്നുണ്ട്. അത്തരം വിഷയങ്ങൾ ഒരിക്കലും ഗവൺമെന്റിന്റെ പ്രശ്നമല്ല. അങ്ങനെയുള്ള കാര്യങ്ങൾക്ക് നമ്മുടെ സമൂഹത്തിൽ സ്വയം തിരുത്തലുകൾ അനിവാര്യമാണ്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ വേണം. മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി 'വിമുക്തി മിഷൻ'-ന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ‘ No to drugs’ (നോ ടു ഡ്രഗ്സ്) പ്രോഗ്രാമടക്കം ധാരാളം പരിപാടികളുണ്ട്. എന്നിരുന്നാലും ജനകീയ ബോധവൽക്കരണത്തിലേയ്ക്കാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. എന്നാൽ വളരെ ഗൗരവമേറിയ ഒരു പ്രശ്നം, 2014-ലെ NDPS (Narcotic Drugs and Psychotropic Substances Act) ആക്ടിലെ ഭേദഗതി നമ്മൾ ഗൗരവമായി കാണേണ്ട ഒന്നാണ്. ഈ ഭേദഗതി നിലവിൽ വരുന്നതിനുമുമ്പ് ഒരു കഞ്ചാവ്

ബീഡി വലിച്ചാൽപ്പോലും പോലീസ് പിടിച്ചുകൊണ്ടുപോകുന്ന അവസ്ഥയാണ് ഉണ്ടായിരുന്നതെങ്കിൽ ഈ ഭേദഗതി നിലവിൽ വന്നതിനുശേഷം ഒരു കിലോഗ്രാമിൽ താഴെ എന്ന് പരിധി നിശ്ചയിച്ചിട്ടുണ്ട്. ഇതുപോലുള്ള ലഹരിവസ്തുക്കൾ കൈവശംവയ്ക്കുന്നവരെ സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയ്ക്കാൻ കഴിയുന്ന തരത്തിൽ പുതിയ നിയമം പ്രാബല്യത്തിൽ വന്നപ്പോൾ സ്വാഭാവികമായും ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് ഭയമില്ലാതായി. ഇതൊരു കേന്ദ്ര നിയമമാണ്, ആ നിയമമാണ് ഈ വിധത്തിൽ മാറ്റിയത്. ഈ ലഹരിയുടെ ഇരകൾ പാവപ്പെട്ട കുട്ടികളാണ്. പക്ഷെ ആ ഇരകൾക്ക് ഇതുപോലുള്ള ലഹരി വസ്തുക്കൾ വിതരണം ചെയ്യുന്നത് ആരാണ്? നമ്മൾ കൊതുകിനെ നശിപ്പിച്ചുകൊണ്ടാണ് 'ഡ്രൈ ഡേ' പോലുള്ള കാര്യങ്ങൾ നടത്തുന്നത്. അതിനാൽ ലഹരി വസ്തുക്കളുടെ ഉറവിടം കണ്ടെത്തുന്നതിനുള്ള ഏറ്റവും ശക്തമായ നടപടിയാണ് സ്വീകരിക്കേണ്ടത്. ഇതുമായി ബന്ധപ്പെട്ട് ഏറ്റവും താഴെത്തട്ടിലുള്ള ഒരാളെ അറസ്റ്റുചെയ്തതുകൊണ്ടോ അല്ലെങ്കിൽ പിന്നീട് ജാമ്യത്തിൽ വിട്ടയച്ചതുകൊണ്ടോ ഈ പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. അതിനാൽ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ ഈ ഭേദഗതി ഗുണപരമായിട്ടല്ല

ഇപ്പോൾ പ്രവർത്തിക്കുന്നതെന്നുകൂടി ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ഇപ്പോൾ ഒരാളിൽനിന്നും അര കിലോഗ്രാമോ മുന്നൂറ് ഗ്രാമോ ലഹരി വസ്തു കണ്ടെടുത്താൽ അവർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുന്ന രീതിയിൽത്തന്നെ കാര്യങ്ങൾ പോകേണ്ടതായിട്ടുണ്ട്. പക്ഷെ ഇതിനേക്കാൾ അപകടം, മുമ്പ് ഇതിനെക്കുറിച്ച് പറയുമ്പോൾ എല്ലാവർക്കും ചിരിവരുമായിരിക്കും. 'നീലച്ചടയൻ' എന്ന ഒരിനം കഞ്ചാവുചെടി കേരളത്തിൽ ലഭ്യമായിരുന്നുവെന്ന കാര്യം നമുക്കെല്ലാം അറിയാവുന്നതാണ്. ഈ ലഹരി വസ്തു ആൾക്കാരുടെ ചിന്തയും പ്രവർത്തനങ്ങളുമെല്ലാം മാറ്റുന്നതിനായാണ് ഉപയോഗിച്ചിരുന്നത്, ഇതൊന്നുംതന്നെ ആരും ഉപയോഗിക്കാൻ പാടുള്ളതല്ല, എന്നാലും ഉപയോഗിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇതിനെയെല്ലാം നിരോധിച്ചപ്പോൾ ഇന്ന് സിന്തറ്റിക് ഡ്രഗ്സ് പോലുള്ള ലഹരി വസ്തുക്കൾ നമ്മുടെ നാട്ടിലേയ്ക്ക് കടന്നുവരികയും നമ്മുടെ കുട്ടികളുടെ സ്വാഭാവംതന്നെ മാറ്റുന്നതിന് ഇടയാക്കിയിരിക്കുകയുമാണ്. പ്രത്യേകിച്ച് കേരളത്തിന് പുറത്തേയ്ക്ക് പഠിക്കാൻപോകുന്ന കുട്ടികളെ കേന്ദ്രീകരിച്ച്, ചില റാക്കറ്റുകൾതന്നെ പ്രവർത്തിക്കുന്നുണ്ട്. അതിനാൽ ഇക്കാര്യത്തിൽ എക്സൈസ്

വകുപ്പിന്റെ ഭാഗത്തുനിന്നുമുള്ള ശക്തമായ നടപടിയുണ്ടാകണമെന്നാണ് ഓർമ്മിപ്പിക്കുകയാണ്. അതുകൊണ്ട് വളരെ താഴെത്തട്ട് മുതലുള്ള സ്കൂൾ സിലബസുകളിൽ ഇതിന്റെ ദുരുപയോഗത്തേയും ദൂഷ്യവശങ്ങളെയുംകുറിച്ച് കൃത്യമായ ബോധവൽക്കരണം നടത്തേണ്ടതായിട്ടുണ്ട്. ജൂൺ 5 പരിസ്ഥിതി ദിനത്തിൽ, വൃക്ഷത്തൈകൾ നട്ടുകൊണ്ട് നമ്മളെല്ലാവരും അതിനെക്കുറിച്ച് സംസാരിക്കാറുണ്ട്. അതുപോലെതന്നെയാണ് ആരോഗ്യ സംരക്ഷണവും. കഴിഞ്ഞ ദിവസം ശ്രീ. പി. വി. ശ്രീനിജിൻ, എം.എൽ.എ. സ്പോർട്സ് മേഖലയുടെ പ്രാധാന്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ ആരോഗ്യം സംരക്ഷിച്ചുകൊണ്ടാണ് നാം ജീവിക്കേണ്ടത്, അതിനാൽ സ്പോർട്സ് മേഖലയിലേയ്ക്ക് നമ്മുടെ കുട്ടികളുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുള്ള ചില പ്രവർത്തനങ്ങൾകൂടി ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്ന് സൂചിപ്പിക്കുകയാണ്.

ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണെന്നാണ് നമ്മുടെ രാഷ്ട്രപിതാവ് പറഞ്ഞിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിൽ ഒരു പദ്ധതി വിഭാവന ചെയ്യുമ്പോൾ അടിസ്ഥാനപരമായി ദാരിദ്ര്യമുള്ള മനുഷ്യരുടെ മുഖമാണ് നമ്മുടെ ഓർമ്മയിലെത്തേണ്ടതെന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യാനന്തര

ഇന്ത്യയിലെ വികസനങ്ങളെക്കുറിച്ചാണ് ഗാന്ധിജി സ്വപ്നം കണ്ടതും വിഭാവന ചെയ്തിട്ടുള്ളതും. ഇന്ന് ഗ്രാമങ്ങൾ അതിവേഗം നഗരവൽക്കരണത്തിലേയ്ക്ക് മാറുമ്പോൾ, സ്വാഭാവികമായും ഈ ആധുനിക കാലഘട്ടത്തിൽ, നവ കേരള നിർമ്മിതിപോലെയുള്ള പുതിയ വികസന മാതൃകയിൽ കേരളം എത്തിനിൽക്കുകയാണ്. ഇന്ന് പഞ്ചായത്ത് മേഖലയിൽ ധാരാളം മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. മുമ്പ് കെട്ടിട പെർമിറ്റ് ലഭിക്കുന്നതിനായി എത്ര ഓഫീസുകൾ കയറിയിറങ്ങണമായിരുന്നു. ഇന്ന് അതെല്ലാം ഏകീകരിച്ച് 10 ദിവസങ്ങൾക്കുള്ളിൽ പെർമിറ്റ് നൽകാൻ സാധിക്കുന്നുണ്ട്. CRZ (Coastal Regulation Zone)-മായി ബന്ധപ്പെട്ട് ഇന്നലെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സ്റ്റേറ്റ്മെന്റുണ്ടായിരുന്നു. മുമ്പ് ചെറിയ കെട്ടിടങ്ങൾക്കുപോലും സ്റ്റേറ്റ് ലെവലിൽനിന്നും അനുമതി ലഭിക്കണമായിരുന്നു. എന്നാൽ ഇന്ന് ചെറിയ വാസഗൃഹങ്ങൾക്കെല്ലാം ജില്ലാതലത്തിൽതന്നെ അനുമതി നൽകാൻ സർക്കാരിന് കഴിയുന്നുണ്ട്. അതുപോലെ ഒരു തരത്തിലും നഗരസഭകളെ പഞ്ചായത്ത് വകുപ്പിന് മോണിറ്റർ ചെയ്യാൻ കഴിയാത്ത ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്ന് നഗരസഭകളുടെ മോണിറ്ററിംഗ് ജില്ലാതലത്തിൽത്തന്നെ

ചെയ്യാൻ സാധിക്കുന്നുണ്ട്. ജെ.ഡി. ഓഫീസിന് നന്നായി നഗരസഭകളുടെ കാര്യങ്ങളിൽ ഇടപെടാൻ സാധിക്കുന്നുണ്ട്. മുമ്പ് മേഖലാതലത്തിലായിരുന്ന ലൈസൻസുകളുടെ രജിസ്ട്രേഷൻ ജില്ലാതലത്തിലാക്കിയതിലൂടെ അഴിമതിയും കാലതാമസവും ഇല്ലാതാക്കാൻ സാധിച്ചിട്ടുണ്ട്. K-SMART (കെ-സ്മാർട്ട്) പദ്ധതിയെക്കുറിച്ച് പറയുകയാണെങ്കിൽ, എല്ലാ അർത്ഥത്തിലും ഒരു സ്ഥാപനം ആരംഭിച്ച ഉടൻ പൂർണ്ണമായും വിജയിച്ചുവെന്ന രീതിയിലല്ല, അത് തുടങ്ങി ഭംഗിയായി കൊണ്ടുപോകാൻ കഴിയുന്നുവെന്ന രീതിയിലാണ് വിലയിരുത്തേണ്ടത്. അതുപോലെതന്നെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ഹരിത കർമ്മ സേനയുടെ പ്രവർത്തനം. പഞ്ചായത്തുകളുടെ ചർച്ചയിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ ഒഴിവാക്കിക്കൊണ്ട് മുന്നോട്ടുപോകാൻ കഴിയില്ല. കാരണം കേരളമടക്കമുള്ള പല സംസ്ഥാനങ്ങളിലും കണ്ടുവരുന്ന പുതിയൊരു സംസ്കാരമാണ് എല്ലാ സാധനങ്ങളും വാങ്ങുക, ഉപയോഗശേഷം അവ വലിച്ചെറിയുകയെന്നുള്ളത്. ഇന്ന് നമ്മുടെ പല ജലാശയങ്ങളും മലിനപ്പെട്ടിരിക്കുകയാണ്, നേരത്തെ അതുമായി ബന്ധപ്പെട്ട ചർച്ച നടന്നിരുന്നു. നമ്മുടെ പല പുഴകളുടെയും ആഴം കുറഞ്ഞിരിക്കുകയാണ്. ഇനി അടുത്ത

കാലത്ത് വരാൻപോകുന്ന പുതിയ മുദ്രാവാക്യം, പഞ്ചായത്തുകളിൽ ഒരു വാർഡ് മെമ്പർ തെരഞ്ഞെടുക്കപ്പെട്ടാൽ 'ഒരു വാർഡിൽ ഒരു ജെ.സി.ബി.' എന്ന രൂപത്തിലേയ്ക്ക് വരേണ്ട അവസ്ഥയാണ്. ഒരു പഞ്ചായത്തംഗം പഞ്ചായത്തിൽ എല്ലായിടത്തുംപോയി വെള്ളം ഒഴുക്കി വിടേണ്ട അവസ്ഥയാണുള്ളത്. പക്ഷെ വെള്ളം എവിടേയ്ക്ക് ഒഴുകും? വെള്ളമാണ് ശ്വാസംമുട്ടിയിരിക്കുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ഗ്രാമങ്ങൾ അതിവേഗം നഗരങ്ങളായി മാറുകയും വികസന കാഴ്ചപ്പാടുകളിൽ മാറ്റംവരികയും ചെയ്യുന്ന ഈ കാലഘട്ടത്തെ അഡ്രസ് ചെയ്യാൻ ജനങ്ങളെ പഠിപ്പിക്കുന്നതിൽ നമുക്ക് ഓരോരുത്തർക്കും ഉത്തരവാദിത്വമുണ്ട്. ആ അർത്ഥത്തിൽ നമ്മൾ നീർത്തടാധിഷ്ഠിത വികസനം വർഷങ്ങൾക്കുമുമ്പെ പ്ലാൻ ചെയ്തിട്ടുണ്ട്. പക്ഷെ ഇന്ന് ഏതുവഴിയാണ് നമ്മുടെ പഴയ തോടുകളും അരുവികളും ഒഴുകുന്നതെന്നുപോലും അറിയാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് അത്തരത്തിലുള്ള ആധുനിക കാലഘട്ടത്തിലെ ചിന്തയിലേയ്ക്ക് നമ്മൾ പോകേണ്ടതുണ്ട്. പ്രകൃതി സംരക്ഷണവും മനുഷ്യ നന്മയും മുന്നിൽ കണ്ടുകൊണ്ടുവേണം ഓരോ വികസന പദ്ധതികളും വിഭാവന ചെയ്യേണ്ടതെന്ന്

ആധുനിക കാലഘട്ടത്തിൽ നാം ചിന്തിക്കണം. പ്രകൃതിയില്ലെങ്കിൽ മനുഷ്യർക്ക് നിലനിൽപ്പില്ലെന്ന വസ്തുത നാം ഓർക്കണം. എന്നാൽ മനുഷ്യരില്ലെങ്കിലും പ്രകൃതി ഇവിടെത്തന്നെയുണ്ടാകും പ്രകൃതിക്ക് പ്രശ്നങ്ങളൊന്നുമുണ്ടാകില്ല. അതുകൊണ്ട് പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം മനുഷ്യർക്കാണുള്ളത്. ഇന്നത്തെ മനുഷ്യന്റെ നാളത്തേയ്ക്കുള്ള മഹത്തായ സംഭാവന, വിഭവങ്ങൾ ചുറ്റുപാടുമുള്ള വരുംതലമുറയ്ക്കായി കരുതിവയ്ക്കണമെന്ന ഉത്തരവാദിത്വമായിരിക്കണം ആധുനിക പഞ്ചായത്തുകളുടെ വികസന രീതിയെന്ന ബോധ്യംകൂടി പുതിയ പദ്ധതികളിലേയ്ക്ക് വ്യാപിപ്പിക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തുകൾ ജനക്ഷേമ പ്രവർത്തനങ്ങൾക്കായി ധാരാളം ഫണ്ട് വിനിയോഗിക്കുന്നുണ്ട്. ഒരു മനുഷ്യന്റെ ജനനവും മരണവുമായി ബന്ധപ്പെട്ടും വീട് നിർമ്മാണം, കിണർ നിർമ്മാണം തുടങ്ങി ഏത് ആവശ്യങ്ങൾക്കും പഞ്ചായത്തുകളെ സമീപിക്കേണ്ട അവസ്ഥയാണുള്ളത്. ഒരു പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങളെക്കുറിച്ച് അവർ ബോധവാന്മാരാണോയെന്ന് എനിക്ക് അറിയില്ല. അത്രമാത്രം വിപുലമായ അധികാരങ്ങളുള്ള ഒരു സ്ഥാപനമാണ്

പഞ്ചായത്തുകൾ. പൊതുഫണ്ട് വിനിയോഗിക്കുന്ന സമയത്ത് അത് അർഹരായവരുടെ കൈകളിൽത്തന്നെ എത്തിച്ചേരുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം എല്ലാവരും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ ജനപക്ഷത്തുനിന്ന് പ്രവർത്തിക്കുമ്പോഴും മുറിവേൽക്കാത്ത പ്രകൃതിക്കായി, ഒറ്റപ്പെട്ട ശബ്ദമാകാൻ പഞ്ചായത്തുകൾക്ക് കഴിയണം. ഒരു പഞ്ചായത്ത് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ടാൽ റോഡ്, പാലം, കലുങ്ക് തുടങ്ങിയ നിർമ്മാണപ്രവൃത്തികൾ നടത്തുന്നവരാണെന്ന പഴയ കാഴ്ചപ്പാടുകളെല്ലാം മാറ്റിക്കൊണ്ട് പുതിയ കാലഘട്ടത്തിനെക്കുറിച്ച് ചിന്തിപ്പിക്കാൻ കഴിയുന്ന തരത്തിൽ മനുഷ്യന്റെ മനസ്സിനെത്തന്നെ മാറ്റി, ഉയർന്ന ബോധ്യമുള്ളവരായി ജനപ്രതിനിധികളെ മാറ്റേണ്ട കാലംകൂടിയാണിത്. അപ്പോൾ ഉദ്യോഗസ്ഥ സംവിധാനങ്ങളും ആ തലത്തിലേയ്ക്ക് മാറ്റപ്പെടേണ്ടതായിട്ടുണ്ട്. നമ്മുടെ മലിനപ്പെടാത്ത ജല സ്രോതസ്സുകൾക്കുവേണ്ടിയാകണം ഇനിയുള്ള കാലം നമ്മൾ പ്രവൃത്തിക്കേണ്ടത്. നമ്മുടെ സമൃദ്ധമായ കൃഷിയിടങ്ങളും പാടങ്ങളുമെല്ലാം നികത്തപ്പെട്ടുകൊണ്ടിരിക്കുകയാണ്, അവയെല്ലാം നമുക്ക് തിരിച്ച്

പിടിക്കേണ്ടതായിട്ടുണ്ട്. അതിനായി ഗവൺമെന്റ് ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്, അത് താഴെത്തട്ടിലുള്ള പഞ്ചായത്തുകളാണ് ഏറ്റെടുക്കേണ്ടതെന്നുകൂടി ഓർമ്മിപ്പിക്കുകയാണ്. 1854-ൽ സിയാറ്റിനിലെ ഗോത്ര വർഗ്ഗനേതാവ്, അമേരിക്കൻ അധിനിവേശത്തോട് നടത്തിയ ഒരു പ്രതികരണം, ഭൂമിക്ക് സംഭവിക്കുന്നതെല്ലാം ഭൂമിയുടെ മക്കൾക്കും സംഭവിക്കുമെന്നായിരുന്നു. മൃഗങ്ങൾക്ക് സംഭവിക്കുന്നതെല്ലാം താമസിയാതെ മനുഷ്യർക്കും സംഭവിക്കുമെന്നാണ്. സർവ്വതും പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു, എന്നാണ് അദ്ദേഹം പറഞ്ഞത്. അതുകൊണ്ടുതന്നെ ജനങ്ങളുടെ ദുരിതത്തിൽ ഒരു കൈ സഹായിക്കുന്നതോടൊപ്പം നമ്മുടെ ഭൂമിയെ നാളേയ്ക്കായി സംരക്ഷിക്കുന്നതുമായിരിക്കണം പുതിയ കാലത്തെ വികസന നയമെന്ന ബോധ്യം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഓരോ അംഗങ്ങൾക്കും ഓരോ ഉദ്യോഗസ്ഥർക്കുമുണ്ടാകണമെന്ന് ഈ അവസരത്തിൽ പറയുകയാണ്. അതായത് പ്രകൃതിയിലും മനുഷ്യരിലും കൂടുതൽ വെളിച്ചത്തിനായുള്ള പരിശ്രമം ജനങ്ങൾക്കൊപ്പംനിന്ന്, നല്ല നാളെയുടെ വെളിച്ചത്തിനായി 'മാനവ സേവയിൽപ്പരം വലിയ മാധവ സേവ' ഇല്ലെന്ന ആശയം ഈ ബോധ്യത്തിൽ

മുഴകുമ്പോൾ, രാത്രിക്ക് പ്രകാശത്തെ ആഴത്തിൽ മൂടിവയ്ക്കാൻ കഴിയില്ലെന്ന ബോധ്യം ഉൾക്കൊണ്ടുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, 2024-2025 സാമ്പത്തിക വർഷത്തേയ്ക്കുള്ള എക്സൈസ്, നഗരവികസനം, പഞ്ചായത്ത്, ഗ്രാമവികസനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭരണഘടന വിഭാവനം ചെയ്ത രീതിയിൽ പ്രവർത്തനം നടത്തുന്ന സംസ്ഥാനമാണ് കേരളം. അധികാര വികേന്ദ്രീകരണ പ്രക്രിയയിൽ ലോകത്തിനുതന്നെ മാതൃകയാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സംവിധാനം. വലിയ തോതിൽ ജനപങ്കാളിത്തത്തോടെ വികസന ക്ഷേമ പ്രവർത്തനങ്ങൾ നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നു. എൽ.ഡി.എഫ്. സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മികച്ച പിന്തുണയാണ് നൽകുന്നത്. പദ്ധതി വിഹിതത്തിൽ എല്ലാ വർഷവും വർധന വരുത്തുന്നു. 2016-2017 കാലയളവിൽ 22 ശതമാനമായിരുന്ന പദ്ധതിവിഹിതം 28.09 ശതമാനമായി വർധിപ്പിച്ചു. സാമ്പത്തികമായി ഒട്ടേറെ പ്രയാസങ്ങളുള്ള

ഈ സമയത്തുപോലും 3,887 കോടി രൂപ ഇപ്പോൾ റിലീസ് ചെയ്തുകഴിഞ്ഞു. അവിടെയാണ് ഇവർ പല കാര്യങ്ങളിലും കുറ്റപ്പെടുത്തൽ നടത്തുന്നത്. പഴയ കാലത്തെ ഓർമ്മയുണ്ടാകും. മൂന്നാം ഗഡുവും നാലാം ഗഡുവും നൽകുന്നതിൽ വളരെ കാലതാമസമുണ്ടായെന്ന് സൂചിപ്പിക്കുകയുണ്ടായി. അങ്ങ് അന്ന് മേയറായി ചുമതല വഹിച്ചിരുന്ന ഒരംഗമാണ്, അങ്ങേയ്ക്ക് അറിയാവുന്ന കാര്യവുമാണ്. മാർച്ച് മാസം 26, 27 തീയതികളിൽ തുക അനുവദിച്ച്, തുക ചെലവാക്കാൻ കഴിയാതെ സ്പിൽഓവറാക്കുന്നതിനോ ക്യാരിഫോർവേഡ് ചെയ്യുന്നതിനോ കഴിയാത്ത അവസ്ഥയുണ്ടായിരുന്നു. സാമ്പത്തികമായി കുറച്ച് പ്രയാസങ്ങളുണ്ടെങ്കിലും അതിനെയെല്ലാം മറികടക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ കാഴ്ചവയ്ക്കുന്നത്. യു.ഡി.എഫ്. ഭരണകാലം തദ്ദേശഭരണ സ്ഥാപനങ്ങളെ നോക്കുകുത്തിയാക്കിയ കാലമായിരുന്നു. പദ്ധതി വിഹിതം നൽകിയില്ല, അധികാരങ്ങൾ നൽകിയില്ല. എന്നാൽ അതിൽനിന്നും വ്യത്യസ്തമായ സമീപനമാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്നത്. സംസ്ഥാനത്ത് അഭിമാനപൂർവ്വം നടപ്പാക്കിവരുന്ന പദ്ധതിയാണ് അതിദാരിദ്ര്യ നിർമ്മാർജ്ജനം. ആ പദ്ധതി വിജയകരമായി ലക്ഷ്യത്തിലേയ്ക്കെത്തിക്കാൻ

തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തിയ ഇടപെടലുകൾ മാതൃകാപരമാണ്. സർവ്വേയിലൂടെ 64006 അതിദരിദ്രരെ കണ്ടെത്തി അവരുടെ സംരക്ഷണം ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനം ഇന്ത്യയിൽ മറ്റൊരിടത്തുമില്ല. ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്താൻ സർക്കാർ നൽകിയ പ്രവർത്തനങ്ങൾ എടുത്തുപറയേണ്ടതാണ്. യു.ഡി.എഫ്. കാലത്ത് മൂന്ന് മന്ത്രിമാർ കൈകാര്യം ചെയ്തിരുന്ന വകുപ്പ് ഇന്ന് ഏകീകൃത വകുപ്പായും ജീവനക്കാർ ഏകീകൃത സർവ്വീസായി മാറുകയും ചെയ്തു. സേവനങ്ങൾ കാര്യക്ഷമവും സമയബന്ധിതവുമായി നടത്താൻ ഏർപ്പെടുത്തിയ കെ.-സ്മാർട്ട് ഏറെ പ്രശംസനീയമാണ്. ഇത്തരം സംവിധാനങ്ങളെപ്പറ്റി പഠിക്കാൻ അയൽ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് പ്രതിനിധികൾ വരുന്നുവെന്നത് അഭിമാനകരമാണ്. കെ.-സ്മാർട്ട് വഴി സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുകയും അഴിമതിയൊഴിവാക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് മാറ്റുകയും ചെയ്തു. കെ.-സ്മാർട്ട് കൈകാര്യം ചെയ്യുന്നതിൽ പൊതുജനങ്ങൾ ഉന്നയിക്കുന്ന ചില സാങ്കേതിക പ്രയാസങ്ങൾ പരിഹരിക്കപ്പെടണം. കെ.-സ്മാർട്ട് മൊബൈൽ ഫോൺ മുഖേനയും പ്രവർത്തിപ്പിക്കാൻ കഴിയുന്ന രീതിയിലേയ്ക്ക്

മാറ്റുകയും ജീവനക്കാർക്കെല്ലാം കൃത്യമായി പരിശീലനം നൽകുകയും വേണം. കെ.-സ്മാർട്ട് പദ്ധതികൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. സേവനങ്ങൾക്കായി പൊതുജനങ്ങൾ സർക്കാർ ഓഫീസുകളിൽ പോകേണ്ട അവസ്ഥയുണ്ടാകുന്നില്ല. വീട്ടിനോ വീടിന് പുറത്തോ ഇരുന്നുകൊണ്ട് നമുക്കുണ്ടാകുന്ന എന്ത് പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുന്ന അവസ്ഥയിലേയ്ക്ക് അത് മാറിക്കൊണ്ടിരിക്കുകയാണ്. പുതിയൊരു സംവിധാനമെന്നുള്ള നിലയ്ക്ക് ചില പോരായ്മകളുണ്ടാകുമെന്നത് സ്വാഭാവികമാണ്. എന്നാൽ ആ പോരായ്മകൾ കണ്ടെത്തി പരിഹരിക്കുകയെന്നതാണ് അതിനായി സ്വീകരിക്കേണ്ട നടപടി .

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവ് കാര്യക്ഷമമാക്കാനുള്ള നടപടി ഊർജ്ജിതമാക്കണം. വർഷങ്ങൾക്കുമുമ്പേ ചില കൂട്ടിച്ചേർക്കലുകൾ, റിപ്പയർ എന്നിവ നടത്തിയതുമൂലം ഓഫീസുകളിലുണ്ടായ സാങ്കേതിക പിഴവിന്റെ ഭാഗമായി അനധികൃത കെട്ടിടങ്ങളുടെ ഗണത്തിലേയ്ക്ക് മാറിയ നിരവധി കെട്ടിടങ്ങളുണ്ട്. അതിൽ മഹാഭൂരിപക്ഷവും ആളുകൾ താമസിക്കുന്ന കെട്ടിടങ്ങളാണ്. കെ.-സ്മാർട്ടിലൂടെ ഇവയ്ക്ക് നികുതി അടയ്ക്കാൻ കഴിയാത്ത

അവസ്ഥയുണ്ട്. അതിനാൽ ഇത്തരം വസ്തുതകൾ പരിശോധിച്ച് ടി കെട്ടിടങ്ങൾ അംഗീകൃതമാക്കാൻ കൗൺസിലുകൾക്ക് അധികാരം നൽകുന്ന കാര്യം പരിഗണിക്കണം. പഴയ കെട്ടിടങ്ങൾക്ക് ചിലപ്പോൾ ചെറിയ തോതിലുള്ള കൂട്ടിച്ചേർക്കലുകളും മാറ്റങ്ങളുമുണ്ടായിട്ടുണ്ടാകും. പക്ഷെ, അത് നിയമംമൂലം സാധൂകരിക്കാൻ പറ്റിയെന്ന് വരില്ല, പക്ഷെ, അക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകുന്നൊരു സ്ഥിതിവിശേഷമുണ്ടാകണം. അങ്ങനെയാണെങ്കിൽ ഒട്ടേറെ പ്രശ്നങ്ങൾ പരിഹരിക്കുന്ന അവസ്ഥയുണ്ടാകും.

വ്യാപാര സ്ഥാപനങ്ങൾക്ക് അഞ്ച് വർഷത്തേയ്ക്ക് ലൈസൻസുകൾ പുതുക്കാൻ ഉത്തരവ് നൽകിയത് ചെറുകിട വ്യാപാര സ്ഥാപനങ്ങൾക്ക് ഏറെ സഹായകരമായിട്ടുണ്ട്. എന്നാൽ ലൈസൻസുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ ഇനിയും പരിഹരിക്കേണ്ടതുണ്ട്. ആയത് പരിഹരിക്കപ്പെടണം. സംസ്ഥാനത്തെ സംബന്ധിച്ച് ഏറ്റവും വലിയൊരു പ്രശ്നമായി നിലനിൽക്കുന്നത് മാലിന്യസംസ്കരണമാണ്. ഇവിടെ മാത്രമല്ല, എല്ലാ സ്ഥലത്തും നിലനിൽക്കുന്നൊരു പ്രശ്നമാണിത്. ഇതിനായി കേരളത്തിലെ മഹാഭൂരിപക്ഷം തദ്ദേശഭരണ സ്ഥാപനങ്ങളും മികച്ച പ്രവർത്തനം നടത്തുന്നുണ്ട്. മാലിന്യ

സംസ്കരണരംഗത്തെ സേനയായി മാറിയിരിക്കുന്ന ഹരിത കർമ്മസേന പ്രവർത്തകരുടെ പ്രവർത്തനം ഏറെ അഭിനന്ദനമർഹിക്കുന്നു. കൂടാതെ, ഇതിനുപുറമെ മാലിന്യ സംസ്കരണത്തിനായി നൂതന മാർഗ്ഗങ്ങൾ സൃഷ്ടിക്കണം. ഇതിനായി ഗവൺമെന്റുതന്നെ മുൻകൈയെടുത്ത് അനുയോജ്യമായ സംവിധാനത്തെക്കുറിച്ച് വിശദമായി പരിശോധിച്ച് ആയത് നടപ്പിലാക്കാൻ ശ്രമിക്കണം. മുൻകാലങ്ങളിൽ നടപ്പാക്കിയിട്ടുള്ള ധാരാളം പദ്ധതികൾ പിന്നീട് താറുമാറായി പോയിട്ടുണ്ടെന്ന കാര്യവും നമുക്കറിയാവുന്നതാണ്. അതിൽനിന്നും വ്യത്യസ്തമായി അത്തരം പ്രശ്നങ്ങൾ കാര്യക്ഷമമായി പരിഹരിക്കാൻ സാധിക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

അതുപോലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ അപര്യാപ്തത നഗര പ്രദേശങ്ങളിലെ പ്രധാന പ്രശ്നമായി നിലനിൽക്കുകയാണ്. ഖരമാലിന്യ സംസ്കരണത്തെക്കുറിച്ച് മാത്രമാണ് എപ്പോഴും ചർച്ച ചെയ്യുന്നത്. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നടപ്പാക്കിയില്ലെങ്കിൽ കേരളം പോലൊരു സംസ്ഥാനത്തിന് യാതൊരു രക്ഷയുമില്ലാത്ത അവസ്ഥയുണ്ടാകുന്നതാണ്. നിരവധി മാലിന്യ നിക്ഷേപ കേന്ദ്രങ്ങളായി നമ്മുടെ ചുറ്റുപാടും

മാറിക്കൊണ്ടിരിക്കുകയാണെന്ന് മാത്രമല്ല, മലിനജലവും കക്കൂസ് മാലിന്യങ്ങളും കൂടിക്കലർന്ന് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയുമാണ്. കോഴിക്കോട് നടപ്പാക്കിയ രണ്ട് പദ്ധതികളിന്മേൽ ജനങ്ങൾക്കുള്ള ആശങ്കകൾ ദൂരീകരിക്കാനും പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാനും സാധിക്കണം. കാരണം, ജനങ്ങൾക്ക് വളരെയധികം പ്രയോജനകരമായ പദ്ധതിയാണത്. ജനങ്ങൾ തെറ്റിദ്ധരിച്ച് പ്ലാന്റുകളെ ഭയത്തോടുകൂടി നോക്കിക്കാണുന്ന സ്ഥിതിയിൽനിന്നും അവരെ മാറ്റിയെടുക്കാൻ കഴിയണം. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ കാര്യത്തിൽ കക്ഷിരാഷ്ട്രീയത്തിനതീതമായ സമീപനം സ്വീകരിക്കാൻ തയ്യാറാകണം.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക പദ്ധതി ഏറെ സഹായകരമാണ്. വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കാനാവശ്യമായ ഫണ്ട് ശേഖരിക്കലുൾപ്പെടെ ഈ പദ്ധതിയിലൂടെ സാദ്ധ്യമാക്കാൻ സാധിക്കും. ഈ വർഷത്തെ ബജറ്റിൽ ഇതിനായി 100 കോടി രൂപ നീക്കിവച്ച സർക്കാർ നടപടിയെ അങ്ങേയറ്റം സ്വാഗതം ചെയ്യുന്നു.

നഗരത്തിലെ പാർക്കിംഗ് പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന മൾട്ടി ലെവൽ പാർക്കിംഗ് സൗകര്യങ്ങൾ ഉറപ്പാക്കണം. ചില സാങ്കേതിക കാരണങ്ങളാൽ കോഴിക്കോട് ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ കാലതാമസം നേരിടുന്നുണ്ട്. ആയതിനാൽ സർക്കാർ ഈ വിഷയത്തിലിടപെട്ട് അടിയന്തരമായി ഇവ യാഥാർത്ഥ്യമാക്കണം. സ്വകാര്യ പങ്കാളിത്തത്തോടുകൂടി കോഴിക്കോട് നടപ്പാക്കാനുദ്ദേശിക്കുന്ന മൾട്ടി ലെവൽ പാർക്കിംഗ് സംവിധാനത്തിലൂടെ കോർപ്പറേഷന് ഒരു കോടി രൂപ വരുമാനം ലഭിക്കുന്നതാണ്. ഏകദേശം 600-ലധികം കാറുകളും 800-ലധികം ഇരുചക്രവാഹനങ്ങളും പാർക്ക് ചെയ്യാവുന്ന അത്യാധുനികമായൊരു സംവിധാനമാണത്. ചില സാങ്കേതിക കാരണങ്ങൾ പറഞ്ഞ് പ്രസ്തുത പദ്ധതി നടപ്പാക്കാതെയിരിക്കുകയാണ്. അത് അടിയന്തരമായി നടപ്പാക്കാനുള്ള തീരുമാനമെടുക്കണം. ഞാൻ മേയറായിരുന്ന കാലത്തുതന്നെ നടപ്പാക്കേണ്ട പദ്ധതിയായിരുന്നു. പക്ഷെ, കോവിഡ് മഹാമാരിയെത്തുടർന്ന് നീണ്ടുപോയതാണ്. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നിട്ട് മൂന്ന് വർഷം തികയുന്ന ഈ സന്ദർഭത്തിൽപോലും ഈ പ്രശ്നത്തിന് പരിഹാരം

കാണാൻ കഴിയുന്നില്ലെന്നൊരവസ്ഥയാണുള്ളത്. കാരണം, നഗരങ്ങൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നാണ് പാർക്കിംഗ്. നഗരത്തിൽ ആവശ്യത്തിനുള്ള കളിസ്ഥലങ്ങൾ നിർമ്മിക്കാൻ പദ്ധതിയുണ്ടാകണം. കളിസ്ഥല നിർമ്മാണത്തിനായുള്ള ഭൂമിയേറ്റടുക്കൽ പ്രവർത്തനങ്ങൾ അനന്തമായി നീണ്ടുപോകുകയാണ്. എന്റെ മണ്ഡലത്തിലെ പൂളക്കടവ്, വേങ്ങേരി കളിസ്ഥലങ്ങൾക്ക് സർക്കാർ ഫണ്ട് അനുവദിച്ചത് ഏറെ സന്തോഷകരമാണ്. കോട്ടൂളി കളിസ്ഥലത്തിനായി ഭൂമിമേറ്റെടുക്കൽ നടപടി അടിയന്തരമായി പൂർത്തീകരിക്കണം.

ഇന്ന് കുടുംബശ്രീ പ്രസ്ഥാനം ലോകത്തിനുതന്നെ മാതൃകയാണ്. കുടുംബശ്രീയെ തകർക്കാൻ ചിലർ സ്ഥാപിച്ച സമാന്തര സംഘടനകളെല്ലാം പ്രവർത്തനരഹിതമായിരിക്കുകയാണ്. കുടുംബശ്രീ സമസ്ത മേഖലകളിലും സ്വന്തം കഴിവ് തെളിയിച്ചുകഴിഞ്ഞു. വിവരസാങ്കേതികവിദ്യ, കെട്ടിട നിർമ്മാണം, സ്വയംതൊഴിൽ എന്നീ മേഖലകളിൽ കുടുംബശ്രീ മികച്ച മാതൃകകൾ സൃഷ്ടിക്കുകയാണ്.

വീടില്ലാത്തവർക്ക് വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കിയ ലൈഫ് പദ്ധതിയിലൂടെ മൂന്നേമുക്കാൽ ലക്ഷത്തോളം വീടുകൾ നിർമ്മിച്ച് നൽകാൻ കഴിഞ്ഞുവെന്നത് ചെറിയ നേട്ടമല്ല. വീടില്ലാത്ത ഒരാൾക്കുമാത്രമേ വീടില്ലാത്തിന്റെ വിഷമം അറിയാൻ സാധിക്കുകയുള്ളൂ. എന്നാൽ ബ്രാൻഡിംഗിന്റെ പേരുപറഞ്ഞ് കേന്ദ്ര സർക്കാർ പണം നൽകാതിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ നിലപാട് തിരുത്താൻ ഒറ്റക്കെട്ടായി നമുക്ക് മുന്നേറേണ്ടതുണ്ട്.

നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതികൾക്ക് മുൻഗണന നൽകി ശാസ്ത്രീയ പഠനങ്ങൾ നടത്തി നടപ്പിലാക്കണം. രാത്രികാലങ്ങളിൽ നടക്കുന്ന അനധികൃത നിർമ്മാണം പരിശോധിക്കുന്നതിനും തടയുന്നതിനും ആവശ്യമായ സംവിധാനമൊരുക്കണം. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടുതൽ ശക്തിയായി മുന്നേറേണ്ടതുണ്ട്. നഗരത്തിലെ വികസന പ്രവർത്തനങ്ങൾ സാധ്യമാക്കുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിക്കാനുള്ള സംവിധാനമുണ്ടാകണം. സംസ്ഥാന ഫണ്ടും അധികാരങ്ങളും നൽകി തദ്ദേശസ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ

ശ്രമിക്കുമ്പോൾ കേന്ദ്രം അവയെ തകർക്കുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബ്രാൻഡിംഗിന്റെ പേരിൽ കേരളത്തിന് ഫണ്ട് നൽകാതിരിക്കുന്നു. ധനകാര്യ കമ്മീഷനുകൾ പല സ്ഥാപനങ്ങളുടെയും ഗ്രാന്റുകൾ അകാരണമായി തടഞ്ഞുവയ്ക്കുകയും പല പദ്ധതികൾക്കും കർശനമായ ഉപാധികൾ വയ്ക്കുകയും ചെയ്യുന്നു. ഇതൊക്കെ ജനങ്ങൾക്ക് അധികഭാരമുണ്ടാക്കുന്നു. കക്ഷി-രാഷ്ട്രീയത്തിനതീതമായി ഭരണം നടത്തുന്ന സ്ഥാപനമായതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കോട്ടം വരുത്തുന്ന യാതൊരു പ്രവർത്തനവും ആരുടെയും ഭാഗത്തുനിന്നുമുണ്ടാകരുത്. കേരളത്തിന്റെ വികസനത്തിൽ ഏറ്റവും വലിയ പങ്ക് വഹിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ കോവിഡ് മഹാമാരിക്കാലത്ത് നൽകിയിട്ടുള്ള സേവനങ്ങൾ അങ്ങേയ്ക്കും ഓർമ്മയുണ്ടാകും. ഇനിയും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ ഈ സ്ഥാപനങ്ങൾക്ക് സാധിക്കണം. അതിനുള്ള എല്ലാവിധ പിന്തുണയും നൽകുന്നു.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഈ സഭാസമ്മേളനത്തിന്റെ ആരംഭഘട്ടത്തിൽ പ്രതിപക്ഷം ഏറ്റവും വലിയ വിവാദമായി ഉയർത്തിക്കൊണ്ടുവരാൻ ശ്രമിച്ചത്

കേരളത്തിന്റെ എക്സൈസ് രംഗത്ത് വൻതോതിൽ അഴിമതിയും ദുഷ്പ്രവണതകളും നിലനിർത്തുന്നുവെന്ന് വരുത്തിത്തീർക്കുന്നതിന് വേണ്ടിയാണ്. പ്രതിപക്ഷത്തിന് എപ്പോഴും ഇത്തരം വിഷയങ്ങൾ സമ്മാനിച്ചുകൊണ്ടിരിക്കുന്ന ചില മാധ്യമങ്ങൾ ഒരു ശബ്ദരേഖയുടെ പേരിലാണ് എക്സൈസ് വകുപ്പിനെയും മന്ത്രിയെയും മന്ത്രിസഭയെയും ആകെ പ്രതിക്കൂട്ടിൽ നിർത്താനുള്ള ശ്രമം നടത്തിയത്. യഥാർത്ഥത്തിൽ മുൻകൂട്ടി തയ്യാറാക്കിയൊരു തിരക്കഥയുടെ പശ്ചാത്തലത്തിൽ ഏത് നിലയിലും ഒരു അഴിമതി ആരോപണം ഉന്നയിക്കാൻ സാധിക്കുന്ന രംഗമാണ് എക്സൈസ് എന്ന പ്രതിപക്ഷത്തിന്റെ അനുഭവങ്ങളുടെ പശ്ചാത്തലത്തിലാണ് മദ്യനയത്തെ പ്രതിക്കൂട്ടിൽ നിർത്തുന്നതിനുള്ള ശ്രമം നടന്നിട്ടുള്ളതെന്ന് ഈ സഭയിൽത്തന്നെ വിശദമായ മറുപടികളിലൂടെ വ്യക്തമാണ്. എല്ലാ ഘട്ടങ്ങളിലും അധികാരത്തിലിരിക്കുമ്പോൾ ബാർ മുതലാളിമാരുമായും മദ്യവ്യാപാരികളുമായും ഒരു സമൂഹത്തിന് ചേരാത്ത ബന്ധം നിലനിർത്തിവന്നിട്ടുള്ള മുന്നണിയാണ് ഇന്നത്തെ പ്രതിപക്ഷ മുന്നണി, യു.ഡി.എഫ്. അതിനുദാഹരണങ്ങളായി ഒരിക്കലും മറക്കാൻ പറ്റാത്തത്രയും അനുഭവങ്ങളുണ്ടായിട്ടുമുണ്ട്. 2011 മുതൽ

2016 വരെയുള്ള ഭരണകാലത്താണ് കേരളത്തിൽ പ്രകമ്പനം സൃഷ്ടിച്ച ബാർ കോഴ ഉയർന്നുവന്നത്. അന്ന് ആകെയുണ്ടായിരുന്നത് 730 ബാറുകളാണ്. അന്ന് മദ്യനയമെന്നത് വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും രഹസ്യമായെടുക്കുന്ന തീരുമാനത്തിന്റെ ബാക്കിപത്രമായിട്ടുണ്ടായതാണ്. യു.ഡി.എഫ്.-ലോ മന്ത്രിസഭയിലോ ഈ വിഷയങ്ങൾ ചർച്ച ചെയ്തിരുന്നില്ലെന്ന് അന്നത്തെ കെ.പി.സി.സി.-യുടെ പ്രസിഡന്റും കേരളത്തിലെ ഭരണകക്ഷിയുടെ ഭാഗമായ പ്രധാനപ്പെട്ട നേതാക്കൻമാരും ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളും ആക്ഷേപങ്ങളും നമ്മുടെ അന്തരീക്ഷത്തിൽ നിറഞ്ഞുനിന്നിട്ടുള്ളൊരു കാര്യമാണ്. കോഴ നൽകിയതിന്റെ പേരിൽ അന്ന് 318 ബാർ ഉടമകൾക്ക് ലൈസൻസ് കിട്ടി. 412 പേരുടെ ലൈസൻസ് പുതുക്കി കൊടുക്കാൻ സന്നദ്ധമായില്ല. എത്ര കോഴ നൽകിയിട്ടാണ് പിന്നീട് അതൊക്കെ ശരിയാക്കി വന്നതെന്നത് ഇന്ന് കേരളത്തിലെ ഗവൺമെന്റിനെ നോക്കി ആരോപണങ്ങൾ ഉന്നയിക്കുന്നവർ വ്യക്തമാക്കുന്നത് നന്നായിയിരിക്കും. ശ്രീ. വി. എം. സുധീരൻ ഒരു ഭാഗത്തും ഇന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ മറുഭാഗത്തും നിന്ന് പരസ്പരം വാളെടുത്ത് പോരാടിയ ബാർ കോഴയുടെ പഴയ

ചരിത്രം നമുക്കെല്ലാം ഓർമ്മയുണ്ട്. ഓരോ മാസവും ഓരോ മദ്യനയം പ്രഖ്യാപിച്ച് എങ്ങനെയെല്ലാം പണമുണ്ടാക്കാൻ പറ്റുമെന്ന് നല്ലരീതിയിൽ പരീക്ഷിച്ച കാലമായിരുന്നു യു.ഡി.എഫ്-ന്റെ ഭരണകാലം. ഈ മന്ത്രിസഭയ്ക്കോ, ഇതിലെ എതെങ്കിലും മന്ത്രിക്കോ എതിരായി ഒരു നയാപൈസയുടെ അഴിമതി ആരോപണം കൃത്യമായ രേഖകളുടെ പിൻബലത്തോടും തെളിവുകളോടുംകൂടി നിയമപരമായ വഴികളിലൂടെ ഉന്നയിക്കുന്നതിന് ഇതുവരെ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ലെന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് വളരെ അഭിമാനത്തോടെ പറയാൻ സാധിക്കുന്നൊരു കാര്യമാണ്. ആകാശത്തിൽ പലതും ഇങ്ങനെ പറഞ്ഞുപരത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും അതൊന്നും ഏതെങ്കിലും നിലയിൽ ജനങ്ങളെ സ്വാധീനിക്കുന്ന കാര്യമായോ വസ്തുതാപരമായ കാര്യമായോ ഉയർന്നുവന്നില്ലെന്നതും നമുക്ക് മനസിലാക്കാൻ സാധിക്കുന്നതാണ്. ഇവിടെ പല രീതിയിലുള്ള പരിശ്രമങ്ങളും നടത്തി പരാജയപ്പെട്ടുപോയ സംവിധാനമാണ് ശ്രീ. എ. കെ. ആന്റണിയുടെ കാലത്ത് കേരളത്തിൽ കൊണ്ടുവന്ന ചാരായനിരോധനം. അതുവഴി തങ്ങൾക്ക് നഷ്ടപ്പെട്ടിട്ടുള്ള

ജനസ്വാധീനം തിരിച്ചുപിടിക്കാൻ സാധിക്കുമോയെന്ന ശ്രമങ്ങളാണ് ഇവർ നടത്തുന്നത്. ആ കാലത്ത്, ആകമാനം അഴിമതിയായിരുന്നുവെന്നൊന്നും ഞങ്ങൾ പറഞ്ഞിട്ടില്ല. പക്ഷേ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരെ ഒരു നയാപൈസയുടെ അഴിമതി ആരോപണം ഏതെങ്കിലും നിലയിൽ ഉന്നയിക്കുന്നതിന് വസ്തുതകളുടെ അടിസ്ഥാനമില്ല എന്നുള്ളത് അസന്ദിഗ്ദ്ധമായി പറയാൻ സാധിക്കുന്നുണ്ട്. ഇവിടെ ഒരു വീഡിയോ ക്ലിപിന്റെ അടിസ്ഥാനത്തിൽ ചില കാര്യങ്ങളൊക്കെ സൃഷ്ടിച്ചെടുക്കാൻ ശ്രമിച്ചുവെങ്കിലും ഈ സഭയിൽത്തന്നെ അത് പൊളിച്ചുകൊടുത്തു. ഡ്രൈ ഡേ ഒഴിവാക്കുന്നതിനായി ഇതാ, ഇത്രപണം വേണം, 20 കോടി രൂപ വാഗ്ദാനം ചെയ്യുന്നു, അതിന്റെ പിരിവാണ് നടക്കുന്നത് തുടങ്ങി എന്തെല്ലാം പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിതന്നെ അക്കാര്യത്തിലുള്ള വിശദീകരണം കൊടുത്തുകഴിഞ്ഞു. ഡ്രൈ ഡേ അവസാനിപ്പിക്കുന്ന ആലോചനപോലും ഞങ്ങൾ നടത്തിയിട്ടില്ലെന്നും ഒരു രീതിയിലും ഡ്രൈ ഡേ ഒഴിവാക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയെന്നത് ഈ ഗവൺമെന്റിന്റെ നയമല്ലെന്നും അദ്ദേഹം ഉറപ്പിച്ച് പറഞ്ഞുകഴിഞ്ഞു. ഇപ്പോൾ ഡ്രൈ ഡേ

പന്ത്രണ്ട് ദിവസമാണ്. 52 ദിവസത്തെ ഡ്രൈ ഡേ പിൻവലിച്ച ഗവൺമെന്റാണ് യു.ഡി.എഫ്.-ന്റേത്. അന്ന് നിങ്ങൾ വാങ്ങിയത് എത്ര രൂപയായിരുന്നുവെന്ന് ഇപ്പോഴെങ്കിലും പറയുന്നത് നല്ലതായിരിക്കുമെന്നും ആ കാര്യത്തിൽ ഒരു വ്യക്തതയുണ്ടാക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. ലൈസൻസ് ഫീസിന്റെ കാര്യം പരിശോധിക്കുകയാണെങ്കിൽ, ഈ ഗവൺമെന്റ് വന്നതിനുശേഷം ഓരോ ഘട്ടങ്ങളിലും ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചത് ബാർ ഉടമകളെ സഹായിക്കുന്ന നടപടിയായിരുന്നുവെന്ന് ആർക്കും പറയാൻ കഴിയില്ല. ഏറ്റവും അവസാനത്തെ മദ്യനയത്തിൽ ലൈസൻസ് ഫീസിൽ 5 ലക്ഷം രൂപയുടെ വർധനയാണുണ്ടായത്. പലരീതിയിലും മദ്യവർജ്ജനം എന്നൊക്കെ പറയുന്നത് നല്ല മുദ്രാവാക്യം തന്നെയാണ്, അതിനൊക്കെവേണ്ടി പ്രവർത്തിച്ചുവരുന്ന സംഘടനകളുമുണ്ട്. പലരും ഇടതുപക്ഷത്തെ പ്രതിക്കൂട്ടിൽ നിർത്തുന്നതിനായി പരിശ്രമിക്കുന്നുണ്ട്. കേരളത്തിന്റെ വരുമാനത്തിന്റെ മഹാഭൂരിപക്ഷവും മദ്യത്തിൽനിന്നാണെന്ന് സ്ഥാപിക്കാനുള്ള പരിശ്രമവും നടത്തുന്നുണ്ട്. സമീപകാലത്ത് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ മദ്യത്തിൽനിന്നുള്ള എക്സൈസ് വരുമാനത്തിന്റെ കണക്ക് പുറത്തുവരികയുണ്ടായി.

ഉത്തർപ്രദേശാണ് തനത് വരുമാനത്തിൽ മദ്യത്തിൽനിന്നും ഏറ്റവും കൂടുതൽ വരുമാനം നേടുന്ന സംസ്ഥാനമെന്നത് വ്യക്തമായിക്കഴിഞ്ഞ കാര്യമാണ്. അവിടെ തനത് വരുമാനത്തിന്റെ 21.8 ശതമാനം മദ്യത്തിൽനിന്നാണ്. കർണ്ണാടക-20.6%, മഹാരാഷ്ട്ര-8.3%, മധ്യപ്രദേശ്-19.9%, തമിഴ്നാട്-5.8% എന്നിങ്ങനെയാണ് കണക്കുകൾ. കേരളം ഈ കാര്യത്തിൽ എവിടെയാണ് നിൽക്കുന്നതെന്നത് ഭരണപക്ഷമായാലും പ്രതിപക്ഷമായാലും സമൂഹത്തോട് പറയേണ്ടൊരു കാര്യമാണ്. മദ്യത്തിൽനിന്നുള്ള കേരളത്തിന്റെ എക്സൈസ് വരുമാനം 3.1 ശതമാനമാണ്. വരുമാനത്തിൽ മദ്യത്തിന്റെ ഭാഗമായിട്ടുള്ള എക്സൈസ് തീരുവയായി ലഭിക്കുന്നത് 2876 കോടി രൂപയാണെന്നാണ് ഇന്ന് പുറത്തുവന്നിട്ടുള്ള കണക്കാണ്. ഇങ്ങനെ മദ്യനയത്തിലൂടെ സമൂഹത്തെ മുഴുവനും കുടിപ്പിച്ച് കിടത്താനാണ് ഈ മുന്നണി ഗവൺമെന്റ് പരിശ്രമിക്കുന്നതെന്ന് വരുത്തിത്തീർക്കുന്നവർ ഈ യാഥാർത്ഥ്യങ്ങൾ മറച്ചുവയ്ക്കുന്നുവെന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. മദ്യ ഉപഭോഗത്തിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല, മുൻകാലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മദ്യ ഉപഭോഗം വലിയതോതിൽ കുറഞ്ഞിരിക്കുന്നു.

2012-13-ൽ വിദേശ മദ്യത്തിന്റെ വിൽപ്പന 244.33 ലക്ഷം കെയ്സ് ആയിരുന്നെങ്കിൽ 2022-23-ൽ അത് 224.34 ലക്ഷം കെയ്സ്-ലേയ്ക്ക് കുറഞ്ഞിട്ടുണ്ടെന്നാണ് ഈ രംഗത്തെ വിറ്റുവരവ് കാര്യങ്ങൾ വിശകലനം ചെയ്യുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്. ഗവൺമെന്റിന്റെ മുമ്പിൽ വലിയ ഉത്തരവാദിത്വമുണ്ട്, മദ്യവർജ്ജനമെന്നത് ജനങ്ങളുടെ ശരിയായ ബോധമാക്കി മാറ്റുന്നതിനുള്ള പരിശ്രമങ്ങൾ നടക്കേണ്ടതുണ്ട്. പുതിയ തലമുറ മദ്യത്തിന്റെ വഴിയിലേയ്ക്ക് നീങ്ങിപ്പോകുന്നുവെന്ന് ഇവിടെ ചില അംഗങ്ങൾ സൂചിപ്പിച്ചു. കുട്ടികൾ മദ്യമോ ലഹരി വസ്തുക്കളോ ഉപയോഗിച്ചാണ് വീടുകളിലേയ്ക്ക് കയറി വരുന്നതെന്ന് മനസിലാക്കാൻ പറ്റാത്തനിലയിൽ ഏറ്റവും ആധുനികമായ മയക്കുമരുന്ന് സംവിധാനങ്ങൾ വ്യാപകമായി വരുന്ന കാലത്താണ് നാം നിൽക്കുന്നത്. രക്ഷിതാക്കളെയും സമൂഹത്തെയാകെയും അതിവിപുലമായ നിലയിൽ ബോധ്യപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ നടത്താൻ സാധിക്കേണ്ടതുണ്ട്, അതിനായുള്ള പരിശ്രമങ്ങൾക്ക് ഗവൺമെന്റ് മുൻകൈയെടുക്കണം. മദ്യം വാങ്ങുന്നവർക്കുള്ള ബിവറേജസ് വിൽപ്പനശാലകൾ വൃത്തിയായി പരിപാലിക്കുന്ന അവസ്ഥയുണ്ടാകണമെന്ന ആഗ്രഹവും

അഭിലാഷവും ഇവിടെ പറഞ്ഞിട്ടുണ്ട്. ഈ സഭയിൽ അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് കേരളം ഏറ്റവും മലീമസമായി പോയ്ക്കൊണ്ടിരിക്കുന്നുവെന്നും ഒരു രീതിയിലും ജീവിക്കാൻ കഴിയാത്ത നിലയിലേയ്ക്ക് കാര്യങ്ങൾ മാറിക്കൊണ്ടിരിക്കുന്നുവെന്നുമാണ് പ്രതിപക്ഷം പറഞ്ഞത്. ഞാൻ കൂടുതൽ സമയം എടുക്കുന്നില്ല.

<u>ചെയർപേഴ്സൺ</u>: അങ്ങ് കൺക്ലൂഡ് ചെയ്യണം, പുതിയ പോയിന്റിലേയ്ക്ക് പോകരുത്......

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. സി.എൻ.എൻ. (Cable News Network)-ന്റെ world report ഇപ്പോൾ പുറത്ത് വന്നിരിക്കുകയാണ്. ലോകത്തിലെ ഏറ്റവും മലീമസമായ 100 നഗരങ്ങളിൽ 83 എണ്ണം ഇന്ത്യയിലാണ്, അത് ശ്രീ. നരേന്ദ്ര മോദിയുടെ സ്വച്ഛ് ഭാരതത്തിന്റെ നേട്ടമാണ്. അതിവേഗതയിൽ നഗരവത്കരണത്തിലേയ്ക്ക്... (....മൈക്ക് ഓഫ്...)

<u>ചെയർപേഴ്സൺ</u>: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ സംസാരിക്കും...

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കഴിഞ്ഞയാഴ്ച പഞ്ചായത്തുമായി ബന്ധപ്പെട്ട അടിയന്തരപ്രമേയത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വി. ഡി. സതീശൻ 'അലഭ്യലഭ്യശ്രീ' എന്നൊരു പ്രയോഗം നടത്തുകയുണ്ടായി, യഥാർഥത്തിൽ ഈ വകുപ്പിനെതന്നെ വേണമെങ്കിൽ 'അലഭ്യലഭ്യശ്രീ' വകുപ്പ് എന്നുപറയാൻ സാധിക്കും. കാരണം 'പത്രത്തിലുണ്ട്, പാത്രത്തിലില്ല' എന്നുള്ളതാണ് ഇന്നത്തെ യഥാർത്ഥ അവസ്ഥ. ഞാൻ 2010-15 കാലഘട്ടത്തിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റായി പ്രവർത്തിച്ചൊരു വ്യക്തിയാണ്. 2011 -2016 വരെയുള്ള കാലയളവിലെ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടി സാറും ജില്ലയുടെ ചാർജ്ജുള്ള അന്നത്തെ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), അദ്ദേഹം ഇവിടെ ഇരിപ്പുണ്ട്, പഞ്ചായത്തുമായി ബന്ധപ്പെട്ട് അന്നൊക്കെ ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിയുമായിരുന്നു. ഇന്ന് ജനങ്ങൾ പഞ്ചായാഫീസിൽ പോകുന്നത് എന്തിനാണ്? ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി മാത്രമല്ലാതെ മറ്റൊരു കാര്യത്തിനും അവർ അവിടേയ്ക്ക് പോകുന്നില്ല. പഞ്ചായത്തുകളിലെ

റോഡുകളെല്ലാം മോശപ്പെട്ട അവസ്ഥയിലാണ്, പഞ്ചായത്ത് മെമ്പർമാർ വിളിക്കുന്നത് എം.എൽ.എ.-മാരെയാണ്. എം.എൽ.എ. ആസ്തിവികസന ഫണ്ട് പഞ്ചായത്ത് റോഡുകളുടെ നിർമ്മാണത്തിന് നൽകാൻ പാടില്ലെന്ന നിയമവും വന്നുകഴിഞ്ഞു. ഇക്കാര്യത്തിൽ എം.എൽ.എ.മാർക്ക് യാതൊന്നും ചെയ്യാൻ പറ്റാത്ത സാഹചര്യമാണുള്ളത്. അന്നൊക്കെ മാർച്ച് 31 അർദ്ധരാത്രി വരെ ട്രഷറി പ്രവർത്തിക്കുമായിരുന്നു. ഞാൻ ഏപ്രിൽ 1-നുപോലും ചെക്ക് ഒപ്പിട്ടുകൊടുത്തിട്ടുണ്ട്. ഇന്റന്റ് ഒപ്പിട്ടുകൊടുത്തിട്ടുണ്ട്. അന്ന് കൂടുതൽ ഫണ്ട് ചെലവഴിക്കാൻ പറ്റുമായിരുന്നു, ചെലവഴിക്കാത്ത ഫണ്ട് carry forward ചെയ്ത് അടുത്ത വർഷത്തിൽ ചെലവഴിക്കാമായിരുന്നു, പുതിയ വർഷത്തേയ്ക്ക് കൂടുതൽ ഫണ്ട് കിട്ടുമായിരുന്നു. എന്നാൽ അതെല്ലാം ഇന്ന് മാറിയിരിക്കുന്നു, പഞ്ചായത്ത് മെമ്പർമാർ പറയുന്നത് എന്താണെന്നോ, " എന്റെ പഴയ കാലം എന്റെ രാജേഷേ" എന്നാണ്. പക്ഷേ നിങ്ങൾ എല്ലാത്തിനും മേനി നടിക്കുന്നു. കൊട്ട് ചെണ്ടയ്ക്കും പണം മാരാർക്കുമെന്ന് പറയുന്നതുപോലെയാണ് പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അവസ്ഥ. എല്ലാം പഞ്ചായത്തുകളുടെ ഉത്തരവാദിത്വമായി പറയുകയാണ്.

കോവിഡ് കാലഘട്ടത്തിൽ നിങ്ങൾ എത്രമാത്രം ഓർഡറുകൾ ഇറക്കിയിരുന്നു, അന്ന് പറഞ്ഞത് സ്വയംഭരണ സ്ഥാപനങ്ങൾക്ക് എല്ലാകാര്യങ്ങളും നടത്താമെന്നായിരുന്നു. കോവിഡ് കാലത്ത് എല്ലാ കാര്യങ്ങളും ചെയ്തത് പഞ്ചായത്തുകളായിരുന്നു, പക്ഷേ അതിന്റെ ഫണ്ട് നിങ്ങൾ കൊടുത്തില്ല, എന്നാലോ, അതിന്റെ ക്രഡിറ്റ് നിങ്ങൾ അടിച്ചുമാറ്റിയെടുത്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൈയൊഴിയുന്ന അവസ്ഥയാണ് ഈ സംസ്ഥാന ഗവൺമെന്റിനുള്ളത്. ലൈഫ് ഭവന പദ്ധതിക്ക് പണം കൊടുക്കാതെ നിങ്ങൾ അതിന്റെ മേനി അടിച്ചെടുക്കുന്നു. എല്ലാ കാലഘട്ടത്തിലും നിങ്ങൾ ഇങ്ങനെതന്നെയാണ് മുന്നോട്ടുപോയത്. നിങ്ങളുടെ ഒരു മുദ്രാവാക്യമുണ്ട്, കാലൊച്ച കേൾക്കവെ വാതിൽ തുറക്കുമെന്ന്, പറഞ്ഞ നിങ്ങൾ ഇപ്പോൾ പാർട്ടി മുതലാളിമാരായി സുഖലോലുപരായി മാറിയെന്ന സത്യം നിങ്ങൾതന്നെ പറഞ്ഞുകഴിഞ്ഞു. താൻ രാജിവച്ചാൽ വനം വകുപ്പ് നന്നാകുമോയെന്ന് ഇന്നലെ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ചോദിക്കുകയുണ്ടായി. പക്ഷേ നിങ്ങളെല്ലാവരും രാജിവച്ചാൽ ഈ കേരളം രക്ഷപ്പെടുമെന്നാണ് ജനങ്ങൾ പറയുന്നത്. അതിന് തെളിവാണ് ഇത്തവണ

നിങ്ങൾക്ക് ലഭിച്ച വോട്ട്. നിങ്ങൾ ഇക്കാര്യം പഠിക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ ദീർഘമായ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. പഞ്ചായത്തുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ പറയാൻ കഴിയുമെങ്കിലും സ്വാഭാവികമായും സമയത്തിന്റെ പരിമിതിയുണ്ടെന്നുള്ള കാര്യം നിങ്ങൾക്കെല്ലാമറിയാം. പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വേങ്ങൂർ, മുടക്കുഴ എന്നീ രണ്ട് പഞ്ചായത്തുകളിൽ മഞ്ഞപ്പിത്തബാധ വളരെ കൂടുതലാണ്. അതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് വകുപ്പ് ഇവിടെ ഒന്നും ചെയ്തിട്ടില്ല. വാട്ടർ അതോറിറ്റിയിൽനിന്ന് ശുദ്ധമായ കുടിവെള്ളമാണ് കൊടുക്കേണ്ടത്. എന്നാൽ അവിടെ പമ്പ് ഓപ്പറേറ്റർമാരില്ലാത്ത അവസ്ഥയാണ്. മൊബൈൽ ഫോണിൽനിന്ന് ആപ്പുവഴിയാണ് അവിടെ പമ്പ് ഓപ്പറേറ്റ് ചെയ്യുന്നത്. ഫോൺവഴി മോട്ടർ ഓൺ ചെയ്യുന്നതിനും ഓഫ് ചെയ്യുന്നതിനുമുള്ള സാങ്കേതികവിദ്യ നിലവിലുണ്ട്. ശുദ്ധീകരിക്കാത്ത കുടിവെള്ളം പഞ്ചായത്തുകളിൽ നൽകുന്ന വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അങ്ങേയ്ക്കറിയാമോ? മുടക്കുഴ പഞ്ചായത്തിലെ നാൽപ്പത്തിയെട്ട് വയസുള്ള സജീവൻ കെ. കെ. എന്നയാളും

വേങ്ങൂർ പഞ്ചായത്തിലെ അൻപത് വയസുള്ള ജോളി രാജു, അൻപത്തിയൊന്ന് വയസ്സുള്ള കാർത്ത്യായനി എന്നീ വീട്ടമ്മമാരും ഹെപ്പറ്റൈറ്റിസ് എ ബാധിച്ച് മരണപ്പെട്ടു. ഇരുപത്തിയഞ്ച് വയസുള്ള അഞ്ജനയെന്ന പെൺകുട്ടി കരൾ പ്രവർത്തനരഹിതമായി ഇപ്പോൾ ലിസി ആശുപത്രിയിൽ വെന്റിലേറ്ററിൽ കഴിയുകയാണ്. ആ കുട്ടിയുടെ ചികിത്സയ്ക്കായി ഇതുവരെ ഇരുപത്തിയഞ്ച് ലക്ഷം രൂപയാണ് ചെലവായത്. എല്ലാവരും ചേർന്ന് പിരിവെടുത്തും പലരിൽനിന്നും വാങ്ങിയുമെല്ലാം തുക ശേഖരിച്ച് നൽകി. ഇക്കാര്യത്തിൽ സഹായമായി പഞ്ചായത്ത് വകുപ്പ് ഒരു തുകയും നൽകിയിട്ടില്ല. ആന ചവിട്ടിക്കൊന്നാൽ പത്ത് ലക്ഷം രൂപ നഷ്ടപരിഹാരം നൽകുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ വെള്ളം കുടിച്ച് മരണപ്പെട്ട ആളുകൾക്കും അതേപോലെ നഷ്ടപരിഹാരം നൽകുന്നതിന് സർക്കാർ തയ്യാറാകേണ്ടതല്ലേ; 252 പേരാണ് നിലവിൽ മഞ്ഞപ്പിത്തം ബാധിച്ച് ഗുരുതരാവസ്ഥയിലുള്ളത്. ഇ.കോളി ബാക്ടീരിയ (എഷെറിക്കിയ കോളി ബാക്ടീരിയ) മുക്തമായ വെള്ളം പഞ്ചായത്തുകളിൽ ലഭ്യമല്ലെന്നകാര്യം ഞാൻ പറയുകയാണ്. അവിടെ വാക്സിൻ നൽകണമെന്ന് വകുപ്പുമന്ത്രിയോട് ഞാൻ നേരിട്ട് പറഞ്ഞിരുന്നെങ്കിലും അങ്ങനെ ചെയ്തില്ല. രണ്ട് പഞ്ചായത്തുകളും

ഇത്തരത്തിൽ വളരെ മോശപ്പെട്ട അവസ്ഥയിലൂടെയാണ് കടന്നുപോകുന്നത്. പരമാവധി ഈ വസ്തുതകളെല്ലാം പരിഗണിച്ച് പഞ്ചായത്തുകൾക്ക് ആവശ്യമായ സാമ്പത്തികസഹായം നൽകാൻ ഗവൺമെന്റിന് കഴിയണമെന്ന കാര്യംകൂടി സൂചിപ്പിക്കുകയാണ്. അഭിഭാഷകനായിക്കൂടി പ്രവർത്തിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. ബാർ അസോസിയേഷൻ സെക്രട്ടറിയായി ഞാൻ മുമ്പ് പ്രവർത്തിച്ചിരുന്നു. നിയമാനുസൃതമായി കൊള്ള നടത്താമെന്ന്, 2024-ൽ പ്രാബല്യത്തിൽ വന്ന കോർട്ട് ഫീ വർധനയിലൂടെ ഈ സർക്കാർ തെളിയിച്ചിരിക്കുകയാണ്. ഇവിടെ കുടുംബ കോടതികളിൽ സ്വത്തവകാശ തർക്കങ്ങളിൽ കേസ് ഫയൽ ചെയ്യുന്നതിന് അൻപത് രൂപ ഫീസായിരുന്നു നിലവിലുണ്ടായിരുന്നത്. വ്യത്യസ്ത കാറ്റഗറികളായി തിരിച്ച്, അവകാശത്തുക ഒരു ലക്ഷം രൂപയാണെങ്കിൽ ആയത് ഇരുനൂറ് രൂപയാക്കി വർധിപ്പിച്ചിരിക്കുകയാണ്. നീതിക്കായി കോടതിയിൽപ്പോലും പോകാൻ കഴിയാത്തൊരു സാഹചര്യമാണ് നിങ്ങളുണ്ടാക്കിയിരിക്കുന്നത്. അഞ്ച് ലക്ഷം രൂപ വരെയുള്ള അവകാശ കേസുകളിൽ അവകാശത്തുകയുടെ അര ശതമാനം വർധിപ്പിച്ചു. അതായത്, അവകാശത്തുക അഞ്ച് ലക്ഷം രൂപയാണെങ്കിൽ 2500

രൂപയാണ് കോർട്ട് ഫീ. അവകാശത്തുക അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലാണെങ്കിൽ കോർട്ട് ഫീ രണ്ട് ശതമാനമായി വർധിപ്പിച്ചിരിക്കുകയാണ്. വിവാഹത്തിനുശേഷം കുടുംബപ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന സ്ത്രീകൾക്കും അവരുടെ കുഞ്ഞുങ്ങൾക്കും കോടതിയെ സമീപിക്കാൻ കഴിയാത്തൊരു സാഹചര്യമാണ് നിങ്ങളുണ്ടാക്കിയിരിക്കുന്നത്. ഒറ്റനോട്ടത്തിൽ ഇക്കാര്യങ്ങൾ നമുക്ക് ചെറുതാണെന്ന് തോന്നും. പക്ഷേ വലിയ തുകയ്ക്കുള്ള വസ്തുക്കൾ സംബന്ധിച്ച കേസ് ഫയൽ ചെയ്യണമെങ്കിൽ കോടതിയിൽ ലക്ഷങ്ങൾ കെട്ടിവയ്ക്കേണ്ട അവസ്ഥയുണ്ടാകുകയാണ്. നീതി തേടി കോടതിയെ സമീപിക്കുന്നൊരാൾക്ക് നീതി ലഭ്യമാകാത്ത സാഹചര്യമാണ് ഇതുവഴിയുണ്ടാകുന്നത്. കുടുംബപരമായും വസ്തുസംബന്ധമായും പ്രശ്നങ്ങളോ തർക്കങ്ങളോ നേരിടുന്ന പാവപ്പെട്ട സ്ത്രീകൾക്ക് കോടതിയെ സമീപിക്കാൻ കഴിയാത്ത സാഹചര്യമാണിന്നുള്ളത്. ചെക്ക് കേസുകളുമായി ബന്ധപ്പെട്ട കാര്യവും നമുക്കെല്ലാമറിയാവുന്നതാണ്. നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് പ്രകാരം, പതിനായിരം രൂപ വരെയുള്ള ചെക്ക് കേസുകൾക്ക് ഇരുന്നൂറ് രൂപയാണ് കോർട്ട് ഫീ. മൂന്ന് ലക്ഷം രൂപ വരെയുള്ള കേസുകൾക്ക് അഞ്ച്

ലക്ഷം രൂപ കെട്ടിവയ്ക്കേണ്ട അവസ്ഥയാണുള്ളത്. അതിന് മുകളിലുള്ളതിന് ലക്ഷങ്ങൾ വരെ കെട്ടിവയ്ക്കേണ്ട സ്ഥിതിയാണ്. ചെക്ക് കേസുകളിൽ പറ്റിക്കപ്പെടുന്ന ആളുകൾക്ക് കോടതിയിൽ പോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇതിലും നല്ലത് ഗുണ്ടകളാണ്. കോടതിയിൽപോകുന്ന സമയം ഏതെങ്കിലും ഗുണ്ടകൾക്ക് ഒരു ഫുൾ വാങ്ങി നൽകിയാൽ അവൻ ഈ തുക നമുക്ക് തിരികെ വാങ്ങിത്തരും. കോടതിയിൽപ്പോലും പോകാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ച ഈ ഗവൺമെന്റിന്റെ അവസ്ഥ എന്താണ്? നിങ്ങൾ കൊള്ളക്കാരാണ് എന്നുള്ളതാണ് യഥാർഥ വസ്തുത. ഈ ഗവൺമെന്റ് ഇത്തരത്തിലുള്ള കൊള്ള അവസാനിപ്പിച്ച് ജനങ്ങളെ സഹായിക്കുന്ന നടപടികളുമായി മുന്നോട്ടുപോകണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. അതുകൊണ്ടുതന്നെ എല്ലാ അർഥത്തിലും ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി ശക്തമായി എതിർക്കുന്നു.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടയിൽ കേരളത്തിന്റെ ഗ്രാമീണ സമൂഹത്തിന്റെ സാമ്പത്തികവും ഭൗതികവും സാമൂഹ്യവുമായ വളർച്ചയിലും

വികാസത്തിലും പാതയൊരുക്കിയത് ഭരണഘടനയുടെ 73, 74 ഭേദഗതികൾക്കുശേഷം കേരളം നടപ്പിലാക്കിയ ജനകീയാസൂത്രണ പ്രസ്ഥാനങ്ങളാണ് എന്നത് തർക്കമില്ലാത്ത കാര്യമാണ്. ത്രിതല പഞ്ചായത്തുകൾക്ക് അധികാരവും പണവും നൽകി പ്രാദേശിക സർക്കാരുകൾ എന്ന ആശയത്തിന് അർഥം നൽകിയത് ലോകമറിയുന്ന ജനകീയാസൂത്രണവും അധികാര വികേന്ദ്രീകരണവും ഇടതുപക്ഷ സർക്കാർ നടപ്പിലാക്കിയതോടുകൂടിയാണ്. വനിതകളും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരും കഴിവുറ്റ ഭരണാധികാരികളായി ചരിത്രം സൃഷ്ടിക്കാൻ കാരണമായതും ഭരണഘടനയുടെ 73, 74 ഭേദഗതികളാണ്. കേരളത്തിൽ ഗ്രാമീണ ജനതയുടെ ജീവിതത്തിൽ പഞ്ചായത്തുകൾക്കുള്ള സ്ഥാനം അഭേദ്യമാണ്. ആരോഗ്യം, വിദ്യാഭ്യാസം, ക്ഷേമ പ്രവർത്തനങ്ങൾ, പശ്ചാത്തല സൗകര്യ വികസനങ്ങൾ തുടങ്ങിയവയെല്ലാം പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളാണ്. സാമൂഹ്യ പുരോഗതിക്കും സ്ത്രീ ശാക്തീകരണത്തിനും ലിംഗ സമത്വത്തിനും പുതിയ പാഠങ്ങൾ പഠിപ്പിച്ചതും അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായാണ്. അഴിമതിയില്ലാത്ത ഭരണ

വാഴയ്ക്ക് സ്ത്രീകൾ ചുക്കാൻ പിടിച്ചത് ഇതിന്റെ ഭാഗമായാണ്. പാതയോരങ്ങളും പൊതുയിടങ്ങളും ശുചിത്വത്തിന്റെ പുതിയ മാതൃകകളായി മാറിയത് എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിയ വികസനത്തിന്റെ പുതിയ മാതൃകകളാണ്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള വൈകാരികബന്ധത്തെ ഊട്ടിയുറപ്പിക്കാൻ പുതിയ കാർഷിക സംസ്കാരം ഉടലെടുത്തതും മണ്ണും ജലവുമറിഞ്ഞ് കൃഷി ചെയ്യാനും ഹരിതാഭകരമായ നമ്മുടെ പ്രകൃതിയും പച്ചപ്പും സംരക്ഷിക്കാനും ജലസംരക്ഷണത്തിന്റെ പുതിയ മാതൃകകൾ തീർത്തത ഹരിത കേരളവും ആരോഗ്യ സംരക്ഷണത്തിന് ആർദ്രവും പരാശ്രയമില്ലാതെ അന്തിയുറങ്ങാൻ സ്വപ്നതുല്യമായ നാല് ലക്ഷത്തിലധികം ഭവനങ്ങളിലൂടെ ഗ്രാമീണ ജനതയ്ക്ക് പുതിയ ജീവിതം സമ്മാനിച്ചതുമെല്ലാം പഞ്ചായത്ത് ഭരണ സംവിധാനത്തിന്റെ ഭാഗമായാണ്. അജ്ഞതയുടെ അന്ധകാരത്തിൽനിന്നും അറിവിന്റെ വർണ്ണങ്ങൾ നിറഞ്ഞ പുതിയ ലോകത്തിലൂടെ വിദ്യാർഥികൾക്ക് സഞ്ചരിക്കാൻ കഴിഞ്ഞത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടത്തിയ ഏറ്റവും ശക്തമായ ഇടപെടലുകളാണ്. ഈ ഗവൺമെന്റ് അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി, അതിദാരിദ്ര്യമനുഭവിക്കുന്ന

അറുപത്തി നാലായിരത്തിലധികം വരുന്ന കുടുംബങ്ങളെ കണ്ടെത്തുകയും അവർക്കാവശ്യമായ വീടും മറ്റ് അടിസ്ഥാന സൗകര്യങ്ങളും 'മനസിനോടിത്തിരി മണ്ണ്' എന്ന ആശയത്തിന്റെ ഭാഗമായി ഭൂമിയും കണ്ടെത്താനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. കുടുംബശ്രീ ഇന്ന് കേരളത്തിന്റെ ഐശ്വര്യമായി മാറിക്കൊണ്ടിരിക്കുകയാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് സമ്പത്ത് ഉൽപ്പാദന പ്രക്രിയകളിൽ സ്ത്രീകൾ പങ്കാളികളാകണമെന്ന ലിംഗസമത്വത്തിന്റെ പുത്തൻ ആശയങ്ങൾ നാൽപ്പത്തിയെട്ട് ലക്ഷം വരുന്ന സ്ത്രീകൾ അംഗങ്ങളായ കുടുംബശ്രീയെന്ന മഹാസ്ത്രീ ശാക്തീകരണ പ്രസ്ഥാനത്തിലൂടെ നടപ്പിലാക്കുന്നത് പഞ്ചായത്ത് സംവിധാനവുമായി ഏറ്റവുമടുത്ത് നിൽക്കുന്ന കാര്യമാണ്. ഗ്രാമീണ-നഗര, ട്രൈബൽ മേഖലകളിൽ MGNREGS (Mahatma Gandhi National Rural Employment Gurarantee Scheme) എന്ന പദ്ധതിയുടെ ഭാഗമായി ഇന്ന് കേരളത്തിൽ ഒരോവർഷവും പത്ത് കോടിയിലധികം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. 2333000 വരുന്ന ഗ്രാമീണ ജനത സജീവ തൊഴിലാളികളായി ഈ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമാകുകയാണ്.

ഇന്ത്യയിലാദ്യമായി തൊഴിലുറപ്പ് തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിച്ചതും കേരളത്തിന്റെയും പഞ്ചായത്തീരാജ് സംവിധാനത്തിന്റെയും ഏറ്റവും ആത്മാർത്ഥതയോടുകൂടിയുള്ള ഇടപെടലിന്റെ ഭാഗമായാണ്. നാമെല്ലാം മുപ്പത്തിയാറായിരത്തോളം വരുന്ന ഹരിത കർമ്മ സേനാംഗങ്ങൾ നാലായിരത്തിലധികം സംരംഭ ഗ്രൂപ്പുകളായി തിരിഞ്ഞ് നമ്മുടെ നാട്ടിലെ എഴുപത്തിയേഴ് ലക്ഷത്തിലധികം വീടുകളിൽനിന്നും ഏഴ് ലക്ഷത്തിലധികം സ്ഥാപനങ്ങളിൽനിന്നും വാതിൽപ്പടി മാലിന്യം ശേഖരിക്കുന്നു. ഇത്തരത്തിൽ അതിബൃഹത്തായ മാലിന്യ സംസ്കാരവും സംവിധാനങ്ങളും ഒരു മാതൃകയാണ്.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, നഗരങ്ങളിലും ഗ്രാമങ്ങളിലും ഗ്രൗണ്ട് വാട്ടർ ലെവൽ വളരെ താഴ്ന്നുപോകുന്നുവെന്ന പഠനങ്ങൾ ഇപ്പോൾ വന്നുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് നഗരങ്ങളിൽ, വീടുകളുടെയും ഫ്ലാറ്റുകളുടെയും മുറ്റങ്ങൾ ടൈൽ പാകുന്ന പുതിയ രീതിയുണ്ട്. ഇത് തടയുകയോ ഇതുമായി ബന്ധപ്പെട്ട നിയമനിർമ്മാണം നടത്തുകയോ ചെയ്തില്ലെങ്കിൽ ഗ്രൗണ്ട്

വാട്ടർ ലെവൽ വളരെ താഴേയ്ക്ക് പോകുമെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി ശാന്തകുമാരി കെ.: സർ, തീർച്ചയായും. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ ഇടപെടൽ നടത്തേണ്ടതായിട്ടുണ്ട് എന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഇവിടെ ഹരിത കർമ്മ സേനയുൾപ്പെടെയുള്ള അഭിമാനകരമായ പുതിയ ഇടപെടലുകൾക്കും ആശയങ്ങൾക്കും നേതൃത്വം കൊടുക്കുന്നത് പഞ്ചായത്തീരാജ് സംവിധാനങ്ങളുടെ ഏറ്റവും ഉദാത്തമായിട്ടുള്ള മാതൃകയുടെ ഭാഗമായാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രിയോടും നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയോടുമൊപ്പം എഴുപത്തിരണ്ട് വയസുള്ള അമ്മൂമ്മയടക്കമുള്ള ഹരിത കർമ്മ സേനാംഗങ്ങൾ വിമാനയാത്ര നടത്തുകയുണ്ടായി. അവർ വിമാനത്തിൽ ആദ്യമായാണ് കയറുന്നത്. ഹരിത കർമ്മ സേനാംഗമായതിനാൽ അവർക്ക് ലഭിച്ച ഒരനുഭവമാണത്. അവർ ഇവിടെവന്ന് മന്ത്രിയെ കണ്ടു. ഇത് വലിയൊരു അനുഭവമായി കാണാൻ കഴിയും. കെ-സ്മാർട്ടും ഡിജി കേരളവുമെല്ലാം

അഭിമാനമായി നമ്മുടെ മുന്നിലുണ്ട്. ഈ പ്രവർത്തനങ്ങളെല്ലാം തുടർന്നും മുന്നോട്ടുകൊണ്ടുപോകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇക്കാര്യത്തിൽ എനിക്ക് ഒന്നുരണ്ട് നിർദ്ദേശങ്ങൾ സൂചിപ്പിക്കാനുണ്ട്. ഒന്ന്, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സ്നേഹാരാമങ്ങൾ ഉണ്ടാക്കുകയെന്ന പുതിയ മാതൃക സ്വീകരിച്ചു. പൊതുയിടങ്ങൾ സൗന്ദര്യവൽക്കരിക്കുക എന്നുള്ളതിന്റെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ 'ബ്യൂട്ടി കോങ്ങാട്' എന്ന പദ്ധതി ഞാൻ ഏറ്റെടുക്കാൻ തയ്യാറായിട്ടുണ്ട്. കേരളത്തിന്റെ പ്രകൃതി രമണീയത ആസ്വദിക്കാൻ ഇവിടെ വരുന്നവർക്ക് പാതയോരങ്ങളിൽ വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങൾ ഒരു വലിയ പ്രശ്നമാണെന്ന വിഷയം കഴിഞ്ഞ മൂന്നാം ലോക കേരള സഭ ഏറ്റവും കൂടുതൽ ചർച്ച ചെയ്തതാണ്. കഴിഞ്ഞ തവണ ഞാൻ ആസ്ട്രേലിയ സന്ദർശിച്ചപ്പോൾ ഏറ്റവും അത്ഭുതകരമായി ഒരു കാര്യം കാണാൻ കഴിഞ്ഞു. വീടിന്റെ മുൻവശത്തുള്ള ചെടികളും പുല്ലുകളും മറ്റും അതത് വീട്ടുകാർതന്നെ വെട്ടി വൃത്തിയാക്കണമെന്നത് അവിടത്തെ ഒരു നിയമമാണ്. അങ്ങനെ ചെയ്തില്ലെങ്കിൽ അവിടെ കോർപ്പറേഷനോ പഞ്ചായത്തോ പിഴ ഈടാക്കും. കേരളത്തിൽ മതിൽ കെട്ടിയാൽ മതിലിന് മുൻവശത്തുള്ള

പാതയോരങ്ങൾ ആരുംതന്നെ വൃത്തിയാക്കുന്നില്ല. മതിലിന് വെളിയിലുള്ള പാതയോരങ്ങളും വൃത്തിയായി സൂക്ഷിക്കുന്ന ഒരു സംസ്കാരം ഇവിടെയും കൊണ്ടുവരണം. ഇതിനായി 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സംവിധാനമുണ്ടാക്കണം. രണ്ടാമത്തെ കാര്യം, പഞ്ചായത്തുകൾക്ക് തനത് വരുമാനമുണ്ടാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പാലക്കാട് ജില്ലയിൽത്തന്നെയുള്ള മീൻവല്ലം മാതൃകയിലുള്ള മിനി ഹൈഡ്രോ പ്രോജക്ടുകൾ. പാലക്കാട് ജില്ലാ പഞ്ചായത്തിൽ 2014-ൽ കമ്മീഷൻ ചെയ്ത പ്രസ്തുത മൂന്ന് മെഗാ വാട്ട് മിനി ജലവൈദ്യുത പദ്ധതി കേരളത്തിൽ മാത്രമല്ല, ഇന്ത്യയിൽത്തന്നെ അത്തരത്തിൽ നേട്ടമുണ്ടാക്കിയ ഒന്നാണ്. മീൻവല്ലം പദ്ധതി എന്റെ മണ്ഡലത്തിലെ കരിമ്പ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. അതുപോലെതന്നെ തച്ചമ്പാറ, കരിമ്പ തുടങ്ങിയ പഞ്ചായത്തുകളിൽ വട്ടപ്പാറ, ആറ്റില തുടങ്ങിയ പ്രകൃതി രമണീയമായിട്ടുള്ള വെള്ളച്ചാട്ടങ്ങളുണ്ട്. അവിടെയെല്ലാംതന്നെ ആവശ്യമായ ക്രമീകരണങ്ങൾ നടത്തിയാൽ പഞ്ചായത്തുകൾക്ക് അതിൽനിന്ന് തനത് വരുമാനമുണ്ടാകും. പാലക്കുഴി

വെള്ളച്ചാട്ടത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മറ്റൊരു പദ്ധതി കിഴക്കഞ്ചേരി പഞ്ചായത്തിൽ ആരംഭിച്ച് പ്രവർത്തനം നടത്തിവരികയാണ്. അത്തരത്തിൽ പഞ്ചായത്തുകൾക്ക് സ്വന്തമായി വരുമാന മാർഗ്ഗമുണ്ടാകുന്നതിനാവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കണം. മറ്റൊന്ന്, എച്ച്.എം.സി.- (ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി) കളുമായി ബന്ധപ്പെട്ടതാണ്. ഇത് നേരിട്ട് പഞ്ചായത്തുമായി ബന്ധമുള്ളതല്ലെങ്കിലും ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട വിഷയമാണ്. എച്ച്.എം.സി-കൾക്കായി 1995-ലാണ് നിയമനിർമ്മാണം നടത്തിയത്. പ്രസ്തുത നിയമപ്രകാരം വരുമാനത്തിന്റെ 50 ശതമാനമാണ് എസ്റ്റാബ്ലിഷ്മെന്റിനും ശമ്പളത്തിനുമായി നൽകുന്നത്. എന്നാൽ ഇന്ന് അവ പഞ്ചായത്തുകൾക്ക് കൈമാറപ്പെട്ടിരിക്കുകയാണ്. പഞ്ചായത്തുകളാണ് ആശുപത്രികൾക്കായി ഫണ്ടുകൾ ചെലവഴിക്കുന്നതും പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കുന്നതെന്നുമാണ് പറയുന്നത്. പക്ഷേ ആശുപത്രികളിൽ താൽക്കാലികമായി നിയമിക്കുന്ന ജീവനക്കാർക്ക് ശമ്പളം നൽകുന്ന കാര്യത്തിൽ 50:50 എന്ന വ്യവസ്ഥയുള്ളതിനാൽ പലപ്പോഴും ഓഡിറ്റ് പ്രശ്നം വരുന്നുണ്ട്. അതിനാൽ

അതിനൊരു മാറ്റംവരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് പറയാനുള്ളത്. എനിക്ക് ഒന്നുരണ്ട് കാര്യങ്ങൾകൂടി സൂചിപ്പിക്കാനുണ്ട്, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട വണ്ടൂർ അംഗം ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ സംസാരിക്കുന്ന സമയത്ത് ഈ ഗവൺമെന്റ് "ആന്റി ദളിത് പോളിസി" സ്വീകരിക്കുന്നുണ്ടെന്നും പാർട്ടിയുടെ ചെങ്കൊടി സാധാരണക്കാരിൽനിന്ന് ഇപ്പോൾ ജന്മിമാരുടെ കൈകളിലൊണെന്നുമാണ് പറഞ്ഞത്. അക്കാര്യത്തിൽ എനിക്ക് പറയാനുള്ളത്, 1956-നുശേഷം കേരളത്തിൽ യു.ഡി.എഫ്. അധികാരത്തിൽ വന്നിട്ടുണ്ട്. പാവപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മനുഷ്യർക്ക് ഒരു തുണ്ട് ഭൂമിയ്ക്കുവേണ്ടിയുള്ള പോരാട്ടത്തിന്റെ ഭാഗമായി നടപ്പാക്കിയ ഭരണപരിഷ്കാര നിയമങ്ങളെ അട്ടിമറിച്ച് വിമോചനസമരം കൊണ്ടുവന്ന ചരിത്രമുണ്ട്. യു.ഡി.എഫ്.-ന്റെ ഭരണകാലത്താണ് ജോഗി എന്ന ആദിവാസി യുവാവിനെ വെടിവെച്ചുകൊന്നത്. ആ ചരിത്രം അവർ മറന്നുപോയോയെന്ന് എനിക്കറിയില്ല. അതെല്ലാം ഇവിടെ നടന്നതാണ്. സെക്യൂരിറ്റിയുടെ പേരുപറഞ്ഞുകൊണ്ട്, കറുത്ത വസ്ത്രമായതുകൊണ്ട് ആദിവാസി അമ്മമാരുടെ മാറുമറയ്ക്കുന്ന വസ്ത്രം വലിച്ചുകീറി

മാറ്റിയതും യു.ഡി.എഫ്.-ന്റെ ഭരണകാലഘട്ടത്തിലാണ്. 2017-ൽ ഇന്ത്യയിൽത്തന്നെ രണ്ടാമത്തെ നിശബ്ദവിപ്ലവം എന്നറിയപ്പെടുന്നത്...., ദേവസ്വം ബോർഡുകളിലെ അമ്പലങ്ങളിൽ അബ്രാഹ്മണരെ പൂജാരിമാരായി നിയമിക്കുന്ന നിയമമുണ്ടാക്കിയത് ഈ കേരളത്തിലാണ്. അത് മറന്നുകൂടാ. ഇപ്പോൾ ഏറ്റവും അവസാനമായി ഈ ഗവൺമെന്റ് ദേവസ്വം ബോർഡുകൾക്ക് കീഴിലെ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷനുകളിൽ പി.എസ്.സി. മാതൃകയിൽ നിയമനം നടത്താൻ തീരുമാനമെടുത്തുവെന്നതാണ്. അതുപോലെ, ബ്രിട്ടീഷ് ഭരണകാലഘട്ടത്തുണ്ടാക്കിയ 'കോളനി' എന്ന വാക്കിനുപകരം 'നഗർ' എന്നൊരാശയം പുതുതായി രൂപംകൊണ്ടിരിക്കുകയാണ്. ഇതെല്ലാം ആന്റി ദളിതല്ല. പാവപ്പെട്ടവരെ സഹായിക്കുന്നതിനുള്ള നിലപാടുകളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ഇന്ന് ഈ വിഭാഗത്തിലുള്ള അറുന്നൂറിലധികം വരുന്ന മിടുക്കരായ കുട്ടികൾ വിദേശ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്നുണ്ടെങ്കിൽ അത് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെ ഭാഗമാണ്. ഈ വിഭാഗത്തിൽനിന്നും അഞ്ഞൂറ് പേർക്ക് വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമനം നൽകി. ഓരോ മേഖലയിലും പുതിയ തലമുറയെ

കണ്ടുകൊണ്ട് സാധാരണക്കാർക്ക് അനുകൂലമായ നിയമങ്ങൾ സ്വീകരിച്ച് ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. അത് ആന്റി ദളിത് പോളിസിയല്ല; പട്ടികജാതി പട്ടികവർഗ്ഗക്കാരെയും സാധാരണക്കാരെയും സംരക്ഷിക്കാനുള്ള ബാധ്യതയും ഉത്തരവാദിത്വവുമാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ പിന്തുണയ്ക്കുന്നു.

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. 2023 മാർച്ച് മാസത്തിൽ കൊച്ചി നഗരത്തെ അക്ഷരാർത്ഥത്തിൽ ശ്വാസംമുട്ടിച്ചുകൊണ്ട്, ജനങ്ങളെ പരിഭ്രാന്തിപ്പെടുത്തിക്കൊണ്ട് ബ്രഹ്മപുരത്ത് മാലിന്യ കൂമ്പാരത്തിന് തീപിടിത്തമുണ്ടാകുകയും അത് അണയ്ക്കാൻ നിരന്തരം പ്രയത്നിക്കുകയും ചെയ്തതൊക്കെ നാം കണ്ടതാണ്. ഈ സംഭവം നടന്നിട്ട് ഏകദേശം ഒരുവർഷം പിന്നിടുന്നു. ഇപ്പോഴത്തെ സ്ഥിതി എന്താണ്? ഏതാണ്ട് 8.4 ലക്ഷം മെട്രിക് ടൺ മാലിന്യ കൂമ്പാരമാണ് അവിടെയുള്ളതെന്നാണ് കാലിക്കറ്റ് എൻ.ഐ.ടി. നടത്തിയ പഠനത്തിൽ സൂചിപ്പിക്കുന്നത്. അതിൽ 4.10 മെട്രിക് ടൺ മാലിന്യം സംസ്കരിച്ച് വേർതിരിച്ച് റീ സൈക്കിൾ ചെയ്ത് മാറ്റിയിരിക്കുന്നു. റീ സൈക്കിൾ

ചെയ്യാൻ കഴിയാത്തവ ബയോ മൈനിംഗിലൂടെ സിമെന്റ്, ആർ.ഡി.എഫ്. (Refuse Derived Fuel) എന്നിവയുള്ള അസംസ്കൃത വസ്തുക്കളായി തരംതിരിച്ച് മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നു. ഏതാണ്ട് രണ്ട് വർഷങ്ങൾക്കുമുമ്പ് കൊല്ലം കോർപ്പറേഷനിലെ കുരീപ്പുഴ ചണ്ടി ഡിപ്പോയിൽ സമാനമായ രീതിയിൽ നൂറുവർഷത്തോളം പഴക്കമുണ്ടായിരുന്ന വലിയ മാലിന്യകൂമ്പാരം ബയോ മൈനിംഗിലൂടെ വേർതിരിച്ച് ആ സ്ഥലം വീണ്ടെടുക്കുകയും അവിടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ പദ്ധതിയുമായി മുന്നോട്ടുപോകുന്നതുമാണ് എന്ന കാര്യമാണ് എനിക്ക് പെട്ടെന്ന് ഓർമ്മവരുന്നത്. നിയമസഭാംഗങ്ങളടക്കമുള്ള ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ, പത്രമാധ്യമ സുഹൃത്തുക്കൾ എന്നിവരെ ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് മുട്ടത്തറയിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സന്ദർശിക്കുന്നതിന് കൂട്ടിക്കൊണ്ടുപോകുകയും അവിടെയുള്ള സംവിധാനങ്ങൾ പരിചയപ്പെടുത്തുകയും ഉച്ചഭക്ഷണം നൽകുകയും ചെയ്തു. പൊതുബോധവൽക്കരണം നടത്തുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പും നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയവും അഭിനന്ദനീയവുമാണ്. കൊച്ചി നഗരത്തിൽ അദ്ദേഹം നേരിട്ട് വീടുകൾ, ഫ്ലാറ്റ്

സമുച്ചയങ്ങൾ എന്നിവിടങ്ങൾ സന്ദർശിച്ച അവിടെയുള്ള പോരായ്മകൾ കണ്ടെത്തി ബയോ ബിന്നുകളടക്കമുള്ളവ ഉപയോഗിച്ച് മാലിന്യം എങ്ങനെ ശാസ്ത്രീയമായി വേർതിരിക്കണമെന്നുള്ള കാര്യങ്ങളിലെല്ലാം ബോധവൽക്കരണം നൽകുകയും ചെയ്തു. പരിസ്ഥിതിക്കുവേണ്ടി നടത്തുന്ന ഈ പ്രയത്നങ്ങളാണ് ഏറ്റവും കൂടുതൽ അഭിനന്ദനം അർഹിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിമാർ നേരിട്ട് നടത്തിയ താലൂക്ക് സഭകൾ, നവകേരള സദസ്സുകളിലെല്ലാം പ്രതിപാദിക്കപ്പെട്ട പ്രധാന പ്രശ്നം ചട്ടങ്ങൾ ലംഘിച്ചുള്ള കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട തടസ്സങ്ങളായിരുന്നു. നിയമനിർമ്മാണത്തിലൂടെ 2019 വരെയുള്ള കെട്ടിടങ്ങളെ ക്രമവൽക്കരിക്കാൻ തയ്യാറായത് ഏറ്റവും അനുകൂലവും ജനകീയവുമായ തീരുമാനമായിരുന്നു. ഇത് ഒരുപാട് ജനങ്ങൾക്ക് ഗുണകരമായിട്ടുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. കേന്ദ്രഗവൺമെന്റ് പലതരത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ വെട്ടിച്ചുരുക്കുകയും നിയന്ത്രണം വരുത്തുകയുമൊക്കെ ചെയ്യുന്നു. ഇതിനിടയിലും കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിൽ കേരളം വളരെ മുന്നിലാണ്. ലൈഫ് മിഷൻ പദ്ധതിപ്രകാരം ഇതിനകം 3,85,145 വീടുകൾ

നിർമ്മിച്ചുകഴിഞ്ഞു. 1,14,893 വീടുകൾ വിവിധ നിർമ്മാണഘട്ടങ്ങളിലാണ്. ജനകീയമായിത്തന്നെ ലൈഫ് മിഷൻ പദ്ധതി മുന്നോട്ടുപോകുകയാണ്. പല മണ്ഡലത്തിലും നിരവധിപേർ 'മനസ്സോടിത്തിരി മണ്ണ്' എന്ന പദ്ധതിക്ക് സഹായവുമായി വരുന്നുണ്ട്. ചവറ മണ്ഡലത്തിൽ ശ്രീ. മണ്ണൂർ രാജൻ എന്ന വ്യക്തി 18 സെന്റ് സ്ഥലം പ്രസ്തുത പദ്ധതിക്കുവേണ്ടി നൽകിയിരുന്നു. അവിടെ ആറ് കുടുംബങ്ങൾ ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് നിർമ്മിച്ച് സുഖമായി ജീവിക്കുന്നു. കുടുംബശ്രീയുടെ ലക്ഷ്യം ദാരിദ്ര്യ നിർമ്മാർജ്ജനം ആയിരുന്നെങ്കിൽ, ഇപ്പോൾ സംരംഭകർ എന്ന നിലയിലേയ്ക്ക് മാറിയിരിക്കുകയാണ്. വിവിധ മേഖലകളിൽ ഇതിനോടകംതന്നെ വലിയ മുന്നേറ്റം നടത്താൻ സാധിച്ചു. 'കെ ഫോർ കെയർ' പദ്ധതിയിലൂടെ സാന്ത്വന പരിചരണവും എ-ഹെൽപ് (അക്രെഡിറ്റഡ് ഏജന്റ് ഫോർ ഹെൽത്ത് ആൻഡ് ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ)-ലൂടെ മൃഗസംരക്ഷണവും ക്ഷീരവികസനവുമായി ബന്ധപ്പെട്ട സേവനങ്ങളും നടപ്പാക്കിവരുന്നുണ്ട്. ആശാവർക്കർമാരുടേതുപോലുള്ള മാതൃകയിൽ മികച്ച രീതിയിൽ ടി പദ്ധതി പ്രവർത്തനം മുന്നോട്ടുപോകുകയാണ്. കാർഷിക മേഖലയിൽ

ഡ്രോണുകളടക്കമുള്ള സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് ഇടപെടൽ നടത്തിവരികയാണ്. 'ക്വിക്ക് സെർവ്' എന്ന ഹാഷ്ടാഗിൽ പാചകം, പ്രസവാനന്തര ശുശ്രൂഷ അടക്കമുള്ള നിരവധി ഗാർഹിക സേവനങ്ങളുമായി കുടുംബശ്രീ മുന്നോട്ടുപോകുകയാണ്. ഇതെല്ലാം ബ്രാൻഡ് ചെയ്തുകൊണ്ട് നാളെ ഏറ്റവും നല്ല മാർക്കറ്റിംഗിലൂടെ കുടുംബശ്രീയുടെ ഉല്പന്നങ്ങൾ ലോക വിപണിയെ കീഴടക്കുന്നകാലം വിദൂരമല്ല. കെ-സ്മാർട്ടിനെക്കുറിച്ച് വളരെയധികം ചർച്ചചെയ്തു. ഇൻഫർമേഷൻ കേരള മിഷന്റെ ഏറ്റവും മികച്ച ഒരു ഉല്പന്നമായി നാളെ കെ-സ്മാർട്ടിനെ ഡെവെലപ് ചെയ്യും. ആ ആപ്പിൽ ലക്ഷക്കണക്കിന് വ്യക്തികളാണ് ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇത് പ്രവാസികൾക്കാണ് ഏറ്റവും കൂടുതൽ ഗുണകരമാകുന്നത്. വിവാഹ സർട്ടിഫിക്കറ്റടക്കം നിരവധി സേവനങ്ങൾ വിവിധ തരത്തിലുള്ള നികുതികൾ അടയ്ക്കാനുള്ള സൗകര്യവും ഈ ആപ്പിലുണ്ട്. മിനിട്ടുകൾക്കുള്ളിൽത്തന്നെ തങ്ങളുടെ വിവാഹ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നത് സോഷ്യൽ മീഡിയയിലൂടെ ആഘോഷിക്കുന്നത് കണ്ടു. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും ഈ ആപ്പ് സഹായിച്ചിട്ടുണ്ട്. ആപ്പ് കൂടുതൽ ഡെവെലപ്പാകുന്ന മുറയ്ക്ക് കൂടുതൽ

മെച്ചപ്പെട്ടും. നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട് access permit-ന്റെ ഒരു പ്രശ്നമുണ്ട്. അതായത് വീടുകൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സർവ്വീസ് റോഡിലേയ്ക്ക് നേരിട്ട് കയറണമെങ്കിൽ 2,80,000/- രൂപയാണ് ആവശ്യപ്പെടുന്നുണ്ട്. പക്ഷെ ഇത് NHAI(National Highways Authority of India)-യിലേയ്ക്ക് നേരിട്ട് അടയ്ക്കാൻ സാധിക്കില്ല. NHAI-യുടെ ഓഫീസിൽ ചെല്ലുമ്പോൾ സർവ്വീസ് ഏജൻസികൾ വഴി അടയ്ക്കാനാണ് അവർ ആവശ്യപ്പെടുന്നത്. എന്നാൽ സർവ്വീസ് ഏജൻസികൾ സർവ്വീസ് ചാർജ്ജായി 2,20,000/- രൂപ കൂടി ചേർത്ത് അഞ്ച് ലക്ഷം രൂപ വരെയാണ് ആവശ്യപ്പെടുന്നത്. കെട്ടിട നമ്പർ കിട്ടണമെങ്കിൽ access permit വേണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പറയുന്നുണ്ട്. അപ്പോൾ അതിൽ കാര്യക്ഷമമായ ഇടപെടൽ ആവശ്യമാണ്. അതുപോലെ സ്കൂളുകളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ്സ് കൊടുക്കാൻ തീരുമാനിച്ചിരുന്നെങ്കിലും ഇപ്പോഴും പല അസിസ്റ്റന്റ് എഞ്ചിനീയർമാരും സ്കൂളുകൾക്ക് ഫിറ്റ്നസ്സ് കൊടുക്കാത്ത സാഹചര്യം നിലവിലുണ്ട്. പല സ്കൂളുകൾക്കും സമീപം സെമിത്തേരി

പോലുള്ളവയുടെ സാന്നിദ്ധ്യവും അതുപോലെ  കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ 2022-ൽ കൊണ്ടുവന്ന മാറ്റങ്ങൾകൊണ്ടുമൊക്കെ ഇവയ്ക്ക് ഫിറ്റ്നസ്സ് കിട്ടാത്ത അവസ്ഥയുണ്ട്. അതിന് കേരള എഡ്യൂക്കേഷൻ റൂൾസിൽ മാറ്റം വരുത്തുന്നതിനായി രണ്ട് ഡിപ്പാർട്ടുമെന്റുകളുമായി ചേർന്ന് ഇടപെടൽ നടത്തേണ്ട ആവശ്യകത ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. എന്റെ മണ്ഡലത്തിലെ മിക്കവാറും എല്ലാ പഞ്ചായത്തുകളും കോർപ്പറേഷനും C.R.Z. (Coastal Regulation Zone)-ന്റെ പരിധിയിൽ വരുന്നതാണ്. അതിൽ ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ഹിയറിംഗ് നടത്തിയിരുന്നെങ്കിലും അവ കാറ്റഗറി III-ൽനിന്നും II-ലേയ്ക്ക് ആക്കേണ്ടതുണ്ട്. കഴിഞ്ഞ ലിസ്റ്റ് വന്നപ്പോഴും 66 പഞ്ചായത്തുകളെ ഉൾപ്പെടുത്തിയതിൽ തെക്കൻ ജില്ലകളിൽനിന്നുള്ളവ നന്നേ കുറവാണ്. കൂടുതലും കോഴിക്കോട്, കണ്ണൂർ മേഖലയിലുള്ള പഞ്ചായത്തുകളാണ് കാറ്റഗറി III-ൽനിന്നും II-ലേയ്ക്ക് മാറിയത്. ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് നടത്തിയ ഹിയറിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉടനടി അതിനുള്ള സമ്മർദ്ദം ചെലുത്തണം. കാരണം ശക്തികുളങ്ങര, നീണ്ടകര പോലുള്ള മത്സ്യബന്ധനമേഖലകളിൽ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാൻ കഴിയുന്നില്ല.

ലക്ഷംവീടുകളുടെ പുനരുദ്ധാരണംപോലും നടത്താൻ പറ്റാത്ത ഒരു അവസ്ഥയാണുള്ളത്. അതുപോലെ KMML(Kerala Minerals and Metals Limited)-ന്റെ കുറച്ച് കോൺട്രാക്ടർമാരുടെ കീഴിലുള്ള അൻപതോളം വരുന്ന അതിഥി തൊഴിലാളികളെ പരിശോധിച്ചപ്പോൾ അവരിൽ 3 പേർ എച്ച്.ഐ.വി. പോസിറ്റീവാണെന്നും കുറേപേർക്ക് filariasis ഉണ്ടെന്നും കണ്ടെത്തി. ചികിത്സിക്കാൻ നോക്കുമ്പോൾ അവരെ പിന്നീട് കണ്ടെത്താൻ കഴിയാതെ പോകുന്ന അവസ്ഥയുമുണ്ട്. കൂടുതൽ പേരെ പരിശോധിക്കാനും കിട്ടില്ല. അതിഥി തൊഴിലാളികൾ, അവരുടെ ലേബർ ക്യാമ്പുകൾ എന്നിവ നമ്മുടെ പൊതുജനാരോഗ്യം സംബന്ധിച്ച ആക്റ്റിൽ വന്നിട്ടുണ്ട്. പക്ഷെ ഇതെല്ലാം നടപ്പാക്കേണ്ടത് പഞ്ചായത്തുകളാണ്. അതിനാൽ അതിനുള്ള ഒരു സംവിധാനം പഞ്ചായത്തുകൾ ഒരുക്കേണ്ടതുണ്ട്, പ്രത്യേകിച്ചും മാലിന്യനിർമ്മാർജ്ജനം, അപകടകരമായ മരങ്ങൾ മുറിക്കുക എന്നിവ സംബന്ധിച്ച് ഒരുപാട് എൻഫോഴ്സ്മെന്റ് ആക്റ്റിവിറ്റീസ് പഞ്ചായത്ത് ചെയ്യേണ്ടതുണ്ട്, അതിനുള്ള സജ്ജീകരണങ്ങളുണ്ടാകണം. എക്സൈസുമായി ബന്ധപ്പെട്ട് വളരെ നാളത്തെ ആവശ്യമാണ് കൊല്ലം ജില്ലയിലെ ചവറ, കുണ്ടറ,

പുനലൂർ മേഖലയിൽ എക്സൈസ് റെയ്ഞ്ച് ആരംഭിക്കുക എന്നത്. ഇത്രയധികം ജനസാന്ദ്രതയുള്ള സ്ഥലത്ത്, 'വിമുക്തി' പോലുള്ള പദ്ധതികളുണ്ടെങ്കിലും പ്രത്യേകിച്ച് സിന്തറ്റിക് ഡ്രഗ്സിന്റെ ഉപയോഗം വളരെ കൂടുതലാണ്. അത് കൃത്യമായി കണ്ടുപിടിക്കുന്നതിനുള്ള ശ്രമം ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. മാത്യു ടി. തോമസ്: സർ, സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ രാജ്യത്ത് ഒന്നാം സ്ഥാനം സ്ഥിരമായി നിലനിർത്താൻ കഴിയുന്നൊരു സംസ്ഥാനമാണ് കേരളമെന്ന അഭിമാനത്തോടുകൂടിതന്നെയാണ് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നത്. ചർച്ച ആരംഭിച്ച കുറ്റ്യാടി എം.എൽ.എ. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ 1990-ലെ ജില്ലാ കൗൺസിലുകളെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ആ കൗൺസിലുകളെ സംബന്ധിച്ച നിയമനിർമ്മാണം സഭയിൽ നടക്കുമ്പോൾ ഞാൻ ആ സഭയിൽ അംഗമായിരുന്നു. അന്ന് പ്രതിപക്ഷനേതാവായിരുന്ന കെ. കരുണാകരൻ ഇത് വലിയ വിരോധാഭാസമാണെന്നും സി.പി.ഐ.(എം.) എന്ന പാർട്ടിയും ഇടതുപക്ഷവും ജനാധിപത്യ കേന്ദ്രീകരണത്തിനുവേണ്ടി നിലകൊള്ളുന്ന

പ്രസ്ഥാനമായിരിക്കെ അവർ എന്തുകൊണ്ടാണ് വികേന്ദ്രീകരണം എന്ന വാക്ക് ഉപയോഗിക്കുന്നുവെന്നുള്ള ആക്ഷേപമാണ് അന്ന് ഉന്നയിച്ചത്. പൊതുമണ്ഡലത്തിൽ ശ്രീ. എം. ജി. എസ്. നാരായണൻ ഉന്നയിച്ച ഒരു വാദത്തിന് ഉപോൽബലകമായി നിന്നുകൊണ്ടാണ് ആ പ്രശ്നം അന്ന് ചർച്ച ചെയ്യപ്പെട്ടത്. അന്ന് നിയമം കൈകാര്യം ചെയ്തിരുന്നത് അന്നത്തെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി വി. ജെ. തങ്കപ്പനായിരുന്നു. അന്നത്തെ മുഖ്യമന്ത്രി ഇ. കെ. നായനാർ ഇ.എം.എസ്-ന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞ മറുപടി 'ജനാധിപത്യ കേന്ദ്രീകരണം ഞങ്ങളുടെ സംഘടനാ തത്വമാണ്, എന്നാൽ ഞങ്ങളുടെ ഭരണത്തിന്റെ ചട്ടക്കൂടിന്റെ തത്വമെന്ന് പറയുന്നത് ജനാധിപത്യ അധികാര വികേന്ദ്രീകരണമാണ്' എന്നാണ്. അതുകൊണ്ടാണ് ഇടതുപക്ഷത്തിന് മുൻകയ്യുണ്ടായിരുന്ന പശ്ചിമ ബംഗാളിലും കേരളത്തിലും ത്രിപുരയിലും മാത്രമാണ് ഈ അധികാര വികേന്ദ്രീകരണമെന്ന ആശയം ഫലകരമായി നടപ്പാക്കാൻ കഴിഞ്ഞത്. സമീപനത്തിലെ വ്യത്യസ്തതയാണിത്. ജില്ലാ കൗൺസിലുകൾ 1990-ൽ അധികാരത്തിൽ വന്നുവെങ്കിൽ 1991-ൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. ഗവൺമെന്റ്

ആദ്യംതന്നെ അവയ്ക്ക് നൽകപ്പെട്ട അധികാരങ്ങൾ മുഴുവൻ തിരിച്ചുപിടിച്ചു. 73, 74 ഭരണഘടനാ ഭേദഗതികൾ വരുന്നതിനുമുമ്പുതന്നെ അവയെ വെറും കടലാസ്സുപുലികളാക്കി മാറ്റി. അധികാരങ്ങൾ തീരെയില്ലാതാക്കി പിന്നീട് അവയെ പിരിച്ചുവിട്ടു. ഭരണഘടനാ ഭേദഗതി അടിസ്ഥാനപ്പെടുത്തിയുള്ള നിയമനിർമ്മാണം കേരള സംസ്ഥാനത്ത് നടക്കുന്നത് അവസാന നിമിഷത്തിലാണ്. സമയക്കുറവുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട കുറ്റ്യാടി എം.എൽ.എ. സൂചിപ്പിച്ചതുപോലെ ഉദ്യോഗസ്ഥ സംവിധാനത്തെ തിരഞ്ഞെടുക്കപ്പെട്ട ജനസംവിധാനത്തിന് കീഴിലാക്കിയിരുന്ന ജില്ലാ കൗൺസിലുകളിൽനിന്നും വ്യത്യസ്തമായി ജില്ലാ കളക്ടർ അതിന് പുറത്ത് നിൽക്കുകയും ജില്ലാ തലത്തിലുള്ള ഭരണകൂടം ഉദ്യോഗസ്ഥ മേധാവിത്വത്തോടുകൂടി നിലനിൽക്കുന്ന ഒരു സംവിധാനമായിട്ടാണ് നമ്മുടെ ജില്ലാ പഞ്ചായത്തുകൾ നിലവിൽവന്നത്. ആ ഒരു പോരായ്മ അവിടെ നിലനിൽക്കുകയാണ്. പക്ഷെ നാം കുറേയെറെ വർഷങ്ങളായി അങ്ങനെതന്നെ മുന്നോട്ടുപോയ്കൊണ്ടിരിക്കുകയാണ്. ജില്ലാ കൗൺസിൽ ഉണ്ടായിരുന്നപ്പോഴുണ്ടായിരുന്ന നഗര-ഗ്രാമ ഏകോപനം

നഷ്ടമായി. കുറഞ്ഞപക്ഷം ഒരു സംയോജിത വകുപ്പെങ്കിലും രൂപപ്പെടുത്താൻ കഴിഞ്ഞു എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലെ ഒരു പ്രത്യേകത. ഈയൊരു പ്രശ്നം, അതായത് ഉദ്യോഗസ്ഥ മേധാവിത്വം നമ്മുടെ ഭരണ സംവിധാനത്തിൽ നിലനിൽക്കുന്ന ആ ഒരു രീതി കുറേ വർഷങ്ങളായി തുടരുകയാണ്. അതിന്റെ ഒരു പ്രതിഫലനം നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഒരു വിഷയം, നമ്മുടെ ഇടനിലയിലുള്ള ബ്ലോക്ക് പഞ്ചായത്തുകൾക്ക് സംസ്ഥാനത്ത് ഫലകരമായി പ്രവർത്തിക്കാൻ കഴിയുന്ന ഒരു അവസ്ഥാവിശേഷമുണ്ടോ? അതിന്റെ സാംഗത്യത്തെ സംബന്ധിച്ച് ഈ സഭയിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പാലോളി മുഹമ്മദ് കുട്ടി സംശയം പ്രകടിപ്പിച്ചത് ഞാൻ ഓർക്കുന്നു. എന്നാൽ അതേസമയം നമ്മുടെ പ്രാദേശിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ നിയന്ത്രിക്കുന്നതിനുപകരം പലപ്പോഴും പഞ്ചായത്ത് സെക്രട്ടറിമാർ, മുനിസിപ്പൽ സെക്രട്ടറിമാർ എന്നിവർ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റുമാർ, മുനിസിപ്പൽ ചെയർമാൻമാർ എന്നിവർക്ക് അങ്ങോട്ട് നിർദ്ദേശങ്ങൾ

കൊടുക്കുന്ന ഒരു ദുരവസ്ഥ ചില സമിതികളിലെങ്കിലും ഉണ്ടെന്നുള്ളത് ഗൗരവമായി കാണണം. ആത്യന്തികമായി ജനങ്ങളിലേയ്ക്ക് അധികാരം ചെല്ലത്തക്കവണ്ണമുള്ള സംവിധാനങ്ങളുണ്ടാകണം. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നാം രൂപപ്പെടുത്തിയെടുത്ത ഗ്രാമസഭകൾ ചില സ്ഥലത്തെങ്കിലും നാമമാത്രമായാണ് നടക്കുന്നത്. പദ്ധതി കരട് രേഖ ചർച്ചയും പദ്ധതിയാസൂത്രണവുമൊക്കെ കേവലം ഔപചാരികതകളായാണ് ചില സ്ഥലങ്ങളിൽ നടക്കുന്നത്, എല്ലാ സ്ഥലങ്ങളിലും അങ്ങനെയാണെന്ന് ഞാൻ പറയുന്നില്ല. ഇവയെ ഫലപ്രദമാക്കുന്നതിനായുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ള ഒരു നിർദ്ദേശം. മറ്റൊരു നിർദ്ദേശം, നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിംഗ് പലപ്പോഴും കാര്യക്ഷമമാകുന്നില്ല. ഞങ്ങൾ എം.എൽ.എ.മാർ പല പ്രയാസങ്ങളും അനുഭവിക്കുന്നുണ്ട്. എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ട്, നിയോജകമണ്ഡലത്തിന്റെ പ്രത്യേക വികസന ഫണ്ട് എന്നിവ സംബന്ധിച്ചുള്ള നടപടികൾ നടപ്പാക്കുന്ന കാര്യങ്ങളൊക്കെ വലിയ താൽപര്യക്കുറവ് ഞാനടക്കം അനുഭവിക്കുന്നുണ്ട്, ഭരണകക്ഷി

എം.എൽ.എ.യാണെന്ന് പറഞ്ഞിട്ട് ഒരു കാര്യവുമില്ല. അത് നമ്മുടെ സംസ്ഥാനത്തിന്റെ ഒരു പൊതു ട്രെൻഡായി മാറിയിരിക്കുകയാണ്. നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിംഗിനെ ശക്തമാക്കാൻ വളരെ ശക്തമായ ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം എന്നുള്ള നിർദ്ദേശംകൂടി ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. ഞാൻ മുമ്പ് പറഞ്ഞതുപോലെ സമീപനത്തിലെ വ്യത്യസ്തതപോലെതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തമാക്കാനുള്ള പ്രതിബദ്ധത പ്രകടിപ്പിക്കുന്ന ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ഫിനാൻസ് കമ്മീഷൻ പറഞ്ഞത് ഓരോ വർഷവും 0.5 ശതമാനമെങ്കിലും വർദ്ധിപ്പിച്ച് മൊത്തം പദ്ധതി വിഹിതത്തിന്റെ മുപ്പത് ശതമാനംവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറണമെന്നാണ്. 2021-22-ൽ പദ്ധതി വിഹിതത്തിന് 26 ശതമാനമാണ് നൽകിയതെങ്കിൽ 2024-25-ൽ 28.09 ശതമാനം കൊടുക്കാൻതക്കവണ്ണമുള്ള ഒരു മനസ്സ് ഗവൺമെന്റ് പ്രകടമാക്കിയിരിക്കുന്നുവെന്നത്, അത് സമീപനത്തിലെ വ്യത്യസ്തതയാണ്. വർഷങ്ങളായി പുതുക്കാതിരുന്ന നികുതികൾ

വർദ്ധിപ്പിച്ചതുമൂലം പഞ്ചായത്തുകളുടെ തനത് വരുമാനമാണ് വർദ്ധിച്ചത്. ഇതിന്റെ പേരിൽ ഗവൺമെന്റിനെ വലിയ രീതിയിൽ വിമർശിക്കുന്നുണ്ട്. എന്നാൽ ഒരു ചില്ലിക്കാശുപോലും ഈ നികുതി വർദ്ധനവിലൂടെ ഗവൺമെന്റിന് കിട്ടില്ല. അതത് സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ വരുമാനമുണ്ടാക്കാൻ വേണ്ടിയുള്ള നടപടികളാണവ. അതാണ് ഞാൻ പ്രതിബദ്ധതയെയും ഇച്ഛാശക്തിയെയുംക്കുറിച്ച് സൂചിപ്പിച്ചത്. പഴി മുഴുവൻ സർക്കാരിനും മെച്ചം മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമെന്ന ഒരു അവസ്ഥാവിശേഷമാണ് അതുസംബന്ധിച്ച് ഉണ്ടായിരിക്കുന്നത്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ദേശീയതലത്തിൽ ശ്രദ്ധപിടിച്ചുപറ്റിയ ഒരു പദ്ധതിയാണ്. നീതി ആയോഗിന്റെ റിപ്പോർട്ട് പ്രകാരം 0.55 ശതമാനം മാത്രമാണ് കേരളത്തിൽ അതിദരിദ്രരുള്ളത്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ നമ്മുടെ സംസ്ഥാനം ഒന്നാം സ്ഥാനത്താണ്. 64000 കുടുംബങ്ങൾ മാത്രമാണ് അതിദരിദ്രരായുള്ളത്. സൂക്ഷ്മപദ്ധതികളിലൂടെ 2023 നവംബർ ആയപ്പോഴേയ്ക്കും 30000 പേരെ അതിൽനിന്നും മാറ്റിയെടുക്കാനും 2025-ൽ അതിദാരിദ്ര്യം പൂർണ്ണമായി തുടച്ചുനീക്കാനുമുള്ള നടപടികളിലേയ്ക്കാണ് നീങ്ങുന്നത്.

കോൺഗ്രസ്സോ ബി.ജെ.പി.-യോ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഈ നേട്ടം സാധ്യമാണോ? കുടുംബശ്രീ ഇക്കാര്യത്തിൽ വഹിച്ചിട്ടുള്ള സംഭാവന വളരെ വലുതാണ്. വിലക്കയറ്റം, ജീവിതനിലവാര മാനദണ്ഡങ്ങൾ മാറുന്നതനുസരിച്ച് ദാരിദ്ര്യ നിർമ്മാർജ്ജനം ഫലപ്രദമായി മാറണമെങ്കിൽ കൂടുതൽ വരുമാനം ഭവനങ്ങളിലെത്തിക്കാനുള്ള നടപടികളിലേയ്ക്ക് നീങ്ങണം. മാലിന്യ സംസ്കരണത്തെ സംബന്ധിച്ചുകൂടി ഒരു വാക്ക് പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. 75000 മെട്രിക് ടൺ പ്ലാസ്റ്റിക് മാലിന്യമാണ് 34500 ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിച്ചത്. ഓരോ അംഗത്തിനും പതിനായിരം രൂപ മുതൽ അൻപതിനായിരം രൂപ വരെയങ്കിലും മാസവരുമാനം കിട്ടുന്നുണ്ട്. അത് മിനിമം പതിനായിരം രൂപയായി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. മാലിന്യമുക്ത നവകേരളം എന്നതിനെ സംബന്ധിച്ച് വളരെ ശക്തവും ഫലപ്രദവുമായ ബോധവൽക്കരണ നടപടിയുണ്ടാകുന്നതിനോടൊപ്പംതന്നെ കർശനമായ നിയമ നടപടികൾക്കൂടിയുണ്ടാകണം. നമ്മുടെ നാട്ടിൽ പല നിയമങ്ങളുമുണ്ട്. ഞാൻ

ഈ സഭയിൽ ഒരിക്കൽ പറഞ്ഞതാണ്. പഞ്ചായത്ത് രാജ് ആക്ടിൽ നിയമവ്യവസ്ഥയുണ്ട്. കഴിഞ്ഞ ഒന്നാം പിണറായി വിജയൻ ഗവൺമെന്റ് കൊണ്ടുവന്ന The Kerala Irrigation and Water Conservation **(Amendment)** Act, 2018-ൽ തടവും പിഴയും പറഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് The Kerala Public Health Act, 2023 പാസ്സാക്കിയിട്ടുണ്ട്. അതിലും തടവ് ശിക്ഷയുണ്ട്. പക്ഷെ ഇതൊന്നും പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിയുന്നില്ല. മാലിന്യമുക്ത നവകേരളത്തിനുവേണ്ടി ഈ വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കുന്ന അവസ്ഥയുണ്ടാകണം. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. 'മുട്ടുവിൻ തുറക്കപ്പെടും, അന്വേഷിപ്പിൻ കണ്ടെത്തും' എന്ന് ബൈബിളിൽ ഒരു വാക്യമുണ്ട്. യഥാർത്ഥത്തിൽ മുട്ടാതെ തന്നെ തുറക്കേണ്ട വാതിലുകളാണ് നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെന്ന് ഒരു കാലഘട്ടത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് നേതൃത്വം നൽകിയ എസ്. എം. വിജയാനന്ദ് പറഞ്ഞത് ഞാൻ ഓർക്കുകയാണ്. വളരെ അർത്ഥവത്തായ

വാക്കുകളാണ്. കാരണം കേരളത്തിന്റെ..., ഒരുപക്ഷെ ഭൗതികമായ വികസന പ്രവർത്തനങ്ങൾ എല്ലാ മേഖലയിലും നടക്കുമ്പോഴും സാമൂഹിക പുരോഗതിയുടെ ഏറ്റവും പ്രധാനപ്പെട്ട പ്രക്രിയ നടക്കുന്നത് നമ്മുടെ ഗ്രാമപഞ്ചായത്തുകളിലും ത്രിതലപഞ്ചായത്തുകളിലുമാണ്. ഈ മേഖലയിൽ ഒട്ടേറെ വിഷയങ്ങൾ നിലനിൽക്കുന്നുണ്ട്. സമയപരിമിതികൊണ്ട് ഞാൻ ആ കാര്യങ്ങളിലേയ്ക്ക് മാത്രമായി കടക്കാൻ ആഗ്രഹിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തുനിന്നും പുനർവിന്യസിക്കപ്പെട്ട ജീവനക്കാരുടെ പുനർവിന്യാസം ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. പഞ്ചായത്തുകളെ ഏൽപ്പിക്കുന്ന ഒട്ടേറെ പ്രവർത്തനങ്ങൾക്ക് ഇപ്പോഴും ആവശ്യത്തിന് സ്റ്റാഫില്ലെന്ന പ്രശ്നമുണ്ട്. പുനർവിന്യാസം സമയബന്ധിതമായി പൂർത്തീകരിക്കുക എന്നുള്ള വളരെ പ്രധാനപ്പെട്ട വിഷയം നമ്മുടെ മുമ്പിലുണ്ട്. ജൂനിയർ സൂപ്രണ്ട് പോസ്റ്റ് വരെയുള്ളവരെ പഞ്ചായത്തുകളിലേയ്ക്ക് നിയമിച്ചിട്ടുണ്ട്. ക്ലെറിക്കൽ പോസ്റ്റുകളിലുള്ള ആളുകൾ ഇപ്പോഴും ജെ.ഡി. (ജോയിന്റ് ഡയറക്ടർ)-മാരുടെ ഓഫീസുകളിൽതന്നെ തുടരുന്ന സാഹചര്യമുണ്ട്. ആ സാഹചര്യം ഒഴിവാക്കി പുനർവിന്യാസം എത്രയും വേഗം

പൂർത്തീകരിക്കണമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതോടൊപ്പം കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി തുക പിരിച്ചെടുക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുണ്ട്. ഇതിനകത്തൊരു ചെറിയ പ്രശ്നമുള്ളത് കേന്ദ്ര നിയമപ്രകാരമനുസരിച്ചാണ് പിരിക്കുന്നത്. നേരത്തെ പത്ത് ലക്ഷം രൂപ വരെയുള്ള കെട്ടിടങ്ങളെ ഒഴിവാക്കിയിരുന്നു. ഇപ്പോൾ ഇവിടെയൊരു പ്രശ്നം വന്നിരിക്കുന്നത് 100 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് 7050 രൂപയാണ് അടയ്ക്കേണ്ടി വരുന്നത് എന്നതാണ്. എന്നുപറഞ്ഞാൽ 50 ചതുരശ്ര മീറ്റർ വരുമ്പോൾ 3500 രൂപ അടയ്ക്കണം. സാധാരണഗതിയിൽ നമ്മുടെ നാട്ടിൽ വളരെ ചെറിയ വീട് വയ്ക്കുന്ന ആളുകളെ സംബന്ധിച്ച് ബുദ്ധിമുട്ടുള്ള കാര്യമാണ്. ഏറ്റവും ചെറിയ വീടുകളെ ഇക്കാര്യത്തിൽനിന്ന് ഒഴിവാക്കാൻ കഴിഞ്ഞാൽ അതവർക്ക് സഹായകരമായിരിക്കും. ഈ കാര്യത്തിൽ ഗവൺമെന്റ് ഒരു പുന:പരിശോധനയ്ക്ക് തയ്യാറാകണമെന്ന് വളരെ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. നമ്മുടെ പഞ്ചായത്തുകൾ ഏറ്റെടുത്തിരിക്കുന്ന മറ്റൊരു ദൗത്യമാണ് മാലിന്യ പ്രശ്നം. ഇപ്പോഴും മാലിന്യ നിർമ്മാർജ്ജനവുമായി

ബന്ധപ്പെട്ട് നമ്മുടെ മുമ്പിലുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമെന്നത് കളക്ട് ചെയ്ത വസ്തുക്കൾ ട്രാൻസ്ഫർ ചെയ്ത് എത്തിക്കാനുള്ള സംവിധാനം സജീവമാക്കാൻ കഴിഞ്ഞിട്ടില്ലെന്നതാണ്. അതിനായി ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയെങ്കിലും അവർ അത് മറ്റ് സ്ഥാപനങ്ങളെ ഏൽപ്പിക്കുകയാണ്. പക്ഷെ പ്രായോഗികമായ പ്രശ്നം..... ഉദാഹരണത്തിന് ബില്ലുപോലും ഇതുവരെയും നൽകാത്ത അവസ്ഥയുണ്ട്. ക്ലീൻ കേരള കമ്പനി ഇക്കാര്യത്തിൽ കുറച്ചുകൂടി കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരണം. Material Collection Facility (MCF)-കൾ നിർമ്മിക്കാൻ പലപ്പോഴും റവന്യൂ ഭൂമി കിട്ടാനില്ല. പഞ്ചായത്തുകൾക്ക് ഭൂമിയില്ല. ഇത് ഞാൻ നേരത്തെ നിയമസഭയിൽ സൂചിപ്പിച്ച ഒരു കാര്യമാണ്. പഞ്ചായത്തുകൾ മുഖേന സ്വകാര്യ വ്യക്തികളിൽനിന്ന് ലീസിന് സ്ഥലം ഏറ്റെടുത്ത് എം.സി.എഫ്.-കൾ നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിച്ചാൽ നന്നായിരിക്കുമെന്ന ഒരു നിർദ്ദേശമാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളത്. റവന്യൂ ഭൂമി യഥാർത്ഥത്തിൽ സർക്കാരിന്റെ മറ്റ് കാര്യങ്ങൾക്ക് കൊടുക്കാമെങ്കിലും സ്വകാര്യ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിൽ നിയമപരമായ ചില തടസ്സങ്ങളുണ്ട്. ആ തടസ്സങ്ങൾ

മാറ്റാനുള്ള ശ്രമമുണ്ടാകണമെന്നതാണ് മറ്റൊരു പ്രധാനപ്പെട്ട കാര്യം. ഇപ്പോൾ നമ്മൾ കെ-സ്മാർട്ടിലേയ്ക്ക് വരികയാണ്. കെ-സ്മാർട്ട് നഗരങ്ങളിൽ പരീക്ഷിച്ചെങ്കിലും പഞ്ചായത്തുകളിലേയ്ക്ക് വരുമ്പോൾ അക്കാര്യത്തിൽ എന്തെങ്കിലും തകരാറുകളുണ്ടെങ്കിൽ അത് പുന:പരിശോധിച്ച് കുറേക്കൂടി കാര്യക്ഷമമാക്കണം. ഡിജിറ്റലൈസേഷൻ നടപ്പാക്കിയത് സ്വാഗതാർഹമാണ്. പക്ഷെ ഏറ്റവും രസകരമായ കാര്യം, നിലവിൽ ഓൺലൈനായി സമർപ്പിക്കുന്ന പല ബില്ലുകൾക്കുമൊപ്പം പ്രിന്റ് ഔട്ട് കൂടി നൽകണമെന്ന് പറയുന്നുണ്ട്. യഥാർത്ഥത്തിൽ പേപ്പർ ഇല്ലാതാക്കാനാണ് ഓൺലൈനാക്കുന്നത്. പക്ഷെ വീണ്ടും രണ്ടുംകൂടി ചെയ്യുന്ന പ്രക്രിയയെന്ന് പറയുന്നത് ഒരിക്കലും ആശാസ്യമായ കാര്യമല്ല. അക്കാര്യത്തിൽ ഗൗരവമായ പരിഗണനയുണ്ടാകണം. അസറ്റ് രജിസ്റ്ററുകൾ എല്ലാ പഞ്ചായത്തുകളിലും ഇപ്പോഴും പൂർണ്ണമായിട്ടില്ല. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടക്കുന്നു അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. എക്സൈസുമായി ബന്ധപ്പെട്ട ഒരു കാര്യംകൂടി പറയാം. എക്സൈസ് ഡിപ്പാർട്ട്മെന്റ് കുട്ടികൾക്കുൾപ്പെടെ ബോധവൽക്കരണ പരിപാടി നടത്തുന്നുണ്ട്. പക്ഷെ അവിടെയെല്ലാം എക്സൈസിലെ നിയമങ്ങൾ

ഉൾപ്പെടെയാണ് പഠിപ്പിക്കുന്നത്. ഇതുണ്ടാക്കുന്ന ശാരീരികമായ പ്രത്യാഘാതങ്ങളെക്കുറിച്ച് കൃത്യമായ അവബോധം നൽകുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ കാര്യത്തിൽ പുനർചിന്തനയുണ്ടാകണം. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് വിലയിടിവ് തടയാൻ, ജാതിക്ക ഉൾപ്പെടെയുള്ള വസ്തുക്കൾ കൊണ്ട് വൈനുണ്ടാക്കാൻ ഈ ഗവൺമെന്റ് പരിശോധിക്കണമെന്നുകൂടി സൂചിപ്പിക്കുന്നു. കാര്യക്ഷമമായി പ്രവർത്തിക്കുന്നതുകൊണ്ട് ഏറ്റവും കൂടുതൽ എക്സൈസ് കേസ്സുകളെടുക്കുന്നത് ചങ്ങനാശ്ശേരി റെയിഞ്ച് ഓഫീസിലാണ്. അതിന്റെ പരിധി വളരെ കൂടുതലാണ്. അതുകൊണ്ട് ചങ്ങനാശ്ശേരി റെയിഞ്ചിനെ ഡിവൈഡ് ചെയ്ത് കറുകച്ചാൽ കേന്ദ്രമാക്കിക്കൊണ്ട് ഒരു റെയിഞ്ച് ഓഫീസ് കൂടി എക്സൈസ് ഡിപ്പാർട്ട്മെന്റ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങളെ വളരെ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്ന ഗവൺമെന്റിനെ അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പഞ്ചായത്ത്, നഗരസഭാ വികസനം, എക്സൈസ്, ഗ്രാമവികസനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഞങ്ങൾ ഈ ചർച്ചയിൽ പങ്കെടുക്കുമ്പോൾ രാഷ്ട്രീയം പറയണമെന്ന് ആഗ്രഹിച്ചതല്ല. പക്ഷെ ഈ ചർച്ച തുടങ്ങുമ്പോൾതന്നെ സി.പി.ഐ.(എം.)-ന്റെ കുറ്റ്യാടി മെമ്പർ ലീഗിനെ അസഭ്യംപറഞ്ഞുകൊണ്ടാണ് തുടങ്ങിയത്. സി.പി.ഐ.(എം.) ഇത് ഇടയ്ക്കുവച്ച് നിർത്തിയതായിരുന്നു. ഇപ്പോൾ വീണ്ടും പഴയപടിയിലേയ്ക്ക് പോകാൻ ശ്രമിക്കുകയാണ്. ബാബറി മസ്ജിദ് പൊളിച്ച ആർ.എസ്.എസ്., അതിന് കൂട്ടുനിന്ന കോൺഗ്രസ് എന്നൊക്കെയാണ് ലീഗിനെ പറയുന്നത്. ബാബറി മസ്ജിദ് എന്ന് സി.പി.ഐ.(എം.) പ്രയോഗിക്കാൻ തുടങ്ങിയത് അത് പൊളിച്ചതിനുശേഷം ഈ അടുത്ത കാലത്താണ്. തർക്ക മന്ദിരമെന്നാണ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് നേരത്തെ പറഞ്ഞത്. എപ്പോഴാണ് മസ്ജിദ് ആയതെന്നുള്ളത് ഈ ചരിത്രമറിയുന്ന എല്ലാവർക്കുമറിയാം. ഒറ്റകാര്യമേ പറയുന്നുള്ളൂ, നിങ്ങളുടെ ഈ സ്നേഹവും പ്രേമവുമൊക്കെ കേരളത്തിലെ ജനങ്ങൾ.... സി.ഐ.എ.-യുടെ കേസ്സുവന്നു. സി.ഐ.എ. National Register of Citizen (NRC)-ക്ക് കീഴിൽ

സമരം നടത്തി. ആ കേസ്സുകളൊക്കെ പിൻവലിക്കാതെ ഈ ഗവൺമെന്റ് മുന്നോട്ടുപോയി. വീണ്ടും സി.ഐ.എ. വിരുദ്ധ പ്രസംഗം നടത്തിയപ്പോൾ സി.പി.ഐ.(എം.)-ന്റെ കാപട്യ മുഖം ജനം തിരിച്ചറിഞ്ഞതാണ് ഈ തിരഞ്ഞെടുപ്പിൽ അവർക്ക് കിട്ടിയ തിരിച്ചടി. അത് മനസ്സിലാക്കി വേണം ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അടക്കമുള്ള ആളുകൾ സംസാരിക്കാൻ. കോൺഗ്രസ് വിരോധം പറഞ്ഞിട്ട് ഇപ്പോൾ ആർ.എസ്.എസ്.-നെയും ശ്രീ. നരേന്ദ്ര മോദിയെയും മൂന്ന് വട്ടം അധികാരത്തിലെത്തിച്ചത് സി.പി.ഐ.(എം.) ആണ് എന്നുള്ള അവരുടെ പാപപങ്കിലമായ കൈകൾ അവർ കഴുകിക്കളയണമെന്നതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അവരാണ് ഇതിൽ എത്തിച്ചത്. ഏതായാലും ഞാൻ സുദീർഘമായി രാഷ്ട്രീയം പറയുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഞെക്കിക്കൊല്ലുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ അതിന്റെ വിശദമായ കണക്കുകളിലേയ്ക്ക് പോകുന്നില്ല. 2023-24 സാമ്പത്തിക വർഷം വികസന ഫണ്ട് ഇനത്തിൽ 5,552 കോടി രൂപയും മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 3,647 കോടി രൂപയും ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 2,244 കോടി

രൂപയുമാണ് ബജറ്റിൽ വകയിരുത്തിയിരുന്നത്. എന്നാൽ എത്ര രൂപ ലഭിച്ചുവെന്ന് നമുക്കെല്ലാവർക്കും അറിയാം. അതിൽതന്നെ അവസാനം നിരവധി ഗഡുക്കൾ ലഭിച്ചിട്ടില്ല, ട്രഷറി നിയന്ത്രണമുണ്ടായി, ഡിസംബറിൽ നൽകേണ്ട വികസന ഫണ്ട് മാർച്ച് 22-നാണ് നൽകിയത്, മാർച്ച് 27-വരെയുള്ളതിൽ ഒരു ലക്ഷത്തിന് താഴെയുള്ള ബില്ലുകൾ മാത്രമാണ് ട്രഷറികൾ സ്വീകരിച്ചിട്ടുള്ളത്. ഈ വിഷയം 20-06-2024-ന് ഞാൻ സബ്മിഷനായി അവതരിപ്പിച്ചിരുന്നു. അന്ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ വകുപ്പുമന്ത്രിയാണ് മറുപടി പറഞ്ഞത്. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന, വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടിയായി നൽകിയത്. മെയിന്റനൻസ് ഗ്രാന്റിന്റെ അവസാന ഗഡുവായ 1,215 കോടി രൂപയും ജനറൽ പർപ്പസ് ഗ്രാന്റിന്റെ അവസാന മൂന്ന് ഗഡുക്കളായ 557 കോടി രൂപയും 2023-24 സാമ്പത്തിക വർഷം അനുവദിച്ചിട്ടില്ലെന്നത് യഥാർത്ഥ്യമാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ, വികസന ഫണ്ട് നൽകിയിട്ടുള്ളത് 2024 മാർച്ച് മാസത്തിൽ മാത്രമാണ്. ഇത് നൽകിയെന്ന് പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കുന്നതിനാണ്

ബഹുമാനപ്പെട്ട മന്ത്രി അന്ന് ശ്രമിച്ചത്. അനുവദിച്ച ബജറ്റ് വിഹിതത്തിൽനിന്നുതന്നെ 487.8 കോടി രൂപയുടെ മെയിന്റനൻസ് ഗ്രാന്റ് ബില്ലുകൾ ട്രഷറിയിൽ സ്വീകരിച്ചതിനുശേഷം സാമ്പത്തിക വർഷം അവസാനിച്ചപ്പോഴേയ്ക്കും അത് തിരികെ നൽകുകയാണ് ചെയ്തിട്ടുള്ളത്. അതിനെല്ലാം പുറമെ വികസന ഫണ്ടിൽ മാത്രം ട്രഷറിയിൽ സമർപ്പിച്ച 668.32 കോടി രൂപയുടെ ബില്ലുകൾ തുക അനുവദിക്കാതെ തിരിച്ച് നൽകുകയുമാണുണ്ടായത്. ഇതാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടുള്ള ഗവൺമെന്റിന്റെ സമീപനം. അധികാര വികേന്ദ്രീകരണം കൊണ്ടുവന്നതിന്റെ പിതാക്കൾ ഞങ്ങളാണ് എന്നൊക്കെ പറയുന്ന ചില പ്രസംഗങ്ങൾ ഇവിടെ നടക്കുകയുണ്ടായി. ഇന്ത്യയിൽ ആദ്യമായി പഞ്ചായത്ത്‌രാജ് ആക്റ്റ് കൊണ്ടുവന്നത് 1993-94 വർഷങ്ങളിലാണെന്ന് നമുക്കെല്ലാവർക്കും അറിയാം. കേരളത്തിൽ അത് നടപ്പിലാക്കിയത് യു.ഡി.എഫ്.-ന്റെ മന്ത്രിസഭയാണ്. അന്ന് മുസ്ലീം ലീഗിന്റെ മന്ത്രിയാണ് പഞ്ചായത്ത് വകുപ്പ് കൈകാര്യം ചെയ്തിരുന്നത്. അതിനാൽ അധികാര വികേന്ദ്രീകരണം കൊണ്ടുവന്ന് പഞ്ചായത്ത്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയ

കാര്യത്തിൽ യു.ഡി.എഫ്. എന്നും മുന്നിലാണെന്നുള്ളത് നാട്ടുകാർക്കും തദ്ദേശീയർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആളുകൾക്കും അറിയാം. ഈ കാര്യങ്ങളൊക്കെയായി മുന്നോട്ടുപോകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇന്ന് മുപ്പത് വയസ് പിന്നിടുകയാണ്. പഞ്ചായത്ത് രാജ് ആക്റ്റുപ്രകാരം നിലവിൽവന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുപ്പത് വർഷം പിന്നിടുന്ന ഘട്ടത്തിൽ, ഈ സർക്കാർ സത്യത്തിൽ പഞ്ചായത്തുകളെ ഞെക്കിക്കൊല്ലുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. കൊടുക്കാനുള്ള ഫണ്ട് നൽകുന്നില്ല, ഫണ്ട് നൽകിയിട്ട് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തുന്നു, ആ ഫണ്ടിന് അവർ എടുത്തിട്ടുള്ള പദ്ധതികൾക്ക് തൊട്ടടുത്ത വർഷത്തേയ്ക്ക് ഫണ്ട് നൽകികൊണ്ട് ക്യാരിഓവർ ചെയ്യാൻ സമ്മതിക്കുന്നില്ല. ഓരോ വർഷത്തിലും ബജറ്റ് അവതരിപ്പിക്കുമ്പോൾ ഏത് പദ്ധതിക്കാണെങ്കിലും പത്ത് ശതമാനം എല്ലാവർഷവും കൂട്ടിക്കൊടുക്കാറുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാം. എന്നാൽ കഴിഞ്ഞ അഞ്ച് വർഷക്കാലമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പഞ്ചായത്തുക്കൾക്ക് പത്ത് ശതമാനം തുക കൂട്ടിക്കൊടുത്തിട്ടില്ലെന്നുമാത്രമല്ല, 5 വർഷവും ഒരുപോലെയുള്ള തുകയാണ് നൽകുന്നത്. ഒരു രൂപപോലും

പഞ്ചായത്തുകൾക്ക് കൂട്ടികൊടുത്തിട്ടില്ല. എന്നാൽ കൂട്ടികൊടുത്ത തുക നൽകാനും കഴിയുന്നില്ല. ഇതാണ് മുപ്പത് വർഷം പിന്നിടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രത്തിൽ ഏറ്റവും അവസാനമായി ചെന്നുനിൽക്കുന്നത്. മുപ്പതാം വാർഷികം ആഘോഷിക്കുന്ന വേളയിൽ നമുക്കെല്ലാവർക്കും മനസ്സിലാകുന്ന യാഥാർഥ്യം. പ്രാദേശിക സർക്കാരുകളെ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഗവൺമെന്റ് നോക്കുകുത്തികളാക്കുകയാണ് ചെയ്യുന്നത്. ഫണ്ട് നൽകുന്നതിനനുസരിച്ച് ഓരോ സംഗതികൾ, ഇന്നയിന്ന സംഗതികൾ ചെയ്യണമെന്ന് പറഞ്ഞാണ് ഫണ്ട് നൽകുന്നത്. അതിനുപുറമെ സർക്കാർ പ്രഖ്യാപിക്കുന്ന അഡീഷണൽ ബാധ്യതയും പഞ്ചായത്തുകളാണ് ഏറ്റെടുക്കേണ്ടത്. പഞ്ചായത്തുകൾ tide fund-ആണ് നൽകുന്നതെന്ന് ഞാൻ പറയാതെതന്നെ നമുക്കെല്ലാവർക്കുമറിയാം. അതിൽ എസ്.എസ്.എ.-യ്ക്ക് നൽകേണ്ട ഫണ്ടുകളുണ്ട്, ലൈഫ് മിഷന് 20% നൽകേണ്ടതുണ്ട്, അങ്കണവാടികളിൽ ഭക്ഷണം നൽകുന്നതുമായി ബന്ധപ്പെട്ടും അവിടത്തെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതുമായി ബന്ധപ്പെട്ടും ഭിന്നശേഷി സ്കോളർഷിപ്പ് അടക്കം

മറ്റുപദ്ധതികൾക്കും ഫണ്ട് ആവശ്യമുണ്ട്. പഞ്ചായത്തുകൾക്ക് സ്വന്തമായി ഒന്നും ഏറ്റെടുക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. പഞ്ചായത്തുകൾ സ്വതന്ത്രമല്ല, സ്വതന്ത്രമായ ഫണ്ട് വിനിയോഗത്തിനും പഞ്ചായത്തുകൾക്ക് അവസരമില്ലെന്നതാണ് യാഥാർഥ്യം. അതിദരിദ്രരായ ആളുകൾക്ക് നൽകുന്ന പദ്ധതി സർക്കാർ പ്രഖ്യാപിച്ചു. മത്സ്യത്തൊഴിലാളികൾക്കുള്ള പദ്ധതി നേരത്തെതന്നെ നടപ്പിലാക്കികൊണ്ടിരിക്കുന്നു.

ഡയാലിസിസ് രോഗികൾക്കുള്ള സഹായം, യഥാർത്ഥത്തിൽ ഡയാലിസിസ് രോഗികളുടെ കാര്യം ഗവൺമെന്റ് പരിഗണിക്കേണ്ടതാണ്. കാരണം ഡയാലിസിസ് രോഗികൾക്ക് പഞ്ചായത്ത് ഫണ്ട് വകയിരുത്തിയാൽ അത് വിനിയോഗിക്കാൻ പഞ്ചായത്തിനോ ലോക്കൽ ബോഡികൾക്കോ അധികാരം കൊടുക്കുന്നില്ല. കെ.എം.എസ്.സി.എൽ.-നിന്ന് ഫണ്ട് ഡെപ്പോസിറ്റ് ചെയ്ത് അവർ നൽകുമെന്നാണ് പറയുന്നത്. കെ.എം.എസ്.സി.എൽ. കൃത്യസമയത്ത് പഞ്ചായത്തുകൾക്ക് ഫണ്ട് നൽകാത്തതുകൊണ്ട് ഈ പാവപ്പെട്ട ഡയാലിസിസ് രോഗികൾ ബുദ്ധിമുട്ടുകയാണ്. കിഡ്നി നഷ്ടപ്പെട്ട അവർ ജീവിതം

മുന്നോട്ടുകൊണ്ടുപോകുന്നത് ഈ മരുന്നുകൾ കൊണ്ടാണെന്ന് നമുക്കെല്ലാവർക്കുമറിയാം. പഞ്ചായത്തുകൾക്ക് അക്കാര്യത്തിൽ അധികാരം നൽകേണ്ടതുണ്ട്. പഞ്ചായത്തുകളിൽ 'നിലാവ് പദ്ധതി' ചെയ്യാൻവേണ്ടി പറഞ്ഞെങ്കിലും പൂർത്തിയാക്കിയിട്ടില്ല. അങ്ങനെ ഒട്ടനവധി പദ്ധതികളുണ്ട്. അങ്കണവാടി ടീച്ചർമാർക്ക് അധിക ശമ്പളം നൽകുമെന്ന് സർക്കാർ പ്രഖ്യാപിക്കുമെന്നല്ലാതെ പഞ്ചായത്തുകളാണ് അവ നൽകുന്നത്. അത്തരത്തിലുള്ള കടലാസിൽ ഒതുങ്ങുന്ന പദ്ധതികളാണ് സർക്കാർ ഉത്തരവാദിത്വപ്പെടുത്തിയിരിക്കുന്നത്. കെട്ടിട നികുതിയുടെ വർദ്ധനവിനെ സംബന്ധിച്ച് നമുക്കെല്ലാവർക്കും അറിയാം. കെട്ടിടം വയ്ക്കുന്ന ആൾ എത്ര തവണയാണ് നികുതി അടയ്ക്കേണ്ടതെന്ന് അറിയാത്ത വിധം അവരെ ബുദ്ധിമുട്ടിക്കുകയാണ്. അപേക്ഷ ഫീസും കെട്ടിടത്തിന്റെ നികുതിയും വർദ്ധിപ്പിച്ചു. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് പിരിക്കാനുള്ള ചുമതല ഏൽപ്പിച്ചുകൊണ്ട് പഞ്ചായത്തിന് അധിക ബാധ്യത നൽകിയിരിക്കുകയാണ്.

<u>ചെയർപേഴ്സൺ</u>: യെസ്.....പ്ലീസ്..... പ്ലീസ്......

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് ഒരു കാര്യം പറയാനുണ്ട്. കാലിക്കട്ട് എയർപോർട്ടിന്റെ പരിസരവാസികൾക്ക് വീട് വയ്ക്കുന്നതിനായി എൻ.ഒ.സി. നൽകുന്നില്ല. കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ, 2019-ലെ ചട്ടം 5 (4) (14) പ്രകാരം റെഡ് സോൺ പ്രദേശമായതിനാൽ എൻ.ഒ.സി. നൽകാത്ത പ്രശ്നമുണ്ട്. എന്നാൽ റവന്യൂ വകുപ്പ് പറയുന്നത്, 11(1) നോട്ടിഫിക്കേഷൻ വന്നതിനുശേഷം മാത്രം എൻ.ഒ.സി. നൽകിയാൽ മതിയെന്നാണ്. ഇക്കാര്യങ്ങൾ ശ്രദ്ധിക്കണം. അത് റെഡ് സോണിന്റെ പരിധിയിൽനിന്നും ഒഴിവാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, ഞാൻ ഈ ധനാഭ്യർഥനകളെ പിന്തുണയ്ക്കുന്നു.

"വെറുങ്ങലിപ്പെന്തെന്നുഞ്ഞാനറിഞ്ഞിട്ടില്ല.

കുനിഞ്ഞെങ്കിലൊരു പുലാവില പെറുക്കാൻ

കുടിച്ചിട്ടുണ്ടൊരു കിണ്ണം കൊഴുത്ത കഞ്ഞി."

കേരളത്തിലെ ഒരു ഗ്രാമീണ തൊഴിലാളിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് കേരളത്തിലെ ഒരു മഹാകവി എഴുതിയ വരികളാണിത്. വിറങ്ങലിപ്പ് എന്തെന്നറിയാത്ത, വിശപ്പ് എന്തെന്നറിയാത്ത, അദ്ധ്വാനത്തിന്റെ മഹത്വം എന്തെന്നറിയുന്ന ഒരു പുതിയ കേരളത്തിന്റെ സൃഷ്ടിയിൽ ഇടതുപക്ഷം വഹിച്ചിട്ടുള്ള പങ്ക് അവിതർക്കിതമാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. മാത്യു ടി. തോമസ് പറഞ്ഞ വാക്കുകൾക്ക് ഞാൻ അടിവരയിടുകയാണ്. കേരളത്തിൽ തിരുവനന്തപുരത്ത് പെറ്റുകൂടികിടന്നിരുന്ന അധികാരങ്ങളെ ഗ്രാമപരിധികളിലേയ്ക്ക് എത്തിച്ചത് ഇ. കെ. നായനാരുടെ മന്ത്രിസഭയിലെ വി. ജെ. തങ്കപ്പൻ എന്ന മന്ത്രി പൈലറ്റ് ചെയ്ത ബില്ലാണ്. നഗരപാലിക പഞ്ചായത്തീരാജ് ബില്ലുമായി ബന്ധപ്പെട്ട് കോൺഗ്രസ് അവകാശവാദം ഉന്നയിക്കുന്നുണ്ടെങ്കിലും ആത്മാർത്ഥമായി കേരളത്തിൽ അധികാരവികേന്ദ്രീകരണം നടപ്പിലാക്കിയത് ഇ. കെ. നായനാർ സർക്കാരാണ്. പദ്ധതി വിഹിതത്തിന്റെ 40% താഴെത്തട്ടിലെ ഗവൺമെന്റുകൾക്ക് നൽകിക്കൊണ്ട്, കൈ എത്തിയാൽ തൊടാൻ കഴിയുന്ന അകലത്തിൽ ഗ്രാമീണ ജനതയ്ക്ക് കൊച്ചുകൊച്ച് സർക്കാരുകളെ നിർമ്മിച്ച്

കൊടുത്ത ആ സംഘാടന വൈഭവം, ഭരണ വൈഭവം ചരിത്രത്തിന്റെ ഭാഗമാണ്. ഇന്ന് കേരള മോഡൽ ഒരു നവനൈപുണ്യ കേരളം എന്ന അർത്ഥത്തിൽ വിപുലീകരിക്കപ്പെട്ടിരിക്കുന്നു. അതിൽ പ്രതിപക്ഷത്തിനും അതിന്റേതായ പങ്കുണ്ട്. കേരളത്തിൽ ഇടതുപക്ഷത്തിന് പ്രസക്തിയുള്ളതുപോലെതന്നെ പലപ്പോഴായി ഭരിച്ചിട്ടുള്ള പ്രതിപക്ഷത്തിനും ഭരണപരമായ ഇത്തരം കാര്യങ്ങളിലുള്ള സ്ഥാനം നാം പരിശോധിക്കപ്പെടേണ്ടതും വിലയിരുത്തപ്പെടേണ്ടതുമാണ്. അതിദരിദ്രരില്ലാത്ത കേരളം ഇന്ന് യാഥാർത്ഥ്യമാകാൻ പോകുന്നു. സ്മാർട്ട് കേരള, കെ-സ്മാർട്ട് എന്നെല്ലാം പറഞ്ഞ് ഈ സർക്കാരുകൾക്ക് നൽകിയിട്ടുള്ള ധനപരവും അധികാരപരവുമായ സഹായങ്ങൾകൊണ്ട് സാധ്യതപ്രായമാകുന്ന എല്ലാകാര്യങ്ങളും നിർവഹിക്കുന്നതിനുവേണ്ടി, ഗ്രാമീണജനതയുടെ പുനഃസംഘാടനത്തിനുവേണ്ടി ആവുംവിധത്തിൽ പ്രവർത്തിക്കാൻ ഇപ്പോൾ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ കത്തിച്ച മഞ്ഞ മത്താപ്പ്, ആകെ മഞ്ഞപ്പിത്തമാണ് കേരളത്തിൽ എന്നെല്ലാം പറഞ്ഞു. എ.കെ.ജി. സെന്ററിൽനിന്നും എം. എൻ. സ്മാരകത്തിൽനിന്നും രോഗാണുക്കളെ

കേരളത്തിൽ പടർത്തുകയാണ് എന്നുള്ളതുപോലെയാണ് ഇവർ പറയുന്നത്. യാഥാർത്ഥ്യം എന്താണ്; ആരോഗ്യ കേരളത്തെ സൃഷ്ടിക്കുന്നതിൽ 1957-ലെ ഗവൺമെന്റിൽ ഡോ. എ. ആർ. മേനോൻ മുതൽ എടുത്തിട്ടുള്ള കേരളത്തിലെ ഭരണപരമായ പങ്ക് സമയക്കുറവുകൊണ്ട് പറയുന്നില്ല. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ബ്രഹ്മപുരം, വിളപ്പിൽശാല, ഞെളിയൻപറമ്പ്, ലാലൂർ....... എന്റെ നിയോജകമണ്ഡലത്തിലാണ് ലാലൂർ. നിങ്ങൾ ഇന്ന് ലാലൂരിൽ പോയി നോക്കണം, സൗത്ത് ഏഷ്യയിലെ ഏറ്റവും വലിയ സ്പോർട്സ് കോംപ്ലക്സ്, കാലാ ഹിരൺ എന്നുപറയുന്ന കറുത്ത മാനെന്ന് ഇന്ത്യൻ ഫുട്ബോളിൽ അറിയപ്പെടുന്ന ഐ. എം. വിജയന്റെ നാമധേയത്തിൽ അവിടെ ഉയർന്നുകഴിഞ്ഞു. ഒരു പൂന്തോട്ടമായി ആ പ്രദേശം മാറിക്കഴിഞ്ഞു. ലാലൂരും ഞെളിയൻപറമ്പും വിളപ്പിൽശാലയും ബ്രഹ്മപുരവുംപോലെയുള്ള മാലിന്യക്കൂമ്പാരങ്ങൾ, നഗരപരിധിയിൽനിന്ന് ശേഖരിക്കുന്ന മാലിന്യം എങ്ങനെ കൈകാര്യം ചെയ്യണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇന്ന് നല്ലതുപോലെ അറിയാം. അവരത് വളരെ കാര്യമാത്രപ്രസക്തമായി കൈകാര്യം ചെയ്തുവരുന്നു. കുടുംബശ്രീയുടെയും ലൈഫ് പദ്ധതിയുടെയും കാര്യം

സമയക്കുറവുകൊണ്ടും വിസ്താരഭയംകൊണ്ടും ഈ സഭയിൽ ഉന്നയിക്കുന്നില്ല. ഞാൻ വരുന്നത് അന്തിക്കാട് നിന്നാണ്. 144 ദിവസം ബ്രിട്ടീഷ് ഗവൺമെന്റ് കർഫ്യൂ പ്രഖ്യാപിച്ച് ചെത്തുതൊഴിലാളികളുടെ സമരംകൊണ്ട് സമ്പന്നമായ പ്രദേശമാണ് ഏനാമാവ്-പെരുങ്ങോട്ടുകര ഫർക്ക. പതിനൊന്ന് രക്തസാക്ഷികളാണ് അന്തിക്കാട്ടുള്ളത്. ഏനാമാവ്-പെരുങ്ങോട്ടുകര ഫർക്കയിൽ അന്ന് പതിനായിരത്തോളം ചെത്തുതൊഴിലാളികളുണ്ടായിരുന്നു. പാരമ്പര്യത്തൊഴിലുകളായ കള്ള് ചെത്ത്, കയർ, കശുവണ്ടി, കൈത്തറി എന്നിവയ്ക്കുള്ള പ്രാധാന്യം കുറഞ്ഞുപോയതുകൊണ്ടാണോ, ശ്രദ്ധിക്കപ്പെടാതെപോയതുകൊണ്ടാണോ, കാലഘട്ടത്തിനനുസരിച്ച് നവീകരിക്കാതെ പോയതാണോ എന്നറിയില്ല, ഇന്ന് 250-ൽതാഴെ തൊഴിലാളികളാണ് ആ പ്രദേശത്തുള്ളത്. ഒരു കുലത്തൊഴിൽപോലെയാണ് അതിനെ പരിഗണിക്കപ്പെട്ടിരുന്നതെങ്കിലും കേരളത്തിലെ ഈ ഗവൺമെന്റിന്റെ എക്സൈസ് പോളിസി ജനിക്കുംമുമ്പുതന്നെ വിവാദത്തിന്റെ ചിറക് അതിനുകൊടുത്ത്, അപവാദകഥകളിലൂടെ അതിനെ പൊതുജനമധ്യത്തിൽ വളരെ മോശമായി ചിത്രീകരിക്കാൻ മാധ്യമപ്പടയുടെ അകമ്പടിയോടുകൂടി

പരിശ്രമിച്ച പ്രതിപക്ഷം ഒരുകാര്യം ശ്രദ്ധിക്കണം. കേരളത്തിലെ പതിനായിരക്കണക്കിന് തൊഴിലാളികളുടെ ഉപജീവനമാർഗ്ഗമായ ടോഡി ബോർഡ് ഏത് ഭരണപക്ഷമായാലും വേണ്ടതുപോലെ ശ്രദ്ധിക്കപ്പെടണം. കേരളത്തിലെ അറിയപ്പെടുന്ന ഗാന്ധിയനായിട്ടുള്ള 'ഉദയഭാനു കമ്മീഷൻ' റിപ്പോർട്ടിന് ഈ രംഗത്ത് യാതൊരുവിധ പരിഗണനയും വേണ്ടവിധം കൊടുക്കാതെ, ഈ തൊഴിൽ വേണ്ടവിധത്തിൽ ശ്രദ്ധിക്കാതെ ഇന്ന് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ടോഡി ബോർഡ് പുനഃസംഘടിപ്പിച്ച് കാര്യക്ഷമമാക്കണം. യുവ നേതാവായിട്ടുള്ള ശ്രീ. യു. പി. ജോസഫ് അധ്യക്ഷനായ ടോഡി ബോർഡിന്റെ പ്രവർത്തനം നല്ലരീതിയിൽ ഇപ്പോൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും ഇന്ന് ആ വ്യവസായം വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രദ്ധിച്ചിട്ടുണ്ടോയെന്നറിയില്ല, അങ്ങയുടെ നാടായ പാലക്കാട് നിന്നാണ് മധ്യകേരളത്തിലേയ്ക്കുവേണ്ട കള്ള് ഉൽപ്പാദിപ്പിച്ച് കൊണ്ടുവരുന്നത്. അതിന് എക്സൈസ് സെസ് ഏർപ്പെടുത്തി, പത്തൊമ്പത് കോടി രൂപ ഇന്ന് എക്സൈസ് വകുപ്പിന്റെ കൈവശമുണ്ട്. ടോഡി ബോർഡിന്റെ പ്രവർത്തനത്തിനുവേണ്ടി ഈ

ഗവൺമെന്റ് ബജറ്റ് അലോക്കേഷനിൽ രണ്ടുകോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ശ്രീ. എൻ. വി. ചന്ദ്രബാബു അധ്യക്ഷനായിട്ടുള്ള ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡ് നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ വേണ്ടത്ര പരിഗണന ഈ വ്യവസായത്തിന് നൽകാൻ സാധിക്കുന്നില്ല. ഒരു പ്രധാനകാര്യം, ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ നടപ്പിലാക്കാത്തതാണെന്ന് കാണാൻ സാധിക്കും. ബാറുകൾക്കും ബ്രൂവറികൾക്കും വൈനറികൾക്കുമൊക്കെ നൂറ്, ഇരുന്നൂറ്, അമ്പത് മീറ്റർ ദൂരപരിധി നിശ്ചയിച്ചപ്പോൾ പാരമ്പര്യ വ്യവസായത്തിൽപ്പെടുന്ന കള്ളുചെത്ത് ഉല്പന്നം വിറ്റഴിക്കുന്ന സ്ഥാപനങ്ങൾക്ക് നാന്നൂറ് മീറ്ററാണ് ദൂരപരിധി നിശ്ചയിച്ചിട്ടുള്ളത്. എക്സൈസ് വകുപ്പിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. പ്രതിപക്ഷം എന്തുതന്നെ പറഞ്ഞാലും, ടൂറിസം വകുപ്പുമായി ചേർന്ന് കാര്യങ്ങൾ കൂടിയാലോചിച്ച് പതിനായിരക്കണക്കിന് മനുഷ്യരുടെ ജീവിതമേഖലയായ ഈ വ്യവസായത്തെ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. 1967-ൽ നടപ്പിലാക്കിയ എക്സൈസ് പോളിസിയെ പിൻതുടർന്നാണ് കേരളത്തിൽ ഐക്യകേരളം പിറന്നതിനുശേഷം കൊച്ചിൻ എക്സൈസ് പോളിസി

നടപ്പാക്കിയത്. അന്ന് കൊച്ചി ഒരു ഹിന്ദു രാഷ്ട്രമായിരുന്നു. മലബാറിനും കൊച്ചിക്കും തിരുവിതാംകൂറിനും വ്യത്യസ്ത എക്സൈസ് പോളിസികളുണ്ടായിരുന്നു. ഈ ചെത്തുവ്യവസായത്തെ പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടി എക്സൈസ് വകുപ്പിന്റെ അടിയന്തര ശ്രദ്ധയുണ്ടാകണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി പിന്തുണയ്ക്കുന്നു.

ശ്രീ. ഐ. ബി. സതീഷ്: സർ, ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. 2025 ഫെബ്രുവരി ആദ്യയാഴ്ച മേഘാലയയിൽ നടന്ന ഇന്റർനാഷണൽ വാട്ടർ കോൺക്ലേവിൽ എന്റെ മണ്ഡലത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കാനുള്ള ക്ഷണം എനിക്ക് ലഭിച്ചിരുന്നു. ലോകത്തെ അഞ്ച് മാതൃകകളിലൊന്നായി കാട്ടാക്കടയിലെ ജലസമൃദ്ധി മാതൃക തിരഞ്ഞെടുത്തു. അങ്ങനെയാണ് ഞാൻ അവിടെ എത്തിയത്. അവിടെ നടന്ന ചർച്ചകളിൽ മുഴങ്ങികേട്ടത് കേരളത്തിന്റെ മാതൃകയാണ് (മോഡൽ ഓഫ് കൺവെർജൻസ്). തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്ലാറ്റ്ഫോമിൽ വിവിധ വകുപ്പുകളെ അണിനിരത്തി നടത്തുന്ന മാതൃകാപരമായ പ്രവർത്തനം. 'സുസ്ഥിര തൃത്താല'

പദ്ധതിയടക്കമുള്ള പ്രവർത്തനങ്ങളാണ് അവിടെ പ്രകീർത്തിക്കപ്പെട്ടത്. നമ്മളെല്ലാം ജീവിക്കുന്നത് അനിശ്ചിതത്വത്തിന്റെ കാലഘട്ടത്തിലാണ്. ഉഷ്ണവ്യാപനം, മേഘവിസ്ഫോടനം തുടങ്ങി അനിശ്ചിതത്വത്തിന്റെ, ഈ കാലാവസ്ഥാ വ്യതിയാനത്തിന്റെ കാലത്ത്, ഭാവികാലത്തെ നമുക്ക് എങ്ങനെ മറികടക്കാം. 'നമ്മൾ നമുക്കായി' തദ്ദേശസ്വയംഭരണ വകുപ്പ് വരുംകാലത്തേയ്ക്കുള്ള കരുതലായി സംഘടിപ്പിക്കപ്പെട്ട പദ്ധതി. ‘ DCAT’ (Disaster risk reduction and Climate Action Tracker) 265 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരിശീലനം പൂർത്തിയാക്കി അടുത്ത ഘട്ടത്തിലേയ്ക്കുകടക്കുകയാണ്. ഇതിന്റെ ആദ്യഘട്ടം നടപ്പാക്കാൻ കഴിഞ്ഞ മണ്ഡലം കാട്ടാക്കടയാണെന്ന് അഭിമാനത്തോടെ പറയട്ടെ. കേരളത്തിലെ ആദ്യത്തെ IoT (Internet of Things)-Enabled Panchayath-ആയി കാട്ടാക്കട മണ്ഡലത്തിലെ കാട്ടാക്കട പഞ്ചായത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു. വായുമലിനീകരണ തോത്, ജലനിരപ്പ്, ഊർജ്ജ ഉപഭോഗം എന്നിവ തൽസമയം അറിയാൻ സാധിക്കും. കൂടാതെ മഴ, ഈർപ്പം, കാറ്റ്, താപനില എന്നിവയും അറിയാൻ കഴിയും.

'മാലിന്യമുക്ത നവകേരളം' വെറുമൊരു പ്രയോഗമല്ല, ഞങ്ങൾക്ക് അനുഭവമുണ്ട്. ക്ലീൻ കേരള കമ്പനിയുടെ സഹായത്തോടെ നാലാഴ്ചകൊണ്ട് അറുപത് ടൺ മാലിന്യം (ഇ-വേസ്റ്റ്, തുണി വേസ്റ്റ്, ലെതർ വേസ്റ്റ്) മാറ്റാൻ ഹരിതകർമ്മ സേനയുടെ സഹായത്തോടെ കഴിഞ്ഞു. മികച്ച ആസൂത്രണത്തിന്റെ പിൻബലത്തോടെ ഈ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുകയാണ്. 'എന്റെ ജോലി, എന്റെ അഭിമാനം' - നമ്മുടെ നാട്ടിൽ തൊഴിൽ സംരംഭകത്വ സംസ്കാരമുണ്ടാകാൻ, ആത്മവിശ്വാസമാണ് സംരംഭകന്റെ യഥാർത്ഥ മൂലധനമെന്ന ബോധ്യം യുവാക്കളിലെത്തിച്ച് അവരെ സംരംഭകത്വത്തിലേയ്ക്ക് നയിക്കാനുള്ള സമീപനമാണ് സ്വീകരിക്കുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളത്തിൽ അത്ഭുതമാണ് സൃഷ്ടിച്ചിരിക്കുന്നത്. 14.69 ലക്ഷം കുടുംബങ്ങൾ, 9.95 കോടി തൊഴിൽ ദിനങ്ങൾ. 569108 കുടുംബങ്ങൾക്ക് നൂറുദിവസങ്ങൾ തൊഴിൽ ലഭിച്ചിരിക്കുന്നത് ചരിത്രത്തിലാദ്യമാണ്. കേന്ദ്രസർക്കാർ വിവിധ ഘട്ടങ്ങളിലായി നടത്തുന്ന ഇടപെടലുകളെ അതിജീവിച്ചുകൊണ്ടാണ് ദേശീയ തൊഴിലുറപ്പ് പദ്ധതി മുന്നോട്ടുപോകുന്നത്. കേരളത്തിൽ 64006 കുടുംബങ്ങൾ

അതീവദരിദ്രരായിട്ടുണ്ടെന്ന് കണ്ടെത്താൻ ഈ ഗവൺമെന്റ് തയ്യാറായി. ഇത്രയും കുടുംബങ്ങളിലായി 103999 പേർ അതീവ ദരിദ്രരായിട്ടുണ്ട്. 2025 നവംബർ ആകുമ്പോഴേയ്ക്കും അതീവദരിദ്രരില്ലാത്ത കേരളമാക്കി പ്രഖ്യാപിക്കാനുള്ള ധീരമായ ചുവടുവയ്പുകളോടെ ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയാണ് ചെത്തുതൊഴിലാളി മേഖല. പുതിയ മദ്യനയം രൂപീകരിക്കപ്പെടുമ്പോൾ ചെത്തുതൊഴിലാളി മേഖലയിലെ തൊഴിലാളികൾക്ക് സംരക്ഷണം നൽകുക എന്ന സമീപനം സ്വീകരിക്കണമെന്ന നിർദേശം മുന്നോട്ടുവയ്ക്കുകയാണ്. ടോഡി ബോർഡ് രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഷാപ്പുകളിൽനിന്ന് സമാഹരിച്ച 20 കോടിയോളം രൂപ ടോഡി ബോർഡിന് കൈമാറാനുള്ള സമീപനമുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ദൂരപരിധിയുടെ കാര്യത്തിൽ കള്ളുഷാപ്പുകളോട് ദീർഘകാലമായി പുലർത്തുന്ന വിവേചനം തിരുത്താൻ കഴിയുമോയെന്ന് ആലോചിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മയക്കുമരുന്നിനെതിരായി എക്സൈസ് വകുപ്പ് നടത്തുന്ന ഏറ്റവും മാതൃകാപരമായ പ്രവർത്തനങ്ങൾ വളരെ ഗുണം ചെയ്യുന്നുണ്ട്. എന്റെ ഒരു അഭ്യർത്ഥന ഒരു

നിർദ്ദേശം; സ്കൂൾ-കോളേജ് കുട്ടികളെക്കൊണ്ട് ഷോർട്ട്/ഫീച്ചർ ഫിലിം നിർമ്മാണമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിച്ചാൽ കൂടുതൽ ഗുണമുണ്ടാകുമെന്നാണ് ഞാൻ വിചാരിക്കുന്നത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തദ്ദേശസ്വയംഭരണ വകുപ്പുൾപ്പെടെ നടത്തുന്ന പ്രവർത്തനങ്ങൾ ഒരു പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണ്. മനുഷ്യന് ജീവിക്കാനുള്ളതാണ് ഈ മണ്ണ്. വിവേചനങ്ങളില്ലാതെ അസമത്വങ്ങളില്ലാതെ ജീവിക്കാൻ കഴിയണം. പ്രകൃതി വിഭവങ്ങൾ എല്ലാവർക്കും ആസ്വദിക്കാൻ കഴിയണം. മണ്ണും ജലവും സ്ത്രീ സുരക്ഷയുമെല്ലാം ഇതിവൃത്തമാക്കുന്നത് ഒരു പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണ്. ആ അർത്ഥത്തിൽ പ്രവർത്തിക്കുന്നൊരു പ്രത്യയശാസ്ത്രമാണ് ഇടതുപക്ഷ ഗവൺമെന്റിന്റെ മുന്നോട്ടുള്ള പോക്കിന്റെ തെളിച്ചവും വെളിച്ചവുമെന്ന് ഈ നാട്ടുകാർക്കൊക്കെ അറിയാം. പക്ഷേ, ഒരു തിരഞ്ഞെടുപ്പ് പരാജയത്തിന്റെ പുകപടലങ്ങൾക്കിടയിൽ കേരളത്തിലെ രണ്ടാം പിണറായി സർക്കാർ കൈവരിച്ച നേട്ടങ്ങളെ അപ്രസക്തമാക്കാനുള്ള ആസൂത്രിതമായ ശ്രമമാണ് നടക്കുന്നത്. രണ്ട് ദിവസം മുമ്പ് ക്യൂബൻ സന്ദർശനത്തിന്റെ അനുഭവം ഒരു

സുഹൃത്ത് പങ്കുവച്ചിരുന്നു. ക്യൂബൻ തെരുവുകളിൽ ബസ് കാത്തു നിൽക്കുന്ന മനുഷ്യരുടെ മുന്നിലേക്ക് വരുന്നത് കയറുകൊണ്ട് ബഞ്ചുകൾ കെട്ടിയ ലോറികളാണ്. വളരെ തിക്കി-ഞെരുങ്ങി ആ ലോറികളിലേക്ക് കയറുന്ന യാത്രക്കാരോട് സർക്കാരിനെതിരായി എന്തെങ്കിലും കിട്ടുമെന്ന പ്രതീക്ഷയോടെ ഇവർ അന്വേഷിച്ചു എന്താണ് നിങ്ങൾക്ക് ഇങ്ങനെയൊരു ദുരിതം. അവർ പറഞ്ഞത് അമേരിക്കൻ പന്നികൾ ഞങ്ങളെ ഉപരോധിക്കുന്നു. അതുകൊണ്ട് ഞങ്ങൾ ഇങ്ങനെ ജീവിക്കുന്നുവെന്നാണ്. പിണറായി സർക്കാർ ഭരിക്കുന്നതുകൊണ്ട് കേരളത്തെ കേന്ദ്ര സർക്കാർ ഉപരോധിക്കുമ്പോൾ ആ ഉപരോധത്തെ ചെറുത്ത് തോൽപ്പിക്കാനുള്ള സമരശേഷിയുള്ളൊരു സമൂഹമായി എന്തുകൊണ്ട് കേരളം മാറിയില്ല. അവിടെയാണ് ഞങ്ങൾ പരാജയപ്പെട്ടതെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. 'ചോര ഞങ്ങൾക്ക് തിളയ്ക്കണം ഞരമ്പുകളിൽ' എന്നത് ഒരു ജീവമന്ത്രമായി കൊണ്ടുനടക്കുന്ന മലയാളിയെ എന്തുകൊണ്ട് കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരായ സമരമാർഗ്ഗത്തിൽ പാർലമെന്ററി രംഗത്ത് അണിനിരത്താൻ പറ്റിയിട്ടില്ലെന്നത് ഞങ്ങളെ ഇരുത്തി ചിന്തിപ്പിക്കുന്നുണ്ട്. 'ഇന്ത്യ' കൂട്ടായ്മ ഇന്ന് മെച്ചപ്പെട്ട വിജയം

കൈവരിച്ചിരിക്കുന്നു. എന്നാൽ ഇന്ത്യ കൂട്ടായ്മയുടെ ആദ്യത്തെ സമര പ്ലാറ്റ്ഫോം ഒരുക്കിയത് കേരളമാണ്, പിണറായി സർക്കാരാണെന്ന് നമ്മൾ ഓർക്കണം. കാശ്മീരിൽ നിന്ന് ശ്രീ. ഫറൂക്ക് അബ്ദുള്ള മുതൽ തമിഴ്നാട്ടിലെ ശ്രീ. എം. കെ. സ്റ്റാലിൻ വരെ അണിനിരന്ന പ്രക്ഷോഭം. ഫെഡറലിസത്തെ സംരക്ഷിക്കാൻ ആ കൂട്ടായ്മയിൽ പങ്കെടുത്തുകൊണ്ട് കോൺഗ്രസിന്റെ ആദരണീയനായ നേതാവ് ശ്രീ. കപിൽ സിബൽ നടത്തിയ പ്രസംഗം ചരിത്രത്തിന്റെ താളുകളിലുണ്ട്. കേരളത്തിലെ കോൺഗ്രസ്സിന്റെ പ്രവർത്തകരും നേതാക്കളും അദ്ദേഹത്തിന്റെ പ്രസംഗം ഒന്ന് കേൾക്കണമെന്നാണ് എന്റെ അഭ്യർത്ഥന. അതോടൊപ്പം ഇവിടെ ഒരു പൊതുബോധം നിർമ്മിക്കപ്പെട്ടിരിക്കുന്നു. ആ പൊതുബോധമെന്താണ്? സ്വദേശാഭിമാനി രാമകൃഷ്ണപിള്ള പറഞ്ഞൊരു കാര്യമുണ്ട്; 'പ്രഭവശാലികളായ പണക്കാരുടെയോ പ്രതാപശാലികളായ ദുഷ്ടന്മാരുടെയോ സേവയ്ക്ക് നിന്ന് അധർമ്മത്തിൽ ചാടി അവരുടെ ഇഷ്ടത്തിൻപടി നടക്കുന്ന പത്രക്കാരൻ പാപ്പരാകേണ്ടി വരില്ല. ഇങ്ങനത്തെ ധർമ്മച്യൂഷണത്തിന് ഒരുമ്പിടുന്നവൻ അതിപവിത്രമായ പത്രചാരിത്ര്യത്തെ ധ്വംസിക്കുന്നവരും വർത്തമാന പത്രങ്ങൾക്ക് പൊതുവെ

പറ്റുന്ന കീർത്തിദോഷത്തെ ഉണ്ടാക്കുന്നവരുമാകുന്നു' . ഞാനിതുപറയുമ്പോൾ അസ്യൂട്ടിന്റെ സംസ്ഥാന സമ്മേളനം നടന്നു. ആ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സംസാരിക്കുകയുണ്ടായി. കേരളത്തിൽ ദൂരദർശൻ കഴിഞ്ഞാൽ അടുത്തുവരുന്ന ആദ്യത്തെ ദൃശ്യ മാധ്യമം ആദ്യം കൊടുത്ത വാർത്തയുടെ തലക്കെട്ട് 'വേദിയെ ചിരിപ്പിച്ച് എം. ബി. രാജേഷ്' കുറച്ച് സമയം കഴിഞ്ഞപ്പോൾ ആ തലക്കെട്ട് മാറുകയാണ്. 'അസംതൃപ്തി പ്രകടിപ്പിച്ച് എം. ബി. രാജേഷ് '. ഒരേ സംഭവത്തിന് രണ്ട് തലക്കെട്ട്. ഇത് കേരളത്തിലെ മാധ്യമരംഗത്ത് നിലനിൽക്കുന്ന ജീർണ്ണിച്ച പ്രവണതയുടെ ഒരു സ്വയം സംസാരിക്കുന്ന മാതൃകയാണ്. എന്താണ് ഇതിന്റെ മനഃശാസ്ത്രം? ഒരു സംഭവം അറിയുകയോ കാണുകയോ ചെയ്യുന്ന ആയിരങ്ങളെയോ പതിനായിരങ്ങളെയോ അല്ല ഈ മാധ്യമങ്ങൾ ലക്ഷ്യം വയ്ക്കുന്നത്. കാണാമറയത്തിരിക്കുന്ന കോടിക്കണക്കായ മനുഷ്യരുടെ മനസ്സിലേക്ക് ഇൻഫർമേഷൻ എന്ന ധാരണയിൽ നുണകൾ എത്തിക്കുക എന്നൊരു മാധ്യമ പരീക്ഷണത്തിന്റെ ശാലയായി കേരളം മാറിയിരിക്കുന്നു.

തിരഞ്ഞെടുപ്പ് പരാജയത്തിനുശേഷം നമ്മുടെ പാർട്ടി ഘടകങ്ങൾ യോഗം കൂടുകയാണ്. ഞങ്ങൾ നടത്തുന്നത് അന്വേഷണമാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഞങ്ങളുടെ രാഷ്ട്രീയത്തെ എന്തുകൊണ്ട് ജനങ്ങൾ സ്വീകരിച്ചില്ല. ഞങ്ങളും ജനങ്ങളും തമ്മിൽ ഇത്ര അകലം എന്തുകൊണ്ട് ഉണ്ടായെന്ന പരീക്ഷണം, അന്വേഷണം ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ ജില്ലാ കമ്മിറ്റി രണ്ട് ദിവസം മുമ്പ് കൂടുകയുണ്ടായി. ഞങ്ങളുടെ ജില്ലാ കമ്മിറ്റിയിൽ 45 പേരാണുള്ളത്. അവിടെ നടക്കുന്ന ചർച്ച എന്തെന്ന് അറിയുന്ന 45 പേരാണ് ഞങ്ങൾ. പക്ഷേ, കോടിക്കണക്കായ മലയാളികളുടെ മനസ്സിലേക്ക് മാധ്യമങ്ങൾ തെറ്റായ സന്ദേശമെത്തിക്കുന്നു, പച്ച നുണകളെത്തിക്കുന്നു. ഇത് മാധ്യമ ധർമ്മമാണോയെന്ന് നമ്മൾ തിരിച്ചറിയണം. അപ്പുറത്തിരിക്കുന്ന പ്രതിപക്ഷ അംഗങ്ങളും നേതാക്കളുമുൾപ്പെടെ ചിന്തിക്കണം. ഇന്ന് ഞാൻ, നാളെ നീ നമുക്കറിയാമല്ലോ. ഒരു ദിവസം കിഴക്കേകോട്ടയിൽ ഒരു ത്രിസന്ധ്യാ നേരത്ത് ഒത്തുകൂടിയ കോൺഗ്രസ് പ്രവർത്തകരുടെ മുന്നിൽ തോർത്തുകൊണ്ട് കണ്ണുനീരൊപ്പി രാജി പ്രഖ്യാപിച്ച് രാജ്ഭവനിലേക്ക് രാജികൊടുക്കാൻ പോയ

ആദരണീയനായ ലീഡർ കെ. കരുണാകരൻ. ഞങ്ങൾക്ക് അദ്ദേഹത്തോട് വിയോജിപ്പുകളുണ്ട്. ഇന്നിപ്പോൾ എന്താണ് ചാരക്കേസിന്റെ സ്ഥിതി? ശ്രീ. നമ്പി നാരായണൻ എന്നുപറയുന്നൊരു മനുഷ്യൻ നടത്തിയ പോരാട്ടത്തിന്റെ ഫലമെന്താണ്? ഈ പ്രവണതയ്ക്ക് അവസാനം കുറിക്കേണ്ടേ? ഞങ്ങളറിയുന്ന ഞങ്ങളുടെ മുഖ്യമന്ത്രിയുണ്ട് സഖാവ് പിണറായി. തലശ്ശേരി റെയിൽവേ സ്റ്റേഷനിൽ ട്രെയിൻ ഇറങ്ങി ചുമട്ട് തൊഴിലാളികളോടും ബീഡിത്തൊഴിലാളികളോടും സാധാരണ മനുഷ്യരോടുമൊപ്പം വീട്ടിലേക്ക് നടക്കുന്ന സഖാവ് പിണറായി. കടുത്ത രാഷ്ട്രീയ ശത്രുത പുലർത്തുമ്പോഴും എം. എൻ. വിജയൻ മാഷ് പറഞ്ഞൊരു കാര്യമുണ്ട്. തന്റെ തുറന്ന് കിടക്കുന്ന വീടടച്ച് താക്കോൽ ഭദ്രമായി എത്തിച്ച കരുതലിന്റെ അടയാളമായ പിണറായി വിജയനെക്കുറിച്ച്. ഞങ്ങളുടെ നേതാക്കളെക്കുറിച്ച്, അവരുടെ കുടുംബാംഗങ്ങളെക്കുറിച്ച് അപ്പുറത്തുനിന്ന് ധാരാളം തെറ്റായ പ്രയോഗങ്ങൾ വരുമ്പോൾ ഞങ്ങൾ ഒരക്ഷരം മിണ്ടാതിരിക്കാൻ കാരണം കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. ഞങ്ങളുടെ യോഗങ്ങളിൽ അദ്ദേഹം പറയും; നിങ്ങൾ രാഷ്ട്രീയം പറയണം നിങ്ങൾ ശക്തിയായി രാഷ്ട്രീയം പറയണം ഒരിക്കലും

വ്യക്തിപരമായ ആക്രമണങ്ങൾക്കും ആരോപണങ്ങൾക്കും തുനിയരുതെന്ന് ഞങ്ങളെ പഠിപ്പിക്കുന്നതുകൊണ്ട് മാത്രമാണ് ഞങ്ങൾക്കത് പറയാൻ പറ്റാതെ പോകുന്നത്. ഞാൻ ചോദിക്കട്ടെ, ഞങ്ങളിവിടെ ഇരുന്ന് വിരൽ ചൂണ്ടി ഓരോ സീറ്റിലിരിക്കുന്നവരുടേയും ചരിത്രം ചികയാൻ തുടങ്ങിയാൽ, നിങ്ങളുടെ കേന്ദ്രങ്ങളിൽനിന്ന് ഞങ്ങളുടെ മൊബൈലുകളിലേക്ക് വരുന്ന വർത്തമാനങ്ങളും മെസ്സേജുകളുമുണ്ട്. അതെല്ലാം ആയുധമാക്കാൻ ഞങ്ങൾ തുടങ്ങിയാൽ ഞങ്ങൾ നിങ്ങൾക്കൊപ്പമായിപ്പോകും. അങ്ങനെ അധഃപതിക്കാൻ രാഷ്ട്രീയമായി ഞങ്ങൾ തയ്യാറല്ലെന്നുള്ളതുകൊണ്ട് മാത്രമാണ് ഞങ്ങൾ അതിന് തുനിയാത്തത് എന്നുമാത്രമേ അതിനെക്കുറിച്ച് പറയാനുള്ളൂ. ഒരുകാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ മാധ്യമങ്ങൾ ഒരു ആത്മപരിശോധന നടത്താൻ തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന. പ്രസംഗം അവസാനിപ്പിക്കുമ്പോൾ സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയെ ഒരിക്കൽക്കൂടി ഞാൻ ഉദ്ധരിക്കുകയാണ്; 'സംഗതികളെ യാഥാർത്ഥ്യമായും തന്മയമായും എഴുതി ഫലിപ്പിക്കാൻ ശ്രമിക്കയല്ലാതെ അന്യോദ്ദേശ്യത്തോടുകൂടി ദൂഷ്യപ്പെടുത്തി എഴുതുന്നത് നീചകൃത്യമാകുന്നു. ഉത്സവകാലത്ത് സദ്യപകർച്ച കൊടുത്തില്ലെന്ന്

വച്ചോ, താൻ കാണുവാൻ ചെന്നതിൽ സമയമില്ലെന്നോർത്തോ മറ്റോ ഒരു പേഷ്കാരെയോ തഹസീൽദാരെയോ ആക്ഷേപിക്കാൻ ഒരു ലേഖകൻ പുറപ്പെടുന്നതും പത്രാധിപന്മാർ സമ്മതം നൽകുന്നതും പത്രങ്ങൾക്ക് മനക്ഷയഹേതുവാകുന്നു.' ഇങ്ങനെ മനക്ഷയഹേതുവാക്കുന്ന പത്രവാർത്തകൾ സൃഷ്ടിക്കുന്ന മാധ്യമ പ്രവർത്തകർ ഇനിയെങ്കിലും ആത്മപരിശോധന നടത്തിയില്ലെങ്കിൽ Dhruv Rathee-മാരുടെ കാലമായി ഈ കാലം മാറും, മാധ്യമ രംഗം തിരുത്തപ്പെടും എന്നകാര്യത്തിൽ ഒരു സംശയവുമില്ലെന്ന് ഓർമിപ്പിച്ച് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം അവസാനം പറഞ്ഞ കാര്യത്തിൽ, ഉമ്മൻ ചാണ്ടി സാർ മുഖ്യമന്ത്രിയായ സമയത്ത് അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ എന്താണ് പറഞ്ഞതെന്ന് ഈ രേഖകൾ നോക്കിയാൽ ഇതെല്ലാം പിൻവലിച്ച് പോകേണ്ടിവരും. ഞാൻ അത്രമാത്രമേ പറയുന്നുള്ളൂ എനിക്കത് പറയാൻ സമയമില്ല. അന്ന് പാർട്ടി ഓഫീസിൽ നിന്ന് എഴുതിക്കൊടുത്ത കാര്യങ്ങൾ അദ്ദേഹം ഇവിടെ വന്ന്

വായിക്കുകയാണ് ചെയ്തത്. അന്നത്തെ പാർട്ടി സെക്രട്ടറിയും സംവിധാനവുമൊക്കെ ആരാണെന്ന് എല്ലാവർക്കുമറിയാം. ഈ ധനാഭ്യർത്ഥനകളെ എതിർക്കാൻ കാരണം, നമുക്കെല്ലാവർക്കുമറിയാം ഈ സർക്കാർ ത്രിതലപഞ്ചായത്ത് സംവിധാനത്തെ പാടെ തകർത്തിരിക്കുകയാണ്. എക്സൈസ് വകുപ്പിൽ അഴിമതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ സാധിക്കുമോ അതെല്ലാം വലിയ കുഴപ്പമായി മുന്നോട്ടുപോയിരിക്കുകയാണ്; എല്ലാ രീതിയിലും കുഴപ്പങ്ങളുണ്ടാക്കുന്ന വകുപ്പായി മാറിയിരിക്കുയാണ്. അന്ന് ഏറ്റവും കൂടുതൽ ജനങ്ങൾ ബന്ധപ്പെടുന്ന വകുപ്പുകൂടിയാണിത്. തദ്ദേശസ്വയംഭരണ വകുപ്പും എക്സൈസ് വകുപ്പും ഒരു പരിധിവരെ ജനങ്ങൾ ബന്ധപ്പെടുന്ന വകുപ്പാണെന്ന് നമുക്കറിയാം. ഈ വകുപ്പുകൾ യാതൊരു ഏകോപനവുമില്ലാതെ അല്ലെങ്കിൽ കുത്തഴിഞ്ഞ രീതിയിൽ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഗാന്ധിജിയുടെ ഗ്രാമസ്വരാജ് സങ്കല്പത്തിന് നിതാനമായ അധികാര വികേന്ദ്രീകരണത്തിന് കേന്ദ്രത്തിൽ കോൺഗ്രസ്സും കേരളത്തിൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഐക്യമുന്നണിയുമാണ് തുടക്കം കുറിച്ചത്. രാജീവ് ഗാന്ധി

പ്രധാനമന്ത്രിയായിരിക്കുമ്പോൾ അധികാര വികേന്ദ്രീകരണത്തിനുവേണ്ടി 1989-ൽ കൊണ്ടുവന്ന 64-ാം ഭരണഘടനാ ഭേദഗതിയിൽ രാജ്യസഭയിൽ പരാജയപ്പെടുത്തിയത് സി.പി.ഐ.(എം) അടക്കമുള്ള പ്രതിപക്ഷ കക്ഷികളാണ്. എന്നിട്ടും എന്തൊക്കെയാണ് ഇവിടെയിരുന്ന് പറയുന്നത്. തുടർന്ന് നിരന്തരമായ ശ്രമത്തിന്റെ ഫലമായാണ് പി. വി. നരസിംഹ റാവു പ്രധാനമന്ത്രിയായിരിക്കുമ്പോൾ 73, 74 ഭരണഘടനാ ഭേദഗതികൾ 1999-ൽ കൊണ്ടുവന്നത്. അതിനോടനുബന്ധിച്ച് 1994-ൽ കേരള പഞ്ചായത്തീരാജ്, മുനിസിപ്പാലിറ്റി നിയമങ്ങൾ പാസാക്കിയത് കേരളത്തിലെ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ്. അതൊന്നും അവർ കണ്ടിട്ടില്ല. അധികാരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്തുകൊണ്ട് ഉത്തരവിറക്കിയത് 1995 ഒക്ടോബറിൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയിരിക്കുമ്പോഴാണെന്നുള്ളതും നിങ്ങൾ കണ്ടിട്ടില്ല. എന്നാൽ ജനകീയ ആസൂത്രണമെന്ന പേരിൽ പലതും കൊട്ടി ആഘോഷിച്ചെങ്കിലും വികേന്ദ്രീകരണത്തിന് പകരം പുനഃകേന്ദ്രീകരണമാണ് എൽ.ഡി.എഫ്. സർക്കാർ ഇന്ന് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. അത് പ്രത്യേകിച്ച് നമുക്ക്

പറയാൻ സാധിക്കുന്ന കാര്യമാണ്. ഇന്ന് ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾ മൊത്തത്തിൽ തകർന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഈ സർക്കാരിനാണ്. ഫണ്ടുകൾ വെട്ടികുറച്ചതുൾപ്പെടെയുള്ള ധാരാളം കാര്യങ്ങളാണുള്ളത്.

ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ജനപ്രതിനിധികൾ ജില്ലാ പഞ്ചായത്ത് മെമ്പറും ബ്ലോക്ക് മെമ്പറും പഞ്ചായത്ത് മെമ്പറും കൗൺസിലർമാരും പഞ്ചായത്ത് പ്രസിഡന്റുമാരും ബ്ലോക്ക് പ്രസിഡന്റുമാരും അടങ്ങുന്നതാണ്. അവരുടെ ഓണറേറിയം വർധിപ്പിക്കണം. അവർ വളരെ പാവങ്ങളായ ആളുകളാണ്. അവരും നമ്മളെപോലുള്ള പൊതുപ്രവർത്തകരാണ്. എന്തോ ഭാഗ്യംകൊണ്ട് നമ്മൾ, കുറെ പൊതുപ്രവർത്തകർ നിയമസഭയിൽ വന്നിരിക്കുന്നു. പാർട്ടി നമ്മളെ മത്സരിപ്പിക്കുമ്പോൾ ജനങ്ങളാണ് നമ്മളെ തിരഞ്ഞെടുക്കുന്നത്. നമ്മളെക്കാൾ സീനിയറായ ആളുകളുണ്ടെങ്കിലും അവസരം ചിലപ്പോൾ ലഭിച്ചുകാണില്ല. എല്ലാ രാഷ്ട്രീയ പാർട്ടികളിലെയും പൊതുപ്രവർത്തകരെ ഞാൻ ബഹുമാനിക്കുന്നു. കാരണം, നമ്മളും അവരും എടുക്കുന്ന എഫർട്ട് ഒന്നാണ്. ത്രിതലപഞ്ചായത്ത് ജനപ്രതിനിധികളുടെ വളരെയധികം സാമ്പത്തിക പരാധീനതകളുമായി എല്ലാ

ദിവസവും ഓടി നടക്കുകയാണ്. അവരുടെ ഓണറേറിയം വർധിപ്പിക്കണം. സംസ്ഥാനത്തെ പഞ്ചായത്ത് റോഡുകൾ ഇന്ന് നന്നാക്കുന്നതിന് സർക്കാർ പണം അനുവദിക്കുന്നില്ല. ഇന്ന് എല്ലാ പഞ്ചായത്ത് റോഡുകളും വളരെ മോശമായ രീതിയിൽ കിടക്കുകയാണ്. പഞ്ചായത്ത് റോഡുകളിലൂടെ നടക്കാൻ സാധിക്കുന്നില്ല. പഞ്ചായത്തുകളുടെ ഓൺഫണ്ട് വെട്ടികുറയ്ക്കുന്നതും മെയിന്റനൻസ് ഗ്രാന്റിന്റെ വലിയ പ്രശ്നങ്ങളുമൊക്കെ നമുക്കറിയാവുന്ന കാര്യമാണ്. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് പഞ്ചായത്ത്, നഗരവികസനം എന്നീ വകുപ്പുകളിലായി രണ്ട് മന്ത്രിമാരുണ്ടായിരുന്നു. അത് ഡോ. എം. കെ. മുനീറും ശ്രീ. മഞ്ഞളാംകുഴി അലിയുമാണ്. അവർ അന്ന് കാണിച്ച ആർജ്ജവവും താല്പര്യവും എന്തായിരുന്നു; അവർ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തികൊണ്ട് ഒറ്റത്തവണ സഹായം (one time maintenance grant) അനുവദിപ്പിച്ചു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. ബി. രാജേഷ് അധികാരമേറ്റശേഷം ഇതുവരെയും അങ്ങനെയൊരു സംഭവമുണ്ടായിട്ടില്ല. എല്ലാ പഞ്ചായത്ത് മെമ്പർമാരും വളരെ പ്രയാസത്തിലാണ്. റോഡുകൾ നന്നാക്കാത്തതിൽ ജനപ്രതിനിധികൾ പഴി കേൾക്കുകയാണ്. റോഡിന്റെ

മെയിന്റനൻസിനായി ഫണ്ട് അനുവദിക്കണമെന്ന് പറഞ്ഞ് എം.എൽ.എ.മാരുടെയും മന്ത്രിമാരുടെയും അരികിൽ ജനപ്രതിനിധികൾ വരികയാണ്. ചില സാങ്കേതിക കാരണങ്ങൾ കാരണം റോഡിന്റെ മെയിന്റനൻസിനായി ഫണ്ട് അനുവദിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മന്ത്രി അതിനകത്ത് താല്പര്യമെടുത്ത് സർക്കാർ സംവിധാനത്തിലൂടെ ഫണ്ട് അനുവദിക്കണമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. പല പഞ്ചായത്തുകളിലും സെക്രട്ടറിമാരോ എ.ഇ.-മാരോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ ഇല്ല. പഞ്ചായത്ത് ഭരണസമിതികൾ വലിയ പ്രതിസന്ധിയിലാണ്. പലപ്പോഴും അവരെയൊക്കെ രാഷ്ട്രീയ താല്പര്യങ്ങൾക്കായി അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കൊണ്ടിരിക്കുന്നത് നിർത്തലാക്കണം. എല്ലാ പഞ്ചായത്തുകളിലും സെക്രട്ടറിമാരും എ.ഇ. അടക്കമുള്ള ഉദ്യോഗസ്ഥരുണ്ടാകണം. 2021-2024-ലെ പഞ്ചായത്ത് പ്ലാൻ ഫണ്ട് 15 ലക്ഷം രൂപ വച്ച് ഒൻപത് ഗഡുക്കൾ ലഭിക്കേണ്ടതിൽ ഇന്ന് 4 ഗഡുക്കൾ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഇത് പഞ്ചായത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഓൺഫണ്ട് കൂടുതലുള്ള പഞ്ചായത്തുകൾക്ക് മാത്രമാണ് ഇന്ന് മുന്നോട്ട് പോകാൻ

സാധിക്കുന്നത്. ഈ ഫണ്ട് കൊടുക്കാത്തതിനാൽ പഞ്ചായത്തുകൾ വലിയ പ്രതിസന്ധിയിലാണ്. കോൺട്രാക്ടർമാരുടെ വ്യവസ്ഥയിൽ ഡബിൾ ഡ്രം സംവിധാനം ഉൾപ്പെടുത്തിയതിനാൽ  പല പഞ്ചായത്ത് കോൺട്രാക്ടർമാരും വർക്ക് ഏറ്റെടുക്കുന്നില്ല. നല്ല സംവിധാനമൊക്കെയാണെങ്കിലും ഡബിൾ ഡ്രം സംവിധാനം എല്ലാ കോൺട്രാക്ടർമാർക്കുമില്ലെന്നാണ് അവർ പറയുന്നത്. ബിൽ മാറാത്തതുകൊണ്ടും അവർ പല വർക്കുകളും ഏറ്റെടുക്കുന്നില്ല. ആ പ്രതിസന്ധി കാരണം പല റോഡുകളും പണിയാൻ സാധിക്കുന്നില്ല. ജൽജീവൻ മിഷനുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇടപെടേണ്ട കാര്യമുണ്ട്. ജൽജീവൻ മിഷൻ പ്രവൃത്തികളുമായി ബന്ധപ്പെട്ട് റോഡുകൾ ആകെ മോശമായി കിടക്കുകയാണ്. ജലവിഭവ വകുപ്പുമന്ത്രിയോട് ഇക്കാര്യം പലതവണ പറഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ റോഡുകളാണ് മോശപ്പെട്ടുകിടക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്ക് അതിന് ഉത്തരവാദിത്വമില്ലേ; രണ്ട് മന്ത്രിമാരുംകൂടി ചർച്ച ചെയ്ത് അതിനൊരു പരിഹാരം കണ്ടെത്തണം. ഇതുസംബന്ധിച്ച് നേരത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്. ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട

പദ്ധതിയിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ഇടപെട്ട് പഞ്ചായത്ത് റോഡുകൾ താറുമാറായി കിടക്കുന്നത് എത്രയും വേഗം നന്നാക്കണം. കാരണം അതിനും പഴി കേൾക്കുന്നത് പഞ്ചായത്ത് പ്രസിഡന്റുമാരും മെമ്പർമാരുമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇടപെടണമെന്ന് ഇത്തരുണത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു.

ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇന്നലെ പാർലമെന്റിൽ ഇന്ത്യയുടെ പ്രതിപക്ഷനേതാവ് ശ്രീ. രാഹുൽ ഗാന്ധിയുടെ ഒരു പ്രസംഗം കേട്ടു. അദ്ദേഹത്തിന്റെ ഇന്നലത്തെ പ്രസംഗം കേട്ടപ്പോൾ ഒരു ഭാരതീയനെന്ന നിലയിലും ഒരു കോൺഗ്രസുകാരനെന്ന നിലയിലും ഞാൻ അഭിമാനംകൊണ്ട് പുളകിതമായി. അത് ഭരണപക്ഷത്തിരിക്കുന്നവർക്കും ഉണ്ടായിട്ടുണ്ടാകും. പക്ഷെ അവരത് പറയില്ല, കാരണം അവർ അന്ന് ശ്രീ. രാഹുൽ ഗാന്ധിയുടെ ജാഥയെ കണ്ടെയ്നർ ജാഥ, പൊറോട്ട ജാഥ എന്നൊക്കെ പറഞ്ഞ് വളരെ ആക്ഷേപിച്ചു. അദ്ദേഹത്തിന്റെ ആ ജാഥയിൽ ഞാനും എന്റെ കുടുംബവും രാജ്യത്തും കേരളത്തിലുമുള്ള ജനാധിപത്യ വിശ്വാസികളൊക്കെ പങ്കെടുത്തു. ഭാരത് ജോഡോ യാത്രയിൽ പങ്കെടുത്തതിൽ ഞാൻ അഭിമാനം

കൊള്ളുകയാണ്. അങ്ങനെയൊരു ജാഥ നടത്തിയതുകൊണ്ടാണ് ഇന്ന് ഇന്ത്യയിൽ നല്ലൊരു പ്രതിപക്ഷ നേതാവുണ്ടായത്.

ചെയർപേഴ്സൺ: യെസ്.... പ്ലീസ് ... കൺക്ലൂഡ്....

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. പ്രതിപക്ഷനേതാവായ ശ്രീ. രാഹുൽ ഗാന്ധിയെ എന്തൊക്കെയാണ് അവർ പറഞ്ഞത്. അദ്ദേഹമാണ് ഇന്ന് ഈ രാജ്യത്തിന്റെ പ്രതീക്ഷ, ഇവിടത്തെ കമ്മ്യൂണിസ്റ്റുകാരുടെയും കോൺഗ്രസ്സുകാരുടെയും ജനാധിപത്യ വിശ്വാസികളുടെയും എല്ലാവരുടെയും പ്രതീക്ഷയാണ്. ആന്ധ്രയിലെയും മറ്റ് സംസ്ഥാനങ്ങളിലെയും സി.പി.ഐ.(എം)കാർക്കും കൺകണ്ട ദൈവം പോലെയാണ് ശ്രീ. രാഹുൽ ഗാന്ധി. കാരണം അദ്ദേഹമാണ് രാജ്യത്തിന്റെ പ്രതീക്ഷ. അതുകൊണ്ട് ഇനിയെങ്കിലും ശ്രീ. രാഹുൽ ഗാന്ധിക്കെതിരെയുള്ള വിമർശനം ഇവിടെ അവസാനിപ്പിക്കണം. ഇവിടെ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി അദ്ദേഹത്തെക്കുറിച്ച് ആക്ഷേപം പറഞ്ഞു. അങ്ങനെയൊക്കെ ആക്ഷേപം പറഞ്ഞാൽ തളർന്നുപോകുന്ന ഒരു നേതാവല്ല

ശ്രീ. രാഹുൽ ഗാന്ധിയെന്നുമാത്രം ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഇന്ന് നാല് ധനാഭ്യർത്ഥനകളാണുള്ളത്. വളരെ വിശാലമായ വിഷയങ്ങളാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ധാരാളം കാര്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അതിനെയെല്ലാം വളരെ ഗൗരവത്തോടുകൂടി കാണുന്നു. അതുകൊണ്ട് ചർച്ചയിൽ പങ്കെടുത്തവരെടുത്ത സമയത്തിന്റെ മൂന്നിലൊന്നിൽ അധികരിക്കാതെ മറുപടി അവസാനിപ്പിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. അതിന് ബഹുമാനപ്പെട്ട അംഗങ്ങളുടെ സഹായം ആവശ്യമാണ്. ഒരു വാശിയുമുള്ളതുകൊണ്ടല്ല, വളരെ വിനയത്തോടെ അഭ്യർത്ഥിക്കാനുള്ളത്, എന്റെ മറുപടി പ്രസംഗത്തിനിടയിൽ ദയവായി ഇടപെടരുത്, വഴങ്ങില്ല എന്നതാണ്. പ്രസംഗത്തിനുശേഷം വേണമെങ്കിൽ നോക്കാം.

മി. ചെയർപേഴ്സൺ: അങ്ങ് ചെയറുമായി സഹകരിക്കണം.

ശ്രീ. എം. ബി. രാജേഷ്: സർ, ഒട്ടേറെ കാര്യങ്ങൾ കഴിഞ്ഞ ദിവസം അടിയന്തര പ്രമേയത്തിന്റെ ചർച്ചയിൽ ഉയർന്നുവന്നതാണ്. ആ ചർച്ചയ്ക്കൊടുവിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നടത്തിയ ഇറങ്ങിപ്പോക്ക് പ്രസംഗത്തിൽനിന്നാണ് എന്റെ ബഹുമാന്യരായ യു.ഡി.എഫ്. സുഹൃത്തുക്കൾ ഇന്ന് പ്രസംഗം ആരംഭിച്ചതും അവസാനിപ്പിച്ചതും. അദ്ദേഹം നിർത്തിയിടത്തുനിന്നു തുടങ്ങുകയാണ് ചെയ്തത്. തദ്ദേശ സ്ഥാപനങ്ങളാകെ ഈ ഗവൺമെന്റ് പ്രതിസന്ധിയിലാക്കിയിരിക്കുന്നുവെന്നാണ് അദ്ദേഹത്തിന്റെ വാദം. എല്ലാ ചുമതലകളും അവരുടെ തലയിൽക്കെട്ടിവച്ചിരിക്കുന്നു, അവർക്കാണെങ്കിലോ പണമൊന്നും കൊടുക്കുന്നുമില്ല, കേന്ദ്രം തരുന്നില്ലെന്ന വാദമൊന്നും വിലപ്പോകില്ല; കേന്ദ്രം ഇഷ്ടംപോലെ പണം തരുന്നുവെന്നുമൊക്കെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ വാദം. ജി.എസ്.ടി. കോമ്പൻസേഷൻ നിങ്ങൾ ചോദിക്കുന്നതുതന്നെ തെറ്റല്ലേയെന്നാണ് പ്രതിപക്ഷനേതാവ് ചോദിക്കുന്നത്. ജി.എസ്.ടി. കൗൺസിലിൽ കേരളം ഈ ആവശ്യം ഉന്നയിച്ചു. കേരളത്തിന് സവിശേഷമായ കാരണമുണ്ട്. 2018-ലെയും 2019-ലെയും പ്രളയം,

പിന്നീടുണ്ടായ കോവിഡ് മഹാമാരി എന്നിവയൊക്കെ കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് സൃഷ്ടിച്ച ആഘാതത്തിന്റെ പശ്ചാത്തലത്തിൽ നമ്മൾ ഈ ആവശ്യമുന്നയിച്ചു. പല കാരണങ്ങൾക്കൊണ്ട് ഇന്ത്യയിലെ പ്രതിപക്ഷകക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങളെല്ലാം ജി.എസ്.ടി. കോമ്പൻസേഷൻ നീട്ടണമെന്നാവശ്യപ്പെട്ടു. എന്നാൽ കേരളത്തിലെ പ്രതിപക്ഷനേതാവ് പറയുന്നത് ആ ആവശ്യംതന്നെ തെറ്റാണെന്നാണ്. ആരുടെ ഭാഷയാണിത്? ബി.ജെ.പി. സർക്കാരിന്റെ ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഷയാണ്. അതുപോലെ അദ്ദേഹം പറയുന്ന മറ്റൊരു കാര്യം, റവന്യൂ കമ്മി ഗ്രാന്റ് സംസ്ഥാനത്തിന് കിട്ടാനുള്ളത് കിട്ടിയതുകൊണ്ട് ഇനി ആവശ്യപ്പെടാൻ പാടില്ലെന്നാണ്. ബി.ജെ.പി.-യുടെ ഭാഷയിലാണ് അദ്ദേഹം സംസാരിക്കുന്നത്.

വായ്പാപരിധിയുടെ കാര്യംകൂടി പറയാം. വായ്പാപരിധി മൂന്ന് ശതമാനമാണെന്ന് FRBM Act-ൽതന്നെ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. കേന്ദ്രത്തിന് മൂന്ന് ശതമാനമെന്ന വ്യവസ്ഥയില്ല, ആവശ്യംപോലെ വായ്പയെടുക്കാമെങ്കിലും. കേരളത്തിന് രണ്ടര ശതമാനം മാത്രമേ വായ്പ അനുവദിക്കുന്നുള്ളൂ. അര ശതമാനം വെട്ടിക്കുറയ്ക്കുമ്പോൾ കേരളത്തിന് നഷ്ടം

വരികയാണ്. കേരളത്തിന്റെ Gross State Domestic Product (GSDP) പത്തുലക്ഷം കോടിയിലധികമാണ്. പത്തുലക്ഷം കോടി എന്ന രീതിയിൽ കണക്കാക്കിയാൽ തന്നെ 50,000 കോടിരൂപയുടെ നഷ്ടം വരികയാണ്. കഴിഞ്ഞ 7 വർഷം കൊണ്ട് വായ്പാ പരിധിയുടെ ഇനത്തിൽ മാത്രം 1,07,000 കോടി രൂപയുടെ നഷ്ടമാണ് കേരളത്തിന് സംഭവിച്ചത്. അതൊന്നും കാണാൻ കണ്ണില്ലാത്ത ധൃതരാഷ്ട്രരെപ്പോലെയാണ് പ്രതിപക്ഷനേതാവും പ്രതിപക്ഷവും ഇവിടെയിരിക്കുന്നത്. ഈ കണക്കുകളെല്ലാം ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ സമർപ്പിച്ചിട്ടുള്ളതിനാൽ ആ വിഷയം സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ സമീപനം എന്താണ്? 15-ാം സെൻട്രൽ ഫിനാൻസ് കമ്മീഷന്റെ ഗ്രാന്റായ 1237.75 കോടിരൂപ ഇപ്പോഴും നൽകിയിട്ടില്ല. ഈ തുക യു.ഡി.എഫ്. സർക്കാർ ഭരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുൾപ്പെടെ കിട്ടാനുള്ള പണമല്ലേ? ഈ രണ്ടേ മുക്കാൽ മണിക്കൂർ ഇവിടെ ചർച്ച നടത്തിയിട്ടും അതിനെപ്പറ്റി ഒരു വരി ആരെങ്കിലും അപ്പുറത്തുനിന്ന് അത് സംബന്ധിത്ത്

പറഞ്ഞോ? ഇത് വളരെ നിരാശാജനകവും ഖേദകരവുമാണ്. എൽ.ഡി.എഫ്. സർക്കാർ പണം കിട്ടാതെ തുലയട്ടെ എന്നതാണ് അവരുടെ മനോഭാവം. ഇത്രയും നേരം ചർച്ച ചെയ്തിട്ടും അക്കാര്യം പറയണ്ടേ? 24 നഗരസഭകൾക്ക് സി.എഫ്.സി. ഗ്രാന്റിനത്തിൽ ചില്ലിക്കാശ് കേന്ദ്രം കൊടുക്കാത്തതിനുള്ള കാരണം നേരത്തെ പറഞ്ഞതിനാൽ ആവർത്തിക്കുന്നില്ല. പക്ഷേ ആ 24 നഗരസഭകളിൽ 15 ഉം യു.ഡി.എഫ്. ഭരിക്കുന്ന നഗരസഭകളാണെങ്കിലും അവർക്ക് അതിൽ ഒരു പരാതിയുമില്ല. ശാപവചനങ്ങൾ മുഴുവനും കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റിനാണ്. നിങ്ങൾ ധൃതരാഷ്ട്രരെപ്പോലെ രാഷ്ട്രീയ അന്ധത ബാധിച്ചവരാണ്. അല്ലെങ്കിൽ ഇക്കാര്യത്തിൽ ഒരുമിച്ച് നിൽക്കണ്ടേ? ഇത്രയുമൊക്കെ പറഞ്ഞതിൽ ഞങ്ങൾക്ക് വിരോധമില്ല; പക്ഷേ അക്കൂട്ടത്തിൽ ഇതുകൂടി ചൂണ്ടിക്കാണിക്കേണ്ടതല്ലേ. ഈ പ്രതിസന്ധികളെല്ലാമുണ്ടായിട്ടും സഭയിലെ മുതിർന്ന അംഗമായ ശ്രീ. മാത്യു ടി. തോമസ് ഇക്കാര്യം ശരിയായി ചൂണ്ടിക്കാണിച്ചു.

പദ്ധതിയടങ്കലിന്റെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള വിഹിതം 2016 മുതൽ ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം 0.5 ശതമാനം

വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. 2011-12-ൽ യു.ഡി.എഫ്. ഭരിച്ചപ്പോൾ 24.93 ശതമാനവും 2024-25-ൽ എൽ.ഡി.എഫ്. ഭരിച്ചപ്പോൾ 28.09 ശതമാനവുമായിരുന്നു. കഴിഞ്ഞതവണ ഞാൻ മറുപടി പറയുമ്പോൾ പ്രതിപക്ഷനേതാവ് പറഞ്ഞു, അനുവദിച്ച തുകയല്ല ശതമാനമാണ് പറയേണ്ടതെന്ന്. ശതമാനമാണ് ഇപ്പോൾ പറഞ്ഞത്. തുക വേണമെങ്കിൽ തുകയും പറയാം. എങ്ങനെ നോക്കിയാലും ഈ ഗവൺമെന്റാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ട് അനുവദിച്ചതെന്നത് അനിഷേധ്യമായ കാര്യം നിങ്ങളുടെ വാചാടോപം കൊണ്ട് മായ്ച്ചുകളയാൻ കഴിയാത്ത യാഥാർത്ഥ്യമാണ്. അതാണ് എൽ.ഡി.എഫ്. ഭരിച്ചപ്പോഴുള്ള 28.09 ശതമാനം.

തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ഫണ്ട് വിനിയോഗത്തിന്റെ കണക്കുനോക്കിയാൽ, 2011-16-ൽ - യു.ഡി.എഫ്. ഗവൺമെന്റ് അഞ്ച് വർഷം - വിനിയോഗിച്ചത് 73.16 ശതമാനം. 2016-21 വരെ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് വിനിയോഗിച്ചത് 77.84 ശതമാനവും കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുനോക്കിയാൽ 81.39 ശതമാനവുമാണ്. ഇവിടെ ഒന്നും

നടക്കുന്നില്ലെന്ന് പ്രതിപക്ഷനേതാവ് പറയുന്നത് കേട്ടു. അങ്ങനെയാണോ? സാമ്പത്തിക പ്രതിസന്ധിയുടെ ഞെരുക്കവുമുണ്ട്. പക്ഷേ ആ പ്രതിസന്ധി കേന്ദ്ര ഗവൺമെന്റ് അടിച്ചേല്പിച്ചിട്ടുള്ളതാണ്. ആ ഞെരുക്കം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ബാധിച്ചിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. അതിനർത്ഥം ഒന്നും നടക്കുന്നില്ല എന്നാണോ? അതാണ് നിങ്ങൾ സ്ഥാപിക്കാൻ ശ്രമിക്കുന്നത്. പക്ഷേ കണക്കുകളുള്ളതിനാൽ അതിലെ തുകയുടെ കണക്കുകൂടി പറയാം. 2021-24 വരെ 81.39 ശതമാനം ഫണ്ട് വിനിയോഗിച്ചതിൽ ക്രമാനുഗതമായ വർദ്ധനവാണുണ്ടായത്. അതായത് യു.ഡി.എഫ്.-ന്റെ കാലത്ത് 73 ശതമാനവും ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 77 ശതമാനവും ഇപ്പോൾ 81.39 ശതമാനം എന്ന രീതിയിൽ ക്രമാനുഗതമായ വർദ്ധനവുണ്ടായി.

ഈ മൂന്ന് വർഷം കൊണ്ട് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 23,583 കോടിരൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടന്നു. പ്രതിസന്ധികൾക്ക് നടുവിൽ ഇത്രയും തുകയുടെ വികസന പ്രവർത്തനം തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ നടന്നിട്ടും ഒരു കൂസലുമില്ലാതെ ഇവിടെ ഒന്നും നടക്കുന്നില്ലെന്ന് യു.ഡി.എഫ്. പറയുകയാണ്.

അതിദാരിദ്ര്യ നിർമ്മാർജ്ജനത്തെപ്പറ്റി ഇവിടെ പലരും പറഞ്ഞു. ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളമല്ലാതെ മറ്റേതൊരു സംസ്ഥാനമാണ് അതിദരിദ്രരെ കണ്ടെത്തി അവരെ അതിൽനിന്നും മോചിപ്പിക്കാനുള്ള പദ്ധതി നടപ്പാക്കിയത്. ലോകരാജ്യങ്ങളിൽ ചൈനയ്ക്കുശേഷം ഏതെങ്കിലുമൊരു പ്രദേശത്ത് അതിദാരിദ്ര്യനിർമ്മാർജ്ജനം ചെയ്യാനുള്ള പദ്ധതി നടപ്പാക്കുന്നുണ്ടെങ്കിൽ അത് കേരളത്തിലാണ്. നമ്മുടെ മുമ്പിലെ വസ്തുതകളനുസരിച്ച് കേരളത്തിലെ അതിദരിദ്രരുടെ എണ്ണം 0.71 ശതമാനമാണെന്ന് കണ്ടെത്തിയത് 'നീതി ആയോഗ്' ആണ്. സർക്കാർ ഈ പദ്ധതി നടപ്പാക്കി ഒരു വർഷം കഴിഞ്ഞപ്പോൾ അത് 0.55 ശതമാനമായി കുറഞ്ഞു. അത് ഇത്തവണ 0.48 ശതമാനമായി കുറയുമെന്ന നീതി ആയോഗിന്റെ പ്രൊജക്ഷൻ വന്നിട്ടുണ്ട്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കഴിഞ്ഞദിവസം എൽ.ഡി.എഫ്.-ന്റെ മുൻഗണനകളെന്താണെന്നു ചോദിച്ചു. ഇതാ കണ്ടോളൂ.. അതിദരിദ്രരെ ഉയർത്തിക്കൊണ്ട് വരിക എന്നുള്ളതാണ് ഞങ്ങളുടെ മുൻഗണന. ഞങ്ങൾ പാവങ്ങളെ മറന്നിട്ടില്ല; പാവങ്ങളിൽ പാവങ്ങളെ കൈപിടിച്ചുയർത്തുന്ന ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്.

ലൈഫ് പദ്ധതിയെക്കുറിച്ച് ഇവിടെ പറഞ്ഞു. ലൈഫ് പദ്ധതിയിലൂടെ 4,04,529 വീടുകൾ പൂർത്തിയാകുകയും ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന 1,03,346 വീടുകളുമുൾപ്പെടെ 5,07,875 വീടുകൾ ....... ലൈഫ് പദ്ധതിയിലൂടെ വീട് കൊടുക്കുന്നില്ലെന്നാണ് പ്രതിപക്ഷം ഇപ്പോൾ പറയുന്നത്. ലൈഫ് പദ്ധതിക്കായി കേരളം ചെലവഴിച്ചത് 17,526 കോടിരൂപയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, ലൈഫ് പദ്ധതിക്ക് സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ എത്ര രൂപയാണ് കൊടുത്തതെന്നുകൂടി പറയണം.

ശ്രീ. എം. ബി. രാജേഷ്: സർ, അത് പറയാം. ഞാൻ മറന്നുപോയാലും ഓർമ്മിപ്പിച്ചതിന് നന്ദി. സംസ്ഥാന സർക്കാർ നേരിട്ട് ബഡ്ജറ്റിൽനിന്നും കൊടുത്തത് 5,274 കോടിരൂപ. ഇതോടൊപ്പം 5,016 കോടിരൂപ വായ്പയും 5,150 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും, എല്ലാം കൂടി 17,526 കോടിരൂപ. നിങ്ങൾക്ക് അറിയാൻ ഒട്ടും താല്പര്യമില്ലാത്ത കേന്ദ്രവിഹിതം 2081.69 കോടി ഈ തുകയുടെ 84 ശതമാനവും സംസ്ഥാന വിഹിതമാണ്. ഇന്ത്യയിലെ ഏത് സംസ്ഥാനത്താണ് 4 ലക്ഷം രൂപ വീതം വീട് വയ്ക്കാൻ കൊടുക്കുന്നത്. എല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

തലയിലിട്ടുവെന്നാണ് യു.ഡി.എഫ്. പറയുന്നത്. പഞ്ചായത്തുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൊടുക്കട്ടെ എന്ന നിലയിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ് തലയിലിട്ടത്. എത്രയാണ് കൊടുത്തിരുന്ന തുക? ഇപ്പോൾ ഒരു ലക്ഷം രൂപ ഓരോ ഗുണഭോക്താവിനും സംസ്ഥാന ഗവൺമെന്റ് കൊടുക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലയിൽ ഇടുകയല്ല ചെയ്തത്. അവർക്ക് പണം കൊടുക്കുകയാണ്. നിങ്ങൾ എവിടെയെങ്കിലും ഒരിടത്ത് ഉറച്ചുനിൽക്കണം. ലൈഫ് പദ്ധതിയിലൂടെ വീട് കൊടുക്കാനുള്ള പഞ്ചായത്തിന്റെ അധികാരം കവർന്നെടുത്തുവെന്നാണ് കഴിഞ്ഞദിവസം പ്രതിപക്ഷം പറഞ്ഞ മറ്റൊരുവാദം. ഇപ്പോൾ പറയുന്നു അവരുടെ തലയിലിട്ടു. നിങ്ങൾക്കുതന്നെ ഉറച്ച ഒരു നിലപാട് ഇക്കാര്യത്തിലില്ല. പഞ്ചായത്തുകളാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്.

ശ്രീ. എം. വിൻസെന്റ്: സർ, ഒരു മിനിട്ട് വഴങ്ങുമോ?

മി. ചെയർപേഴ്സൺ: ഇല്ല. ശ്രീ. എം. വിൻസെന്റ്,

ശ്രീ. എം. ബി. രാജേഷ്: അദ്ദേഹം ഇങ്ങനെ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നാൽ കൂടുതൽ സമയമെടുക്കും.

<u>മി. ചെയർപേഴ്സൺ</u>: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കു. ഒരു ബില്ലുകൂടിയുണ്ട്. അങ്ങ് സംസാരിക്കു.

<u>ശ്രീ. എം. ബി. രാജേഷ്</u>: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാമസഭകളിലൂടെ ഒരു പ്രത്യേക പ്രോസസിലൂടെയാണ് ഈ ആളുകളെ തെരഞ്ഞെടുത്തിട്ടുള്ളത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അവകാശമാണ്. എന്നാൽ അവരുടെ ഉത്തരവാദിത്വത്തിന്റെ ഒരു പങ്ക് സംസ്ഥാന സർക്കാർ വഹിക്കുന്നു എന്നതാണ് വികേന്ദ്രീകരണത്തിന്റെ മികച്ച മാതൃക. ഈ വികേന്ദ്രീകരണത്തെ അട്ടിമറിച്ചു എന്നായിരുന്നല്ലോ നിങ്ങളുടെ വാദം. അധികാര വികേന്ദ്രീകരണത്തോടുള്ള ഇടതുപക്ഷത്തിന്റെ പ്രതിബദ്ധതയെന്താണെന്നത് ബഹുമാന്യനായ മാത്യു ടി. തോമസ് വളരെ സംക്ഷിപ്തമായി മറുപടി പറഞ്ഞിട്ടുള്ളതിനാൽ ഞാനത് ആവർത്തിക്കുന്നില്ല. കൂടാതെ, ഭവന നിർമ്മാണ പദ്ധതിയുമായി സർക്കാർ മുന്നോട്ടുവന്നപ്പോൾ എല്ലാ വിഭാഗമാളുകൾക്കും ലൈഫ് പദ്ധതിയിൽ വിശ്വാസം വന്നു. ഭവനരഹിതരും ഭൂരഹിതരുമായ ആയിരം ആളുകൾക്ക് ഭൂമിവാങ്ങിക്കൊടുക്കാനായി കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ മുന്നോട്ടുവരുകയും

ആയിരം പേർക്ക് ഭൂമി നൽകുകയും ചെയ്തു കഴിഞ്ഞു. ഇനി ആയിരം പേർക്കുകൂടി ഭൂമി നൽകാൻ കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ സന്നദ്ധത പ്രകടിപ്പിച്ചിരിക്കുന്നുവെന്നത് ഈ സർക്കാരിന്റെ നടപടിയിൽ വിശ്വാസമുള്ളതുകൊണ്ടാണ്. ഇത് വിശ്വസിക്കാവുന്ന സർക്കാരായതുകൊണ്ട് ആയിരം പേർക്കുകൂടി ഞങ്ങൾ ഭൂമി നൽകാമെന്ന് അവർ പറഞ്ഞിരിക്കുകയാണ്. Lions District International - 318 A, ലയൺസ് ക്ലബ് നൂറ് വീട് വച്ചുകൊടുക്കാൻ മുന്നോട്ടുവന്നിരിക്കുകയാണ്. ഇങ്ങനെ ധാരാളം പേർ വരുന്നു. 'മനസോടിത്തിരി മണ്ണ്' ക്യാമ്പയിനിൽ 31.5 ഏക്കർ ഭൂമിയാണ് സംഭാവനയായി വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളത്. ആളുകൾക്ക് ഈ ഗവൺമെന്റിൽ വിശ്വാസമുണ്ട്. ഞങ്ങൾ ഭൂമി നൽകിയാൽ ആ ഭൂമി പാവപ്പെട്ടവർക്ക് വീടുവയ്ക്കാൻ ഉപയോഗപ്പെടുമെന്നും ഈ സർക്കാർ വീടുവച്ച് നൽകുമെന്ന വിശ്വാസമാണ് അതിൽ കാണുന്നത്. സമയം ഇല്ലാത്തതുകൊണ്ടാണ് ഞാൻ വേഗത്തിൽ സംസാരിക്കുന്നത്. തടസ്സപ്പെടുത്താൻ വേണ്ടിയാണ് അവർ ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നത്. കുറച്ചധികം കാര്യങ്ങൾ പറയാനുണ്ട്. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കെല്ലാം

ലൈഫ് മിഷന്റെ ആനുകൂല്യമുണ്ടെന്നാണ് ഡോ. സുജിത് വിജയൻപിള്ള പറഞ്ഞത്. നാല് ലക്ഷമെന്ന പരിധിക്കകത്ത് നിന്നുകൊണ്ട് നേരത്തെ കിട്ടിയ സഹായം ഉൾപ്പെടെ അവർക്കെല്ലാം ഈ ആനുകൂല്യമുണ്ട്. ആരെയും അതിൽനിന്നും ഒഴിവാക്കിയിട്ടില്ലെന്ന കാര്യം ഞാൻ അറിയിക്കുകയാണ്. ഇന്ത്യയിൽ മാതൃകാപരമായി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനം കേരളമാണ്. തൊഴിലുറപ്പിന്റെ ദേശീയ മാനദണ്ഡങ്ങൾ എട്ടെണ്ണമാണ്. അതിൽ നാലെണ്ണത്തിൽ ഒന്നാം സ്ഥാനത്ത് കേരളമാണ്. ബാക്കി നാലെണ്ണത്തിൽ രണ്ടാം സ്ഥാനത്താണ് കേരളം. കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ജല സംരക്ഷണത്തിനാണ് കഴിഞ്ഞ വർഷവും നടപ്പുവർഷവും പ്രാധാന്യം കൊടുക്കുന്നത്. 24735 കിണറുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി റീ ചാർജ്ജ് ചെയ്യുകയാണ്. കൊടും വേനലിന്റെ അനുഭവം നമ്മുടെ മുന്നിലുണ്ട്. ആ കൊടും വേനലിന്റെ അനുഭവത്തിൽ നിന്നാണ് 24735 കിണറുകൾ റീചാർജ്ജ് ചെയ്യുന്നതും ജല സംരക്ഷണ പ്രവൃത്തികൾക്ക് പ്രാധാന്യം നൽകുന്നതും. 3880 കാർഷിക കുളങ്ങൾ നിർമ്മിക്കുകയാണ്. അതിലൂടെ ഈ മഴക്കാലത്ത് 776000 ക്യൂബിക് മീറ്റർ വെള്ളം സംഭരിക്കാൻ

സാധിക്കുന്നതിലൂടെ ഭൂഗർഭ ജലവിതാനം ഉയർത്താൻ സഹായിക്കുന്നതാണ്. പ്രതിപക്ഷനേതാവ് പാരിസ്ഥിതികമായ കാര്യങ്ങളിലെല്ലാം താൽപ്പര്യം കാണിക്കുന്ന ആളാണെന്നാണ് ഞാൻ കരുതുന്നത്. തൊഴിലുറപ്പ് പദ്ധതി എങ്ങനെയാണ് സംസ്ഥാന സർക്കാരിന് ഭാവനാ പൂർണ്ണമായി ഉപയോഗിക്കാൻ സാധിക്കുക എന്നതിന്റെ ഉദാഹരണമാണിത്. ട്രൈബൽ പ്ലസ് കേരളത്തിലല്ലാതെ ഇന്ത്യയിൽ മറ്റ് എവിടെയാണുള്ളത്? എംപ്ലോയ്മെന്റ് ഗ്യാരന്റി നൂറ് ദിവസമാണ് എം.ജി.എൻ.ആർ.ഇ.ജി. പദ്ധതി മുഖേന കൊടുക്കുന്നതെങ്കിൽ കേരളം നൂറ് ദിവസംകൂടി ആദിവാസി മേഖലകളിൽ ജോലി നൽകുകയാണ്. അങ്ങനെ 200 ദിവസത്തെ തൊഴിൽ ദിനങ്ങൾ ട്രൈബൽ പ്ലസിലൂടെ ലഭിക്കുന്നതാണ്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി പദ്ധതി ആദ്യമായി നടപ്പാക്കിയ സംസ്ഥാനം കേരളമാണ്. 20 ലക്ഷം പേർക്ക് അതിന്റെ ആനുകൂല്യം ലഭിക്കുകയാണ്. പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, മക്കളുടെ വിദ്യാഭ്യാസ ആനുകൂല്യേ ഇതെല്ലാം അതിലൂടെ നൽകുകയാണ്. അതിനും പുറമെ ഇന്ത്യയിലാദ്യമായി അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (അയ്യങ്കാളി അർബൺ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം)

നടപ്പാക്കിയ സംസ്ഥാനം കേരളമാണ്. ഒരു പ്രത്യയ ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ പ്രവർത്തിക്കുന്നതെന്ന് നേരത്തെ ഇവിടെ പറഞ്ഞല്ലോ? അതിന്റെ അടിസ്ഥാനത്തിൽ ഇന്നത്തെ ഈ പരിമിതികൾക്ക് നടുവിൽ നിന്നുകൊണ്ട് എന്തെല്ലാം ബദൽ ഉയർത്താൻ സാധിക്കുമെന്നതിന്റെ ഉദാഹരണമാണ് ഇതെല്ലാം. ഞങ്ങളുടെ ബദൽ സമീപനമാണ് ഇത്. കെ-സ്മാർട്ടിനെ കുറിച്ച് ഇവിടെ ധാരാളം ചർച്ചകൾ വരികയുണ്ടായി. ധാരാളം അവ്യക്തതകളും ആശയകുഴപ്പങ്ങളും കെ-സ്മാർട്ടിനെ കുറിച്ച് നിലനിൽക്കുന്നുണ്ടെന്നത് ഒരു വസ്തുതയാണ്. അത് കുറച്ച് ബോധപൂർവ്വം സൃഷ്ടിക്കപ്പെട്ടിട്ടുമുണ്ട്. അതിന്റെ എല്ലാം ഫലമായാണ് കുറെകാര്യങ്ങൾ ഇവിടെ വന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനങ്ങൾ ലഭിക്കാനായി ആളുകൾ നേരിട്ട് ചെല്ലേണ്ട സ്ഥിതിയുണ്ടാകരുതെന്നതാണ് ഗവൺമെന്റിന്റെ നിലപാട്. ലോകത്തെവിടെയിരുന്നാലും ഉള്ളം കയ്യിലിരിക്കുന്ന മൊബൈൽ ഫോണിലൂടെ സേവനങ്ങൾ ലഭ്യമാക്കണമെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. അതിനുവേണ്ടിയാണ് രാജ്യത്തിനാകെ മാതൃകയായ ഐ.എൽ.ജി.എം.എസ്. (ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റം)

പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നത്. കെ-സ്മാർട്ട് നഗരസഭകളിൽ നടപ്പാക്കി. ഐ.എൽ.ജി.എം.എസ്.-ന്റെ ഉയർന്ന വേർഷനാണ് കെ-സ്മാർട്ട്. പഞ്ചായത്തുകളിൽ നവംബർ 1 മുതൽ ഇത് നടപ്പാക്കുന്നതാണ്. 727193 പേരാണ് കെ-സ്മാർട്ടിൽ രജിസ്റ്റർ ചെയ്തത്. ഇതിൽ ആറുമാസം കൊണ്ട് ജനറേറ്റ് ചെയ്യപ്പെട്ട ഫയലുകളുടെ എണ്ണം 15,13,139 ആണ്. ഇതെല്ലാം ആർക്കും ലഭ്യമാകുന്ന കണക്കുകളാണ്. ഇതിൽ തീർപ്പാക്കിയത് 11,03,912 ഫയലുകളാണ്. ഇത് 72.15 ശതമാനമാണ്. അതാണ് കെ-സ്മാർട്ടിന്റെ പെർഫോമൻസ്. വ്യാപാര ലൈസൻസ് പുതുക്കിയത് 119828 എണ്ണവും പുതിയ ലൈസൻസുകൾ 12079 എണ്ണവും നിർമ്മാണ പെർമിറ്റുകൾ അംഗീകരിച്ചത് 13095 എണ്ണവുമാണ്. ഇത് ആറുമാസം കൊണ്ടുള്ള നഗരസഭകളിലെ കണക്കുകൾ മാത്രമാണ്. ഇത് തടസ്സമില്ലാതെ നടക്കുകയാണ്. ചില സ്ഥാപിത താൽപ്പര്യക്കാർ പ്രചരണങ്ങൾ നടക്കുന്നുണ്ട്. ചിലരത് പൊളിക്കാൻ ശ്രമം നടത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് അനേകം ഉദാഹരണങ്ങൾ എനിക്ക് പറയാനുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ ഒരു ഉദാഹരണം മാത്രം പറയാം. കെട്ടിടം പൊളിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്

ഇന്റിമേഷൻ നൽകണം. അതിന്റെ ആവശ്യം മാത്രമെ ഉള്ളൂ. കെ-സ്മാർട്ടിലൂടെ ഓൺലൈനായി ഇത് നൽകാം. ഒരു ജീവനക്കാരി അപേക്ഷകന്റെ നമ്പരെടുത്ത് അയാളെ വിളിച്ച് പറഞ്ഞത്, കെ-സ്മാർട്ട് ആകെ അവതാളത്തിലാണെന്നും ഇതിലൊന്നും ഒരു കാര്യം നടക്കുകയില്ലെന്നും അതുകൊണ്ട് നിങ്ങൾ നേരിട്ടുവന്ന് വെള്ളകടലാസ്സിൽ അപേക്ഷ എഴുതിത്തരണമെന്നുമാണ്. അങ്ങനെ നേരിട്ട് പോയി വെള്ളകടലാസ്സിൽ അപേക്ഷ നൽകിയും അപ്പോൾ മറ്റൊരു ദിവസം വരാൻ പറയുകയും ചെയ്തു. സത്യത്തിൽ അനുമതിയുടെ പോലും ആവശ്യം ഇതിനില്ല. രണ്ട് തവണ നടന്നുകഴിഞ്ഞപ്പോൾ ഒരു സുഹൃത്തുമുഖേന എന്നെ അദ്ദേഹം നേരിട്ട് ബന്ധപ്പെട്ടു. മന്ത്രിയുടെ ഓഫീസിൽനിന്നും ഇടപെടലുണ്ടായപ്പോൾ അത് തെറ്റുപറ്റിയതാണെന്നും കെട്ടിടം പൊളിക്കാമെന്നും പിറ്റേ ദിവസം പറഞ്ഞു. മുന്നിൽ ആളെ വരുത്തണമെന്ന് ചിലർക്ക് ആഗ്രഹമുണ്ട്. കോർപ്പറേഷനിൽ ഒരു പെർമിറ്റ് ലഭിക്കണമെങ്കിൽ ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, സെക്രട്ടറി ഇങ്ങനെ ആറ് തട്ടിലൂടെ പോകണം. ഓൺലൈനിൽ അപേക്ഷ നൽകിയാൽ 300 ചതുരശ്ര മീറ്ററിന്

ഉള്ളിൽ ആണെങ്കിൽ ഒരു മിനിട്ടിൽ പെർമിറ്റ് വാട്സാപ്പിൽ/ ഓൺലൈനിലൂടെ ലഭ്യമാകുന്നതാണ്. അപ്പോൾ അവർക്ക് കുറച്ച് ബുദ്ധിമുട്ട് കാണും. അങ്ങനെയുള്ള ആളുകൾ നേരിട്ട് ആളെ വരുത്താൻ വേണ്ട ശ്രമം നടത്തും. കെ-സ്മാർട്ട് അവതാളത്തിലാണ്; ഇതിൽ കൊടുത്താൽ നടക്കില്ലെന്ന് പ്രചരിപ്പിക്കുകയാണ്. കോഴിക്കോട് നഗരസഭയിൽ ഏറ്റവും നന്നായി ഇത് നടക്കുന്നുണ്ട്. ബഹുമാന്യനായ തൃക്കാക്കര അംഗം നടപടിയെടുത്തിട്ടുണ്ടോയെന്ന് ചോദിച്ചത് നന്നായി. നടപടി എടുത്തിട്ടുണ്ട്. ഏത് നഗരസഭയാണെന്നെല്ലാം ഞാൻ പറയാം.

ശ്രീ. യു. എ. ലത്തീഫ്: സർ, ......(മൈക്ക് ഓഫ്)

ശ്രീ. എം. ബി. രാജേഷ്: സർ, ഞാൻ വഴങ്ങുന്ന പ്രശ്നമില്ല.

മി.സ്പീക്കർ: മിനിസ്റ്റർ അങ്ങോട്ട് നോക്കേണ്ട, Address to the chair,

ശ്രീ. എം. ബി. രാജേഷ്: സർ, ഇതിൽ ബോധപൂർവ്വമായ ശ്രമം നടക്കുന്നുണ്ടെന്നാണ് ഞാൻ പറഞ്ഞുവന്നത്. കോഴിക്കോട് നഗരസഭയിലെ മേയറോട് കെ-സ്മാർട്ടിനെക്കുറിച്ച് ഞാൻ ചോദിച്ചപ്പോൾ പറഞ്ഞത് കെ-സ്മാർട്ട് ഗംഭീരമായി നടക്കുന്നുവെന്നാണ്. ശ്രീ. തോട്ടത്തിൽ രവീന്ദ്രനും

അക്കാര്യം ചൂണ്ടിക്കാണിച്ചതാണ്. ഒറ്റ സോഫ്റ്റ്‌വെയറാണ്. എല്ലായിടത്തും നടപ്പാക്കുന്നതാണ്. കോഴിക്കോട് നടക്കുകയും വേറെ സ്ഥലങ്ങളിൽ നടക്കാതിരിക്കുകയും ചെയ്യുന്നത് സാധാരണ സംഭവിക്കാറില്ല. ചിലകാര്യങ്ങളിൽ പുതിയ സംവിധാനം വരുമ്പോൾ ഒന്നിൽനിന്നും മറ്റൊന്നിലേയ്ക്കുള്ള ട്രാൻസിഷന്റെ ഘട്ടത്തിൽ ചില പ്രശ്നങ്ങളുണ്ടാകാറുണ്ട്. അത് തന്നെ പ്രതീക്ഷിച്ച അത്രയും പ്രശ്നങ്ങളില്ലെന്നതാണ് നമ്മുടെ അനുഭവം. വ്യാപാരികളുടെ കാര്യത്തിൽ അതിശയോക്തിപരമായ ചില പ്രചരണങ്ങൾ നടക്കുന്നുണ്ട്. അതിനെക്കുറിച്ച് ഞാൻ പറയാം. അവരുടെ ജനുവിനായ പ്രശ്നങ്ങൾ സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അതുപ്രകാരം സെപ്റ്റംബർ 30 വരെ ലൈസൻസ് പുതുക്കുന്നതിനുള്ള സമയം നീട്ടിക്കൊടുത്തിട്ടുണ്ട്. പക്ഷേ അതിനർത്ഥം അംഗീകരിക്കാൻ സാധിക്കാത്ത ആവശ്യങ്ങൾ പറഞ്ഞ് സമ്മർദ്ദം ചെലുത്തിയാൽ ആ സമ്മർദ്ദത്തിന് വഴങ്ങാൻ സാധിക്കില്ല. ജനുവിനായ എല്ലാ പ്രശ്നങ്ങളോടും അനുഭാവ പൂർണ്ണമായ നിലപാടാണ് സ്വീകരിക്കുന്നത്.

മാലിന്യ മുക്തം നവകേരളത്തെക്കുറിച്ച് എനിക്ക് നിരാശയുള്ളത്, അപൂർവ്വം ചർച്ചയിൽ പങ്കെടുത്ത ആളുകൾ മാത്രമെ ഇതിനെക്കുറിച്ച് ഗൗരവമായി പരാമർശിക്കാൻ ഇവിടെ തയ്യാറായിട്ടുള്ളൂ. യഥാർത്ഥത്തിൽ നമ്മൾ ഇന്ന് ഏറ്റെടുക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വം അതിനെക്കുറിച്ച് വേണ്ടത്ര ഗൗരവത്തോടെ, താൽപര്യത്തോടുകൂടി ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞില്ലെന്നതിലുള്ള നിരാശ ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് രാവിലെയും കഴിഞ്ഞ ദിവസങ്ങളിലും മാലിന്യത്തിന്റെ കാര്യത്തിൽ ഒന്നും നടക്കുന്നില്ലെന്നാണ് പറഞ്ഞത്, അതും വളരെ നിരാശപ്പെടുത്തുന്നതായിപ്പോയി. അദ്ദേഹത്തിന്റെ സ്റ്റേറ്റ്മെന്റ് ബ്ലൈന്റായിപ്പോയി. എന്താണ് അനുഭവം, ഒറ്റ വർഷം കൊണ്ടുള്ളമാറ്റം പറയാം.

2023-ൽ ബ്രഹ്മപുരത്തെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തതാണ്. ബ്രഹ്മപുരം കത്തിയെരിഞ്ഞപ്പോൾ കോർപ്പറേഷൻ നോക്കട്ടെ എന്ന നിലപാടല്ല ഞങ്ങളെടുത്തത്. ഞാനും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും എറണാകുളത്തെത്തി ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർത്തു. അതിന്റെ

മുഴുവൻ കഥയും അതിന്റെ പ്രതികരണവും എങ്ങനെയായിരുന്നുവെന്ന് ഞാനിവിടെ പറയുന്നില്ല. അതിനുശേഷം ഒരാഴ്ച ഞാൻ കൊച്ചിയിൽ താമസിച്ച് ഓരോ കോർപ്പറേഷൻ വാർഡിലും പോയി ആയിരക്കണക്കിന് ജനങ്ങളുമായി നേരിട്ട് സംസാരിച്ചു. സർക്കാർ പ്രഖ്യാപിച്ച ആക്ഷൻ പ്ലാൻ ആദ്യമായി നടപ്പാക്കാൻ നേതൃത്വം കൊടുത്തത് കൊച്ചിയിലാണ്. അതിന്റെ മാറ്റം ഇന്ന് കൊച്ചിയിലുണ്ട്. അതിന്റെ കണക്കുകളും നമ്മുടെ മുമ്പിലുണ്ട്. ബി.പി.സി.എൽ.-ന്റെ CBG (Compressed Bio Gas) പ്ലാന്റ് കൊച്ചിയിൽ സ്ഥാപിക്കുന്നതിന് സർക്കാരിന്റെ അംഗീകാരം ലഭിച്ചു. അതിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ പോകുകയാണ്. ഒന്നരക്കൊല്ലത്തിനുള്ളിൽ 150 ടൺ മാലിന്യം Compressed Bio Gas ആക്കി മാറ്റാൻ സാധിക്കും. ഇതും ഒരു മാറ്റമാണ്. ബ്രഹ്മപുരം തീപിടുത്തത്തെ, ആ ആപത്തിനെ, കേരളത്തെ ശുചിത്വ സമ്പൂർണ്ണ മാലിന്യമുക്തമാക്കാനുള്ള അവസരമാക്കി ഉപയോഗിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് ഞങ്ങളന്ന് പറഞ്ഞിരുന്നു. 2023 മാർച്ചിൽ വാതിൽപ്പടി മാലിന്യശേഖരം 47 ശതമാനമായിരുന്നത് ഇപ്പോൾ 87 ശതമാനമായി മാറിയിട്ടുണ്ട്. ഒറ്റവർഷംകൊണ്ടുണ്ടായ മാറ്റമാണിത്. 34 ശതമാനമായിരുന്ന

യൂസർ ഫീ കളക്ഷൻ ഇപ്പോൾ 68 ശതമാനം ആയിട്ടുണ്ട്. 7446 മിനി എം.സി.എഫ്. (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) ഉണ്ടായിരുന്നിടത്ത് ഇപ്പോൾ 17393 ആയി വർദ്ധിച്ചു; അതായത് ഇരട്ടിയിലധികം വർധനവാണുള്ളത്. 1160 എം.സി.എഫ്. ഉണ്ടായിരുന്നിടത്ത് ഇപ്പോൾ 1247 ആയി; അതായത് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ചുരുങ്ങിയത് ഒരു എം.സി.എഫ്. എങ്കിലും ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആർ.ആർ.എഫ്. (റിസോഴ്സ് റിക്കവറി ഫെസിലിറ്റി)-87 ആയിരുന്നത് ഇപ്പോൾ ഇരട്ടിയായി വർദ്ധിച്ച് 164 ആയിട്ടുണ്ട്. ബ്ലോക്ക് അടിസ്ഥാനത്തിലാണ് ആർ.ആർ.എഫ്. വരേണ്ടത്. ഹരിതകർമ്മസേന അംഗങ്ങളുടെ എണ്ണം 33378 ആയിരുന്നത് ഇപ്പോൾ 36510 ആണ്. മാലിന്യ ശേഖരണത്തെ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള ഹരിത മിത്രം ആപ്പ് ഉപയോഗിക്കുന്നവരുടെ എണ്ണം പതിനൊന്ന് ലക്ഷമായിരുന്നത് ഇപ്പോൾ നാൽപ്പത് ലക്ഷമായി വർധിച്ചു. ഇതിനെല്ലാം പുറമെ ഒരു കണക്കുകൂടി ഞാൻ പറയാം. ഇവിടെ എന്തുനടക്കുന്നു; മാലിന്യം ആര് ശേഖരിക്കുന്നു; വല്ല കണക്കുമുണ്ടോ; എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് രാവിലെ ചോദിച്ചത്. സി.കെ.സി.എൽ. (ക്ലീൻ കേരള

കമ്പനി ലിമിറ്റഡ്) വഴിയുള്ള മാലിന്യ ശേഖരണം 47548 ടണ്ണായും ലിഫ്റ്റ് ചെയ്യുന്ന മാലിന്യം 30000 ടൺ ആയിരുന്നത് 47500 ടണ്ണായും വർധിച്ചു. സ്വകാര്യ കമ്പനികളെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് രാവിലെ അടിവരയിട്ടാണ് പറഞ്ഞത്. സ്വകാര്യ കമ്പനികൾ ആരൊക്കെയോ ശേഖരിക്കുന്നു, വല്ല കണക്കുമുണ്ടോ; എന്നാണ് അദ്ദേഹം ചോദിച്ചത്. നേരത്തേ കണക്കുണ്ടായിരുന്നില്ല; ഇപ്പോൾ കണക്കുണ്ട്, 5380 ടൺ മാലിന്യം സ്വകാര്യ ഏജൻസികൾ വഴിയാണ് ശേഖരിക്കുന്നത്. വസ്തുതകളുടെ അടിസ്ഥാനത്തിലാണ് ഇവയെല്ലാം പറയുന്നത്. ഒരു കൊല്ലംകൊണ്ട് 52928 ടണ്ണായി മാലിന്യ ശേഖരണം വർധിച്ചിരിക്കുന്നു. ആ മാറ്റം കേരളത്തിലുണ്ട്. ഞങ്ങൾ അതുകൊണ്ട് തൃപ്തിപ്പെടുന്നില്ല. പൂർണ്ണമായിട്ടുണ്ട് എന്നല്ല; ഇനിയും വലിയ മാറ്റമുണ്ടാകേണ്ടതുണ്ട്. ആ കണക്കുകൾ പറയുന്നില്ല. ഒരു എം.സി.എഫ്. പോലുമില്ലാതിരുന്ന സ്ഥലമാണ് കൊച്ചി. ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രിയും പ്രതിപക്ഷനേതാവുമുണ്ടായിരുന്ന ഒരു യോഗത്തിൽവച്ച് ഒരു ജനപ്രതിനിധി ക്ഷുഭിതനായി എന്നോട് പറഞ്ഞത് ഞാനിപ്പോഴും ഓർക്കുന്നുണ്ട്; 'ഇത് കൊച്ചിയാണ്, മിനിസ്റ്ററുടെ പാലക്കാടല്ല, ഇതൊന്നും ഇവിടെ നടക്കില്ല'

എന്നാണ്. അങ്ങ് പറഞ്ഞുവെന്നല്ല; അങ്ങാണ് അപ്പോൾ ഇടപെട്ട് മന്ത്രി സംസാരിക്കട്ടെ എന്നുപറഞ്ഞ് അദ്ദേഹത്തെ ശാന്തനാക്കിയത്. പക്ഷേ, 'കൊച്ചിയാണ് ഇതൊന്നും ഇവിടെ നടക്കില്ല' എന്നായിരുന്നു പ്രതികരണം; എന്നാൽ ഞങ്ങൾ നടത്തിക്കാണിച്ചു. ഇപ്പോൾ 64 കണ്ടെയ്നർ എം.സി.എഫ്. കൊച്ചിയിലുണ്ട്. ഒരു കണ്ടെയ്നർ എം.സി.എഫ്.-ന്റെ സംഭരണശേഷി 30 ടൺ ആണ്. എന്നുപറഞ്ഞാൽ, ഏകദേശം 2000 ടൺ മാലിന്യം ഇപ്പോൾ സംഭരിക്കാൻ സാധിക്കുന്നു. അല്ലെങ്കിൽ മാലിന്യങ്ങൾ മുഴുവൻ റോഡിൽ കിടക്കുമായിരുന്നു; ആ മാറ്റം വന്നിട്ടുണ്ട്. ഇപ്പോൾ ബ്രഹ്മപുരത്ത് 37 ശതമാനം ബയോ മൈനിംഗ് പൂർത്തിയാക്കിയില്ലേ; അതിനെക്കുറിച്ചൊരു വീഡിയോ കഴിഞ്ഞദിവസം സോഷ്യൽ മീഡിയയിൽ കണ്ടിരുന്നു. നമ്മുടെ മാധ്യമങ്ങൾക്ക് ഇതൊന്നും വാർത്തയല്ല. ബംഗാളിൽനിന്നും നല്ല വാർത്തയൊന്നും വരുന്നില്ലായെന്ന് പണ്ട് കെ. ജി. ശങ്കരപ്പിള്ള കവിതയിൽ പറഞ്ഞതുപോലെ, കേരളത്തിൽനിന്നും നല്ലതൊന്നും മാധ്യമങ്ങൾ വാർത്തയാക്കുകയില്ല. ബ്രഹ്മപുരത്ത് 37 ശതമാനം ബയോ മൈനിംഗ് പൂർത്തിയായി. സമയബന്ധിതമായി അതുമുഴുവനും പൂർത്തിയാക്കും. ബ്രഹ്മപുരത്തുവന്ന

മാറ്റത്തെക്കുറിച്ച് സാമൂഹിക മാധ്യമങ്ങളിൽ ശ്രദ്ധേയമായ ചില റിപ്പോർട്ടുകൾ വരികയുണ്ടായി. കക്ഷിരാഷ്ട്രീയ ഭേദമെന്യേ നമ്മൾ ഒറ്റക്കെട്ടായി നിൽക്കണമെന്ന് എനിക്കൊരു അഭ്യർഥനയുണ്ട്. എം.എൽ.എ.-മാർ ഇതിന് മുൻകയ്യെടുത്തതിനെക്കുറിച്ച് അറിയാൻവേണ്ടി ഞങ്ങളൊരു പരിശോധന നടത്തിയിരുന്നു. 95 എം.എൽ.എ.-മാരാണ് യോഗം വിളിച്ചത്. എന്നാൽ 45 എം.എൽ.എ.-മാർ ഒരുതരത്തിലുള്ള ഇടപെടലും നടത്തുന്നില്ല. എം.എൽഎ.-മാർ ഇക്കാര്യത്തിൽ വ്യക്തിപരമായ നേതൃത്വമെടുക്കണം എന്ന് ചൂണ്ടിക്കാണിക്കുകയാണ്.

എന്താണിവിടെ നടക്കുന്നതെന്ന് നേരത്തെ ചോദിച്ചു. കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള Local Action Plan on Climate Change-നെക്കുറിച്ച് ഇവിടെ പറഞ്ഞു. ആഗോള ആക്ഷൻ പ്ലാനിനെക്കുറിച്ച് പറയുമ്പോൾ കേരളം പ്രാദേശിക അടിസ്ഥാനത്തിലാണ് ലോക്കൽ ആക്ഷൻ പ്ലാനുണ്ടാക്കുന്നത്. DCAT (Disaster risk reduction and Climate Action Tracker)-നെക്കുറിച്ച് പറഞ്ഞു. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. 265 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അതിന്റെ നടപടികളായിക്കഴിഞ്ഞു.

കിലയുടെ നേതൃത്വത്തിലാണ് അതിന്റെ പ്രവൃത്തി നടക്കുന്നത്. ഇതെല്ലാം കേരളം എത്ര മുമ്പിലാണെന്നാണ് ചിന്തിക്കുന്നതിന് ഉദാഹരണങ്ങളാണ്. നിങ്ങൾ ഏത് കാലത്താണ് ജീവിക്കുന്നതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചോദിക്കുന്നത് കേട്ടു. ഈ ലോകത്തിന്റെ മുമ്പിലാണ് കേരളം നടക്കുന്നത് എന്നതിന്റെ തെളിവാണിത്. ഡിജിറ്റൽ സാക്ഷരതയെക്കുറിച്ചാണ് ഇപ്പോൾ കേരളം ചർച്ച ചെയ്യുന്നത്. ഒരുവർഷത്തിനകം ഇന്ത്യയിൽ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമായി കേരളം മാറാൻ പോവുകയാണ്. ഞങ്ങൾ ആധുനിക കാലത്തിന്റെ മുമ്പിലാണ് നടക്കുന്നതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ വിനയത്തോടുകൂടി ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആദ്യത്തെ സമ്പൂർണ്ണ സാക്ഷരത കൈവരിച്ച സംസ്ഥാനം കേരളമാണ്. എന്നാൽ, ഇപ്പോൾ ഡിജിറ്റൽ ഇന്ത്യ എന്ന മുദ്രാവാക്യം ആദ്യം യാഥാർത്ഥ്യമാക്കാൻ പോകുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. അതുകൊണ്ടാണ് സേവനങ്ങൾ മുഴുവൻ ഓൺലൈനായി മാറുന്നത്. സേവനങ്ങൾ ഓൺലൈനായി മാറുമ്പോൾ ആർക്കും അത് ലഭ്യമാകാതിരിക്കുന്ന

സ്ഥിതി വരരുത്. ഡിജിറ്റൽ സാക്ഷരത ഇല്ലാത്തവർക്ക് ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കികൊടുക്കണം. ഭരണഘടന സാക്ഷരതയും കൂട്ടത്തിലുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ബഡ്ജറ്റിലാണ് ഭരണഘടനാ സാക്ഷരത പ്രഖ്യാപിച്ചത്. അക്കാര്യവും ഭരണഘടനയുടെ 75-ാം വർഷത്തിൽ ഞങ്ങൾ നടപ്പാക്കും. ഇന്ത്യയിൽ ഭരണഘടനാ സാക്ഷരതയ്ക്ക് കൊല്ലം ജില്ലാ പഞ്ചായത്താണ് മാതൃക. കൊല്ലം ജില്ലാ പഞ്ചായത്തിന്റെ മാതൃക കർണാടകയിൽ നടപ്പാക്കണമെന്നും അതിനായി ഒരു ഉദ്യോഗസ്ഥനെ വിട്ടുനൽകണമെന്നും പറഞ്ഞ് കർണാടകയിലെ മന്ത്രി എന്നെ നേരിട്ട് വിളിച്ചിരുന്നു. ഞങ്ങൾ ആ ഉദ്യോഗസ്ഥന്റെ സേവനം വിട്ടുകൊടുത്തു. കേരളം ആദ്യത്തെ ഭരണഘടനാ സാക്ഷരതാ സംസ്ഥാനമായി മാറാൻ പോകുകയാണ്.

കേരളം അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നമാണ് നഗരവൽക്കരണം. കേരളത്തിൽ പത്തുകൊല്ലത്തിനിടയിൽ 95 ശതമാനവും അർബൻ പോപ്പുലേഷനാകുമെന്നാണ് വിവിധ പഠനങ്ങൾ വ്യക്തമാക്കുന്നത്. അത് ദീർഘവീക്ഷണത്തോടെകണ്ട് പ്രവർത്തിക്കുന്നൊരു ഗവൺമെന്റാണ് നമ്മുടേത്. അതിനാൽ നഗരവൽക്കരണം ഇപ്പോൾ ഉയർത്തുന്നതും ഇനി

ഉയർത്താനിരിക്കുന്നതുമായ സങ്കീർണ്ണമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനുവേണ്ടിയാണ് അർബൻ കമ്മീഷനെ ഈ ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ളത്. ലോകത്തിലെയും ഇന്ത്യയിലെയും ഏറ്റവും വിദഗ്ധരുടെ സേവനമാണ് അതിന് ഉപയോഗപ്പെടുത്തുന്നത്. അവരുടെ നേതൃത്വത്തിലുള്ള അർബൻ കമ്മീഷൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയശേഷമാണ് പ്രവർത്തനം ആരംഭിച്ചത്. ഏതെല്ലാം വെല്ലുവിളികളാണ് അഭിമുഖീകരിക്കേണ്ടിവരുന്നതെന്ന് ഞങ്ങൾ വിശദമായി ചർച്ച ചെയ്തു. കേരളം ഒരൊറ്റ നഗരമായി മാറുകയാണ്. വെള്ളക്കെട്ടിന്റെ പ്രശ്നം, മാലിന്യത്തിന്റെ പ്രശ്നം, ജനസാന്ദ്രതമൂലമുണ്ടാകുന്ന പ്രശ്നം, നഗരാസൂത്രണത്തിന്റെ വിഷയങ്ങൾ ഇതെല്ലാം പ്രാധാന്യത്തോടെ അഭിസംബോധന ചെയ്യുന്നു. അടുത്തൊരു 25 വർഷത്തെ അല്ലെങ്കിൽ 50 വർഷത്തെ മുന്നിൽ കണ്ടുകൊണ്ട് ഈ സർക്കാർ പ്രവർത്തിക്കുകയാണ്. ഇന്ത്യയിലാദ്യമായാണ് നഗരനയം ഉണ്ടാക്കാൻ ഒരു സംസ്ഥാനം കമ്മീഷനെ രൂപീകരിക്കുന്നത്.

സ്മാർട്ട് സിറ്റിയുടെ കാര്യം ഞാൻ വിശദീകരിക്കുന്നില്ല. കൊച്ചി, തിരുവനന്തപുരം സ്മാർട്ട് സിറ്റികൾക്ക് കേന്ദ്ര-സംസ്ഥാന വിഹിതം 50

ശതമാനം വീതമാണ്. പലരുടെയും ധാരണ സ്മാർട്ട് സിറ്റിയെന്നുപറഞ്ഞാൽ കേന്ദ്രത്തിന്റെ ഫണ്ടാണെന്നാണ്. അല്ല; പകുതി വിഹിതം സംസ്ഥാനമാണ് നൽകുന്നത്. 50 ശതമാനം വിഹിതം സംസ്ഥാന ഗവൺമെന്റും 50 ശതമാനം കേന്ദ്ര ഗവൺമെന്റുമാണ് വഹിക്കുന്നത്. അനുവദിച്ച തുക ഏറെക്കുറെ പൂർണ്ണമായിത്തന്നെ രണ്ട് സ്മാർട്ട് സിറ്റികളും വിനിയോഗിച്ചിട്ടുണ്ട്. പദ്ധതി അവസാനിക്കുമ്പോൾ തുക പൂർണ്ണമായും വിനിയോഗിക്കാൻ കഴിയുമെന്നതാണ് സ്ഥിതി. രണ്ട് സ്മാർട്ട് സിറ്റി മിഷനുകൾക്കും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

ചില പ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അതിലൊന്ന്, ബഹുമാനപ്പെട്ട അംഗം അൻവർ സാദത്ത് ഉന്നയിച്ചത് ഓണറേറിയം വർധിപ്പിക്കണമെന്ന ആവശ്യമാണ്. ഓണറേറിയം വർധിപ്പിച്ചാൽ അതിന്റെ പഴി വരുന്നത് സംസ്ഥാന സർക്കാരിനായിരിക്കും. പെർമിറ്റ് ഫീസിന്റെ കാര്യത്തിൽ അത് കണ്ടതാണ്. നമ്മുടെ നികുതി വരുമാനം വർധിപ്പിക്കണമെന്നതും അതിനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാവരുടേയും ആവശ്യമായിരുന്നു. സർക്കാരിന് ചില്ലിക്കാശിന്റെ

പ്രയോജനമില്ലാത്ത ഒരു നടപടിയാണത്. ഒരു പൈസപോലും സർക്കാരിന് ലഭിക്കുന്നില്ല; പെർമിറ്റ് ഫീസ് വർധിപ്പിച്ചതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഒരു പ്രയോജനവുമില്ല. പക്ഷേ നേരത്തെ സൂചിപ്പിച്ചതുപോലെ അധികാര വികേന്ദ്രീകരണത്തോടുള്ള നമ്മുടെ കമ്മിറ്റ്മെന്റ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുകയെന്ന കമ്മിറ്റ്മെന്റ് എന്നതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് ധീരമായ നിലപാട് സ്വീകരിച്ചത്. എന്താണ് നിങ്ങൾ സ്വീകരിച്ച നിലപാട്? ഈ ലോക്സഭ തിരഞ്ഞെടുപ്പിന് മുമ്പുവരെ ഈ സഭയിൽ ഒരുതരത്തിലുമൊരു പ്രതിഷേധം അതിനെക്കുറിച്ച് ഉയർത്തിയില്ല. പകരം പഞ്ചായത്തിൽ പെർമിറ്റ് എടുക്കാൻ പോകുന്നവരോടും വരുന്നവരോടും ഇത് പിണറായി സർക്കാർ ചെയ്തതാണെന്ന് പറയുകയും കാശ് വാങ്ങി പോക്കറ്റിലിടുകയും ചെയ്തു. അതിന്റെ ഗുണം മുഴുവനും നിങ്ങൾ ഉപയോഗിച്ചു. ഇവിടെ ആരോ ശരിയായി പറഞ്ഞു; 'പഴി മുഴുവൻ സർക്കാരിന്, ഗുണം മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്ന്. അതിൽ 40 ശതമാനം നിങ്ങളുടേതാണ്. അതുകൊണ്ട് നിങ്ങളുടെ കൗശലം ഇനി അനുവദിച്ചുതരണോയെന്ന കാര്യം ആലോചിക്കേണ്ടിവരും.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് അപ്രകാരം പറയുന്നത് ശരിയല്ല. ഞങ്ങൾ ഈ സഭയിൽതന്നെ അതിനോടുള്ള വിയോജിപ്പ് ഇവിടെ രേഖപ്പെടുത്തിയിട്ടുണ്ട്. It's on record. ലോക്കൽ ബോഡിക്കാണ് വരുമാനം ലഭിക്കുന്നതെന്ന് എല്ലാവർക്കുമറിയാം. പക്ഷെ ഇത് proportional ആയി കൂട്ടണ്ടേ; എന്തൊരു വർധനവാണ് വരുത്തിയതെന്ന് നിങ്ങൾ പരിശോധിക്കൂ. ഓരോരുത്തരും പുതിയ കാര്യങ്ങൾക്കുവേണ്ടി ചെല്ലുമ്പോളുണ്ടാകുന്ന... വർധനവ് വരുത്തുമ്പോൾ റീസണബിളായിട്ടുള്ള വർധനവല്ലേ വേണ്ടത്. ലോക്കൽ ബോഡിയുടെ ടാക്സ് ഏതെങ്കിലും ഇനത്തിൽ വർധിപ്പിക്കുന്നതിന് ഞങ്ങൾ എതിരല്ല. കാലാകാലങ്ങളിൽ കാലാനുസൃതമായി തുക വർധിപ്പിക്കണം. നിങ്ങൾ എത്ര ശതമാനം വീതമാണ് ഓരോ കാര്യങ്ങൾക്കും വർദ്ധിപ്പിച്ചിരിക്കുന്നത്. Disproportional ആയി വർധിപ്പിച്ച് പെട്ടെന്ന് ആളുകളുടെ തലയിൽ ഭാരം വച്ചതിനെയാണ് ഞങ്ങൾ എതിർത്തത്; അത് എതിർക്കുകയുംചെയ്യും.

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞ ഒരു കാര്യം ഞാൻ നിരാകരിക്കുന്നു. തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ അപേക്ഷ ഫീസ് വർധനവ് സഭയിൽ ഉന്നയിച്ചത് എപ്പോഴാണ്; ലോക്സഭ തെരഞ്ഞെടുപ്പ് കഴിഞ്ഞുവന്ന ഈ സെഷനിലാണ്. അതിനുമുമ്പ് പ്രതിപക്ഷം ഇക്കാര്യം സഭയിൽ ഉന്നയിച്ചിട്ടില്ല. റെക്കോർഡ് പരിശോധിക്കാമല്ലോ? ഞാൻ പരിശോധിച്ചശേഷമാണ് പറയുന്നത്. ലോക്സഭ തിരഞ്ഞെടുപ്പിന് മുമ്പ് ഉന്നയിച്ചിട്ടേയില്ല. ഈ സെഷനിലാണ് പ്രസ്തുത വിഷയം ഉന്നയിച്ചത്. രണ്ടാമത്തെ കാര്യം, അങ്ങ് പറഞ്ഞത് ശരിയാണ്; കാലാനുസൃതമായി ഫീസ് വർധിപ്പിച്ചിരുന്നുവെങ്കിൽ ഇത് ഒറ്റയടിക്കുള്ള വർധനവായി അനുഭവപ്പെടില്ലായിരുന്നു. കാലാനുസൃതമായി വർധിപ്പിച്ചില്ലെന്നത് ശരിയായ കാര്യമാണ്. നിങ്ങളും വർധിപ്പിച്ചില്ല, ഞങ്ങളും വർധിപ്പിച്ചില്ല; കാലാനുസൃതമായി ആരും വർധിപ്പിച്ചില്ല. ആ രീതിയിൽ പോകാനാകുമോ എന്നുകൂടി നമ്മൾ ഒരുമിച്ച് ചിന്തിക്കേണ്ടതാണ്. എല്ലാം രാഷ്ട്രീയമായ വാശിയുടെ പ്രശ്നമല്ലല്ലോ? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അനേകം സ്ഥലങ്ങളിൽ പ്രതിപക്ഷവും അധികാരത്തിലിരിക്കുന്നുണ്ട്. ഇങ്ങനെയാണോ പോകേണ്ടത് എന്നത് ഒരുമിച്ച് ആലോചിക്കേണ്ടതാണ്. ഞങ്ങൾ ഇക്കാര്യത്തിലൊന്നും ഒരുതരത്തിലുള്ള പിടിവാശിയും

പുലർത്തുന്നവരല്ല. തുറന്ന സമീപനമാണ് ഇക്കാര്യത്തിലൊക്കെയുള്ളത്. ജീവനക്കാരെ അങ്ങോട്ടുമിങ്ങോട്ടുമിട്ട് തട്ടുന്നുവെന്നാണ് ശ്രീ. അൻവർ സാദത്ത് പറഞ്ഞത്. 31180 ജീവനക്കാരെ അവരുടെ എല്ലാ സംഘടനകളുമായി ചർച്ച ചെയ്ത്, അംഗീകരിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഓൺലൈനായാണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ കഴിഞ്ഞ വർഷംതന്നെ യാഥാർഥ്യമാക്കിയിട്ടുണ്ട്. ഈ വർഷം കരട് ലിസ്റ്റ് വന്നിട്ടുണ്ട്. ഞങ്ങളുടെ ആരുടെയും ഇഷ്ടത്തിനല്ല ട്രാൻസ്ഫർ നടത്തുന്നത്. എത്ര ലാഘവത്തോടെയും നിരുത്തരവാദപരമായിട്ടുമാണ് സഭയിൽ കാര്യങ്ങൾ തട്ടിവിടുന്നത് എന്നതിന് ഉദാഹരണമല്ലേ ഇത്. അങ്ങോട്ടുമിങ്ങോട്ടും തട്ടുകയാണോ; ഞങ്ങളുടെ ഇഷ്ടത്തിന് സ്ഥലംമാറ്റം നിശ്ചയിച്ചിട്ടുണ്ടോ; അങ്ങനെ ചെയ്തിട്ടുണ്ടോ? ഇവിടെ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നിലനിൽക്കുകയല്ലേ; കരട് ലിസ്റ്റ് മറികടന്നുകൊണ്ട് ആർക്കെങ്കിലും ചെയ്യാൻ സാധിക്കുമോ; ജീവനക്കാർക്ക് അങ്ങനെയൊരു പരാതിയില്ലല്ലോ? ഞങ്ങൾ അങ്ങേയറ്റം സുതാര്യമായാണ്

ഇക്കാര്യങ്ങളെല്ലാം ചെയ്തിട്ടുള്ളത്. കാലം മാറി; ഏത് കാലത്താണ് പ്രതിപക്ഷം ഇപ്പോഴും ജീവിക്കുന്നതെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

പ്രാദേശിക റോഡുകളുടെ കാര്യം ധാരാളം എം.എൽ.എ.-മാർ ഇവിടെ സൂചിപ്പിച്ചു. പ്രാദേശിക റോഡുകൾ തകർന്ന് കിടക്കുകയാണെന്ന കാര്യം ധാരാളം എം.എൽ.എ.-മാർ സഭയിലും നേരിട്ട് കാണുമ്പോഴും പറയാറുണ്ട്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നേരിട്ടുകണ്ടപ്പോൾ ഇക്കാര്യം പറഞ്ഞതേയുള്ളൂ. അത് ന്യായമായ പ്രശ്നമാണ്. ജൽജീവൻ മിഷന്റെ പദ്ധതികൂടി നടപ്പാക്കുന്നതിന്റെ ഭാഗമായി ഗ്രാമീണ റോഡുകൾക്ക് സാരമായ തകരാറുണ്ടായിട്ടുണ്ട്. പക്ഷെ, ശ്രീ. അൻവർ സാദത്ത് പറഞ്ഞത് മന്ത്രി ഉദാസീനനായിരിക്കുന്നു എന്നാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഒരു ബില്ലുകൂടി സഭയിലെടുക്കാനുണ്ട്. പ്ലീസ് ....

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ആയിട്ടില്ല, വലിയ വകുപ്പല്ലേ; ഇനിയും എക്സൈസ് വകുപ്പിന്റെ കാര്യങ്ങൾ കൂടിയുണ്ട്.

<u>മി. സ്പീക്കർ</u>: 35 മിനിട്ടായി. പ്ലീസ് ....

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, കഴിയുന്നത്ര ചുരുക്കി പറയാം. പ്രാദേശിക റോഡുൾക്ക് 1,000 കോടി രൂപയുടെ പദ്ധതി ബജറ്റിൽ വച്ചിട്ടുണ്ടെന്നത് ശ്രീ. അൻവർ സാദത്തിന് അറിയാത്തതല്ല. 1,000 കോടി രൂപയുടെ പദ്ധതിയാണ് ധനകാര്യ വകുപ്പുമന്ത്രി ബജറ്റിൽ പ്രഖ്യാപിച്ചത്. അത് ഈ വർഷം നടപ്പാക്കുകതന്നെ ചെയ്യുമെന്നതിൽ ഒരു ആശങ്കയും വേണ്ട. ആ പ്രശ്നം സർക്കാർ ഗൗരവത്തോടെയാണ് കാണുന്നത്. കുടുംബശ്രീയെക്കുറിച്ച് ദീർഘമായി ഒന്നും പറയുന്നില്ല. ഒന്നും പറയാതെതന്നെ അനുഭവങ്ങളിലൂടെ മലയാളികൾ അംഗീകരിച്ച് ഹൃദയത്തിൽ ഏറ്റുവാങ്ങിയ പ്രസ്ഥാനമാണ് കുടുംബശ്രീ. ഏറ്റവും ഒടുവിൽ 'ലഞ്ച് ബെൽ' പദ്ധതി വലിയ ഹിറ്റായി മാറുകയും വളരെയധികം സ്വീകാര്യത ലഭിക്കുകയും ചെയ്ത പദ്ധതിയാണ്. കുടുംബശ്രീയുടെ നേതൃത്വത്തിൽ വെജിറ്റബിൾ കിയോസ്കുകൾ ആരംഭിച്ചിട്ടുണ്ട്. കെ-ലിഫ്റ്റ് (Kudumbashree Livelihood Initiative for Transformation) പദ്ധതി ഈ വർഷം മൂന്ന് ലക്ഷം അംഗങ്ങൾക്ക് ഉപജീവനപദ്ധതികൾ നടപ്പാക്കുകയാണ്. പ്രീമിയം കഫേ, കേരള ചിക്കൻ എന്നിങ്ങനെ ധാരാളം പദ്ധതികളുണ്ട്. കേരള ചിക്കൻ കുടുംബശ്രീയുടെ നേതൃത്വത്തിലാണ് നടത്തുന്നത്. അത് 250 കോടി

രൂപയുടെ വിറ്റുവരവ് കൈവരിച്ചിട്ടുണ്ട്. കുടുംബശ്രീ 'ബാക്ക് ടു സ്കൂൾ' ക്യാമ്പയിനിലൂടെ വലിയ ചരിത്രമാണ് സൃഷ്ടിച്ചത്. 40 ലക്ഷം അംഗങ്ങളാണ് 'ബാക്ക് ടു സ്കൂൾ'-ൽ പങ്കെടുത്തത്. പക്ഷേ ഖേദത്തോടെ ഒരു കാര്യം പറയട്ടെ; നിങ്ങളുടെ മഹിളാ കോൺഗ്രസ്സിന്റെ ഒരു സംസ്ഥാന ഭാരവാഹിയാണ് ഇത് മാർക്സിസ്റ്റുകാരുടെ തട്ടിപ്പാണെന്നും 'ബാക്ക് ടു സ്കൂൾ'-ൽ ആരും പങ്കെടുക്കരുത് എന്നുള്ള ആഹ്വാനവുമായി കുടുംബശ്രീക്കെതിരെ ഒരു വീഡിയോയുമായി പ്രത്യക്ഷപ്പെട്ടത്. ആ വീഡിയോ വളരെ വൈറലായ ഒന്നാണ്. ഇതാണ് അവരുടെ സമീപനമെന്നത് വളരെ നിരാശാജനകമാണ്. 'ബാക്ക് ടു സ്കൂൾ' എന്താണെന്ന കാര്യമൊന്നും മനസ്സിലാക്കിയിട്ടല്ല; രാഷ്ട്രീയമായാണ് പ്രചരിപ്പിക്കുന്നത്. ആ പ്രചാരണം ഇപ്പോൾ കെട്ടിട നിർമ്മാണ തൊഴിലാളി സെസ്സിന്റെ കാര്യത്തിൽ നടക്കുന്നുണ്ട്. കഴിഞ്ഞ ദിവസം കെ.പി.സി.സി.-യുടെ ഡിജിറ്റൽ മീഡിയ സെൽ വളരെ പ്രൊഫഷണലായി തയ്യാറാക്കിയ വീഡിയോ കാണുകയുണ്ടായി. ആ വീഡിയോയിൽ പറയുന്നത് എന്താണ്; 'ഇതാ, പെർമിറ്റ് ഫീസിന് പിന്നാലെ അടുത്ത പണിവരുന്നു; എസ്റ്റിമേറ്റിന്റെ ഒരു ശതമാനം കെട്ടിട നിർമ്മാണ സെസ്സായി പിഴിയുന്നു.' എന്നിട്ട് അങ്ങേയറ്റത്തെ

അധിക്ഷേപമാണ് നടത്തുന്നത്. സംസ്ഥാന സർക്കാർ എന്ന് നേരിട്ട് പറയുന്നില്ല. ഇത് കാണുന്നവർക്കെല്ലാം സംസ്ഥാന സർക്കാരിനെതിരായുള്ള സംഗതിയാണെന്ന് മനസ്സിലാകും. "പെർമിറ്റ് ഫീസ് കൂട്ടി, അങ്ങനെ ചെയ്തു, എന്നിട്ട് ഇതും ആ ചെലവിൽ അങ്ങോട്ട് എഴുതിയിട്ടിരിക്കുകയാണ്, ഇത് പിരിക്കാൻ വരുന്നു" എന്നൊക്കെയാണ് ആ വീഡിയോയിൽ പറയുന്നത്. എന്താണ് നിങ്ങളുടെ നിലപാട്? കെട്ടിട നിർമ്മാണത്തൊഴിലാളികൾക്ക് ക്ഷേമനിധി കൊടുക്കേണ്ടെന്നാണോ? അതിനുള്ള വരുമാന മാർഗം സെസ്സാണ്. സെസ്സ് പിരിക്കരുത് എന്നതാണോ; അങ്ങനെയാണെങ്കിൽ നിങ്ങൾ അത് പറയണം. സംസ്ഥാന സർക്കാർ പാസ്സാക്കിയതല്ല കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമം. 1995-ൽ കൃത്യമായി പറഞ്ഞാൽ 03-11-1995-ന് പി. വി. നരസിംഹറാവു പ്രധാനമന്ത്രിയായിരുന്നപ്പോൾ കോൺഗ്രസ് സർക്കാർ പാസ്സാക്കിയ നിയമമാണത്. സെസ്സ് പിരിക്കാമെന്നത് ആ നിയമത്തിലെ വ്യവസ്ഥയാണ്. രണ്ട് ശതമാനം വരെ കേരള സർക്കാർ മിനിമം തുകയായ ഒരു ശതമാനം മാത്രമെ പിരിക്കുന്നുള്ളൂവെന്ന് തീരുമാനിച്ചു. ഇതുവരെ ഈ സെസ്സ് പിരിച്ചുകൊണ്ടിരുന്നത് തൊഴിൽ വകുപ്പാണ്. ആ നിയമത്തിലെ

വ്യവസ്ഥയെന്താണ്; കേന്ദ്ര നിയമത്തിലെ വ്യവസ്ഥ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സെസ്സ് പിരിക്കണമെന്നതാണ്. 'കേന്ദ്ര നിയമത്തിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി കേരളത്തിൽ തൊഴിൽ വകുപ്പ് സെസ്സ് പിരിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ കേന്ദ്ര നിയമത്തിൽ പറയുന്നതുപോലയായിരിക്കണം കേരളത്തിലും'. എന്നാണ് നിങ്ങൾ പറയുന്നത്. അതിന്റെ ഗുണഭോക്താക്കൾ കെട്ടിടനിർമ്മാണ തൊഴിലാളികളാണ്. നിങ്ങൾ ഒരേ സമയം വേട്ടക്കാരനൊപ്പം ഓടുകയും ഇരക്കൊപ്പം കരയുകയും ചെയ്യുന്ന അവസരവാദപരമായ നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്. ആ വീഡിയോ പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയല്ലേ; അത് വർധിപ്പിച്ചത് അല്ലെങ്കിൽ നടപ്പാക്കിയത് എൽ.ഡി.എഫ്. ആണോ; ഇന്ത്യയിലാകെയുള്ള നിയമമല്ലേ; കേരളത്തിൽ മാത്രമാണോ? ഞാൻ അതിലേയ്ക്ക് കൂടുതലായി പോകുന്നില്ല.

എക്സൈസിന്റെ കാര്യത്തിൽ സമയമില്ലാത്തതുകൊണ്ടും അങ്ങ് അക്ഷമനാകുന്നതുകൊണ്ടും ഞാൻ വളരെ ചുരുക്കുകയാണ്. മയക്കുമരുന്നിന്റെ ആപത്തുകളെക്കുറിച്ച് ബഹുമാന്യയായ കെ. കെ. രമ എം.എൽ.എ.-യും മറ്റ് ഒരുപാട് അംഗങ്ങളും ഇവിടെ പറഞ്ഞ കാര്യം ഞാൻ അംഗീകരിക്കുന്നു. പക്ഷെ,

ആരേയും പിടികൂടുന്നില്ലെന്നാണ് ബഹുമാന്യയായ കെ. കെ. രമ പറഞ്ഞത്. അത് വസ്തുതാവിരുദ്ധമായ കാര്യമാണ്. ഇനി പറയുന്ന കണക്കുകൾ അങ്ങ് പ്രത്യേകമായി ശ്രദ്ധിക്കണം. 57430 അബ്കാരി കേസ്സുകളും 19466 NDPS (The Narcotic Drugs and Psychotropic Substances Act) കേസ്സുകളും 243800 COTPA (Cigarettes and other Tobacco Products Act) കേസ്സുകളും ഈ സർക്കാരിന്റെ കാലത്തുണ്ടായിട്ടുണ്ട്. ആരെയും പിടിച്ചിട്ടില്ല എന്നാണ് നിങ്ങൾ പറയുന്നത്. എന്നാൽ അതിന് കണക്കില്ലേ; അബ്കാരി കേസ്സുകളിൽ 46024 പേരെയും NDPS കേസ്സുകളിൽ 19057 പേരെയും അറസ്റ്റുചെയ്തിട്ടുണ്ട്. അങ്ങനെ നല്ല രീതിയിലുള്ള പ്രവർത്തനമാണ് എക്സൈസ് വകുപ്പ് നടത്തുന്നത്. എൻഫോഴ്സ്മെന്റ് മാത്രമല്ല; വിമുക്തിയുടെ പ്രവർത്തനം ഇന്ത്യയിൽ മറ്റൊരിടത്തും ഇത്ര വലിയ ലഹരി വിരുദ്ധ പ്രവർത്തനം എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്നില്ല. എക്സൈസ് വകുപ്പിന്റെ കാര്യങ്ങൾ ഇത്രയും പറഞ്ഞ് ചുരുക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ബഹുമാന്യരായ എം.എൽ.എ.-മാർ മാലിന്യത്തിന്റെ കാര്യത്തിലെന്നതുപോലെ മയക്കുമരുന്ന് ഉയർത്തുന്ന വിപത്തിനെതിരായ ബോധവൽക്കരണത്തിന്റെ കാര്യത്തിലും

പ്രത്യേകം താല്പര്യമെടുക്കണം. സംസ്ഥാനതലത്തിൽ മുഖ്യമന്ത്രി ചെയർമാനും പ്രാദേശികതലത്തിൽ വാർഡ് മെമ്പറുടെ നേതൃത്വത്തിൽ സ്കൂളുകളിലും വാർഡ് തലത്തിലും ജാഗ്രതാ സമിതികളുണ്ട്. ഇതിനെക്കുറിച്ച് എം.എൽ.എ.-മാർ അന്വേഷിക്കുകയും ഇടപെടുകയും ചെയ്ത് അതിനെ ശക്തിപ്പെടുത്തുന്നതിന് എല്ലാവരുടെ പിന്തുണയുമുണ്ടാകണം. മുഖ്യമന്ത്രി മുതൽ വാർഡ് മെമ്പർ വരെയുള്ളവർ ഈ വിപത്തിനെതിരായ പോരാട്ടത്തിന് നേതൃത്വം നൽകുന്നത് ഇന്ത്യയിൽ കേരളത്തിൽ മാത്രമാണ്. ഇത് കേരളത്തിന്റെ മാതൃകയാണ്. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രചരണ പരിപാടി ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയും ഞാനും കൂടിയിരുന്ന് രൂപം നൽകിയിരിക്കുകയാണ്. എൻഫോഴ്സ്മെന്റിന്റെ പ്രചരണ പരിപാടി വീണ്ടും ആരംഭിക്കും. അത് പറയുമ്പോൾ അങ്ങ് പറയുന്ന പ്രചരണമല്ല വേണ്ടതെന്ന്. ഒരു വർഷം കൊണ്ടോ ഏതാനും മാസങ്ങൾ കൊണ്ടോ പരിഹരിക്കാൻ സാധിക്കുന്ന കാര്യമല്ല; ലഹരിക്കെതിരായി നിരന്തര ഫൈറ്റ് നടത്തണം.

അതിന് പല തലങ്ങളുണ്ട്. ജനങ്ങളെ ആകെ അണിനിരത്തി ആ ഫൈറ്റ് നടത്തുന്നത് സർക്കാരാണ്.

ധാരാളം രാഷ്ട്രീയകാര്യങ്ങൾ വേണ്ടത്ര സഭയിൽ ചർച്ച ചെയ്തുകൊണ്ട് അക്കാര്യങ്ങളിലേയ്ക്കൊന്നും കൂടുതലായി പോകുന്നില്ല. ഈ ചർച്ചയിലും ഇതിനുമുമ്പുള്ള ചർച്ചയിലും നിങ്ങൾ ആവർത്തിച്ച് സ്ഥാപിക്കാൻ ശ്രമിച്ചത് ഇടതുപക്ഷം ആകെ കാലഹരണപ്പെട്ടുപോയി, നിങ്ങൾ ഏതുകാലത്ത് ജീവിക്കുന്നവരാണ്, നിങ്ങൾ ഇക്കാലത്തിന് യോജിച്ചവരല്ല, നിങ്ങളുടെ പ്രത്യയശാസ്ത്രം അപ്രായോഗികമാണ് എന്നൊക്കെയാണ്. ഇടതും വലതും തമ്മിൽ വ്യത്യാസമുണ്ട്. അത് ജനങ്ങൾക്കറിയാം. വലത് ചെയ്യുന്നതല്ല ഇടതിൽനിന്ന് പ്രതീക്ഷിക്കുന്നത്; ആ വ്യത്യാസമുണ്ട്. വലതാണെന്ന് പറയുന്നതുതന്നെ നാണക്കേടാണെന്ന് അവർക്ക് ഇപ്പോൾ മനസ്സിലായി. സ്വാഗതാർഹമായ മാറ്റമാണിത്. കേരളത്തിൽ ആസൂത്രിതമായി മാധ്യമങ്ങൾ ചേർന്നുനടത്തിയ പ്രചരണം എന്തായിരുന്നു; ഇപ്പോൾ ഇടതുപക്ഷവും വലതുപക്ഷവും തമ്മിൽ വ്യത്യാസമില്ല, എല്ലാവരും ഒരുപോലെയാണെന്നാണ്. എന്നാൽ ആ പ്രചരണം അടുത്ത ഘട്ടത്തിലേയ്ക്ക് കടന്നു. ഇടതുപക്ഷത്തേക്കാൾ

കേമമാണ് വലതുപക്ഷം, അവരാണ് മികച്ചത് എന്നാണ് ഇപ്പോഴുള്ള പ്രചരണം. കവി സൂചിപ്പിച്ചതുപോലെ;

"നാട്യപ്രധാനം നഗരം ദരിദ്രം,
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം";

എന്നാൽ ഇപ്പോൾ മാധ്യമങ്ങളുടെ സഹായത്തോടെ ഈ വരികളുടെ പാരഡി പ്രചരിപ്പിക്കുകയാണ്;

'വലതുപക്ഷം നന്മകളാൽ സമൃദ്ധം,
ധാർഷ്ട്യപ്രധാനം ഇടതുപക്ഷം'

ഞങ്ങൾ ധാർഷ്ട്യക്കാർ, വിനയമില്ലാത്തവർ, കാലഹരണപ്പെട്ടവർ എന്നിങ്ങനെയാണ് ഇപ്പോഴുള്ള വാർത്തകൾ. ഒരു ഉദാഹരണം ഇവിടെ സൂചിപ്പിക്കാം. വളരെ സാധാരണമായ ഒരു സംഭവത്തെ വ്യത്യസ്തമായി ചിത്രീകരിക്കുകയാണ്. ഒരു പരിപാടിയിൽ എന്റെ പ്രസംഗത്തിനിടയിൽ ചായ കൊടുത്തപ്പോൾ 'ചായ കൊടുക്കാൻ വേണ്ടി പ്രസംഗം നിർത്തണോ' എന്ന് ഞാൻ ചോദിക്കുകയുണ്ടായി. ആ അവസരത്തിൽ എല്ലാവരും ചിരിച്ചു; ഒരു അസംതൃപ്തിയും ആർക്കുമുണ്ടായില്ല. ഇതൊരു ടെലിവിഷൻ ചാനലിൽ സംപ്രേഷണം ചെയ്ത രീതി സൂചിപ്പിക്കാം. ആദ്യത്തെ വാർത്ത - 'സദസ്സിനെ

ചിരിപ്പിച്ച് എം. ബി. രാജേഷ്'. പത്ത് മിനിട്ട് കഴിഞ്ഞപ്പോൾ തലക്കെട്ട് മാറി; അങ്ങനെ ചിരിപ്പിച്ചാൽ പറ്റില്ലല്ലോ; 'അതൃപ്തി പ്രകടിപ്പിച്ച് എം.ബി.രാജേഷ്'. എത്ര സൂക്ഷ്മമായിട്ടാണ് മാധ്യമങ്ങൾ നിങ്ങൾക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അവർ ഞങ്ങൾക്കെതിരാണ് എന്നതിന്റെ ഏറ്റവും ഒടുവിലത്തെ വാർത്തയാണിത്. ഇന്ന് മറ്റൊരു വാർത്തയുണ്ട്; 'കേരള സർവ്വകലാശാലയിൽ വിദേശ വിദ്യാർഥികളുടെ അപേക്ഷ 63 ശതമാനം വർധിച്ചു'. ഇതാണ് വാർത്ത. എന്നാൽ നിങ്ങളും മാധ്യമങ്ങളും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത് എന്താണ്; 'ഉന്നത വിദ്യാഭ്യാസ മേഖല തകർന്നു; കുട്ടികൾ മുഴുവൻ കേരളം വിടുന്നു...' പക്ഷെ കേരള യൂണിവേഴ്സിറ്റിയിലേയ്ക്ക് അപേക്ഷരുടെ എണ്ണം കൂടിയെന്ന വാർത്ത വന്നിരിക്കുന്നത് അത്യാഹിതം പേജിലാണ്. അത്യാഹിതങ്ങളുടെ കൂട്ടത്തിലെ ഒരു അത്യാഹിതമാണിത്. എന്തോ അത്യാഹിതം സംഭവിച്ചതുപോലെയാണ് അപേക്ഷകരുടെ എണ്ണം വർധിച്ചെന്ന വാർത്ത വന്നിരിക്കുന്നത്. ഇക്കാര്യങ്ങൾ കേൾക്കുമ്പോൾ നിങ്ങൾക്ക് കുറച്ച് അസ്വസ്ഥതയുണ്ടാകും. കോ-ഓപ്പറേറ്റീവ് ബാങ്കിലെ ഒരു  ഇടപാടുകാരൻ പ്രസിഡന്റിന്റെ പേര് സൂചിപ്പിച്ച്, മരണത്തിന്

ഉത്തരവാദി ഇന്നയാളാണെന്ന് എഴുതിവച്ച് ആത്മഹത്യ ചെയ്തു. കേരളത്തിൽ പ്രൈം ടൈം ചർച്ചയുണ്ടായോ; മാധ്യമങ്ങൾ മുഖപ്രസംഗം എഴുതിയോ? വയനാട്ടിൽ ഒരാൾ ആത്മഹത്യ ചെയ്തില്ലേ, കെ.പി.സി.സി.-യുടെ ജനറൽ സെക്രട്ടറിയായ വ്യക്തി ജയിലിൽ കിടന്നില്ലേ; ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം ചർച്ചയുണ്ടായിരുന്നോ; എഡിറ്റോറിയൽ ഉണ്ടായിരുന്നോ; ആർക്കെങ്കിലും ധാർമികരോഷം വന്നോ; ആരെങ്കിലും ഉറഞ്ഞുതുള്ളിയോ? ദേശീയ തലത്തിൽ 'ഗോഡി മീഡിയ' എന്നാണല്ലോ മാധ്യമങ്ങളെ വിശേഷിപ്പിക്കുന്നത്. ഹിന്ദിയിൽ 'ഗോഡി മീഡിയ' എന്നാൽ 'മടിത്തട്ടിൽ ഇരിക്കുന്ന മാധ്യമങ്ങൾ' എന്നാണ് അർത്ഥം. എന്നാൽ, മാധ്യമങ്ങളുടെ മടിത്തട്ടിൽ അവരുടെ പരിലാളനയേറ്റാണ് നിങ്ങളിവിടെ ഇരിക്കുന്നത്. ഞങ്ങളെല്ലാവരും ധാർഷ്ട്യക്കാർ. ബഹുമാന്യനായ പ്രതിപക്ഷനേതാവിനെ അങ്ങയുടെ പാർട്ടിയുടെ നേതാവ്, സഭയിൽ ഉപയോഗിക്കാൻ കഴിയാത്ത ഒരു വാക്കുപയോഗിച്ച് ആക്ഷേപിച്ചു. പക്ഷെ അദ്ദേഹം വിനയാന്വിതനാണ്. അദ്ദേഹത്തിന്റെ ഭാഷ.. (ബഹളം)...

മി.സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.. 45 മിനിട്ട് ആകാറായി. അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. എം. ബി. രാജേഷ്: സർ, അതെന്താണ്.. ഞങ്ങൾക്ക് രാഷ്ട്രീയം പറയാൻ പാടില്ലേ? അദ്ദേഹത്തിന്റെ ഭാഷയും ശരീര ഭാഷയും എല്ലാവർക്കും സ്വീകാര്യമാണെന്ന് മാധ്യമങ്ങൾ സ്ഥാപിക്കുകയാണ്. ശരിക്കും വിജയത്തിന്റെ ഉന്മാദം നിങ്ങളെയാണ് ബാധിച്ചിരിക്കുന്നത്. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അദ്ദേഹം എന്താണ് വിളിച്ചതെന്ന് നമ്മളെല്ലാവരും കേട്ടതല്ലേ; 'അവൻ' എന്നാണ് വിളിച്ചത്. ഞങ്ങളുടെ കൂട്ടത്തിലുള്ള ആരെങ്കിലും പ്രതിപക്ഷ നേതാവിനെയോ മറ്റ് അംഗങ്ങളെയോ ആ രീതിയിൽ അഭിസംബോധന ചെയ്യുമോ; ചെയ്തിട്ടുണ്ടോ? ആരെയും കുറ്റപ്പെടുത്താൻ പറഞ്ഞതല്ല. പക്ഷെ അക്കാര്യങ്ങളെല്ലാം ആലോചിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, 'അവൻ' എന്ന് വിളിച്ചിട്ടില്ല. ഞങ്ങളുടെ കൂട്ടത്തിലുള്ള ഒരു നേതാവിനെ 'പരനാറി' എന്ന് വിളിച്ചിട്ടുണ്ട്. അത് ഓർമ്മയുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, ശരി. മാധ്യമങ്ങൾ നിങ്ങൾക്ക് നൽകുന്ന പരിഗണനയും പരിലാളനയും എത്രയുണ്ടെന്നതിന്റെ ഉദാഹരണമാണ് ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചത്. ഇപ്പോൾ അദ്ദേഹം എങ്ങനെയാണ് പെരുമാറിക്കൊണ്ടിരിക്കുന്നത്? ഒരു സംസ്കൃത ശ്ലോകം പറയാം.

'മർക്കടസ്യ സുരാപാനം
മദ്ധ്യേ വൃശ്ചികദംശനം
തന്മദ്ധ്യേ ഭൂതസഞ്ചാരം
കിം ബ്രൂമോ വൈകൃതം സഖേ?'

സംസ്കൃത ശ്ലോകങ്ങളെക്കുറിച്ച് ധനകാര്യ വകുപ്പുമന്ത്രിക്കാണ് കൂടുതൽ അറിയാവുന്നത്.

മി. സ്പീക്കർ: യെസ്.. പ്ലീസ്.. ദയവായി അങ്ങ് കൺക്ലൂഡ് ചെയ്യണം. 47 മിനിട്ടായി.

ശ്രീ. എം. ബി. രാജേഷ്: സർ, ഞാൻ ഈ ശ്ലോകത്തിന്റെ മലയാള പരിഭാഷ നടത്തുന്നില്ല. ഇപ്പോൾ കെ.പി.സി.സി. പ്രസിഡന്റ് പെരുമാറിക്കൊണ്ടിരിക്കുന്നത് ഇതുപോലെയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സഭയിൽ സ്ഥിരം ചോദിക്കുന്ന ഒരു ചോദ്യമുണ്ട്.. (..ബഹളം..)

മി.സ്പീക്കർ: യെസ്.. അങ്ങ് തുടർന്ന് സംസാരിക്കൂ.. സമയം 50 മിനിട്ട് ആകാറായി.

ശ്രീ. എം. ബി. രാജേഷ്: സർ, നിങ്ങൾ ഏത് കാലത്താണ് ജീവിക്കുന്നതെന്നാണ് അദ്ദേഹം സ്ഥിരമായി ചോദിക്കാറുള്ളത്. എനിക്ക് അങ്ങയോട് ഒരു അഭ്യർഥനയുണ്ട്. കഴിയുമെങ്കിൽ ഈ ചോദ്യം അങ്ങയുടെ പ്രസിഡന്റിനോടാണ് ചോദിക്കേണ്ടത്. ഇതുപറയുമ്പോൾ അങ്ങയുടെ പ്രതികരണം എന്തായിരിക്കുമെന്നൊന്നും അറിയില്ല. കേരളത്തിന്റെ മുഖ്യമന്ത്രിയെ അദ്ദേഹം പതിവായി വിശേഷിപ്പിക്കുന്നത് ചെത്തുകാരന്റെ മകൻ എന്നാണ്. ഇത് ഏത് കാലത്തെ ചിന്തയാണ്, ഏത് കാലഘട്ടത്തിലെ സംസ്കാരമാണിത്; അശ്ലീലമായ ചിന്തയും ഭാഷാപ്രയോഗവുമാണ്. അങ്ങ് എപ്പോഴെങ്കിലും അവസരം ലഭിച്ചാൽ അദ്ദേഹത്തോട് ഇത് ചോദിക്കണം. നിങ്ങൾക്ക് എല്ലാകാര്യങ്ങളും ചെയ്യാം. പത്രസമ്മേളനത്തിൽ ഇഷ്ടമില്ലാത്ത ചോദ്യം ചോദിച്ചാൽ ഇറക്കിവിടുമെന്നും മറുപടി പറയാൻ സൗകര്യമില്ലെന്നും പറയാം, മൈക്കിന് വേണ്ടി കലഹിക്കാം. നിങ്ങളെ ധാർഷ്ട്യക്കാരെന്ന് ആരും വിളിക്കില്ല; കാരണം നിങ്ങൾക്ക് മാധ്യമങ്ങളുടെ പരിഗണനയും പരിലാളനയും

ലഭിക്കുന്നുണ്ട്. വ്യാജ ഐ.ഡി. കാർഡിന്റെ കാര്യം സഭയിൽ ഉന്നയിച്ചപ്പോഴേയ്ക്കും നിങ്ങൾ പ്രകോപിതരായി.

മി. സ്പീക്കർ: അങ്ങ് ദയവായി പ്രസംഗം അവസാനിപ്പിക്കണം. ഇതെല്ലാം ചർച്ച ചെയ്തതാണ്. ഒരു മണിക്കൂറാകാറായി.. യെസ്.. യെസ്..

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട സ്പീക്കർ ആവശ്യപ്പെട്ടതുകൊണ്ട് കൂടുതൽ കാര്യങ്ങളൊന്നും പറയുന്നില്ല. ഒറ്റകാര്യം പറഞ്ഞ് അവസാനിപ്പിക്കാം. ഒരു ലോക്സഭാ തിരഞ്ഞെടുപ്പിൽ വിജയം നേടിയപ്പോൾ നിങ്ങൾ ഈ ലോകംതന്നെ പിടിച്ചടക്കിയെന്ന ധാർഷ്ട്യത്തിലും അഹങ്കാരത്തിലുമാണ്. പക്ഷെ ആ ധാർഷ്ട്യത്തെ വിനയമായാണ് മാധ്യമങ്ങൾ കണക്കാക്കുന്നത്. ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം; പ്രവർത്തിക്കുന്നവർക്ക് സ്വാഭാവികമായും തെറ്റുപറ്റും. പ്രവർത്തിക്കുമ്പോഴേ തെറ്റ് പറ്റുകയുള്ളൂ. അതെല്ലാം ഒരു മുൻവിധിയും ദുരഭിമാനവുമില്ലാതെ ഞങ്ങൾ പരിശോധിക്കുകയും തിരുത്തുകയും ചെയ്യും. അങ്ങനെ തിരുത്തി തിരിച്ചുവന്ന ചരിത്രമാണ് കേരളത്തിലെ ഇടതുപക്ഷത്തിനുള്ളത്. ജനങ്ങളെന്നാൽ ഞങ്ങൾക്ക് അമ്മയെപ്പോലെയാണ്. അമ്മ ശാസിക്കും, ചിലപ്പോൾ തല്ലും.

ഞങ്ങൾ അതെല്ലാം വിനയത്തോടെ ഏറ്റുവാങ്ങും. അതിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകേണ്ട മാറ്റം വരും. ആ തിരുത്തലുകൾ ഞങ്ങൾ വരുത്തുകതന്നെ ചെയ്യും. അത് നിങ്ങളെ അസ്വസ്ഥമാക്കുന്നുണ്ട്. കളി കഴിഞ്ഞെന്ന ധാരണയിൽ നിങ്ങൾ ഇരിക്കരുത്. ഇന്ത്യയും ദക്ഷിണാഫ്രിക്കയും തമ്മിലുള്ള T20 ഫൈനൽ കണ്ടുകാണുമല്ലോ.

മി. സ്പീക്കർ: അങ്ങ് വിഷയത്തിൽ നിന്ന് കട്ട് ചെയ്തുപോകുന്നുണ്ട്.

ശ്രീ. എം. ബി. രാജേഷ്: സർ, കളിയുടെ പതിനാലാമത്തെ ഓവറിൽ Axar Patel-ന്റെ ഓവറിൽ ദക്ഷിണാഫ്രിക്ക 24 റൺസ് നേടിയപ്പോൾ കളി കഴിഞ്ഞെന്ന് എല്ലാവരും കരുതി. അപ്പോഴാണ് വജ്രായുധവുമായി Jasprit Bumrah എത്തുന്നത്. തുടർന്ന് വിക്കറ്റ് രണ്ടെണ്ണം നഷ്ടപ്പെട്ടു. അടുത്ത ഓവറിലാണ് Suryakumar Yadav അദ്ദേഹത്തിന്റെ ക്രിക്കറ്റ് ചരിത്രത്തിലെ തന്നെ ഏറ്റവും മനോഹരമായ ക്യാച്ച് നേടിയത്. അതോടുകൂടി കളി നേരെ തിരിഞ്ഞു. രാഷ്ട്രീയത്തിലാണെങ്കിലും കളിയിലാണെങ്കിലും കളി അവസാനിച്ചെന്ന് വിചാരിക്കരുത്. കളി കാണാനിരിക്കുന്നതേയുള്ളൂ; അത് നിങ്ങൾ മനസ്സിലാക്കണം. കഴിഞ്ഞ ദിവസം യൂറോകപ്പിന്റെ പ്രീ-കോർട്ടറിൽ

ഇംഗ്ലണ്ടിനെതിരെ Slovakia ഗോൾ അടിച്ചു. തൊണ്ണൂറ്റിയഞ്ചാമത്തെ മിനിട്ടിൽ കളി തീരുന്നതിന് തൊട്ടുമുമ്പ് തിരിച്ചടിച്ച് ഇംഗ്ലണ്ട് വിജയിച്ചു. പ്രതിപക്ഷ നേതാവിന് ഒട്ടും സഹിക്കാൻ കഴിയാത്തതുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. 'A battle lost is not a war lost.. A battle won is not a war won too'.. ഇക്കാര്യം നിങ്ങൾ ഓർക്കുന്നത് നല്ലതാണ്. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ VIII
## എക്സൈസ്

മി. സ്പീക്കർ: സർവ്വശ്രീ അനൂപ് ജേക്കബ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എൻ. എ. നെല്ലിക്കുന്ന്, മഞ്ഞളാംകുഴി അലി, പി. അബ്ദുൽ ഹമീദ്, അൻവർ സാദത്ത്, എൻ. ഷംസുദ്ദീൻ, റോജി എം. ജോൺ, എ. പി. അനിൽ കുമാർ, പി. സി. വിഷ്ണുനാഥ്, സി. ആർ. മഹേഷ്, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, കെ. ബാബു (തൃപ്പൂണിത്തുറ), സനീഷ്കുമാർ ജോസഫ്, എ. കെ. എം. അഷ്റഫ്, ടി. വി. ഇബ്രാഹിം, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, ടി. ജെ. വിനോദ്, സജീവ് ജോസഫ്, ശ്രീമതി ഉമ തോമസ്,

ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ VIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXII**
**നഗരവികസനം**

മി. സ്പീക്കർ: സർവ്വശ്രീ അനൂപ് ജേക്കബ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, പി. അബ്ദുൽ ഹമീദ്, അൻവർ സാദത്ത്, എൻ. എ. നെല്ലിക്കുന്ന്, മഞ്ഞളാംകുഴി അലി, എൻ. ഷംസുദ്ദീൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. ബാബു (തൃപ്പൂണിത്തുറ), എൽദോസ് പി. കുന്നപ്പിള്ളിൽ, എ. പി. അനിൽ കുമാർ, സജീവ് ജോസഫ്, ടി. ജെ. വിനോദ്, നജീബ് കാന്തപുരം, കുറുക്കോളി മൊയ്തീൻ, എ. കെ. എം. അഷ്റഫ്, ടി. വി. ഇബ്രാഹിം, സി. ആർ. മഹേഷ്, റോജി എം. ജോൺ, പി. സി. വിഷ്ണുനാഥ്, ടി. സിദ്ദിഖ്, സനീഷ്കുമാർ ജോസഫ്, ശ്രീമതി ഉമ തോമസ്, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ XXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXV
## പഞ്ചായത്ത്

മി. സ്പീക്കർ: സർവ്വശ്രീ അനൂപ് ജേക്കബ്, എൻ. ഷംസുദ്ദീൻ, നജീബ് കാന്തപുരം, പി. അബ്ദുൽ ഹമീദ്, എ. പി. അനിൽ കുമാർ, കുറുക്കോളി മൊയ്തീൻ, എൻ. എ. നെല്ലിക്കുന്ന്, യു. എ. ലത്തീഫ്, മഞ്ഞളാംകുഴി അലി, എ. കെ. എം. അഷ്റഫ്, അൻവർ സാദത്ത്, കെ. ബാബു (തൃപ്പൂണിത്തുറ), ടി. വി. ഇബ്രാഹിം, ടി. ജെ. വിനോദ്, എൻ. എ. നെല്ലിക്കുന്ന്, ടി. സിദ്ദിഖ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, പി. സി. വിഷ്ണുനാഥ്, സജീവ് ജോസഫ്, സനീഷ്കുമാർ ജോസഫ്, സി. ആർ. മഹേഷ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി ഉമ തോമസ്, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ XXXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVI
## ഗ്രാമവികസനം

മി. സ്പീക്കർ: സർവ്വശ്രീ അനൂപ് ജേക്കബ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എ. കെ. എം. അഷ്റഫ്, എ. പി. അനിൽ കുമാർ, എൻ. ഷംസുദ്ദീൻ,

കുറുക്കോളി മൊയ്തീൻ, പി. അബ്ദുൽ ഹമീദ്, കെ. ബാബു (തൃപ്പൂണിത്തുറ), നജീബ് കാന്തപുരം, മഞ്ഞളാംകുഴി അലി, എൻ. എ. നെല്ലിക്കുന്ന്, യു. എ. ലത്തീഫ്, ടി. വി. ഇബ്രാഹിം, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അൻവർ സാദത്ത്, സനീഷ്കുമാർ ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, ടി. ജെ. വിനോദ്, സജീവ് ജോസഫ്, സി. ആർ. മഹേഷ്, ടി. സിദ്ദിഖ്, പി. സി. വിഷ്ണുനാഥ്, ശ്രീമതി ഉമ തോമസ്, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ XXXVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക

വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.